**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ചർച്ചയ്ക്കുശേഷം സംസാരിക്കാം.

**ചർച്ച**

മി. സ്പീക്കർ: സമയക്രമം പാലിച്ചാൽ നമുക്ക് എല്ലാം സുഗമമായി കൈകാര്യം ചെയ്യാം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പറയുന്നതൊക്കെ അനുസരിക്കുന്ന ഒരാളാണല്ലോ ഞാൻ. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചുനൽകിയതും അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകുന്നതിനായി പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സഹായകരമാകുന്നതാണ്. നെൽവയൽ നികത്തി മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്നത് തടഞ്ഞ് അവ സംരക്ഷിക്കുകയെന്ന കാർഷിക നയത്തിന്റെ ഭാഗമായുണ്ടായ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന രീതിയിലാണ് നിലവിൽ ഇത് സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി നിയമം നടപ്പാക്കുന്നതിൽ

നടപടി സ്വീകരിക്കാത്തതിനാലാണ് ഈ ബില്ലിനോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിച്ചത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ ഭൂമി ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങൾ സാധാരണക്കാരായ ജനങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതിൽ ഏറ്റവും എടുത്തുപറയേണ്ട പ്രശ്നമെന്നുപറയുന്നത് ചുറ്റുപാടും കരഭൂമിയായി മാറിയിരിക്കുന്ന പ്രദേശങ്ങളായിരിക്കും. തരിശായി ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ഒരിക്കലും കൃഷി ചെയ്യാൻ സാധിക്കില്ല. പത്ത് സെന്റിൽ താഴെയുള്ള തുണ്ടുഭൂമികൾ പോലും, അവരുടെ സ്വന്തം പേരിൽ പുരയിടം ഉണ്ടായിരിക്കുകയില്ല, ഡാറ്റാ ബാങ്കിൽനിന്നും ഇത്തരം പ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഞാൻ നേരത്തേ പറഞ്ഞതുപോലെ പത്ത് സെന്റ് മാത്രമുള്ള കുടുംബത്തിലെ ഒരാൾക്കുപോലും വേറെ സ്ഥലം ആളുകൾക്ക് ഒരു പുര നിർമ്മിക്കാനുള്ള അവസരം ഇതുമൂലം നഷ്ടപ്പെടുകയാണ്. മറ്റൊരുകാര്യം, 2008-ലാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. 2008 ജൂലൈ 24-ന് നിയമസഭ പാസാക്കിയ ആക്ട് 2008 ആഗസ്റ്റ് 12-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് മുതൽ വീടുവച്ച് താമസിക്കുന്ന പലയാളുകളുമുണ്ട്. അവരൊക്കെ ഇപ്പോൾ പ്രയാസങ്ങൾ നേരിടുകയാണ്. ആർ.ഡി.ഒ. അവർക്ക് നോട്ടീസ് അയയ്ക്കുന്നുണ്ട്, അവരുടെ കാര്യത്തിൽ ഒരു തീരുമാനം വേണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ടാകാം. അവർക്കും ഇപ്പോൾ നോട്ടീസ് കൊടുക്കുകയാണ്. നോട്ടീസ് കിട്ടിയതുകൊണ്ട് അവർക്ക് വീടുപൊളിച്ചുകൊണ്ട് വേറെ സ്ഥലത്തേയ്ക്ക് പോകാൻ കഴിയില്ലല്ലോ. അവർ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത സ്ഥലത്ത് വീടു നിർമ്മിച്ചവരാണ്. അതുപോലെ വെള്ളക്കെട്ടുള്ളതുകൊണ്ടുമാത്രം ഡാറ്റാ ബാങ്കിൽ ഉൾപ്പെടണമെന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാം. ഒരു സ്ഥലത്ത് വെള്ളക്കെട്ട് ഉണ്ടാകും, പക്ഷേ വെള്ളക്കെട്ട് ഉള്ളതുകൊണ്ടുമാത്രം ആ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടണമെന്നില്ല. നമ്മുടെ കൃഷിഭൂമിയുടെ പ്രത്യേകത നമുക്കെല്ലാവർക്കും അറിയാം. കൃഷിഭൂമിയിൽ സദാ വെള്ളം ഒഴുകിക്കൊണ്ടിരിക്കണം. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം കൃഷിഭൂമിയാണെന്ന് നമുക്ക് ഒരിക്കലും പറയാൻ

സാധിക്കില്ല. വെജിറ്റബിൾ കൃഷിയുടെ പ്രത്യേകത നമുക്കറിയാം. തെങ്ങ് ഉണ്ടെങ്കിൽ ആ സ്ഥലത്ത് വെജിറ്റബിൾ കൃഷി സാധിക്കില്ല. അങ്ങനെയുള്ള സ്ഥലങ്ങളും ഇപ്പോൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെടുന്ന ഭൂമികളെ സംബന്ധിച്ച വിജ്ഞാപനം പലപ്പോഴും നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ലഭിക്കുന്നില്ല, അത് യഥാസമയം പ്രസിദ്ധീകരിക്കുന്നുമില്ല. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം മുഖാന്തരം തീർപ്പാക്കുന്ന ഫോറം.നം.5 അപേക്ഷകളുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭിക്കാത്തതാണ് ഇതിനുള്ള കാരണമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിലവിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നത് ഗസറ്റ് വിജ്ഞാപനപ്രകാരമാണ്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന സംവിധാനം ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. സാധാരണക്കാരായ ജനങ്ങൾക്ക് പലപ്പോഴും ഈ ഗസറ്റ് റഫർ ചെയ്യാൻ സാധിക്കുകയില്ല. അവർക്കുകൂടി അപ്രോച്ച് ചെയ്യാൻ കഴിയുന്ന സംവിധാനം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട

മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നാടിന്റെ നാനാഭാഗങ്ങളിലും പുല്ല് വളർന്ന് തരിശായിക്കിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ടാകും. മഴക്കാലത്ത് വെള്ളക്കെട്ടില്ലാത്ത സ്ഥലങ്ങൾ നമ്മുടെ സംസ്ഥാനത്ത് അപൂർവ്വമാണ്. നാഷണൽ ഹൈവേയുടെ നിർമ്മാണം നടക്കുന്നതിനാൽ എല്ലായിടത്തും വെള്ളക്കെട്ട് കാണാൻ സാധിക്കും. അപ്പോൾ വെള്ളക്കെട്ടുള്ള സ്ഥലങ്ങളും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയുള്ള സ്ഥലങ്ങൾപോലും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രാദേശികതല നിരീക്ഷണ സമിതി (LLMC)യുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന കാര്യത്തിൽ ഒരു പരിശോധന വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, പ്രാദേശികതല നിരീക്ഷണ സമിതിയിൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയാണ് ഇതിന് തീരുമാനമെടുക്കേണ്ടത്. എന്റെ മണ്ഡലത്തിൽത്തന്നെ ഇവരെക്കൂടാതെ ധാരാളം ആളുകളെ പരിസ്ഥിതിയെന്നുപറഞ്ഞ് സർക്കാർ ഒന്നുരണ്ടാളുകളെ നിയമിക്കുന്നുണ്ട്. ഇവർ ഏതെങ്കിലും രീതിയിൽ വൈരാഗ്യബുദ്ധിയോടുകൂടി ഇതുതള്ളുന്ന ഒരു

അവസ്ഥ പലപ്പോഴും സാധാരണക്കാരായ ആളുകൾ അനുഭവിക്കുന്നുണ്ട്. അവരെ നിയന്ത്രിക്കണം. സർക്കാർ വളരെ സുതാര്യമായി പാവപ്പെട്ട ആളുകൾക്ക് വീട് നിർമ്മിക്കണമെന്നുപറയുമ്പോൾ ഭൂമി നൽകണം. എന്റെ മഞ്ചേശ്വരം വില്ലേജ് ഓഫീസിൽ കൃത്യമായ അനുഭവത്തിലുള്ള കാര്യമാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിനെ നിയന്ത്രിക്കാൻ എന്തെങ്കിലും ഇടപെടൽ ഉണ്ടാകുമോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇത് എന്റെ ശ്രദ്ധയിൽ മാത്രം പെട്ട കാര്യമല്ല, ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.എ.-മാരുടെയും ശ്രദ്ധയിൽപ്പെട്ട കാര്യമാണെന്നാണ് ഞാൻ കരുതുന്നത്. കാരണം, എല്ലാ എം.എൽ.എ.-മാരും അനുഭവിക്കുന്ന പ്രയാസമാണ്. നമ്മുടെ പ്രാദേശിക നിരീക്ഷണ സമിതി പലപ്പോഴും കൃത്യസമയത്ത് യോഗം ചേരാറില്ല. പ്രാദേശിക നിരീക്ഷണ സമിതിയിലുള്ള അംഗങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. അതിൽ പരിസ്ഥിതി പ്രവർത്തകരുണ്ടാകും, ചെയർമാൻ ജില്ലാ കളക്ടർ ആണെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, നമ്മുടെ എല്ലാ ജില്ലാ കളക്ടർമാർക്കും ഭാരിച്ച ഉത്തരവാദിത്തങ്ങളുണ്ട്. അവർക്ക് പ്രാദേശിക

നിരീക്ഷണ സമിതിയുടെ യോഗം കൃത്യസമയത്ത് വിളിച്ചുചേർക്കാൻ പലപ്പോഴും സാധിക്കില്ല. അപ്പോൾ പ്രസ്തുത സമിതിയുടെ ചെയർമാൻ പദവിയിൽനിന്നും കളക്ടറെ മാറ്റണമെന്ന് ഞാൻ പറയുന്നില്ല, ഭാരിച്ച ജോലിയില്ലാത്ത ഒരാളെ നിയമിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. എ. കെ. എം. അഷ്റഫ് സൂചിപ്പിച്ചതുപോലെ പലപ്പോഴും പ്രാദേശിക നിരീക്ഷണ സമിതിയിലുള്ള ആളുകൾ വൈര്യനിര്യാതന ബുദ്ധിയോടെ കാര്യങ്ങൾ കാണുന്നുണ്ടോയെന്നുള്ള ഒരു സംശയം എനിക്കുണ്ട്, ഞാൻ അതിവിടെ പ്രകടിപ്പിക്കുകയാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പത്ത്-ഇരുപത്തഞ്ച് വർഷങ്ങൾക്കുമുമ്പ് ഫില്ലിംഗ് ഓർഡർ ലഭിച്ച ചില സ്ഥലങ്ങളിൽ പ്രസ്തുത ഓർഡർ നഷ്ടപ്പെട്ടുവെന്നും അതിപ്പോൾ കാണുന്നില്ലെന്നുമാണ് ആർ.ഡി.ഒ. ഓഫീസിൽ അന്വേഷിച്ചാൽ അവർ പറയുന്നത്. പത്തോ പതിനഞ്ചോ വർഷങ്ങൾ മുമ്പ് വരെയുള്ള ഡോക്യുമെന്റുകൾ മാത്രമേ അവിടെ സൂക്ഷിക്കുന്നുള്ളൂവെന്നും അതിനുശേഷം അവ കത്തിച്ചു കളയുകയാണെന്നും പറയുന്നു. വീണ്ടും പ്രസ്തുത സ്ഥലം ഫില്ലിംഗിനുവേണ്ടി പെർമിറ്റ്

ചോദിക്കുമ്പോൾ വളരെ വലിയ തുകയാണ് അവിടെ കൊടുക്കേണ്ടിവരുന്നത്. പത്ത്-ഇരുപത്തഞ്ച് വർഷങ്ങൾക്കുമുമ്പ് ലഭിച്ച ആ ഡോക്യുമെന്റിന് നമ്പറും കാര്യങ്ങളുമൊക്കെയുണ്ടെങ്കിലും ഒരു വിലയുമില്ലാത്ത സ്ഥിതിവിശേഷം വന്നിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഇത്തരം ഒരുപാട് കാര്യങ്ങൾ എന്റെ ശ്രദ്ധയിലും പെട്ടിട്ടുണ്ട്. എന്റെ മണ്ഡലത്തിലും എന്റെ ജില്ലയിലും ഇതുപോലെയുള്ള പ്രശ്നങ്ങളുമായി ഒരുപാട് ആളുകൾ എം.എൽ.എ.-മാരെ സമീപിക്കുന്നുണ്ട്. ഉദാഹരണമായി, ഈ അടുത്ത കാലത്ത് കാസർഗോഡ് താലൂക്ക് ഓഫീസിൽ സാധാരണക്കാരനായ ഒരാൾ ഒരു രേഖയുമായി ബന്ധപ്പെട്ട കാര്യം അന്വേഷിച്ചപ്പോൾ അതൊക്കെ നശിച്ചുവെന്ന മറുപടിയാണ് ലഭിച്ചത്. അങ്ങ് ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പ്രിയപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ പ്രാഗത്ഭ്യമുള്ള ആളായതുകൊണ്ട് അതിനൊക്കെ മറുപടി പറയുന്നതായിരിക്കും. അങ്ങ് തന്ന നിർദ്ദേശം അനുസരിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. അവസാനമായി ഒരു കാര്യം മാത്രമേ എനിക്ക് പറയാനുള്ളൂ. 25 സെന്റിൽ താഴെയുള്ള ഭൂമി തരം മാറ്റേണ്ടതില്ലെന്ന്

ജനങ്ങളുടെ ഇടയിൽ ഒരു സംശയമുണ്ട്. 25 സെന്റിന് താഴെ ഭൂമിയുള്ള ഒരാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഒരു വിധി പുറപ്പെടുവിച്ചതുകൊണ്ടാണ് ജനങ്ങളുടെ ഇടയിൽ അങ്ങനെ സംസാരമുള്ളത്. സർക്കാർ അതിനെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു വ്യക്തത നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവയെ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള നിയമനിർമ്മാണമാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ബിൽ. 30 വകുപ്പുകളുള്ള ഈ നിയമത്തിൽ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള

വിലക്ക്, നെൽകൃഷിക്ക് പ്രോത്സാഹനം നൽകൽ, പ്രാദേശിക നിരീക്ഷണ സമിതിയുടെ രൂപീകരണം, തരിശ് നെൽവയൽ കൃഷി ചെയ്യിക്കൽ തുടങ്ങിയവയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരുന്നത്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ച് നൽകിയിട്ടുള്ളതും ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് നിയമം ഭേദഗതി ചെയ്യാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുന്നതും രൂപപ്പെടുത്തുന്നതും തടഞ്ഞു സംരക്ഷിക്കുകയെന്ന നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് തുരങ്കം വയ്ക്കാൻ ഇടയാക്കും. 12-08-2008-ൽ നടപ്പിലാക്കിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് കുറ്റമറ്റതായി തയ്യാറാക്കാൻ 15 വർഷം കഴിഞ്ഞിട്ടും നാളിതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല. നെൽവയൽ

ഇനത്തിൽപ്പെടാത്ത വളരെയധികം ഭൂമികൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയശേഷം അത് ഒഴിവാക്കി വാങ്ങാനുള്ള ചുമതല സാധാരണക്കാരന്റെ തലയിൽ വച്ചുകൊടുത്തിരിക്കുകയാണ്. നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും റവന്യൂ ഓഫീസുകളിലെ കാലതാമസവുംമൂലം ജനങ്ങൾ കഷ്ടപ്പാടിലാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയ ധാരാളം ഭൂമികൾ ഫെയർ വാല്യൂ വിജ്ഞാപനപ്രകാരം Commercially important site, Residential plot with road access എന്നിങ്ങനെയെല്ലാം തരംതിരിച്ച് കരഭൂമിയുടെ ഉയർന്ന ന്യായവില അന്യായമായി അടിച്ചേൽപ്പിക്കപ്പെട്ടവയാണ്. നെൽവയലിന്റെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമികൾക്ക് നെൽവയലിനുള്ള ഫെയർ വാല്യൂ പൊതുവായി നിശ്ചയിച്ച് പരസ്യപ്പെടുത്തണം. നിയമവും കോടതി ഉത്തരവുകളും പല കാര്യങ്ങളിലും വിഭിന്നമായി നിൽക്കുന്നു. പ്രത്യേകിച്ച് തരംമാറ്റ കേസുകളുടെ ഫീസ് നിരക്ക്. കേരള ഭൂ വിനിയോഗ ഉത്തരവ് പ്രകാരം അനുമതി കിട്ടിയ ഭൂമിയുടെ തരംമാറ്റം സംബന്ധിച്ച് ഉദ്യോഗസ്ഥർ പല നിലപാടുകൾ എടുക്കുന്നതുമൂലം ജനങ്ങൾ ഓരോ കേസിലും കോടതിയെ സമീപിക്കേണ്ട അവസ്ഥയാണ്. ആയതിനാൽ ഇത്തരം പോയിന്റുകളിൽ

ഏകീകരിച്ച നിർദ്ദേശങ്ങൾ നൽകണം. നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി തരം മാറ്റുന്നവരിൽനിന്ന് 4 വർഷത്തിനിടെ സർക്കാർ പിരിച്ചെടുത്തത് 900 കോടിയോളം രൂപയാണ്. എന്നാൽ നിയമം അനുശാസിക്കുന്നവിധം ഈ തുക കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് നിക്ഷേപിച്ചില്ല. ഫലത്തിൽ കൃഷി പ്രോത്സാഹനത്തിനുവേണ്ടി ഉപയോഗിക്കേണ്ട തുക വകമാറ്റി ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. 25 സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള ഭൂമിക്ക് ന്യായവിലയുടെ 10 ശതമാനവും ഒരു ഏക്കറിന് മുകളിലുള്ള ഭൂമിക്ക് ന്യായവിലയുടെ 20 ശതമാനവുമാണ് ഇപ്പോൾ തരംമാറ്റുന്നതിനായി ഈടാക്കുന്നത്. 2021-നുമുമ്പ് ഇതിൽ കൂടുതൽ തുക ഈടാക്കിയിരുന്നു. നെൽകൃഷി പ്രോത്സാഹിപ്പിക്കുക, നെൽവയലുകൾ സംരക്ഷിക്കുക, നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുക, നിയമം നടപ്പാക്കുന്നതിന് ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുക എന്നിവ ഉൾപ്പെടെയുള്ളവയ്ക്കേ ഈ ഫണ്ട് ഉപയോഗിക്കാവൂ എന്നാണ് നിയമത്തിന്റെ ഭേദഗതിയിൽ പറയുന്നത്. 2018-ലെ നിയമ ഭേദഗതിയിലൂടെ നിർദ്ദേശിച്ച കാർഷിക അഭിവൃദ്ധി ഫണ്ട് 2022 ജൂലൈ മാസത്തിലാണ് സർക്കാർ രൂപവൽക്കരിക്കുന്നത്. എന്നിട്ടും ഫണ്ടിലേയ്ക്ക് ആദ്യഘട്ടത്തിൽ

കൈമാറിയത് 5 കോടി രൂപയാണ്. അതിൽ 1.5 കോടി രൂപ റവന്യൂ വകുപ്പ് ജീവനക്കാരെ നിയമിക്കാനും മറ്റും ഉപയോഗിച്ചു. അനധികൃതമായി നികത്തിയ പാടം പൂർവ്വസ്ഥിതിയിലാക്കാനുള്ള ആയിരത്തിലധികം ഉത്തരവുകളാണ് സംസ്ഥാനത്ത് ഇപ്പോഴും പാലിക്കപ്പെടാതെ കിടക്കുന്നത്. അനധികൃത നികത്തലാണെന്ന് കണ്ടെത്തുകയും സ്ഥലം പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 10 വർഷം മുമ്പ് ജില്ലാ കളക്ടർ നൽകിയ ഉത്തരവുകളും നടപ്പാക്കാനുണ്ട്. പണമില്ലെന്ന് പറഞ്ഞാണ് ഇത് തടസ്സപ്പെട്ടിരിക്കുന്നത്. ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട കോടിക്കണക്കിന് രൂപ സർക്കാർ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതൽ സംസ്ഥാനത്ത് അനധികൃതമായി നെൽവയൽ തണ്ണീർത്തടങ്ങൾ നികത്തിയത് സംബന്ധിച്ച് 7064 പരാതികൾ ലഭിച്ചിട്ടുള്ളതിൽ 7064 എണ്ണത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് റവന്യൂ വകുപ്പിന്റെ അവകാശവാദം. എന്നാൽ 151 കേസ്സുകളിൽ മാത്രമേ നെൽവയൽ തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ സാധിച്ചിട്ടുള്ളൂ. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ആപ്തവാക്യവുമായി മുന്നോട്ടുപോകുകയാണ് റവന്യൂ വകുപ്പ്. വില്ലേജ്

ഓഫീസുകൾ സ്മാർട്ടാകുന്നു. അത് മാത്രം മതിയോ; താലൂക്ക് ഓഫീസുകളും സ്മാർട്ട് ആകണ്ടേ; അവിടെയും അടിസ്ഥാന സൗകര്യങ്ങൾ വേണ്ടേ; 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും സ്ഥിതിയെന്താണ്; രണ്ടെണ്ണം മാത്രമാണ് ഇതുവരെ പൂർത്തിയായത്. നിർമ്മാണം നടന്നുവരുന്നത് ഒരെണ്ണം. ബാക്കിയെല്ലാം കടലാസിലാണ്. അക്കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലമായ ചാലക്കുടിയും ഉണ്ട്. ചാലക്കുടി ടൗൺ ഹാൾ വാണിജ്യ സമുച്ചയത്തിലെ മൂന്നാം നിലയിൽ പരിമിതമായ സ്ഥലത്ത് അസൗകര്യങ്ങളുടെ നടുവിലാണ് താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നത്. 2014 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ച റവന്യൂ ടവർ നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ട് രണ്ട് വർഷമായി. ഇനിയെങ്കിലും റവന്യൂ ടവർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഡിജിറ്റലൈസേഷൻ നടപടികളും സ്മാർട്ട് വില്ലേജ് പദ്ധതികളും മുന്നോട്ട് പോകുമ്പോഴും ജോലിഭാരം താങ്ങാനാവാതെ നട്ടുവൊടിഞ്ഞ് വില്ലേജ് ഓഫീസ് ജീവനക്കാർ മതിയായ ജീവനക്കാരുടെ അഭാവം കാരണം വിവിധ

ആവശ്യങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കും വില്ലേജ് ഓഫീസുകളിൽ കയറിയിറങ്ങി ജനങ്ങൾ പൊറുതിമുട്ടുകയാണ്. അര നൂറ്റാണ്ട് മുമ്പ് വില്ലേജ്-താലൂക്ക് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ച കാലത്തെ സ്റ്റാഫ് പാറ്റേണുകളിലാണ് ഇന്നും ഈ ഓഫീസുകൾ പ്രവർത്തിക്കുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകണം. ചാലക്കുടി താലൂക്കിൽ മാത്രം വിവിധ ആവശ്യങ്ങൾക്കായുള്ള സർവ്വേ/അളവ് നടപടികളിൽ അയ്യായിരത്തോളം അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. അക്കൂട്ടത്തിൽ 2018 വരെയുള്ള 456 അപേക്ഷകളുമുണ്ട്. ഭൂമി തരംമാറ്റുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളത് നാലായിരത്തോളം അപേക്ഷകളാണ്. ചാലക്കുടി താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കാനായി 30 ലാപ്ടോപ്പും 11 പ്രിന്ററും വാങ്ങാനായി പ്രാദേശിക വികസന ഫണ്ടിൽനിന്നും 17 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആവശ്യമായ തുക അനുവദിക്കാൻ ഞങ്ങളെപ്പോലുള്ള ആളുകൾ തയ്യാറാണ്. പക്ഷെ ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്ന സാഹചര്യം ഉണ്ടാകണം. അഴിമതിയെക്കുറിച്ച് പറയാതിരിക്കാനാവില്ല. അഴിമതിയിൽ മുന്നിലാണ് റവന്യൂ വകുപ്പ്. കോഴ നൽകാതെ ഒരു ഫയൽപോലും

അനങ്ങാത്ത തരത്തിൽ അഴിമതിയുടെ കൂടാരമായി ഈ ഓഫീസുകൾ മാറിക്കഴിഞ്ഞു. വിജിലൻസ് അടിക്കടി മിന്നൽ റെയ്ഡുകൾ നടത്തി കൈക്കൂലിക്കാരെ അറസ്റ്റ് ചെയ്യുന്നുണ്ട്. പക്ഷെ കോഴ നിർബാധം തുടരുന്നു. കോഴ നൽകിയാലേ ഭൂമി സംബന്ധമായ എന്ത് സേവനവും ലഭിക്കുവെന്ന സ്ഥിതിയാണ്. ഭൂമി തരം മാറ്റൽ, പട്ടയം, കൈവശാവകാശം, ആധാര പകർപ്പ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയാണ് ഏറ്റവും അധികം കോഴ മറിയുന്ന ഇടപാടുകൾ. അർഹതപ്പെട്ട സേവനങ്ങൾ ലഭിക്കാനാണ് ജനങ്ങൾ കോഴ കൊടുക്കേണ്ടി വരുന്നത്. വില്ലേജ് ഓഫീസ് മുതൽ കളക്ടേറ്റുവരെ നീളുന്നതാണ് റവന്യൂ വകുപ്പിലെ അഴിമതി ചങ്ങല. കോഴ നൽകിയില്ലെങ്കിൽ ഓഫീസുകൾ കയറിയിറങ്ങി നരകിക്കേണ്ടിവരും. ഗതികെട്ട് ജനങ്ങൾ കോഴ നൽകുന്നു. അങ്ങനെ റവന്യൂ വകുപ്പിലെ അഴിമതിക്കാർ തഴച്ചുവളരുന്നു. വടക്കൻ ജില്ലകളിൽ വില്ലേജ് ഓഫീസുകളിലെ സേവനങ്ങൾക്ക് രണ്ടായിരം മുതൽ മൂവായിരം രൂപവരെ ഈടാക്കുന്നു. വിരമിച്ചവരും ഇടനിലക്കാരും പരാതിയെഴുത്തുകാരും കോഴച്ചങ്ങലയിലെ കണ്ണികളാണ്. പാലക്കാട് ജില്ലയിലെ വില്ലേജ് അസിസ്റ്റന്റ് സുരേഷ് കുമാറിൽനിന്നും പിടിച്ചെടുത്ത ഒരു കോടി രൂപയും

ഷർട്ട്, കുടംപുളി, തേൻ എന്നിവയടക്കമുള്ള കൈക്കൂലി സാധനങ്ങളും ഈ വിപത്തിന്റെ വ്യാപ്തി തെളിയിക്കുന്നതാണ്. കാസർഗോഡ് ചിത്താരി വില്ലേജ് ഓഫീസർ കൈക്കൂലി വാങ്ങുമ്പോൾ കൈയ്യോടെ വിജിലൻസ് പിടികൂടുകയുണ്ടായി. അദ്ദേഹത്തിന് കഴിഞ്ഞ ഫെബ്രുവരിയിലാണ് മികച്ച വില്ലേജ് ആഫീസറായി പുരസ്കാരം ലഭിച്ചത്. ആർക്കാണ് തെറ്റ് പറ്റിയത്; പുരസ്കാര നിർണ്ണയ സമിതിക്കോ; പുരസ്കാരം ലഭിച്ച വില്ലേജ് ഓഫീസർക്കോ; അതോ വിജിലൻസിനോ? അഴിമതിക്കാർക്ക് അവാർഡ് നൽകുന്ന വകുപ്പായി റവന്യൂ വകുപ്പ് മാറുകയാണ്. വാട്സാപ്പിൽ ഒരു സർക്കാർ ഉത്തരവിനെ പരാമർശിച്ച് രണ്ട് കുറിപ്പുകളിട്ടതിന്റെ പേരിൽ ഒരു ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത വിചിത്രമായ നടപടിയും റവന്യൂ വകുപ്പിൽ കാണുകയുണ്ടായി. അച്ചടക്ക നടപടിയിൽ കക്ഷിയല്ലാത്ത ആൾക്ക് ഇതുസംബന്ധിച്ച് അഭിപ്രായം പറയുന്നതിനോ കോടതിയെ സമീപിക്കുന്നതിനോ അവകാശമില്ല എന്ന അത്ഭുതകരമായ നിരീക്ഷണവും ആ ഉത്തരവിലുണ്ട്. ജീവനക്കാർ വാട്സാപ്പ് ഗ്രൂപ്പിലിടുന്ന സന്ദേശംപോലും സൂക്ഷ്മമായി നിരീക്ഷിച്ച് നടപടി സ്വീകരിക്കുന്ന വകുപ്പിന് അഴിമതിക്കാരെ കണ്ടെത്താൻ സംവിധാനമില്ലാത്തത് കഷ്ടമാണ്.

നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയുന്നതിനുള്ള നിയമം പ്രാബല്യത്തിൽ വന്നിട്ട് പതിനഞ്ച് വർഷമാകുകയാണ്. 1970-നുമുമ്പ് എട്ടുലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽപ്പാടം 2008 ആയപ്പോഴേയ്ക്കും രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞു. ഒരു കാലത്ത് അരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമായിരുന്ന കേരളത്തിൽ ഇപ്പോൾ ആവശ്യമായതിന്റെ എൺപത് ശതമാനവും പുറത്തുനിന്നുമാണ് കൊണ്ടുവരുന്നത്. പാടം എന്ന നിലയ്ക്ക് ഡാറ്റാ ബാങ്കിലുള്ള സ്ഥലങ്ങൾക്കുപുറമെ പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ പുരയിടമായി മാറിയ ഒട്ടേറെ സ്ഥലങ്ങൾ പാടമെന്ന നിലയിലാണ് ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ സ്ഥലങ്ങളുമുണ്ട്. ഡാറ്റാ ബാങ്കിലെ പിശക് തിരുത്തൽ അനന്തമായി വൈകുന്നത് ആയിരക്കണക്കിന് കുടുംബങ്ങളെ വിഷമത്തിലാക്കുകയാണ്. നേരത്തെതന്നെ പുരയിടമാക്കിയ, രേഖയിൽ നിലമെന്ന അവസ്ഥയിലുള്ള സ്ഥലത്ത് വീട് വയ്ക്കണമെങ്കിൽ തരംമാറ്റൽ സർട്ടിഫിക്കറ്റ് വേണം. സൂക്ഷ്മ പരിശോധനനടത്തി, അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് വലിയ കാലതാമസമുണ്ടാകുന്നു. അപേക്ഷയുമായി ബന്ധപ്പെട്ട നൂലാമാലകളും ആയിരക്കണക്കിന്

കുടുംബങ്ങളെ ദോഷകരമായി ബാധിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ നിയമസഭയിൽ പറഞ്ഞത് നൂറ് കൊല്ലം മുമ്പത്തെ സെറ്റിൽമെന്റ് രജിസ്റ്ററിൽ സംസ്ഥാനത്ത് 30 ലക്ഷം ഏക്കർ നെൽപ്പാടമുണ്ടായിരുന്നത് ഇപ്പോൾ അഞ്ചുലക്ഷം ഹെക്ടറായി കുറഞ്ഞുവെന്നാണ്. അത് ഇനിയും കുറയാതിരിക്കാനുള്ള ജാഗ്രതയും കർശന നടപടിയും ആവശ്യമാണ്. 1970-ൽ എട്ടേമുക്കാൽ ലക്ഷം ഹെക്ടറുണ്ടായിരുന്ന നെൽക്കൃഷി 1981-ൽ 8.2 ലക്ഷവും 1991-ൽ 5.59 ലക്ഷവും 2001-ൽ 3.47 ലക്ഷവും 2011-ൽ 1.97 ലക്ഷവും 2016-17-ൽ 1.66 ലക്ഷം ഹെക്ടറുമായി കുറഞ്ഞിരിക്കുന്നു. 2017-18-ൽ 1.89 ലക്ഷം ഹെക്ടറായി വർദ്ധിച്ചത് ഇപ്പോൾ 2.1 ലക്ഷം ഹെക്ടറിൽ എത്തിനിൽക്കുകയാണ്. കോവിഡ് കാലത്ത് നെൽക്കൃഷിയുടെ വിസ്തീർണ്ണത്തിലും നെല്ലുൽപ്പാദനത്തിലും വളർച്ചയുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്. അത്തരത്തിൽ ചെറിയ തോതിലെങ്കിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച തുടരുന്നതിന് ശ്രമമുണ്ടാകണം. ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട സാധാരണക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും 2008-ലെ പാടവും തണ്ണീർത്തടങ്ങളും നികത്തുന്നതിന്റെ അന്തഃസത്ത

ശരിയായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഭരണവകുപ്പുകളുടെ മാതൃവകുപ്പായ റവന്യൂ വകുപ്പിനെ കാലാനുസൃതമായ മാറ്റങ്ങളിലൂടെ സക്രിയമാക്കുന്നതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ആദ്യമായി അഭിനന്ദിക്കുകയാണ്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" ഈ മുദ്രാവാക്യമാണ് ഇന്ന് കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്. അത് ജനങ്ങൾക്ക് ബോധ്യമായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ പഴയകാലമൊന്നുമല്ല. ഒറ്റപ്പെട്ട ചില സംഭവങ്ങൾ നാട്ടിലുണ്ടാകുന്നുണ്ടെങ്കിലും മാതൃകാപരമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പഴയ കാലങ്ങളിലെ വില്ലേജ് ഓഫീസുകളുടെ സ്ഥിതി നമുക്കറിയാവുന്നതാണ്; അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മാത്രമല്ല

സേവനങ്ങളുടെ കാര്യത്തിലും. ഇപ്പോൾ പറഞ്ഞ കഥകളെല്ലാം കുറെ വർഷങ്ങൾക്ക് മുമ്പുള്ള കഥകളാണ്; സാർവ്വത്രികമായി നടക്കുന്ന സംഭവങ്ങൾ. ഇപ്പോൾ വളരെ ക്രിയാത്മകമായി ഇത്തരം കാര്യങ്ങളിൽ ഇടപെടുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. ഒരു സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട മുഖം നാട്ടിലെ ഓഫീസുകളാണ്. റവന്യൂ വകുപ്പിന്റെ മുഖം വില്ലേജ് ഓഫീസുകളിൽ പോയാൽ ആളുകൾക്ക് മനസ്സിലാകും. സേവനങ്ങളുടെ കാര്യത്തിലും സ്മാർട്ടാണ്. ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പല സന്ദർഭങ്ങളിൽ ഈ സഭയെ ബോധ്യപ്പെടുത്തിയതും നമുക്കെല്ലാം ബോധ്യപ്പെട്ടതുമാണ്. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കുന്നതിന് അങ്ങ് വലിയ നേതൃത്വമാണ് നൽകിയിട്ടുള്ളത്; അതിന് നന്ദിയുണ്ട്. അതിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഡിജിറ്റൽ സർവ്വേകൂടി ആ പ്രദേശത്ത് നടപ്പാക്കിയാൽ അക്ഷരാർത്ഥത്തിൽ ജനങ്ങൾക്ക് സ്മാർട്ട് സേവനം പൂർണ്ണമായും ലഭിക്കുന്ന ഒരു നിയോജകമണ്ഡലമായി ഈ മണ്ഡലത്തിനെ മാറ്റിയെടുക്കാൻ സാധിക്കും. നിർഭാഗ്യവശാൽ ഡിജിറ്റൽ സർവ്വേയിൽ

ഇതുവരെ ഈ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജനങ്ങൾക്ക് നിയമാനുസൃതമായ സേവനം സമയബന്ധിതമായി നടപ്പാക്കുമ്പോഴാണ് സ്മാർട്ട് സേവന സംസ്കാരം രൂപപ്പെടുന്നത്. അതിന്റെ ഭാഗമാണ് ഈ ബില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അനന്തമായി നീണ്ടുപോകാതെ അപേക്ഷ ലഭിച്ച് പത്ത് ദിവസത്തിനകം തീർപ്പാകുന്ന ലക്ഷ്യം കൈവരിക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഈ ഭേദഗതികൾ സഭയിൽ അവതരിപ്പിക്കുന്നത്. 2008 ആഗസ്റ്റ് മാസം 12-ാം തീയതിയാണ് ഈ നിയമം നിലവിൽ വരുന്നത്. ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം നിയമത്തിന്റെ കണ്ണിലൂടെ മാത്രമല്ല, സാമൂഹികമായും ഈ ബില്ലിനെ വിലയിരുത്തേണ്ടതായിട്ടുണ്ട്. നൂറ് വർഷങ്ങൾക്കുമുമ്പ് ഭൂമിയുടെ സെറ്റിൽമെന്റ് രജിസ്റ്ററിൽ 30 ലക്ഷം ഏക്കർ ഉണ്ടായിരുന്ന നെൽവയലുകളാണ് 1970-ൽ 20 ലക്ഷമായി കുറഞ്ഞതെന്ന് മുമ്പ് സംസാരിച്ച അംഗം  സൂചിപ്പിക്കുകയുണ്ടായി. 1970-ന് ശേഷമുള്ള ഇന്നത്തെ കണക്ക് പരിശോധിക്കുമ്പോൾ അതായത് പതിനാല് വർഷം മുമ്പ് നടത്തിയ സർവ്വെ പരിശോധിക്കുമ്പോൾ അത് വെറും അഞ്ചുലക്ഷം ഏക്കറായി

കുറയാനുണ്ടായ സാഹചര്യത്തിലാണ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരാൻ തയ്യാറായത്. 1976-ലെ ലാന്റ് യൂട്ടിലൈസേഷൻ കോഡ് നിലനിൽക്കുമ്പോഴാണ് ഇത്തരത്തിലുള്ള നികത്തൽ നടന്നതെന്ന് നാം ഓർക്കണം. ആ നിയമം നടപ്പാക്കാൻ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റും സാമൂഹിക ബോധവുമാണ് നമുക്ക് സൃഷ്ടിക്കപ്പെടേണ്ടത്. അക്കാര്യമാണ് ഈ ബില്ലിന്റെ ചർച്ചയിൽ രൂപപ്പെടുത്തേണ്ടത്. സമൂഹത്തിൽ അത്തരത്തിലുള്ള ബോധം രൂപപ്പെടുത്തിയെടുക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. ഭൂമിയുടെ വൃക്കകളാണ് നീർത്തടങ്ങളെന്ന കാര്യം നമ്മൾ പലപ്പോഴും മറന്നുപോകുകയാണ്. മണ്ണിലെത്തുന്ന മഴയെ തോടുകൾക്കും കനാലുകൾക്കും പുഴകൾക്കും കടലിനും വിട്ടുകൊടുക്കാതെ അത് സംഭരിച്ചുനിർത്തി ഭൂമിയെ തണുപ്പിക്കുന്ന, കരയിലെ സർവ്വ ജീവജാലങ്ങൾക്കും ആവാസ വ്യവസ്ഥയുണ്ടാക്കുന്ന, താപത്തെ ആഗിരണം ചെയ്യുന്ന ഒരു സംവിധാനമാണ് തണ്ണീർത്തടങ്ങൾ. ആ തരത്തിലേയ്ക്ക് അതിനെ കാണാൻ സാധിക്കണം. അതുപോലെ രാസമാലിന്യങ്ങളെ സംസ്കരിക്കുന്നതിലും അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലും ജൈവ

വസ്തുക്കളെ വിഘടിപ്പിക്കുന്നതിലും ഹാനികരമായ സൂക്ഷ്മാണുക്കളെ നിർവ്വീര്യമാക്കുന്നതിലും നീർത്തടങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതിഭീമൻ ജലസംഭരണികളായും ജലസ്രോതസ്സുകളായും നീർത്തടങ്ങൾ നൽകുന്ന സേവനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഗതികളെ കാണേണ്ടതുണ്ട്. നിയമ നിർമ്മാണത്തിലൂടെ മാത്രമല്ല, ജനങ്ങളിൽ അവബോധംകൂടി സൃഷ്ടിക്കാൻ നമുക്ക് സാധിക്കണം. നീർത്തടങ്ങളെ സംബന്ധിച്ച് ഏകദേശം ഒരു ഹെക്ടർ നീർത്തടത്തിൽനിന്നും 30 കോടി ലിറ്റർ ശുദ്ധജലം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. 30 കോടി ലിറ്റർ ശുദ്ധജലത്തിന്റെ വില നിങ്ങൾ കണക്കാക്കണം. നമ്മൾ അങ്ങനെയാണോ സാധാരണയായി ഭൂമിയെ വിലയിരുത്തുന്നത്? ഭൂമിയെ കറൻസി പോലെയും സ്വർണ്ണം പോലെയും ഒരു വസ്തുവായുമാണ് കാണുന്നത്. ആ വസ്തുവിന് എത്ര വിലകിട്ടുമെന്നാണ് നാം വിലയിരുത്തുന്നത്. എന്നാൽ ഭൂമിയുടെ ധർമ്മമെന്താണ്; നീർത്തടത്തിന്റെ ധർമ്മമെന്താണ്; നെൽവയലിന്റെ ധർമ്മമെന്താണ്? അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഭൂപ്രദേശങ്ങളെ വിലയിരുത്തുമ്പോൾ ഒരു ഹെക്ടർ നീർത്തടമെന്ന് പറയുന്നത് 30 കോടി ലിറ്റർ ശുദ്ധജലം തരുന്ന ഇടമാണെങ്കിൽ ഒരു ലിറ്റർ വെള്ളത്തിന് അഞ്ചുരൂപ

വച്ച് കണക്കാക്കിയാൽപോലും ഒരു സെന്റ് നീർത്തടത്തിന്റെ വില 60 ലക്ഷം രൂപവരും; ഒരു വർഷത്തെ കണക്കാണിത്. ഒരു വർഷം 60 ലക്ഷം രൂപയുടെ മൂല്യമാണ്. അപ്പോൾ 100 വർഷത്തെ കാര്യമോ; ആ തരത്തിലേയ്ക്ക് നീർത്തടത്തെ കാണാൻ എന്തുകൊണ്ട് കേരളീയ സമൂഹത്തിന് കഴിയുന്നത്. അതാണ് ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ഉള്ളപ്പോഴും കേരളത്തിലെ ആളുകൾ നെൽവയൽ നികത്തിയപ്പോൾ സമൂഹം അതിനെ ചെറുക്കാതിരുന്നതെന്നാണ് എന്റെ അഭിപ്രായം. നിയമംകൊണ്ട് മാത്രമല്ല, ആ ഒരു ബോധം നമുക്ക് നാട്ടിൽ സൃഷ്ടിക്കാൻ കഴിയണം. നമ്മുടെ മാനവ സംസ്കാരവും ജീവിതരീതിയും രൂപപ്പെട്ടതും മനുഷ്യസംസ്കാരം വളർന്നതും അതിന്റെ ഉയർച്ച ഉണ്ടായതുമെല്ലാം ഇത്തരം നീർത്തടങ്ങളെ കേന്ദ്രീകരിച്ചാണെന്ന വസ്തുത നമ്മൾ മറക്കാൻ പാടില്ല. നമ്മുടെ ഭൂമി ഒറ്റപ്പെട്ട വ്യക്തിയുടെയോ സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ അല്ല. ഇത് മനുഷ്യരുടെ മൊത്തം ഭൂമിയല്ല; മനുഷ്യരുടെ കൂട്ടുസ്വത്തല്ല. നമ്മൾ അതിന്റെ കേവല ഉപഭോക്താക്കളാണ്. അതിനെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വരുംതലമുറയ്ക്ക് പകർന്നുകൊടുക്കുകയെന്ന ചുമതലയാണ് നമുക്കുള്ളതെന്ന ബോധ്യമുണ്ടാകണം.

നൂറ്റാണ്ടുകൾക്ക് മുമ്പ് രചിക്കപ്പെട്ട അർത്ഥശാസ്ത്രം എന്ന ഗ്രന്ഥത്തിൽപ്പോലും വരുംതലമുറയെക്കുറിച്ച്, നമ്മളൊക്കെ ജീവിച്ചിരിക്കുമെന്ന ആ തലമുറയുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള നിയമത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇത്തരം നീർത്തടങ്ങൾ, കന്നുകാലികളുടെ മേച്ചിൽപ്പുറങ്ങൾ എന്നിവയൊക്കെ നശിപ്പിക്കുന്ന ഒരാളിന് നൽകുന്ന ശിക്ഷ വധശിക്ഷയാണെന്നാണ് അതിൽ പറയുന്നത്. അദ്ദേഹം ഭൂമുഖത്തുതന്നെ വേണ്ടെന്നാണ് അർത്ഥശാസ്ത്രത്തിൽ പറയുന്നത്. ആ തരത്തിൽ, അത്ര ജാഗ്രതയോടുകൂടി പഴയ തലമുറ സമർപ്പിച്ചതിനെയാണ് ഇന്നിപ്പോൾ നിയമത്തിലൂടെ നമുക്ക് സംരക്ഷിക്കേണ്ടിവരുന്നത്. ഈ ഉത്തമമായ ബോധ്യത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും അടിസ്ഥാനത്തിലാണ് 2008-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. കേരളത്തിലെ നെൽവയലുകളുടെയും നീർത്തടങ്ങളുടെയും വിസ്തൃതി വല്ലാതെ കുറയുന്നതുകൊണ്ട്, അങ്ങനെ കുറയുമ്പോഴുണ്ടാകുന്ന ഭക്ഷ്യ സുരക്ഷയുടെ പ്രശ്നം എന്നിവയെല്ലാം വിലയിരുത്തിക്കൊണ്ടാണ് 2008 ആഗസ്റ്റ് 12-ാം തീയതി ഈ ബിൽ

നിയമസഭയിൽ അവതരിപ്പിച്ചത്. ഭൂരേഖയുടെ/സർക്കാർ രേഖയുടെ പരിമിതികളും സങ്കീർണ്ണതകളും ജീവനക്കാരുടെ ജോലിഭാരവുംമൂലവുമൊക്കെ 2008-2011 കാലയളവിൽ ഡാറ്റാ ബാങ്ക് പൂർണ്ണമാക്കാൻ കഴിഞ്ഞിരുന്നില്ല. 2011-16-ലെ കാലയളവിലും അന്നത്തെ ഗവൺമെന്റ് വിവിധ കാരണങ്ങളാൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ അലംഭാവം കാണിച്ചു. പക്ഷേ 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിലാണ് ഡാറ്റാ ബാങ്ക് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് കൃത്യമായി നടപ്പിലാക്കാനുള്ള നിലപാടുകൾ സ്വീകരിക്കുകയും ചെയ്തത്. അപ്പോഴാണ് നിരവധി പ്രതിസന്ധികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്നത്. 2008-ന് മുമ്പ് നികത്തിയ, നിർമ്മാണ പ്രവർത്തനങ്ങളും തരംമാറ്റലുമൊക്കെയായി രൂപാന്തരപ്പെട്ട സ്ഥലങ്ങൾ പഴയ കാലത്ത് നെൽവയലുകളെന്നും തണ്ണീർത്തടങ്ങളെന്നുമൊക്കെയുള്ള പേരിൽ റവന്യൂ റെക്കോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഫലമായി അവിടെ വീട് വയ്ക്കാനോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ കഴിയാത്ത ആയിരക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇ. ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ ഈ ബില്ലിന്മേൽ ഒരു ഭേദഗതി കൊണ്ടുവന്നത്. അതിൽ 2008-ന് മുമ്പ് നികത്തിയ നെൽവയലുകളും നീർത്തടങ്ങളും സർക്കാർ രേഖകളിൽ തരംമാറ്റുന്ന വ്യവസ്ഥയുണ്ടായി. നിയമം കർശനമായി നടപ്പിലാക്കിക്കൊണ്ടാണ് ഭേദഗതികൾ അവതരിപ്പിക്കുന്നത്. അനുവാദമില്ലാതെ നികത്താൻ പാടില്ല, പൊതുആവശ്യത്തിനും വീട് വയ്ക്കുന്നതിനും കർശന പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമെ നമുക്കിത് ഉപയോഗിക്കാൻ അനുവാദം ലഭിക്കുകയുള്ളൂ. പൂർവ്വ സ്ഥിതിയിലാക്കാൻ കളക്ടർമാർക്ക് കൃത്യമായ അധികാരം നൽകുന്ന ബില്ലാണ്. ഈ പറയുന്ന പ്രശ്നങ്ങൾ പരിഹിക്കാൻ ഭേദഗതി കൊണ്ടുവന്നപ്പോൾ, 25 സെന്റ് വരെ നമുക്ക് സൗജന്യമായി തരംമാറ്റാമെന്നും, അതുപോലെ കരമൊടുക്ക് ഓൺലൈനായി വന്ന അവസരത്തിൽ എല്ലാവരുടെയും ഭൂമിയുടെ തരം എന്താണെന്ന് ബോധ്യപ്പെട്ട അവസ്ഥ വന്നപ്പോൾ ക്രമാതീതമായി അപേക്ഷകരുടെ എണ്ണം

വർദ്ധിക്കുകയുണ്ടായി. അതിന്റെ ഭാഗമായാണ് നമുക്കിപ്പോൾ ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവരേണ്ടിവന്നത്. ആർ.ഡി.ഒ.-യിൽ നിക്ഷിപ്തമായിരുന്ന അധികാരമാണ് ജീവനക്കാരുടെ കുറവുമൂലവും ജോലിഭാരംമൂലവും നമുക്ക് അപേക്ഷകൾ കൃത്യസമയത്ത് സ്മാർട്ട് സേവനംവഴിയും സമയബന്ധിതമായും ജനങ്ങൾക്ക് സേവനം ലഭിക്കുന്ന രീതിയിലുള്ള തീരുമാനങ്ങളിലേയ്ക്ക് പോകേണ്ടിവന്നത്. അതിന്റെ കണക്ക് പരിശോധിക്കുമ്പോൾ, ഓഫ്‌ലൈനായി ലഭിച്ച 2,26,901 അപേക്ഷകളിൽ 2,23,077 അപേക്ഷകളും സ്മാർട്ട് സേവനത്തിന്റെ ഭാഗമായി തീർപ്പാക്കുകയുണ്ടായി. വെറും 3824 അപേക്ഷകൾ മാത്രമാണ് തീർപ്പാക്കാനുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഓൺലൈനായി 3,11,167 അപേക്ഷകൾ ലഭിച്ചതിൽ 85,528 അപേക്ഷകൾ തീർപ്പാക്കി; ഇനി 2,28,641 അപേക്ഷകൾ ബാക്കിയുണ്ട്. ദിനംപ്രതി 500 അപേക്ഷകളാണ് ലഭിക്കുന്നത്. രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയുമൊന്നും ഓഫീസ് പ്രവർത്തിക്കുന്നില്ലെങ്കിൽപ്പോലും അന്നും ഓൺലൈനായി അപേക്ഷ അയയ്ക്കാൻ സാധിക്കും. ദിനംപ്രതി 500 അപേക്ഷകൾ വരുന്ന രീതിയിലേയ്ക്ക് ഇത് മാറുകയാണ്. അതിൽ പെൻഡിംഗിലിരിക്കുന്ന ഒരു ലക്ഷത്തിലധികം

അപേക്ഷകൾ Form V ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടത് മാറ്റിയെടുക്കുന്നതിനാണ് Form V-ൽ അപേക്ഷിക്കുന്നത്. അതിനൊരു സമയക്രമം നിശ്ചയിച്ചുകൊണ്ട്, അങ്ങനെയൊരു പ്രോസസ്സിലേയ്ക്ക് പോകേണ്ടതുണ്ടോയെന്ന് പരിശോധിച്ചുകൊണ്ട് അത്തരം തെറ്റുകൾ തിരുത്താനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് നല്ലതാണ്. ഈ സാഹചര്യത്തിലാണ് സ്മാർട്ട് സേവനമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ആർ.ഡി.ഒ. വഹിക്കുന്ന അധികാരം ഡെപ്യൂട്ടി കളക്ടർക്കുകൂടി കൊടുത്തുകൊണ്ടുള്ള അതിവേഗ തീർപ്പാക്കൽ ദൗത്യം റവന്യൂ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. കാർഷിക അഭിവൃദ്ധി ഫണ്ടിനെ കുറിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചു. അത് കൃത്യമായി വിനിയോഗിക്കുന്ന നിലപാടാണ് റവന്യൂ വകുപ്പ് സ്വീകരിക്കുന്നത്. ഈ പ്രോസസ്സിനുവേണ്ടി റവന്യൂ വകുപ്പിൽ ഏകദേശം 990 താൽക്കാലിക തസ്തികകളിൽ നിയമനം നടത്തുകയാണ്. അതിൽ റവന്യൂ ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, സർവ്വേയർമാർ, 35000 രൂപ വാടകയ്ക്ക് രണ്ട് വില്ലേജിന് ഒരു വാഹനം....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അവസാനിപ്പിക്കുകയാണ്. രണ്ട് വില്ലേജിന് ഒരു വാഹനം എന്ന നിലയിൽ വാഹനം സപ്ലൈ ചെയ്തുകൊണ്ട് ജനങ്ങൾക്ക് സ്മാർട്ട് സേവനം നൽകുവാനുള്ള ശ്രമമാണ് നടത്തുന്നത്. ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി വിഭജിച്ചുകൊടുത്ത്, താലൂക്ക് കേന്ദ്രങ്ങളിൽ ഇത്തരം സംവിധാനങ്ങളുണ്ടാക്കി അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം അതിന്റെ തീർപ്പ് കൽപ്പിക്കുന്ന രീതിയിലുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. അതിന് 68 ജൂനിയർ സൂപ്രണ്ടുമാരെയും 181 ക്ലാർക്കുമാരെയും താൽക്കാലികമായി നിയമിക്കുകയാണ്. അത്തരത്തിൽ വളരെ ശ്രദ്ധേയവും സമയബന്ധിതവും സ്മാർട്ടുമായ സേവനം റവന്യൂ വകുപ്പിൽ നടപ്പിലാക്കുകയാണ്. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതും അവരുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്നതുമായ പ്രശ്നമാണിത്. ആ പ്രശ്നം വർഷങ്ങൾ നീണ്ടുപോകാതെ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കി സമയബന്ധിതമായി നൽകുക എന്ന രീതിയിലുള്ള നിലപാടിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കുന്ന, ഈ നിയമസഭയിൽ കൊണ്ടുവന്ന ഭേദഗതി വളരെ ജനോപകാരപ്രദമാണ്. ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഈ ഭേദഗതി കൊണ്ടുവരുന്നതിന്റെ പ്രയോജനം യഥാർത്ഥത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കണം. ഇന്നത്തെ സാഹചര്യത്തിൽ, വളരെ സങ്കീർണ്ണമായ സ്ഥിതിയിലൂടെയാണ് ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. എല്ലാ ഓഫീസുകളും കയറിയിറങ്ങി കഷ്ടപ്പെടുന്നതല്ലാതെ സമയത്ത് കാര്യങ്ങൾ നടത്തിയെടുക്കാൻ കഴിയുന്നില്ല എന്നുള്ള പ്രശ്നം ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അപേക്ഷ സമർപ്പിച്ചിട്ടുള്ള ആവശ്യക്കാരുടെ എണ്ണം വളരെയധികം കൂടുതലാണ്. എന്നാൽ ഇതനുസരിച്ച് അപേക്ഷ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പുണ്ടാക്കുന്നതിനും ഇപ്പോൾ സാധിക്കുന്നില്ല. ഒരുവിധത്തിൽ ആർ.ഡി.ഒ. ലെവലിൽനിന്നും മാറി ഡെപ്യൂട്ടി കളക്ടർ, അല്ലെങ്കിൽ തത്തുല്യമായ നിലയിലേയ്ക്ക് ഇത്

വിപുലീകരിക്കുന്നുവെന്നുപറയുന്നത് ഒരു ആശ്വാസമാണ്. ഞങ്ങൾ തത്വത്തിൽ അതിന്റെ നന്മയെ ഉൾക്കൊള്ളുന്നു. പക്ഷേ, ആർ.ഡി.ഒ.-ക്ക് പകരം ഡെപ്യൂട്ടി കളക്ടർ വരുന്നതുകൊണ്ട് യഥാർത്ഥത്തിൽ ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നില്ല. കാരണം, നമ്മുടെ ജീവനക്കാരുടെ അഭാവംതന്നെയാണ്. കുറേ ജീവനക്കാരെ പുതുതായി നിയമിക്കുവാനുള്ള നടപടിയെടുത്തതിനെക്കുറിച്ച് ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചു. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നേരത്തെ മറുപടി പറഞ്ഞിരുന്നു. പക്ഷേ താൽക്കാലികമായി ഇപ്പോൾ കുറച്ചാളുകളെ എടുക്കുന്നതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടുമോ എന്ന് സർക്കാർ പരിശോധിക്കേണ്ടതായിട്ടുണ്ട്. കാരണം ഇത് വളരെ സങ്കീർണ്ണമായ പ്രശ്നമായതുകൊണ്ട് ഏതെങ്കിലും സാങ്കേതികത്വം പറഞ്ഞ് എങ്ങനെയും മടക്കി അയയ്ക്കുക എന്നതാണ് ഇപ്പോൾ റവന്യൂ വകുപ്പിൽ ഭൂരിപക്ഷംപേരും ഇഷ്ടപ്പെടുന്നത് എന്നുള്ളത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാണാൻ കഴിയുന്ന കാര്യമാണ്. കാരണം, ഇത് കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയും ആളുകൾക്ക് പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ലഘൂകരിക്കാനുള്ള നടപടികളെടുക്കുകയും ചെയ്യുന്നു. ഇതൊക്കെ നല്ല

കാര്യങ്ങൾതന്നെയാണ്. പക്ഷേ, ഉദ്യോഗസ്ഥ തലത്തിലേയ്ക്ക് വരുമ്പോൾ ഇത് രണ്ട് രീതിയിലുണ്ട്. ഒന്ന്, അവർക്ക് ഇതിന്റെ റിസ്ക് എടുക്കാൻ കഴിയില്ല. അതുകൊണ്ട് ഒഴിഞ്ഞുമാറുന്നതിന്റെ ഭാഗമായി വളരെ തന്ത്രപൂർവ്വം അടുത്ത ആളിലേയ്ക്ക് ഇത് കൈമാറുകയും ഇതിനുവേണ്ടി നടക്കുന്നവരുടെ നടത്തം തുടരുകയും ചെയ്യുന്നുവെന്നുള്ളതാണ് അവിടെ വരുന്ന വിഷയം. രണ്ട്, ഇതിനെ അഴിമതിക്കുവേണ്ടി ദുർവിനിയോഗം ചെയ്യുന്ന സാഹചര്യവും വളരെ ഗൗരവമായിത്തന്നെ കാണേണ്ടതായിട്ടുണ്ട്. ചില ഉദ്യോഗസ്ഥർ ഇതൊരു കറവപ്പശുവായി കണ്ടുകൊണ്ട് എങ്ങനെയാണ് ഇതിനെ കൈകാര്യം ചെയ്യാൻ സാധിക്കുന്നതെന്ന് പഠനം നടത്തി അവർ അതിന്റെ ഭാഗമായി കൈക്കൂലിക്കുവേണ്ടി കാത്തിരിക്കുന്ന സാഹചര്യവും അതിനുവേണ്ടി വലിച്ചുനീട്ടുന്ന സാഹചര്യവും വളരെ വ്യക്തമായി നമുക്ക് കാണാൻ കഴിയുന്നതാണ്. നമുക്ക് ഇക്കാര്യങ്ങളെ എങ്ങനെ നിയന്ത്രിക്കാൻ സാധിക്കുമെന്നും ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിലേയ്ക്ക് ഇത് കൊണ്ടുവരാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഫലപ്രദമായ ഇടപെടലിന് സാഹചര്യമുണ്ടാക്കണം. ഈ ഭേദഗതികൾ കൊണ്ടുവരാൻ ശ്രമിക്കുന്ന

മന്ത്രിയുടെ നല്ല മനസ്സ് തിരിച്ചറിഞ്ഞുകൊണ്ടുതന്നെ ഇക്കാര്യം പ്രത്യേകം ചൂണ്ടാക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, 2008-ൽ ഈ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ മുമ്പ് നിയമസഭയിലുണ്ടായിരുന്ന എന്റെ സഹോദരനായ തോമസ് ചാണ്ടി ഈ നിയമത്തെ ശക്തമായി എതിർത്തിരുന്നു. കുട്ടനാട് പോലൊരു പ്രദേശത്ത് ഇങ്ങനെയൊരു നിയമം നടപ്പിലാക്കുമ്പോൾ അവിടത്തെ പരിതസ്ഥിതികൂടി കണക്കിലെടുത്ത് അവിടെ ജീവിക്കുന്ന ആളുകൾക്ക് അനുയോജ്യമായ രീതിയിൽ ഈ നിയമം ഭേദഗതി ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞത് അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും. അന്ന് ഞാൻ നിയമസഭയിലുണ്ട്. ഈ വിഷയത്തിൽ ഇടപെട്ടുകൊണ്ട് കുട്ടനാട്ടിൽ ഭൂമി നികത്തുന്നതുമായി ബന്ധപ്പെട്ട അപകടങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ മറുവശത്തെ ഭാഗം കൂടി അദ്ദേഹം ചൂണ്ടിക്കാണിച്ചത് വസ്തുതാപരമാണ്. ജില്ലാതലത്തിലും പ്രദേശികതലത്തിലുമുള്ള സമിതികളും ഉപകാരപ്രദമായി പ്രവർത്തിക്കണം. മനുഷ്യരെ സഹായിക്കുന്നതിൽ അവർക്കാണ് കൂടുതൽ ഇടപെടാൻ കഴിയുന്നത്. ഈ സമിതികൾ പലപ്പോഴും അനാവശ്യമായ

തടസ്സങ്ങൾ സൃഷ്ടിച്ച് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് തടസ്സം നിൽക്കുകയാണ്. അതുകൊണ്ട്, ഇത് ഉദ്യോഗസ്ഥതലത്തിൽ കൃത്യമായി മോണിറ്റർ ചെയ്തുപോകാൻ സർക്കാർതലത്തിൽ ഒരു സ്പെഷ്യൽ സ്കീം ഉണ്ടാക്കണം. സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിനും വിവിധങ്ങളായ ആവശ്യങ്ങൾക്കുമെല്ലാം ആളുകൾ വില്ലേജ് ആഫീസുകളെ ആശ്രയിക്കുന്നതിനാൽ അവിടെ ജോലിഭാരം കൂടുതലാണ്. കഷ്ടിച്ച് ഒരു വില്ലേജ് ആഫീസറും ഒരു ജീവനക്കാരനും അവിടെ ഉണ്ടാകും. സമയബന്ധിതമായി ജോലി ചെയ്യാൻ വില്ലേജ് ആഫീസുകൾ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഇത്രയേറെ കാര്യങ്ങൾ വന്നുകഴിയുമ്പോൾ വില്ലേജും താലൂക്കുമെല്ലാം കുഴയുകയാണ്. ആയിരക്കണക്കിന് അപേക്ഷകളാണ് അവിടെ കെട്ടിക്കിടക്കുന്നത്. ഇത് പരിഹരിക്കാൻ സർക്കാരെടുത്ത ശ്രമം വിജയിക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി സംസ്ഥാനമൊട്ടാകെ ഇക്കാര്യത്തിൽ സ്പെഷ്യൽ അദാലത്ത് പോലെ ഒരു സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി ഇത് നടപ്പാക്കാനുള്ള ക്രമീകരണത്തിലേയ്ക്ക് വരണം. എങ്കിൽ മാത്രമെ ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ ഇത് മാറ്റാൻ സാധിക്കുകയുള്ളൂ. പതിനഞ്ചും

ഇരുപതും വർഷം കഴിഞ്ഞാലും ഇതൊന്നും ആളുകൾക്ക് ഉപകാരപ്രദമായ നിലയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടിക്രമങ്ങളുണ്ടാകില്ല, അതിനുവേണ്ടി കാത്തിരിക്കുക എന്നല്ലാതെ അവരുടെ ജീവിതകാലത്ത് നടക്കുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല എന്നൊക്കെയാണ് പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥതയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അങ്ങയുടെ ഈ പരിശ്രമം വിജയിക്കണമെങ്കിൽ താലൂക്കടിസ്ഥാനത്തിൽ സ്പെഷ്യൽ അദാലത്ത് ഏർപ്പെടുത്തണം. പട്ടയത്തിന്റെ കാര്യത്തിൽ അങ്ങെടുത്തിരിക്കുന്ന നിലപാട് സ്വാഗതാർഹമാണ്. പട്ടയം വളരെ സങ്കീർണ്ണമായ മറ്റൊരു വിഷയമാണ്. ഇതൊന്നും പെട്ടെന്ന് നടക്കുന്ന കാര്യമല്ലെന്ന് നാം കാലങ്ങളായി കണ്ടുകൊണ്ടിരിക്കുകയാണ്. പട്ടയം സംബന്ധിച്ച്, താലൂക്കടിസ്ഥാനത്തിലും എല്ലാ നിയോജകമണ്ഡലാടിസ്ഥാനത്തിലും എം.എൽ.എ.-മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ വിളിച്ചുകൂട്ടി റിവ്യൂ ചെയ്തുകൊണ്ട് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് കൂട്ടായ സഹകരണത്തോടെ പരമാവധി വേഗത്തിൽ പട്ടയം ആളുകൾക്ക് കൊടുക്കുക എന്നതാണ് നിലവിലെ തീരുമാനം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ജില്ലാതലത്തിൽ

എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി എടുത്ത തീരുമാനത്തിന്റെ തുടർച്ചയായി നല്ലൊരു നടപടിയിലേയ്ക്ക് വന്നിരിക്കുകയാണ്. താലൂക്കടിസ്ഥാനത്തിൽ സ്പെഷ്യൽ അദാലത്തുകൾവഴി സമയബന്ധിതമായി ഇക്കാര്യങ്ങൾ പരിഹരിച്ചുകൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടി ഉണ്ടാകുന്നത് ഏറ്റവും ഉപകാരപ്രദമായിരിക്കും.

നിലം, തരം മാറ്റുന്നതിൽ ധാരാളം കുരുക്കുകൾ സംഭവിക്കുന്നു. വസ്തുവുമായി ബന്ധപ്പെട്ട രേഖകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. വർഷങ്ങളോളം കരഭൂമിയിൽ താമസിക്കുന്ന ഉടമസ്ഥൻപോലും അറിയുന്നില്ല; അവർ കാലങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമി പിന്നീട് റീസർവ്വേ കഴിഞ്ഞ് വരുമ്പോഴായിരിക്കും രേഖകളിൽ 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് അറിയുന്നത്. അവർക്ക് എന്ത് ചെയ്യാൻ സാധിക്കും; അയാൾ നിരപരാധിയാണ്. ഈ ഭൂമി ആരും നികത്തിയതല്ല, കാലങ്ങളായി കരഭൂമിയായി കിടന്നതാണ്. നമ്മുടെ റെക്കോർഡുകളിൽ വന്നിരിക്കുന്ന പിശകുകൾകൊണ്ട് സംഭവിക്കുന്ന വിഷയങ്ങൾ പരിഹരിച്ചുകിട്ടാതെ എത്ര മനുഷ്യരാണ് വിഷമിക്കുന്നത്.

യാഥാർത്ഥ്യബോധത്തോടെ ഈ വിഷയങ്ങളെ സമീപിക്കണം. രണ്ടും രണ്ടായി കാണാൻ സാധിക്കണം. അനധികൃതമായി നികത്തിക്കൊണ്ടിരിക്കുന്ന ആളുകൾ ഇപ്പോഴും അനധികൃതമായി മണ്ണെടുക്കലും നികത്തലും ഒരു വശത്ത് നിർബാധം തുടരുന്നുണ്ട്. അവരെ നിയന്ത്രിക്കാൻ കഴിയുന്നതോടൊപ്പം ഇനിയുള്ള നെൽവയലുകളെങ്കിലും സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ നമുക്ക് ഈ നിയമത്തെ പ്രയോജനപ്പെടുത്താൻ സാധിക്കണം. കരഭൂമിയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങൾ അവർക്ക് വേർതിരിച്ച് കൃത്യമായി കൊടുക്കാൻ കഴിയണം. 25 സെന്റിൽ താഴെയുള്ളത് ഒഴിവാക്കിക്കൊടുക്കാൻ തീരുമാനിച്ചപ്പോൾ മറ്റൊരു പ്രശ്നമുണ്ടായിരിക്കുകയാണ്. ഉദാഹരണത്തിന് ഒരാൾക്ക് 50 സെന്റുണ്ടെങ്കിൽ 25 സെന്റെങ്കിലും ഒഴിവാക്കിക്കൊടുക്കുന്നതിന് നിയമത്തിന്റെ ഭാഗമായി അതുകൂടി ഉൾപ്പെടുത്തണ്ടേ; ബാക്കി 25 സെന്റിന് പണമടയ്ക്കാൻ പറഞ്ഞാൽ മനസ്സിലാക്കാം. കോടതിപോലും അതിനെ ചോദ്യം ചെയ്തു. നമ്മളെടുത്തിരിക്കുന്ന നിലപാട് തെറ്റാണെന്നാണ് കോടതി പറഞ്ഞത്. കാരണം ഒരു വ്യക്തിക്ക് നാൽപത് സെന്റുണ്ടെങ്കിൽ അതിൽ 25 സെന്റ്

ഒഴിവാക്കി ബാക്കി 15 സെന്റിന് അടയ്ക്കാൻ പറഞ്ഞാൽ ഒരു പ്രായോഗികതയുണ്ട്. അതിനുപകരം ഈ നാൽപതു സെന്റിനും ഈ വ്യക്തി തന്നെ അടയ്ക്കേണ്ടിവരികയാണ്. അപ്രായോഗികമായ അഥവാ ബാലൻസ്ഡ് അല്ലാത്ത ഒരു സാഹചര്യം നമ്മൾ തന്നെ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. അക്കാര്യം സർക്കാർ പരിശോധിക്കേണ്ടതുണ്ട്. കോടതി ആ വിഷയം പരിഗണിക്കുമ്പോൾ അപ്പീലിന് പോകുന്നത് ജനങ്ങൾക്ക് ഉപദ്രവമായി മാത്രമെ മാറുകയുള്ളൂ. കാലങ്ങളായി പല സ്ഥലങ്ങളിലും നിർമ്മിച്ചിട്ടുള്ള വീടുകളും കെട്ടിടങ്ങളും പലയിടങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പെട്രോൾ പമ്പുകളും മറ്റ് പല സ്ഥാപനങ്ങളുമെല്ലാം ഇടിച്ചുനികത്തി അവിടത്തെ മണ്ണ് മുഴുവൻ കോരിമാറ്റി അവിടെ കുളംകുത്തി പുതുതായി നെല്ല് കൃഷി ചെയ്യണമെന്ന് പറഞ്ഞാൽ അത് വെറും തുഗ്ലക് പരിഷ്കാരമായി മാറുമെന്ന് എത്ര മാധ്യമങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ജനപ്രതിനിധികളെന്ന നിലയിൽ ഇത് ഗൗരവമായി കാണണ്ടേ; സർക്കാരും ഇക്കാര്യം ഗൗരവമായി കാണണ്ടേ. സമീപകാലത്ത് ഇതുമായി ബന്ധപ്പെട്ട വാർത്തകൾ വന്ന ആറേഴ് പത്രങ്ങൾ ഞാൻ

പരിശോധിക്കുകയുണ്ടായി. ഇത് തുഗ്ലക് പരിഷ്കാരമായി മാത്രമെ സമൂഹം വിലയിരുത്തുകയുള്ളൂ. ഇത് പ്രായോഗിക തലത്തിലേയ്ക്ക് വരേണ്ടതുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ രീതിയിലുള്ള ഓർഡർ വരുമ്പോൾ നമ്മൾ കോടതിയിൽ പോയാൽ വളരെ പെട്ടെന്ന് തന്നെ അത് ലഭിക്കും. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് അതാണ്. കോടതിയാണ് എല്ലാ കാര്യത്തിലും ഇടപെടുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, ആളുകൾ ഇപ്പോൾ അത് കണ്ടുപഠിച്ചിട്ടുണ്ട്. പല വിഷയങ്ങളിലും ഇത്തരത്തിലുള്ള കാരണങ്ങൾ പറഞ്ഞ് നമ്മൾ നിരസിക്കുമ്പോൾ അവർ കോടതിയിൽ പോകും. കോടതി ഇതിന്റെ പ്രായോഗികവശം കണക്കിലെടുത്ത് അനുമതി കൊടുക്കുന്ന സാഹചര്യമാണ്. സത്യത്തിൽ ഇക്കാര്യങ്ങളെല്ലാം എത്രയോ വർഷം നമ്മൾ ജനങ്ങൾക്ക് നഷ്ടപ്പെടുത്തിയതാണ്. അത്തരം ഒരു വിഷയം സർക്കാർ ഗൗരവമായി കാണണം. ഇത് പ്രായോഗികമായി പരിഹരിക്കപ്പെടുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ഡാറ്റാ ബാങ്കിൽ വന്നിരിക്കുന്ന തെറ്റുകളും സങ്കീർണമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിശോധിക്കാൻ കഴിയുന്ന

വിധത്തിലുള്ള ഒരു ഇടപെടൽ നടത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നെൽപ്പാടങ്ങൾ എട്ട് ലക്ഷത്തിൽനിന്ന് രണ്ട് ലക്ഷമായി കുറഞ്ഞ ഒരു ഗുരുതരമായ സാഹചര്യത്തിലാണ് ഈ നിയമത്തിന്റെ ഭേദഗതിയിലേയ്ക്ക് നമ്മൾ കടക്കുന്നത്. തീർച്ചയായും കേരളത്തിലെ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കപ്പെടണം. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് കടുത്ത ചൂടിലേയ്ക്ക് നമ്മുടെ നാട് വന്നുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാട് പ്രകൃതിയെയും പരിസ്ഥിതിയെയും തകർത്തുണ്ടാക്കിയ പ്രശ്നങ്ങൾ ഗൗരവംതന്നെയാണ്. പക്ഷേ അതിന്റെ പേരിൽ അതീവ ഗുരുതരമായ സങ്കീർണാവസ്ഥ, ജനങ്ങൾക്ക് ഉപദ്രവകരമാകുന്ന സാഹചര്യങ്ങൾ, പ്രായോഗികതലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാതെയെടുക്കുന്ന സമീപനങ്ങൾ എന്നിവയെല്ലാം തിരുത്തപ്പെടുത്തേണ്ടതാണ് എന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. സർക്കാരാവശ്യങ്ങൾക്കുവേണ്ടി വാങ്ങുന്ന ഭൂമിയുടെ കാര്യത്തിൽ സർക്കാർ പ്രത്യേക പരിശോധന നടത്താൻ തയ്യാറാകേണ്ടതുണ്ട്. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു സ്ഥലവുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നപ്പോൾ കൃഷി വകുപ്പുമന്ത്രി ശ്രീ.

പി. പ്രസാദ് കൃഷി വകുപ്പിന്റെ ചുമതലയിലുള്ള വിഷയമായതുകൊണ്ട് അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപരിഹരിക്കണമെങ്കിൽ റവന്യൂവകുപ്പുതലത്തിൽ ഇപ്പോഴുള്ള സംവിധാനത്തിന്റെകൂടെ സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമിയാണെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിക്കാമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. എന്റെ അനുഭവത്തിൽ കടുത്തുരുത്തി പഞ്ചായത്തിലെ ഗവൺമെന്റ് പോളിടെക്നിക് ഉൾപ്പെടെ അവിടത്തെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾക്കെല്ലാം കെട്ടിടം നിർമ്മിക്കാൻ സ്ഥലമില്ല. പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ കീഴിൽ സ്ഥലം ഇല്ല. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുത്ത് അവിടെ 20 ഏക്കർ സ്ഥലം വാങ്ങാൻ തീരുമാനിച്ചു. 20 വർഷം മുൻപ് 1996-2000 കാലഘട്ടത്തിൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങിച്ചു. അതിൽ 8 ഏക്കർ സ്ഥലത്ത് പോളിടെക്നിക് കെട്ടിടം പണിതു. ബാക്കിയുള്ള ഭൂമിയിൽ 7 ഏക്കർ സ്ഥലം പഞ്ചായത്തിന്റെയും സർക്കാരിന്റെയും ധാരണയോടെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കാനായി വിട്ടുകൊടുത്തു. കൂടാതെ ഫയർ സ്റ്റേഷൻ, കുട്ടികൾക്ക് അങ്കണവാടി, സ്പോർട്സിന് ഒരു

സ്റ്റേഡിയം തുടങ്ങി ആ നാടുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾക്ക് 20 ഏക്കർ സ്ഥലം വിനിയോഗിക്കാൻ പഞ്ചായത്ത് തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. താഴേത്തട്ട് മുതൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ വരെ ഇക്കാര്യം പരിശോധിച്ചശേഷം കൃഷി വകുപ്പിന്റെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നൽകിയ റിപ്പോർട്ടിൽ നൽകിയത് ഈ ഭൂമി കൃഷി ചെയ്യുന്നതിനുള്ള സ്ഥലമായിത്തന്നെ ഉപയോഗിക്കുന്നതാണ് ഉത്തമം എന്നായിരുന്നു. സർക്കാർവക സ്ഥലത്ത് കെട്ടിടം പണിയാൻ പഞ്ചായത്ത് തീരുമാനിച്ച് നാട്ടിലെ മുഴുവൻ ജനപ്രതിനിധികളും ആൾ പാർട്ടി മീറ്റിംഗ് ചേർന്ന് നാടിന്റെ ആവശ്യമെന്ന നിലയിൽ തിരിച്ചറിഞ്ഞാണ് 20 ഏക്കർ ഭൂമി പഞ്ചായത്തിന്റെയും സർക്കാരിന്റെയും ഡിസ്കൗണ്ടിൽ വാങ്ങി, സർക്കാർ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ 20 വർഷമായി കാത്തിരിക്കുന്നത്. ഇപ്പോൾ അതിൽ ഒരു പോളിടെക്നിക് കെട്ടിടം പണിത് കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആ ഭൂമിയിൽ കൃഷി ചെയ്താൽ മതിയെന്ന് പറഞ്ഞാൽ എവിടെ കൃഷി നടത്തും; സർക്കാരിന്റെ ഭൂമിയിൽ ആര് കൃഷി നടത്തും? അതിൽ പകുതി കരഭൂമിയാണ്. ഒരിക്കലും

കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥലമാണ് പഞ്ചായത്ത് കണ്ടെത്തിയത്. ആ ഭൂമി നമുക്ക് ഉപയോഗപ്രദമാക്കി മാറ്റിയെടുക്കാൻ കഴിയില്ല. ഒരു നാടിന്റെ പൊതുആവശ്യം എന്ന നിലയിൽ എല്ലാ ജനപ്രതിനിധികളും ഒന്നിച്ചെടുത്ത ഒരു തീരുമാനമായിരുന്നു അത്. ഇതിന്റെ പേരിൽ കടുത്തുരുത്തിയിലെ കാലവസ്ഥയ്ക്കും കൃഷിയ്ക്കും യാതൊരു പ്രശ്നവുമുണ്ടാകില്ല. ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു, കോട്ടയം ജില്ലയിൽ തരിശ്ശായി കിടന്ന കൃഷിപ്പാടങ്ങൾ ഏറ്റവും കൂടുതൽ ഉപയുക്തമാക്കി കൃഷി ചെയ്ത നിയോജകമണ്ഡലമായും ഗ്രാമപഞ്ചായത്തായും കടുത്തുരുത്തി മാറി. അവിടെ തരിശ്ശായി കിടന്ന കൃഷിയിടങ്ങൾ മുഴുവൻ കൃഷി ചെയ്തശേഷമാണ് ഈ അപേക്ഷ വിളിക്കുന്നത്. സർക്കാരിന്റെ ആവശ്യത്തിനുവേണ്ടി വാങ്ങിയ ഭൂമിയിൽ കൃഷി ചെയ്താൽ മതിയെന്ന് ഗവൺമെന്റ് പറഞ്ഞാൽ അത് എന്ത് അനീതിയാണ്, എത്ര അപ്രായോഗികമാണ്, ഭാവനാശൂന്യമായ നടപടിയാണ്. ഇത്തരത്തിലുള്ള അബദ്ധങ്ങൾ കാണിക്കുന്നത് തിരുത്താൻ നമ്മൾ തയ്യാറാകണം. ഫണ്ടിനുവേണ്ടി എല്ലാ മന്ത്രിമാരോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്. കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം പണിയാൻ 30 കോടി രൂപ കേന്ദ്ര ഗവൺമെന്റ്

അനുവദിച്ചിട്ട് 12 വർഷമായി. ഈ അനുവാദം സംസ്ഥാന ഗവൺമെന്റിൽനിന്ന് ലഭിക്കാത്തതിന്റെ പേരിൽ ആ പണം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. ഇതുപോലെയുള്ള നൂറുകണക്കിന് പ്രശ്നങ്ങളുണ്ട്. സർക്കാർ ആവശ്യങ്ങൾക്കുവേണ്ടി സർക്കാർ സമിതികൾ വാങ്ങിയ സ്ഥലത്ത് സർക്കാരിന്റെ ആവശ്യത്തിന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുവാദം കൊടുക്കാനുള്ള പ്രായോഗികമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക് കോമ്പൗണ്ട്, കടുത്തുരുത്തിയിലെ എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ളതാണ്. അതുൾപ്പെടെയുള്ള പ്രശ്നങ്ങളുടെ യാഥാർത്ഥ്യം കൃഷി വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി പരിശോധിക്കുവാനും പരിഹരിച്ചുതരാനും കഴിയുന്ന സാഹചര്യമുണ്ടാകണം. ഞാൻ ചൂണ്ടിക്കാണിച്ചത് എന്റെ മാത്രം മണ്ഡലത്തിലെ പ്രശ്നമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്... ശ്രീ. മോൻസ് ജോസഫ്, ഒരു മണിക്ക് അടിയന്തര പ്രമേയ ചർച്ചയുണ്ട്. അതിനുമുമ്പ് ഈ ബിൽ പൂർത്തീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അത് ഞാൻ അംഗീകരിക്കുന്നു. ചുരുക്കി പറയാം. ഗവൺമെന്റ് ആവശ്യങ്ങൾക്കായി വാങ്ങിയ ഭൂമി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് ഇക്കാര്യങ്ങൾ പരിഹരിക്കാൻ, നിയമ ഭേദഗതി ഇനി പ്രായോഗികമല്ല. സർക്കാർ തലത്തിലുള്ള തീരുമാനമാണ് പ്രായോഗികം. അതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇക്കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണം. ഇത് ജനോപകാരപ്രദമായ നിലയിൽ മാറ്റണം. മന്ത്രിയെടുത്തിരിക്കുന്ന നല്ല നിലപാടിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഇത്തരത്തിലുള്ള ഉപദ്രവമുണ്ടാകുന്ന സാഹചര്യങ്ങൾ പരിശോധിച്ച് തിരുത്തുന്നതിനുള്ള നടപടികൂടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ വളരെ ചെറുതാണെങ്കിലും ഇപ്പോൾ നിലനിൽക്കുന്ന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏറ്റവും ശ്രദ്ധേയമായി വരാൻ പോകുന്ന ഒരു പ്രശ്നമാണ് ഗവൺമെന്റ് ഒരു ഭേദഗതിയിലൂടെ ഇവിടെ

ചൂണ്ടിക്കാണിക്കാൻ നിശ്ചയിച്ചതും അത് രണ്ടാം വകുപ്പിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതും. നേരത്തെ അങ്ങ് സൂചിപ്പിച്ചതുപോലെ കുറച്ച് സമയത്തിനുള്ളിൽ മറുപടി പറഞ്ഞു തീർക്കേണ്ട പ്രശ്നമുണ്ട്. ഏതാണ്ട് ഒരു മണിക്കൂറോളം നീണ്ടുനിന്ന ചർച്ചയ്ക്കാണ് മറുപടി പറയേണ്ടതെങ്കിലും പരമാവധി ചുരുക്കി മറുപടി പറയാം. ചെയറിന്റെ അനുവാദമില്ലാതെ ആർക്കും വഴങ്ങുന്ന പ്രശ്നമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മണിക്ക് മുമ്പ് ഈ ബിൽ പൂർത്തീകരിക്കണം.

ശ്രീ. കെ. രാജൻ: സർ, യഥാർത്ഥത്തിൽ വളരെ വിചിത്രമായ വാദങ്ങളാണ് ഇവിടെ വിയോജനക്കുറിപ്പിൽ സൂചിപ്പിച്ചത്. തരംമാറ്റ നടപടികൾക്ക് വേഗത പോരെന്ന് തുടർച്ചയായി കഴിഞ്ഞൊരു കാലയളവിനകത്ത് ഈ സഭയിൽ പറയുകയും ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചതുപോലെ അദാലത്ത് ഉൾപ്പെടെയുള്ള നടപടികൾ നടത്തിയാണെങ്കിലും അത് പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുകയും അതേസമയം അങ്ങനെയുള്ള നടപടികൾക്ക് നേതൃത്വം നൽകാവുന്ന വിധത്തിൽ ഇതിന്റെ അധികാരത്തെ

വികേന്ദ്രീകരിക്കുമ്പോൾ ആ തീരുമാനത്തിന് വിയോജനക്കുറിപ്പ് എഴുതുകയും ചെയ്യുന്നത് ഏറ്റവും വിചിത്രമായിട്ടുള്ള കാര്യമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. യഥാർത്ഥത്തിൽ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ 27 (എ) നിലവിൽവന്ന 30-12-2017-നുശേഷം ഓഫ്‌ലൈനായി ആകെ ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം 226901 ആണ്. അതിൽ തീർപ്പാക്കപ്പെട്ടത് 223077 ആണ്. ബാക്കിയുള്ളത് 3824 അപേക്ഷകളാണ്. നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ അഴിമതികളൊന്നും നടക്കാതിരിക്കുന്നതിനുവേണ്ടി പരമാവധി ശ്രമം നടത്തി ഓൺലൈൻ നടപടികൾ 2022 ഫെബ്രുവരി മുതൽ ആരംഭിച്ചപ്പോൾ 311167 കേസുകളാണ് ഓൺലൈനായി ഇതുവരെ ലഭിച്ചിട്ടുള്ളത്. അതിൽ തീർപ്പാക്കാനായത് 82528 ആണ്. 228639 കേസുകൾ ബാക്കി നിൽക്കുന്നുണ്ട്. ഞാൻ ചോദിക്കുന്നത്, കേരളത്തിൽ 27 ആർ.ഡി.ഒ.-മാർ (സബ്കളക്ടർ) ഉണ്ട്, ഒരു ആർ.ഡി.ഒ.-ക്ക് ഒരു ദിവസം വില്ലേജ് ഓഫീസ് മുതൽ എല്ലാ ഉദ്യോഗസ്ഥൻമാരെയും ശാക്തീകരിച്ച് അദ്ദേഹത്തിന്റെ മുമ്പിലേയ്ക്ക് ഒപ്പിടാനുള്ള ഫയലുകൾ കൊണ്ടുവന്നാൽ...... നിങ്ങൾ ആർ.ഡി.ഒ.-മാരായി ചുമതലപ്പെട്ടാൽ എത്ര കേസുകളിൽ ഒപ്പിടാൻ കഴിയും?

228639 കേസുകൾ ഇനിയും ഓൺലൈനായി നിൽക്കുന്ന കേരളത്തിൽ വിയോജനം നിർദ്ദേശിച്ച ആളുകളുടെ അഭിപ്രായം ഈ 27 തസ്തികതന്നെ മതിയെന്നാണോ? ഞങ്ങളുടെ നിർദ്ദേശം 77 താലൂക്കുകളിൽ 69 കേന്ദ്രങ്ങളിലായി 42 ഡെപ്യൂട്ടി കളക്ടർമാരെയും 27 സബ്കളക്ടർമാരെയും (ആർ.ഡി.ഒ.) ഉപയോഗപ്പെടുത്തി 69 കേന്ദ്രങ്ങളിലേയ്ക്ക് ഇത് വികേന്ദ്രീകരിക്കുകയും ശ്രീ. മോൻസ് ജോസഫ് നിർദ്ദേശിച്ചതുപോലെ അദാലത്ത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങളിലേയ്ക്ക് വരികയും ചെയ്താൽ അനന്തമായി നീണ്ടുപോകുന്ന പ്രശ്നമുണ്ടാകില്ല. ബഹുമാനപ്പെട്ട ശ്രീ. ജി. എസ്. ജയലാൽ ഇവിടെ സൂചിപ്പിച്ചതുപോലെ നേരത്തെ രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും അവധി ദിവസങ്ങളിലും അപേക്ഷ നൽകാൻ കഴിയില്ലായിരുന്നു. എന്നാൽ എല്ലാം ഓൺലൈനായപ്പോൾ രാപകൽ വ്യത്യാസമില്ലാതെ 24 മണിക്കൂറും, 365 ദിവസവും അപേക്ഷ കൊടുക്കാനുള്ള സാഹചര്യമുണ്ടായപ്പോൾ അപേക്ഷകളുടെ എണ്ണത്തിൽ വളരെ വലിയ വർദ്ധനവാണുണ്ടായത്. ഒരു ദിവസം 24 മണിക്കൂർ തികയുന്നതിനുമുമ്പുതന്നെ അഞ്ഞൂറിലധികം അപേക്ഷകൾ ലഭിക്കുന്നു. ഇത്രയും അപേക്ഷകൾ കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്വം ചെറിയ എണ്ണം ഉദ്യോഗസ്ഥരുടെ

കയ്യിൽ വന്നാൽ അവർ എത്ര വലിയ പ്രയാസങ്ങളായിരിക്കും അഭിമുഖീകരിക്കുക. അങ്ങനെ വരുമ്പോൾ ഇത് വെള്ളം ചേർക്കലായി മാറ്റപ്പെടുന്ന വിധത്തിൽ ചർച്ച ചെയ്യുന്നത് ഒരു പോസിറ്റീവായ സമീപനമാണെന്ന് കാണാനാകില്ല. ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ച വളരെ പ്രസക്തമായൊരു കാര്യം ഇതിൽ കോടതികൾ ഇടപെടുന്നുവെന്നതാണ്. ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധ ഇങ്ങോട്ട് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. നേരത്തെയുണ്ടായിരുന്ന ഒരു കേസാണ് Thankachan Vs. State of Kerala. 2008-നുശേഷം വാങ്ങിയ ഭൂമിയാണെങ്കിൽ വീട് വയ്ക്കാനോ നിലം നികത്താനോ അനുമതി പാടില്ലെന്ന് പ്രസ്തുത കേസിൽ കോടതി വിധി വന്നിരുന്നു. അതിനെതിരായി പിന്നീട് വന്ന കോടതി വിധിയിൽ 2008-നുശേഷം, അതായത് സിംഗിൾ ബെഞ്ച് കൊടുത്ത കോടതി വിധിക്കെതിരായിപ്പോയ മറ്റൊരു ഉത്തരവിൽ 2008-നുശേഷം നികത്തിയതാണെങ്കിൽപ്പോലും അങ്ങനെ സ്വഭാവമാറ്റത്തിന് അനുവാദമുണ്ടെന്ന് ഡിവിഷൻ ബെഞ്ച് വിധിക്കുകയുണ്ടായി. ആ വിധിക്കെതിരായി മറ്റൊരു സിംഗിൾ ബെഞ്ച് കോടതിയിൽ വന്ന കേസ് ഹൈക്കോടതിയുടെ ഫുൾ ബെഞ്ചിന് റഫർ

ചെയ്തപ്പോൾ അവർ വീണ്ടും പറഞ്ഞു Thankachan Vs. State of Kerala-യിൽ പറഞ്ഞതുപോലെ 2008-നുശേഷം നികത്തിയ സ്ഥലങ്ങളാണെങ്കിൽ അവിടെ വീട് വയ്ക്കാനോ സ്ഥാവരജംഗമവസ്തുക്കൾ മാറ്റം ചെയ്യാനോ സാധ്യമല്ല. കോടതികൾ ഈ നിയമത്തെ ഇന്റർപ്രെറ്റ് ചെയ്യുന്നതിനനുസരിച്ച് സ്വാഭാവികമായ കാലതാമസമുണ്ടായി. 2021-ൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ 25-02-2021-ലാണ് 25 സെന്റ് സ്ഥലംവരെയുള്ള ഭൂമിയ്ക്ക് പണമടക്കേണ്ടതില്ലെന്ന നിർദ്ദേശം ക്യാബിനറ്റ് കൊണ്ടുവരുന്നത്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ ഒരു എസ്.ആർ.ഒ. പുറത്തിറക്കി നാലാം മാസത്തിൽ അത് ചട്ടത്തിന്റെ ഭാഗമാക്കി മാറ്റി. അന്ന് പറഞ്ഞിരുന്ന പ്രധാനപ്പെട്ട ഒരുകാര്യം ആകെ 25 സെന്റ് ഭൂമി മാത്രമേയുള്ളൂവെങ്കിൽ ആ 25 സെന്റ് ഭൂമിയ്ക്ക് പണമടക്കേണ്ടതില്ല എന്നാണ്. എന്നാൽ അതുസംബന്ധിച്ച് വിശദമായ ചർച്ചകളുണ്ടായി. അതിൽ ഏറ്റവും പ്രധാനമായുണ്ടായത്, ഈ നാലാം മാസത്തിൽ എസ്.ആർ.ഒ. ഇറങ്ങിയതിന് മുമ്പ് ലഭ്യമായ അപേക്ഷകളിൽ ഈ തീരുമാനമെടുക്കാമോ? ധനകാര്യ വകുപ്പ് അഭിപ്രായം പറഞ്ഞു, നാലാം മാസത്തിന് മുമ്പ് വന്നിട്ടുള്ളത് എസ്.ആർ.ഒ. ഇറക്കുന്നതിന് മുമ്പുള്ള അഭിപ്രായമാണ്,

അവർക്ക് നൽകാനാകില്ല. അവർക്കുംകൂടി നൽകണമെന്നാണ് കോടതി വിധി. 2021 ഏഴാം മാസത്തിൽ റവന്യൂ വകുപ്പ് അതിന്റെ സ്പഷ്ടീകരണം പുറത്തിറക്കി. നിയമം മാത്രമല്ല അതിന്റെ ഭാഗമായിട്ടുണ്ടായ നിരവധി കോടതി നടപടികളും അതിന്റെ അനന്തരഫലങ്ങളും ഈ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിലുള്ള ചെറിയ തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. യഥാർത്ഥത്തിൽ ഈ നിയമം വരാനുള്ള കാരണം, 1970-ൽ എട്ട് ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്ന നാടായിരുന്നു കേരളം. എന്നാൽ 2000 ആകുമ്പോൾ അത് രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞു. 2008-ൽ ബഹുമാന്യനായ കെ. പി. രാജേന്ദ്രൻ കേരള നിയമസഭയിൽ ഈ നിയമം അവതരിപ്പിക്കുന്ന ഘട്ടത്തിൽ കേരളത്തിന് വേണ്ടിവരുന്ന 80 ശതമാനം അരിയും അയൽ സംസ്ഥാനത്തുനിന്നും കൊണ്ടുവരേണ്ട സ്ഥിതിയായിരുന്നു. നാണ്യവിളകൾ തോട്ടങ്ങളായി പരിവർത്തന പ്പെടുത്തുന്നതുകൊണ്ട് നെൽവയലുകൾ വ്യാപകമായി നഷ്ടപ്പെടുന്നുവെന്ന് പരാതിയുണ്ടാകുകയാണ്. പുതിയ നിയമനിർമ്മാണ പ്രവർത്തനങ്ങൾക്കായി, അത് സർക്കാരിനുവേണ്ടിയാണെങ്കിലും അല്ലാതെയാണെങ്കിലും

വ്യാപകമായി ചതുപ്പുകൾ നികത്തപ്പെടുന്ന സ്ഥിതിയുണ്ടായി. ചതുപ്പുകൾക്കും കേരളത്തിന്റെ കാർഷിക മേഖലയിൽ ഒരു ജോലി നിർവ്വഹിക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട മോൻസ് ജോസഫ് ഉൾപ്പെടെയുള്ള അംഗങ്ങൾക്ക് അറിയാം. നീർത്തട മേഖലകളിലെ വ്യാപകമായ നികത്തൽ പരിസ്ഥിതി അപചയത്തിനും മണ്ണിന്റെ ഫലഭ്രയിഷ്ടമായ സ്ഥിതിക്കും പ്രതികൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഘട്ടത്തിലാണ് 2008-ൽ ശ്രീ. കെ. പി. രാജേന്ദ്രൻ ഇങ്ങനെയൊരു പ്രസക്തമായ വിഷയത്തിലേക്ക് വന്നത്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശ്രദ്ധയിൽപ്പെടുത്തിയ ഒരു പ്രധാനപ്പെട്ട പ്രശ്നമാണിത്. ജൈവ സമ്പുഷ്ടക്കുറവിനും വ്യാപകമായ മണ്ണൊലിപ്പിനും കിണറുകളിലേക്കും കുളങ്ങളിലേക്കുമുള്ള ജലനിരപ്പ് താഴുന്നതിനും ഇത് ഇടയാക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടത് ഈ വിഷയം എത്ര നേരമെടുത്ത് ചർച്ചചെയ്യാനും ഞാൻ തയ്യാറായിരുന്നു. എന്നാൽ ഒരു മണിയ്ക്ക് അടിയന്തര പ്രമേയത്തിന്റെ ചർച്ചയിലേയ്ക്ക് കടക്കണമെന്നുള്ളതുകൊണ്ട് അതിനുമുൻപ് മറുപടി പറഞ്ഞ് അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ചെയർ അഭിപ്രായപ്പെട്ടതുകൊണ്ടാണ് ഞാൻ ചുരുക്കിപ്പറയുന്നത്. കടുത്ത

ജലക്ഷാമംമൂലം ദരിദ്രരായ ഗ്രാമീണർ അനുഭവിക്കുന്ന....., ഞാൻ ഇതിന്റെ ലക്ഷ്യം പറഞ്ഞോട്ടെ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഞാൻ അങ്ങേയ്ക്ക് വഴങ്ങാം, ഇന്നലത്തെ സ്ഥിതിയുണ്ടാകില്ല.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... ഒരുമണിക്ക് മുൻപ് ഈ ബില്ലിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം.

ശ്രീ. കെ. രാജൻ: സർ, ഞാൻ പറഞ്ഞത്..., നെൽവയലിന് ചുറ്റുവട്ടത്തുള്ള ഏറ്റവും പോഷക സമൃദ്ധമായ, വിലക്കുറവുള്ള ധാരാളം ഭക്ഷ്യ പദാർത്ഥങ്ങൾ, വരമ്പുകളിൽ വളരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ, ധാന്യങ്ങൾ എന്നിവയെല്ലാം ഇല്ലാതാകുന്ന സ്ഥിതി കേരളത്തിൽ ഉണ്ടായില്ലേ? നീർത്തടങ്ങളുടെ പരിസ്ഥിതി ധർമ്മം നിലനിർത്തിക്കൊണ്ടുതന്നെ കൃഷിയിറക്കാവുന്ന ഏക ഉഭയവിളയാണ് നെൽകൃഷി. അതുമാത്രമല്ല, ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ വെള്ളക്കെട്ട് കാണുന്ന ഇടമൊക്കെ തണ്ണീർത്തടമെന്ന് പ്രഖ്യാപിക്കലല്ല. അത് അതുമായി ബന്ധപ്പെട്ട തണ്ണീർത്തടത്തെ കൃത്യതയോടുകൂടി ഡിഫൈൻ ചെയ്തിട്ടുണ്ട്. നാലഞ്ച് മണിക്കൂർ എടുത്താണ് ഈ സഭ ഇത് ചർച്ച ചെയ്തത്. നീർത്തടങ്ങൾക്ക് വൈവിദ്ധ്യമാർന്ന പരിസ്ഥിതി ഘടനയുണ്ട്. വിവിധ സസ്യവർഗ്ഗങ്ങൾ, ജന്തു

സമൂഹങ്ങൾക്ക് അവരുടെ ആവാസവ്യവസ്ഥ ഒരുക്കിക്കൊടുക്കുന്ന സ്ഥലമാണിത്. സൂക്ഷ്മജീവികൾ, ഉരഗങ്ങൾ ഉൾപ്പെടെ എല്ലാ ഉഭയ ജീവികളും ജീവചരിത്രത്തിന്റെ ഒരു ഘട്ടത്തിലെങ്കിലും വളരേണ്ട സ്ഥലമായി തണ്ണീർത്തടം മാറുകയാണ്. മത്സ്യവർഗ്ഗങ്ങൾക്ക് മുട്ടയിടുന്നതിനും, തീറ്റ തേടുന്നതിനും, പ്രകൃതിയാലുള്ള ശത്രുക്കളെ നേരിടുന്നതിനുമുള്ള സ്ഥലമാണ് തണ്ണീർത്തടം. കൂട്ടുകൂടാനും വിശ്രമ സങ്കേതത്തിനുംവേണ്ടി പക്ഷികൾക്ക് നീർത്തടം, അതിന്റെ ഒരു പ്രധാനപ്പെട്ട ആശ്രയ കേന്ദ്രമായി മാറുകയാണ്. വലിയ വരൾച്ചയെ നേരിടാൻ പോകുന്നൊരു ഘട്ടം നമ്മൾ കണ്ടു. 2021-ൽ പത്തനംതിട്ട ജില്ല, ബഹുമാനപ്പെട്ട അങ്ങയുടെ ജില്ലയിൽ നവംബർ മാസത്തിൽ നമ്മളെല്ലാപേരും ചേർന്ന് രണ്ട് ഡാമുകൾ തുറന്നതിന്റെ പ്രശ്നം അവസാനിപ്പിക്കാൻവേണ്ടി അടൂരിൽ യോഗം ചേർന്നു. 175 ശതമാനത്തിലധികം മഴ 2021 നവംബറിൽ കിട്ടിയ ജില്ലയാണ് പത്തനംതിട്ട. 2022 ഫെബ്രുവരി മാസത്തിൽ അങ്ങയുടെ സാന്നിധ്യത്തിൽ പട്ടയമേളയെക്കുറിച്ച് ആലോചിക്കാനുള്ള യോഗം ചേർന്നു. പത്തനംതിട്ട ജില്ലയിലെ 19 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, drought district ആയി പത്തനംതിട്ടയെ മാറ്റിയെങ്കിൽ മാത്രമേ എസ്.ഡി.ആർ.എഫ്.-ൽ നിന്നും

കുടിവെള്ളം വിതരണം ചെയ്യാനുള്ള പണം നൽകാൻ കഴിയുകയുള്ളൂവെന്ന് പറഞ്ഞുകൊണ്ട് ആ യോഗത്തിലേക്ക് വന്നത് അങ്ങ് ഓർക്കുന്നുണ്ടാകുമെന്ന് കരുതുന്നു. ഈ തണ്ണീർത്തടങ്ങൾക്കും കേരളത്തിലെ ചതുപ്പുകൾക്കും കേരളത്തിലെ കാർഷികമേഖലയിലെ കായലിനും ഒരു വലിയ ധർമ്മം നിർവ്വഹിക്കാനുണ്ടെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് 2008-ൽ ഈ നിയമം കൊണ്ടുവന്നത്. തർക്കങ്ങളുണ്ടെങ്കിലും ഇക്കാര്യത്തിൽ നമുക്ക് ഏതെങ്കിലും വിധത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളില്ലെന്ന് ഞാൻ കരുതട്ടെ. പൊതുആവശ്യത്തിനും വീട് വയ്ക്കുന്നതിനുമല്ലാതെ 2008-നുശേഷം നെൽവയൽ നികത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് സെക്ഷൻ 9 പ്രകാരം വീടുവയ്ക്കാൻ സ്വന്തം ജില്ലയിൽ സ്ഥലമില്ലാത്ത ആളിന് പഞ്ചായത്തിൽ 10 സെന്റുവരെയും മുനിസിപ്പാലിറ്റിയിൽ 5 സെന്റുവരെയും വയൽ നികത്താനുള്ള വ്യവസ്ഥയും കൂടിയാണ് 2008-ലെ നിയമം വ്യക്തമാക്കുന്നത്. നേരത്തെ ഞാൻ ഇവിടെ പറഞ്ഞതുപോലെ Thankachan Vs. State of Kerala എന്ന കേസ്സിൽ 2008-നുശേഷം വാങ്ങിയ ഭൂമി വീട് വയ്ക്കുന്നതിനുവേണ്ടി നികത്താൻ സാധിക്കില്ല. 2019-ൽ Yousuf Chalil Vs. State of Kerala എന്ന കേസ്സിൽ ഇങ്ങനെ വീടുവയ്ക്കാൻ മറ്റ്

ഭൂമിയില്ലെങ്കിൽ നികത്താൻ അനുമതി നൽകണമെന്ന് ഡിവിഷൻ ബഞ്ച് വാദിച്ചു. ഈ വിധിയുടെ നിയമസാധുത സംബന്ധിച്ച മറ്റൊരു ഡിവിഷൻ ബഞ്ച് നൽകിയ റഫറൻസിൽ തങ്കച്ചൻ കേസ്സിലെ സിംഗിൾ ബഞ്ച് വിധിയാണ് കേരളത്തിലെ ഹൈക്കോടതി ഫുൾബഞ്ച് അനുവദിച്ചത്. അതിലല്ലാതെ മറ്റ് ഏതിലാണ് നിൽക്കുക? 2008-നുമുൻപ് നികത്തപ്പെട്ട ഭൂമി തരം മാറ്റുന്നതിനുള്ള 27(എ) അപേക്ഷയുമായി ഡാറ്റാ ബാങ്കിൽ മാറ്റുന്നതിനുള്ള 4 (6) പ്രകാരമോ, 4 (ഡി) പ്രകാരമോ ആയിട്ടുള്ള സംഭവങ്ങൾക്ക് മേൽപ്പറഞ്ഞ വിധിക്ക് യാതൊരു ബന്ധവുമില്ല. ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത് പ്രാദേശികതല വികസന സമിതികളാണ്, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ പ്രാദേശികതല വികസന സമിതിയുടെ അദ്ധ്യക്ഷൻ കളക്ടർ അല്ല. പ്രാദേശികതല വികസന സമിതിയുടെ ചെയർമാനായി പ്രവർത്തിക്കേണ്ടത് പഞ്ചായത്ത് പ്രസിഡന്റാണ്. അദ്ദേഹത്തെ സഹായിക്കാനുള്ള കമ്മിറ്റിയുടെ കൺവീനർ അഗ്രിക്കൾച്ചറൽ ഓഫീസറാണ്. വില്ലേജ് ഓഫീസർ അതിൽ അംഗമാണ്, കൃഷിക്കാരുടെ മൂന്ന് പ്രതിനിധികൾ അംഗമാണ്. അതിനുമുകളിലുള്ള കമ്മിറ്റിയുടെ ചെയർമാനാണ് കളക്ടർ, അത് District Level Monitoring

Committee (DLMC)-യാണ്. ഫോം നമ്പർ 5-ന് അപ്പീൽ അധികാരമുള്ള ഒരു കമ്മിറ്റിയാണ്, അതുകൊണ്ടാണ് കളക്ടറെ ചെയർമാനായി നിയോഗിച്ചിട്ടുള്ളത്. അതിനുമുകളിൽ State Level Monitoring Committee (SLMC) ആണ്, ബഹുമാനപ്പെട്ട അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കൺട്രോളറാണ് അതിന്റെ കൺവീനർ. ഇവിടെ Local Level Monitoring Committee (LLMC) കൂടുന്നില്ലെന്ന പരാതി വളരെ ഗൗരവമായിത്തന്നെയാണ് നമ്മൾ കാണുന്നത്. കഴിഞ്ഞ ആഗസ്റ്റ് മാസം 2-ാം തീയതി എന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സബ്ജക്ട് കമ്മിറ്റി II, കേരളത്തിലെ റവന്യൂ വകുപ്പിനേയും തദ്ദേശസ്വയംഭരണ വകുപ്പിനേയും കൃഷി വകുപ്പിനേയും അവരുടെ ചുമതലകൾ നിർവ്വഹിക്കാൻ ചുമതലപ്പെടുത്തി. 2023 സെപ്റ്റംബർ 16-നുമുൻപായി ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി ഡാറ്റാ ബാങ്ക് സൃഷ്ടിച്ച് കമ്മിറ്റിക്ക് മുൻപിൽ സമർപ്പിക്കാനുള്ള വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്ക് സംബന്ധിച്ച് നിലവിൽ പരാതികളുണ്ടെങ്കിൽ ആർ.ഡി.ഒ.-മാർ പരിശോധിച്ച് തിരുത്തലുകൾ വരുത്തി പുതിയ ഡാറ്റാബാങ്ക് ഒരു മാസത്തിനുള്ളിൽ നോട്ടിഫൈ

ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച് അതിന്റെ പ്രസിദ്ധീകരണം ഉറപ്പുവരുത്താനും ചുമതലപ്പെടുത്തിയിട്ടുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും നിയമത്തിലെ നിർവ്വചനമനുസരിച്ച് വ്യവസ്ഥ ചെയ്യും പ്രകാരം അടിയന്തരമായി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അത് പ്രസിദ്ധീകരിക്കാനും ഏതെങ്കിലും വിധത്തിൽ ഒരു മാസത്തിനുള്ളിൽ Local Level Monitoring Committee (LLMC) കൂടുന്നില്ലെങ്കിൽ ആ വിവരം ബന്ധപ്പെട്ട കമ്മിറ്റിയെ അറിയിക്കാനും ഈ മൂന്ന് വകുപ്പുകളെയും ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ഡാറ്റാ ബാങ്കിൽനിന്നും മാറ്റുന്നതിന് Local Level Monitoring Committee (LLMC)-ക്കോ ആർ.ഡി.ഒ.-യ്ക്കോ കൊടുക്കുന്ന അപേക്ഷ ഫോം നമ്പർ 5-ലാണ്. യഥാർത്ഥത്തിൽ ഇപ്പോൾ പരിശോധനയിൽ കണ്ട കാര്യം, ഇനി നമുക്ക് പരാതി പരിഹരിക്കാനുള്ള 228641 പരാതികളിൽ 106409 പരാതികളും ഫോം നമ്പർ 5-ലാണ് എന്നുള്ളതാണ്, എന്ത് അത്ഭുതമാണിത്. ഫോം നമ്പർ 6-ൽ ഇനി പരിഹരിക്കാനുള്ളത് 116956. അതായത് അങ്ങേയ്ക്ക്

അറിയാമെന്ന് ഞാൻ കരുതുന്നു, 2008-നുമുൻപ് നികത്തപ്പെട്ട സ്ഥലങ്ങൾ റവന്യൂ രേഖകളിൽ തെറ്റായി നിലമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് പുരയിടമാക്കി മാറ്റാനുള്ള 27 (എ)-ക്ക് അധികാരം കൊടുക്കുന്നത് ഫോം നമ്പർ 6 ആണ്. എന്നാൽ 2008-ൽ ഈ നിയമം പാസ്സാക്കുമ്പോൾ നിലവിലുള്ള നിലങ്ങൾ ഉൾപ്പെട്ടതാണ് ഡാറ്റാ ബാങ്ക്. ആ ഡാറ്റാ ബാങ്കിൽ നിന്നും പേരുകൾ ഒഴിവാക്കാൻ കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലമായി അപേക്ഷ ലഭിച്ചിട്ടും ഇനിയും അപേക്ഷ ഫോം നമ്പർ 5-ൽ തുടർന്നാൽ നാം ഉന്നയിക്കപ്പെടുന്ന വിഷയങ്ങളിലൊന്നും കേരളം നിൽക്കില്ല, അതൊരു യാഥാർത്ഥ്യമാണ്. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ് യഥാർത്ഥത്തിൽ ഇപ്പോൾ ഇത്തരമൊരു നടപടിയുമായി മുന്നോട്ടുപോകാൻ സർക്കാർ ആഗ്രഹിക്കുന്നത്. യഥാർത്ഥത്തിൽ നമ്മുടെ പ്രധാന പ്രശ്നം ആർ.ഡി.ഒ. ചെയ്ത് തീർക്കേണ്ട ജോലികൾ എത്രയാണ്? ആർ.ഡി.ഒ.-യ്ക്ക് ചെയ്ത് തീർക്കേണ്ട ജോലികൾ മുപ്പതിലധികം വരും. വിവിധ സർട്ടിഫിക്കറ്റുകളുടെ അപ്പീലുകൾ, ഭക്ഷ്യസുരക്ഷാ നിയമം, രക്ഷകർത്താക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമം, section 133 of Cr.PC പ്രകാരം പബ്ലിക് ന്യൂയിസൻസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ,

മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, ഭൂ വിനിയോഗം, വനാവകാശ നിയമം, അവകാശികളില്ലാത്ത വസ്തുക്കൾ കൈകാര്യം ചെയ്യൽ, റീലിംഗ്വിഷ്മെന്റ്, ഭൂമി സംബന്ധമായ നിയമങ്ങൾ, ഭൂ സംരക്ഷണം, പോക്കുവരവിന്റെ അപ്പീൽ, മുനിസിപ്പൽ കോർപ്പറേഷൻ ഭൂ പതിവ്, പാട്ടം ഇങ്ങനെ തുടങ്ങി ഏതാണ്ട് മുപ്പതിലേറെ ജോലികൾ നിർവ്വഹിക്കാനുള്ള ആർ.ഡി.ഒ.-മാർ ഇപ്പോൾ ഭൂമി തരംമാറ്റമെന്ന ഒറ്റ വിഷയത്തിൽ കേന്ദ്രീകരിച്ച് നടക്കുകയാണ്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പരാതി പരിഹരിക്കാൻവേണ്ടി കേരളത്തിൽ 69 കേന്ദ്രങ്ങളിലായി 77 താലൂക്കുകളിൽ വരുന്ന ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ കുറേക്കൂടി വിപുലമായ തരത്തിൽ 69 ഉദ്യോഗസ്ഥൻമാരുടെ മുൻപിലേയ്ക്ക് കൊണ്ടുപോയി നിയമം അനുശാസിക്കുന്ന വിധത്തിൽ അത് കൈകാര്യം ചെയ്യാൻ വേണ്ടിയുള്ള ശ്രമമാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഈ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഒരു കാര്യം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്, 1182,41,91,361/- രൂപ ഇതിനകം നമുക്ക് സമാഹരിക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി 2022 ഫെബ്രുവരി 22 മുതൽ തുടർച്ചയായി പണം ചെലവഴിച്ചുകൊണ്ട് അധിക ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയാണ്. സർവ്വേയർമാർ ഉൾപ്പെടെ 990

ഉദ്യോഗസ്ഥൻമാർ, 341 വാഹനങ്ങൾ, ആവശ്യമായ ഐ.ടി. ഉപകരണങ്ങൾ ആദ്യ ഘട്ടത്തിൽ നൽകി. രണ്ടാം ഘട്ടത്തിൽ വീണ്ടും അത്രതന്നെ തുടരാൻ തീരുമാനിച്ചു. ഏറ്റവും പുതിയ തീരുമാനം ഈ ഗവൺമെന്റ് കഴിഞ്ഞ ഒന്നാം തീയതിയെടുത്ത തീരുമാനമനുസരിച്ച് 68 പുതിയ ജൂനിയർ സൂപ്രണ്ടുമാരെ ബൈ പ്രൊമോഷൻ വഴിയും 181 പുതിയ ക്ലർക്കുമാരെ പി.എസ്.സി. ലിസ്റ്റ് പ്രകാരവും 123 സർവേയർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രകാരവും 220 വാഹനങ്ങളും രണ്ടുവർഷത്തേയ്ക്ക് സ്ഥിരമായി വരാവുന്ന സംവിധാനമെന്ന നിലയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടത് ഈ താൽക്കാലിക ജീവനക്കാർ ഭൂമിയുടെ വാല്യു നിശ്ചയിച്ചാൽ പലപ്പോഴും ആർ.ഡി.ഒ.-മാർക്കും സബ് കളക്ടർമാർക്കും വിജിലൻസ് പരിശോധിക്കുന്നതുകൊണ്ട് ആ തുക നിശ്ചയിക്കാൻ പ്രയാസമുണ്ടാകും. സ്ഥിരം ജീവനക്കാരായാൽ കെ.എസ്.ആർ.-ന്റെ പരിരക്ഷ കിട്ടും. ഏറ്റവും പ്രധാനപ്പെട്ട കാര്യം നാം മനസ്സിലാക്കേണ്ടത്, നേരത്തെ ഇവിടെ ബഹുമാനപ്പെട്ട മോൻസ് ജോസഫ് പറഞ്ഞപ്പോൾ സൂചിപ്പിച്ചതുപോലെ വില്ലേജുകളിൽ ഇതുമായി ബന്ധപ്പെട്ട് എന്തു നടപടിയെടുക്കാൻ കഴിയുമെന്നുള്ളതാണ്. വില്ലേജുകളിൽ ആളുകളുടെ

എണ്ണക്കുറവുണ്ട്, ഗൗരവതരമായ പ്രശ്നമാണ്. നമ്മുടെ ജില്ലകളിൽ, ജില്ലാ ആസ്ഥാനത്ത് എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ്, ഒ.എ. നിലവാരത്തിൽ 1319 പേർ, അതായത് പുതിയതായി 197 എൽ.ഡി. ടൈപ്പിസ്റ്റ്, 201 യു.ഡി. ടൈപ്പിസ്റ്റ്, 921 ഒ.എ. ഉൾപ്പെടെ 1319 പുതിയ ജീവനക്കാരെ ഇനി വില്ലേജുകളിലേയ്ക്ക് പുനർവിന്യസിപ്പിക്കാൻ പോകുകയാണ്. നമുക്ക് പുതിയ തസ്തികയുണ്ടാക്കാൻ കഴിയുന്നില്ല, എന്നാൽ റവന്യൂവിന്റെ ജില്ലാ കേന്ദ്രങ്ങളിലുണ്ടായിരുന്ന 1391 പേരെ ഭൂമി തരംമാറ്റം അധികമായി ഉണ്ടാകുന്ന സ്ഥലങ്ങളിലേയ്ക്ക് മാറ്റിക്കൊടുക്കാൻ കഴിഞ്ഞാൽ അതിവേഗം നമുക്ക് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന വിധത്തിലാണ് നടപടിക്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. ബഹുമാനപ്പെട്ട ചാലക്കുടി അംഗം ഞാൻ പറയുന്നത് കേൾക്കുന്നുണ്ടെന്ന് വിചാരിക്കുന്നു. വകുപ്പ് 27(ഡി) പ്രകാരം 5 കോടി രൂപ മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂവെന്ന തെറ്റായ ഒരു പ്രസ്താവന അദ്ദേഹം പ്രസംഗത്തിനിടയിൽ നടത്തിയിരുന്നു. ഞാൻ ആ പ്രസ്താവനയെ വെല്ലുവിളിക്കാനല്ല ഇത് പറയുന്നത്, പക്ഷേ കണക്കനുസരിച്ച് വകുപ്പ് 27 (ഡി) പ്രകാരം ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് 31,63,39,967/- രൂപ

ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ കൃത്യമായ കാര്യമാണ്, സെക്ഷൻ 13 പ്രകാരം പല കേസുകളിലും നമുക്ക് നടപടി പ്രഖ്യാപിക്കാൻ കഴിയുമ്പോഴും റീസ്റ്റോറേഷൻ നടക്കുന്നില്ല എന്നുള്ളത് വളരെ പ്രധാന പ്രശ്നമാണ്, മറ്റ് അംഗങ്ങളും ഇത് സൂചിപ്പിച്ചിട്ടുണ്ട്. നിയമലംഘനം നടത്തിയതിൽ നേരത്തേ റീസ്റ്റോറേഷൻ നടത്താൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഇത്തരത്തിലുള്ള 974 കേസുകളിൽ സെക്ഷൻ 13 പ്രകാരം റീസ്റ്റോറേഷൻ നടത്താൻ കളക്ടർമാർ ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് നടപ്പിലാക്കണമെങ്കിൽ 14,65,28,950/- രൂപ ചെലവുവരും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിലേയ്ക്ക് പ്രസ്തുത പ്രശ്നം സംബന്ധിച്ച് ഫയൽ സമർപ്പിച്ചിട്ടുണ്ട്, സെക്ഷൻ 27(ഡി)-ൽ നിന്നും പ്രസ്തുത ആവശ്യത്തിനുള്ള പണം ഉപയോഗിച്ചുകൊണ്ട് റീസ്റ്റോറേഷൻ നടപടികൾ അടിയന്തരമായി നടത്താൻ കഴിയുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം വിയോജനക്കുറിപ്പിൽ സൂചിപ്പിച്ചതുപോലെ 7536 കേസുകളിൽ 974 കേസുകൾ തീർപ്പാക്കിയിട്ടും ഇത് മുമ്പോട്ടുകൊണ്ടുപോകാൻ കഴിയാത്തത്, ഘടന മാറ്റിയ സ്ഥലത്തുനിന്നും നീക്കംചെയ്യുന്ന മണ്ണ് എവിടെ

കൊണ്ടുപോയി നിക്ഷേപിക്കുമെന്ന പ്രശ്നം കൊണ്ടാണ്. നികത്തപ്പെട്ട സ്ഥലം റീസ്റ്റോറേഷൻ നടത്തുമ്പോൾ മണ്ണ് എവിടേയ്ക്ക് നീക്കും? അതിന് മറ്റ് സ്ഥലങ്ങൾ ആവശ്യമാണെന്ന് കാണുമ്പോൾ ദേശീയ പാതാ നിർമ്മാണത്തിനും സ്വകാര്യ വ്യക്തികൾ മണ്ണ് ആവശ്യപ്പെട്ടതിനും സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട സ്ഥലങ്ങൾ എന്നിവയിലേയ്ക്കും മണ്ണ് എടുത്തുകൊടുക്കാനുള്ള ഒരു പ്രത്യേക 'സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ' തയ്യാറാക്കിക്കൊണ്ട് അതിനാവശ്യമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വകുപ്പ് 27(സി)-യെക്കുറിച്ച് ഇവിടെ ഞാൻ രാവിലെ വിശദീകരിച്ചിരുന്നു. ആ രീതിയിൽ 48 മണിക്കൂറിനുള്ളിൽ കേസുകൾ റിപ്പോർട്ട് ചെയ്യാനും 5 ദിവസംകൊണ്ട് ഇതിന്മേൽ ആവശ്യമായ നടപടികൾ പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിലും നമുക്ക് പുതിയ തീരുമാനങ്ങളിലേയ്ക്ക് എത്തിച്ചേരാൻ കഴിയുമെന്നാണ് റവന്യൂ വകുപ്പ് കരുതുന്നത്. ഫോം നമ്പർ 5-നെക്കുറിച്ച് നേരത്തേയും ഇവിടെ പറഞ്ഞതാണ്, അതിനായി ഇനിയും കാത്തിരുന്ന് കൊണ്ടുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് എന്ന നിലയ്ക്ക് ഫോം നമ്പർ 5-നെ

സംബന്ധിച്ച് കൃത്യമായ ഒരു തീരുമാനം സ്വീകരിക്കേണ്ടിവരുമെന്ന് കരുതുകയാണ്, അതിനാവശ്യമായ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നതാണ്.

അഴിമതിയെ നേരിടുന്നതിനായി ഏറ്റവും ശ്രദ്ധേയമായ നടപടികളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിക്കുന്നത്. മുൻകാലങ്ങളിലെ കാര്യങ്ങൾ പരിശോധിച്ചാൽ റവന്യൂ വകുപ്പിൽ അഴിമതി മാറ്റിയെടുക്കാൻ വലിയ അവസരങ്ങളുണ്ടായിട്ടുണ്ട്. അതുമാത്രമല്ല, Zero Corruption Campaign-ന്റെ ഭാഗമായി അഞ്ച് തലത്തിലുള്ള ഇൻസ്പെക്ഷൻ ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി വകുപ്പുമന്ത്രിയും കളക്ടർ ഉൾപ്പെടെയുള്ളവരും പരിശോധന നടത്തുന്നുണ്ട്. ഒരു മാസം രണ്ട് വില്ലേജുകൾ എന്ന കണക്കിൽ ജില്ലാതലത്തിൽ ഇൻസ്പെക്ഷൻ ടീം പരിശോധിക്കുന്നുണ്ട്.  കളക്ടറേറ്റിൽ നിന്നുള്ള ടീം മാത്രമല്ല, ലാന്റ് റവന്യൂ കമ്മീഷറേറ്റിൽനിന്നും ഇൻസ്പെക്ഷൻ ടീം പോകുന്നുണ്ട്. കേരളത്തിന് മൂന്ന് സ്ഥലങ്ങളിലായി റവന്യൂ ഇന്റലിജൻസും വിജിലൻസും പരിശോധന നടത്തുന്നുണ്ട്. Zero corruption campaign-ന്റെ ഭാഗമായിത്തന്നെ സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥരെക്കൂടി

ഇത്തരം പരിശോധനകൾക്ക് അയയ്ക്കാൻ കഴിയുംവിധം ഒരു മാസം ഏറ്റവും ചുരുങ്ങിയത് 500 സ്ഥലങ്ങളിലെങ്കിലും മേൽസൂചിപ്പിച്ച തരത്തിലുള്ള പരിശോധന നടത്താനും അഴിമതി ഇല്ലാതാക്കാനും സാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്, അടുത്തപ്രാവശ്യം ഞാൻ ഇതുസംബന്ധിച്ച കണക്ക് പറയാം. ഇപ്പോൾ സമയമില്ലാത്തതിനാൽ അതുകൂടി പറയാൻ കഴിയില്ല. കേരളത്തിലെ വില്ലേജ് ഓഫീസുകളിൽ ഉദ്യോഗസ്ഥ കേന്ദ്രീകൃതവും റവന്യൂ കേന്ദ്രീകൃതവുമായതുമായ സൗകര്യമാണ് നടക്കുന്നതെന്ന് എത്രയോ കാലമായി ചർച്ചചെയ്യുകയാണ്. റവന്യൂവിൽ നടപടിക്രമങ്ങൾ നടക്കുന്നത് ഉദ്യോഗസ്ഥ കേന്ദ്രീകൃതമായിത്തന്നെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റും അതിന്റെ മറ്റ് ഭാരവാഹികളുമുള്ളതുകൊണ്ട് അത്തരം ഒരു പരിശോധനാ നടപടിയുണ്ട്. എന്നാൽ റവന്യൂ വകുപ്പിൽ, വില്ലേജിൽ ഉദ്യോഗസ്ഥ കേന്ദ്രീകൃതമാണെന്ന പ്രശ്നം ഉന്നയിക്കപ്പെട്ടപ്പോൾ അതിനെ മറികടക്കാനായി എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചയും മൂന്ന് മണിക്ക് ചേരാൻ കഴിയുന്നതും റവന്യൂ വകുപ്പിനെ ശക്തിപ്പെടുത്താനും അഴിമതി ഉൾപ്പെടെ ചൂണ്ടിക്കാണിക്കാനും കഴിയുന്നവിധത്തിലും വില്ലേജുതല ജനകീയ

സമിതികൾ കേരളത്തിൽ രൂപീകരിച്ചിട്ടുണ്ട്. ആ സമിതിയുടെ കൺവീനർ വില്ലേജ് ഓഫീസറാണെങ്കിലും എം.എൽ.എ. അല്ലെങ്കിൽ എം.എൽ.എ.-യുടെ പ്രതിനിധി ആ സമിതിയിൽ അംഗമാണ്. ഈ നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രാദേശികതല അംഗങ്ങൾ ആ വില്ലേജുതല ജനകീയ സമിതിയിൽ അംഗങ്ങളാണ്. പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ, മുൻസിപ്പൽ ചെയർമാൻ തുടങ്ങിയവരൊക്കെ അംഗങ്ങളാണ്. ഓരോ വില്ലേജിലെയും വാർഡ് മെമ്പർമാർ സമിതിയിൽ അംഗമാണ്. ഞാൻ പറയുന്നത് ഈ ഒരു കാര്യമാണ്, ഒരു വില്ലേജ് ഓഫീസിൽ അഴിമതി റിപ്പോർട്ട് ചെയ്താൽ ആ വിവരം സെക്രട്ടേറിയറ്റിൽ ലഭ്യമാകുന്നവിധത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രതിനിധികൾ അവിടെ പോകുന്നുണ്ടോയെന്ന കാര്യത്തിൽ ആത്മപരിശോധന നടത്തേണ്ടതാണ്, അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ കാര്യം നിർബന്ധമായി നടപ്പിലാക്കാനുള്ള സംവിധാനം സൃഷ്ടിച്ചെടുക്കേണ്ടതാണ്. അഴിമതിയെ തുടച്ചുമാറ്റാനായി ഒരു സ്കൂളിന്റെ പി.ടി.എ. പോലെയോ, ഒരു ആശുപത്രിയുടെ എച്ച്.എം.സി. പോലെയോ ഒരു വില്ലേജ് ഓഫീസിന്റെ രക്ഷാകർത്തൃ സമിതിയായി പ്രസ്തുത

സമിതി മാറണം. അഴിമതിയുടെ കാര്യത്തിൽ മാത്രമല്ല ഈ സമിതി പട്ടയം സംബന്ധിച്ച അന്വേഷണത്തിലെ വിവരശേഖരണ സമിതി കൂടിയാണ്. അനധികൃത ഭൂമി കൈവശമുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിനുള്ള ഏജൻസിയായും റീസ്റ്റോറേഷൻ നടത്താൻ ഇടപെടാൻ കഴിയുന്ന ഏജൻസിയായും ഇതിന് പ്രവർത്തിക്കാൻ സാധിക്കും. വില്ലേജുതല ജനകീയ സമിതികളെ ശാക്തീകരിക്കണം. രണ്ടോ മൂന്നോ വർഷത്തെ എക്സ്പീരിയൻസ് ഇല്ലാത്ത ഒരു എൽ.ഡി.സി./യു.ഡി.സി.-യെ വില്ലേജ് ഓഫീസറായി നിയമിക്കുന്നതല്ല. വില്ലേജ് ഓഫീസറായി രണ്ടുവർഷമെങ്കിലും പ്രവൃത്തി പരിചയമില്ലാത്ത ഒരാളെയും താലൂക്ക് ഓഫീസിൽ ജൂനിയർ സൂപ്രണ്ട്, ഡെപ്യൂട്ടി തഹസിൽദാർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതല്ല. പ്രൊമോഷൻ ലഭ്യമാകുന്ന ഉദ്യോഗസ്ഥർക്ക് ഐ.എൽ.ഡി.എം.-ലൂടെ പരിശീലനം നൽകി കൃത്യമായ സേവനങ്ങൾ ഉറപ്പുവരുത്താൻ കഴിയുന്നവിധത്തിലുള്ള നടപടിക്രമങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്, അതിനായുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. റവന്യൂ വകുപ്പിന്റെ എല്ലാ

പ്രവർത്തനങ്ങളെയും ഡിജിറ്റലൈസ് ചെയ്യുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് വളരെ കൃത്യതയോടെ തയ്യാറാക്കുന്ന ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടിക്രമങ്ങളുമായി മുന്നോട്ടുപോകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ നിയമം പാസ്സാകുന്നതോടെ കേരളത്തിലെ നെൽവയൽ-തണ്ണീർത്തടവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ലഭ്യമായ പരാതികളും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. ഞങ്ങൾ നിയമത്തിൽ ഉറച്ചുനിൽക്കുകയാണ്. നിയമത്തിന്റെ ലക്ഷ്യം നടപ്പിലാക്കാനുള്ള ശ്രമങ്ങളിൽ ഒരുതരത്തിലും വെള്ളംചേർക്കുന്ന പ്രശ്നമില്ല. ഇവിടെ സൂചിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ അദാലത്ത് ഉൾപ്പെടെ നിർബന്ധമായും പരിഗണിച്ച് പ്രശ്നങ്ങൾ തീർക്കാവുന്നതാണ്. പക്ഷേ നിയമത്തിൽ വെള്ളം ചേർക്കില്ല, ജനങ്ങളെ ദ്രോഹിക്കാനാകില്ല. പരമാവധി ജനങ്ങളെ സഹായിക്കാവുന്ന വിധത്തിൽ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും. സഭ തുടരുന്നതിനിടയിൽത്തന്നെ അനധികൃതമായി നികത്തപ്പെട്ട മുഴവൻ ഭൂമിയും ഒരിഞ്ചുപോലും നഷ്ടപ്പെടാത്ത വിധത്തിൽ തിരിച്ചുപിടിക്കാനുള്ള നടപടികളുമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(വകുപ്പുതിരിച്ചുള്ള പരിഗണന)

രണ്ടാം വകുപ്പ്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 183-ാം നമ്പർ ഭേദഗതി ഓദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു

183. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "കളക്ടർ" എന്നതിന് പകരം "കളക്ടറുടെ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2-ൽ "ആക്റ്റിലെ" എന്നതിന് പകരം "നിയമത്തിലെ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. പ്രധാന ആക്റ്റിലെ വകുപ്പ് 2(xv)-ൽ " ആക്റ്റിൽ നിർവ്വചിച്ച പ്രകാരമുള്ള" എന്നതിന് പകരം "ആക്ട് പ്രകാരമുള്ള" എന്ന് ചേർക്കുക.

170. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2 (xv എ)-ൽ, "വിനിയോഗിക്കുന്നതിന് " എന്നതിന് പകരം " കൈകാര്യം ചെയ്യുന്നതിന്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

151. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(xv എ)-ൽ "എന്നാൽ സർക്കാർ" എന്ന വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

155. ഖണ്ഡം 2 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(xv എ)-യിൽ "ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ" എന്ന വാക്കുകൾക്ക് പകരം "ഓഫീസർ തസ്തികയിൽ നിയമിക്കുന്ന ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ " എന്നർത്ഥമാകുന്നതും" എന്നതിന് പകരം " എന്ന് വിവക്ഷിക്കുന്നതും" എന്ന് ചേർക്കുക.

162. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ" എന്നതിനു പകരം "എല്ലാ അധികാരങ്ങളും" എന്ന് ചേർക്കുക.

166. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xv എ)-ൽ " വിനിയോഗിക്കുന്നതിന്" എന്നതിന് പകരം "പ്രയോഗിക്കുന്നതിന്" എന്ന് ചേർക്കുക.

181. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-യിൽ, "ചുമതലപ്പെടുത്തുന്ന" എന്നതിന് പകരം "നിയോഗിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ താഴെയല്ലാത്ത" എന്നതിന് പകരം "ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടർ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "ഏതെങ്കിലുമോ എല്ലാമോ" എന്നത് നീക്കം ചെയ്യുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xv എ)-ൽ "പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന" എന്നതിന് പകരം "കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "താഴെയല്ലാത്ത" എന്നതിന് പകരം "കുറയാത്ത പദവിയിലുള്ള" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 136-ാം നമ്പർ ഭേദഗതി 135-ാം നമ്പർ ഭേദഗതിക്കും 144, 145, 146 എന്നീ നമ്പർ ഭേദഗതികൾ 143-ാം നമ്പർ ഭേദഗതിക്കും 167, 168, 169 എന്നീ നമ്പർ ഭേദഗതികൾ 170-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി ഇബ്രാഹിം അവതരിപ്പിച്ച 143, 170 എന്നീനമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 156, 162, 166, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. പീഠികയിൽ “ ആവശ്യങ്ങൾക്കായി" എന്നതിന് പകരം "സംഗതികൾക്കായി " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ഖണ്ഡം 1(1)-ൽ, “ ആക്റ്റിന്” എന്നതിന് പകരം "നിയമത്തിന്” എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 128-ാം നമ്പർ ഭേദഗതി 127-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(അടിയന്തരപ്രമേയ ചർച്ച)

(നിയമനിർമ്മാണകാര്യം..തുടർച്ച)

## (ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്: സർ, വളരെ ചെറിയ ഭേദഗതിയാണിത്. 2017-ലാണ് കേരളത്തിലെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സീറ്റ് സംവരണം ചെയ്യുന്നതിനുമായി കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ട് നിലവിൽ വന്നത്. 2019-ൽ മേൽനോട്ട സമിതിയെ രണ്ടാക്കിക്കൊണ്ട്

ഭേദഗതി വരികയുണ്ടായി. മെഡിക്കൽ പ്രവേശനം ഒരു സമിതിയെയും ഫീസ് നിയന്ത്രണം മറ്റൊരു സമിതിയെയും ഏൽപ്പിക്കുന്നതായിരുന്നു ആ ഭേദഗതി. മെഡിക്കൽ കൗൺസിലിന് പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽവന്ന സാഹചര്യത്തിൽ പ്രസ്തുത ആക്ടിൽ 'മെഡിക്കൽ കൗൺസിൽ' എന്നത് 'മെഡിക്കൽ കമ്മീഷൻ' എന്ന് മാറ്റിക്കൊണ്ടുള്ള ഭേദഗതിയാണ് വരുത്തേണ്ടത്. അതുകൊണ്ടുതന്നെ ഈ ഭേദഗതി അംഗീകരിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ബഹുമാന്യരായ അംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: മൂന്ന് ബില്ലുകളിലായി 14 പേർ സംസാരിക്കാനുണ്ട്. സ്വയം ശിക്ഷിതമായ ഒരു ക്രമപ്പെടുത്തൽ പാലിച്ചാൽ സമയബന്ധിതമായി കാര്യങ്ങൾ തീർക്കാൻ സാധിക്കുമെന്ന് ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: തീർച്ചയായും പത്തുമിനിട്ടുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച് 'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ' എന്നീ വാക്കുകൾക്ക് പകരം 'നാഷണൽ മെഡിക്കൽ കമ്മീഷൻ' എന്നും തുടർന്ന് പേരുമാറ്റവുമായി ബന്ധപ്പെട്ട ചെറിയ ഭേദഗതികളുമാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം, മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ ചർച്ച ചെയ്യുന്നത്. സീറ്റ് നിർണ്ണയം ഉൾപ്പെടെയുള്ള കാര്യങ്ങൾ അടിസ്ഥാനപരമായി ഈ ബില്ലിലുണ്ട്. മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ വ്യക്തമായ നിലപാടും കാഴ്ചപ്പാടും ഉണ്ടാകേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അവിടെയാണ് രണ്ട് സർക്കാരുകളുടെ വ്യത്യാസം നമുക്ക് മനസ്സിലാകുന്നത്. കേരളത്തിലെ യു.ഡി.എഫ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം അക്കാലത്ത് ആരോഗ്യമേഖലയിൽ ഒട്ടനവധി പ്രവർത്തനങ്ങൾ കൊണ്ടുവന്നു. അതോടൊപ്പം, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അല്ലെങ്കിൽ

എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് കൊണ്ടുവരിക എന്നുള്ള വലിയൊരു കാഴ്ചപ്പാട് യു.ഡി.എഫ്. സർക്കാരിനുണ്ടായിരുന്നു. യു.ഡി.എഫ്. സർക്കാർ ആരോഗ്യമേഖലയിൽ ഏറ്റവും പ്രധാനമായി കൊണ്ടുവരാനാഗ്രഹിച്ച, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്ന ആശയത്തെ പൂർണ്ണമായി മാറ്റിനിർത്തിക്കൊണ്ടുള്ള സമീപനമാണ് 2016-ലെ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത്. നിലവിൽ ഉദ്ഘാടനം ചെയ്തതും പ്രവർത്തനങ്ങൾ തുടങ്ങിവച്ചതുമായ മെഡിക്കൽ കോളേജുകൾ മുന്നോട്ട് പോകാതിരിക്കുവാൻ ഏതെല്ലാം രീതിയിൽ അതിന്റെ കഴുത്ത് ഞെരിച്ച് കൊല്ലാം എന്നതിനെക്കുറിച്ചാണ് ഈ സർക്കാർ ആലോചിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ തുടർച്ച തന്നെയാണല്ലോ ഈ സർക്കാർ. മെഡിക്കൽ കോളേജുകളോട് എതിരായ സമീപനമാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനുള്ളത്. അത് എല്ലാ കാര്യങ്ങളിലും നമുക്ക് ബോധ്യമാകും. ഏറ്റവുമൊടുവിൽ അങ്ങയുടെ ജില്ലയുടെ തൊട്ടടുത്തുള്ള കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം അതിനുദാഹരണമാണ്. കോവിഡ് രോഗികൾക്ക് ചികിത്സയ്ക്കായി മംഗലാപുരത്തേയ്ക്ക് പോകാൻ കഴിയാതെ

വഴിയരികിൽ ആംബുലൻസിൽ വച്ച് മരണപ്പെട്ട സാഹചര്യമുണ്ടായപ്പോഴാണ് ഇടതുപക്ഷ സർക്കാരിന് കാസർഗോഡ് മെഡിക്കൽ കോളേജ് അനിവാര്യമാണെന്ന തിരിച്ചറിവുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ഫണ്ട് നീക്കിവച്ചത്. ഓരോ മെഡിക്കൽ കോളേജിന്റെ കാര്യമെടുത്ത് പരിശോധിച്ചാലും മെഡിക്കൽ കോളേജുകളോട് മുഖം തിരിഞ്ഞുനിൽക്കുന്ന ഒരു സമീപനമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യമേഖലയിൽ സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. പി.എച്ച്.സി. (പ്രൈമറി ഹെൽത്ത് സെന്റർ)-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നു എന്ന് പറയുന്നതിനോട് ഞാൻ യോജിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ഞങ്ങൾക്കാർക്കും തർക്കമില്ല. പക്ഷേ, അത്തരം കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളും ശക്തിപ്പെടുത്തണ്ടേ; ഓരോ ജില്ലതിരിച്ച് പരിശോധിച്ചാൽ മാരകമായ അസുഖങ്ങൾ വരുമ്പോൾ അവിടത്തെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട അവസ്ഥയാണ് രോഗികൾക്കുള്ളത്. വളരെ ചുരുക്കം മെഡിക്കൽ കോളേജുകൾ മാത്രമാണ് നമുക്കുള്ളത്. മെഡിക്കൽ

കോളേജുകളിൽനിന്ന് സാധാരണക്കാരനും ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭ്യമാകണം എന്നുള്ളതുകൊണ്ടാണ് എല്ലാ ജില്ലയിലും മെഡിക്കൽ കോളേജ് ഉണ്ടാകണമെന്ന് യു.ഡി.എഫ്. സർക്കാർ ആഗ്രഹിച്ചത്. എന്നാൽ ഈ സർക്കാർ മറിച്ചൊരു നിലപാടാണ് സ്വീകരിച്ചത്. ഇടുക്കി, റാന്നി, ഹരിപ്പാട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളോടുള്ള സമീപനം അതിനുദാഹരണമാണ്. പാലക്കാട് എസ്.സി./എസ്.ടി. വകുപ്പിൻകീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചത് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായിട്ടാണ്. ഒരു വർഷം എഴുപതോളം എസ്.സി. മെഡിക്കൽ വിദ്യാർത്ഥികളാണ് ആ മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ്. പഠിച്ച് പാസ്സായി ഇറങ്ങുന്നത്. അവിടെ നല്ലരീതിയിൽ ഒ.പി. ആരംഭിച്ചു. എന്നാൽ, ഐ.പി. ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏഴ് വർഷം പിന്നിട്ടിട്ടും ഈ സർക്കാർ ആരോഗ്യമേഖലയിൽ മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ ഒരു താൽപര്യവുമെടുക്കുന്നില്ല എന്നുള്ളത് ഓരോ മെഡിക്കൽ കോളേജുകളോടുള്ള സമീപനവും പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്. വയനാട് മെഡിക്കൽ കോളേജിന് 50 ഏക്കർ സ്ഥലം ഞങ്ങൾ ഏറ്റെടുത്തതാണ്. പക്ഷേ, ആ സ്ഥലം വേണ്ടെന്ന് പറഞ്ഞ്

അവിടെയും മെഡിക്കൽ കോളേജിനോട് പുറം തിരിഞ്ഞുനിൽക്കുന്ന സമീപനമാണ് സർക്കാരെടുത്തത്. മൊത്തത്തിൽ എന്താണ് മെഡിക്കൽ കോളേജിനോട് ഈ സർക്കാരിന് ഇത്രമാത്രം വെറുപ്പ്; ഇന്ന് എല്ലാ ജില്ലകളിലും സ്വകാര്യ ആശുപത്രികളുണ്ട്. മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്താതിരുന്നാൽ സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാനേ കഴിയൂ. സാധാരണക്കാരായ രോഗികൾക്ക് ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കാൻ കഴിയുന്നത് മെഡിക്കൽ കോളേജുകളിൽനിന്നാണ്. മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്തി സാധാരണക്കാരന് മികച്ച ചികിത്സ ലഭ്യമാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ, യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന പദ്ധതികളെല്ലാം ഈ സർക്കാർ കൈവിട്ടുകൊണ്ടിരിക്കുകയാണ്. ലോട്ടറിയിലൂടെ പണം കണ്ടെത്തുന്നതിനാണ് യു.ഡി.എഫ്. സർക്കാർ 'കാരുണ്യ' പദ്ധതി കൊണ്ടുവന്നത്. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ എനിക്ക് വളരെ പ്രയാസം തോന്നി, ബഡ്ജറ്റിൽ നീക്കിവച്ച ഈ വർഷത്തെ തുക ഇതിനകം തന്നെ കൊടുത്തു എന്നാണ് അദ്ദേഹം പറഞ്ഞത്. 800 കോടി രൂപ കൊടുക്കാനുണ്ട്, ഈ സാമ്പത്തിക

വർഷത്തിൽ ഇനിയും ബാധ്യതകൾ വരും. ഇപ്പോൾത്തന്നെ 350 കോടി രൂപ കൊടുത്തു, ഇനി ഞങ്ങൾക്ക് കൊടുക്കാനില്ല എന്നല്ലേ ആ പറഞ്ഞതിന്റെ അർത്ഥം. 'കാരുണ്യ' പദ്ധതിയുമായി ബന്ധപ്പെട്ട് 550 കോടി രൂപയുടെ ബാധ്യതയുണ്ട്. ഈ വർഷം വരുന്ന അധിക ചികിത്സാച്ചെലവ് കൂടി വന്നുകഴിഞ്ഞാൽ അത് എണ്ണൂറ് കോടിയും മറ്റുമാകും. ആരാണ് ഈ പണം കൊടുക്കുക. പണം കൊടുത്തില്ലെങ്കിൽ ഏത് സ്ഥാപനമാണ് പാവപ്പെട്ടവർക്ക് ഈ പദ്ധതിയിലൂടെ ചികിത്സ നൽകുക. കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നതാണ് 'സുകൃതം' പദ്ധതി. ഈ സർക്കാർ അതും കൈവിട്ടു. ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ സർക്കാരും ഈ സർക്കാരും പി.ആർ. വർക്കിനുള്ള സാധ്യതകളെക്കുറിച്ചാണ് ആലോചിക്കുന്നത്. കേരളത്തിൽ ആരോഗ്യവകുപ്പാണ് കഴിഞ്ഞ വർഷം ഏറ്റവും നല്ല പി.ആർ. വർക്ക് നടത്തിയത് എന്ന് പറയാൻ സാധിക്കും. പി.ആർ. വർക്കിന് ഒന്നാം സ്ഥാനം ആരോഗ്യവകുപ്പിന് തന്നെയെന്നതിൽ സംശയമില്ല. ഏറ്റവും പ്രയാസപ്പെട്ട രോഗമായിട്ടും കോവിഡിനെ സർക്കാർ പി.ആർ. വർക്കിനുള്ള ആയുധമാക്കി ഉപയോഗിച്ചു. മുഖ്യമന്ത്രി പി.ആർ. വർക്ക് നടത്തിയത്

കോവിഡുമായി ബന്ധപ്പെട്ടാണെങ്കിൽ ആരോഗ്യ വകുപ്പുമന്ത്രി പി.ആർ. വർക്ക് നടത്തിയത് 'നിപ'-യുമായി ബന്ധപ്പെട്ടാണ്. ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും കേരളം ലോകത്തിന് മാതൃകയാണ് എന്നാണ് നമ്മൾ അഭിമാനത്തോടെ പറയുന്നത്, കാരണം ശിശുമരണ നിരക്കും മാതൃമരണ നിരക്കും ഇവിടെ കുറവാണ്. അത് എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷമല്ല, ആദ്യം മുതൽതന്നെ അങ്ങനെയാണ്. അമേരിക്കയുമായിട്ടാണ് നമ്മൾ താരതമ്യം ചെയ്യുന്നത്. നേരത്തേ ശ്രീ. കെ. വി. സുമേഷ് സംസാരിച്ചപ്പോൾ ഇവിടത്തെ വിദ്യാഭ്യാസ ആരോഗ്യ മുന്നേറ്റങ്ങളെക്കുറിച്ച്, ഇത് എൽ.ഡി.എഫ്. സർക്കാരിന്റെ നേട്ടമാണ് എന്ന് ആവർത്തിച്ച് പറഞ്ഞു. എന്നാൽ ഞങ്ങൾ ആവർത്തിച്ച് പറയുന്നു 1957-ൽ ഐക്യകേരള രൂപീകരണത്തിന് ശേഷം മാറി മാറി വന്ന സർക്കാരുകളുടെ നേട്ടം മാത്രമല്ല, ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുൻപ് തന്നെ ആരോഗ്യമേഖലയിലെയും വിദ്യാഭ്യാസ മേഖലയിലെയും മിഷനറിമാരുടെ പ്രവർത്തനത്തിന്റെ ഫലമാണത്. നല്ല അടിത്തറയുണ്ടായിരുന്നു. അത് മാറി വന്ന സർക്കാർ നന്നായി ചെയ്തു. പക്ഷേ ഇവിടെ പറയുന്നത് ഈ ഗവൺമെന്റാണ് എല്ലാം കാര്യങ്ങളും ചെയ്തത് എന്നാണ്.

ആരോഗ്യമേഖലയിൽ നാം എവിടെയാണ് എത്തിനിൽക്കുന്നത്? വലിയ അഭിമാനത്തോടെ ആരോഗ്യമേഖലയെക്കുറിച്ച് സംസാരിക്കുമ്പോഴും സാംക്രമിക രോഗങ്ങളുടെ കേന്ദ്രമായി കേരളം മാറുന്നുവെന്നത് ഗൗരവത്തോടെ കാണേണ്ടതാണ്. കോവിഡ് വരുന്നു, പക്ഷിപ്പനി വരുന്നു, ഏറ്റവും ഒടുവിലായി 'നിപ' വരുന്നു. ഇതൊക്കെ എത്രമാത്രം നമുക്ക് നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്? ഞാൻ 'നിപ'-യുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. നാലാമത്തെ വർഷമാണ് കേരളത്തിൽ 'നിപ' വരുന്നത്. ഇടയ്ക്ക് ഒരു വർഷം മാത്രമാണ് വരാതിരുന്നത്. രണ്ട് തവണ കോഴിക്കോട് വന്നു, ഒരു തവണ എറണാകുളത്ത് വന്നു, ഇപ്പോൾ വീണ്ടും കോഴിക്കോട് വന്നു. 'നിപ'-യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നാം എവിടെയാണ് നിൽക്കുന്നത്? തുടർച്ചയായി 'നിപ' വരാതിരിക്കാനായി എന്തുചെയ്തു? 'നിപ' വരുന്നുവെന്ന് കേൾക്കുമ്പോൾ മന്ത്രിമാർ കോഴിക്കോട് പോകുന്നു, അവിടെ മീറ്റിംഗ് വിളിച്ചുകൂട്ടുന്നു, സമ്പർക്കപ്പട്ടികയുണ്ടാക്കി, അവരെയൊക്കെ ഐസൊലേറ്റ് ചെയ്ത് മുന്നോട്ടുപോയാൽ മാത്രം മതിയോ? ഇത് വരാതിരിക്കാൻ എന്തൊക്കെ ചെയ്യണമെന്ന് ആലോചിക്കണ്ടേ? ഇന്ന് മലയാള മനോരമയിൽ ഡോ. എ.

എസ്. അനൂപ്കുമാറിന്റെ ഒരു ലേഖനമുണ്ട്. ഡോ. എ. എസ്. അനൂപ്കുമാറിനെ ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ആദ്യമായി 'നിപ' രോഗം സ്ഥിരീകരിച്ചതും അതിന്റെ ട്രീറ്റ്മെന്റ് ആരംഭിച്ചതും അദ്ദേഹമാണ്. "നാലാം തവണ എന്നതിൽ കാര്യങ്ങൾ നിൽക്കണമെന്നില്ല. കേരളത്തിൽ ഇനിയും ഇനിയും രോഗം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. 2018-ൽ രോഗബാധയുണ്ടായപ്പോൾതന്നെ പ്രത്യേക ഐസൊലേഷൻ സൗകര്യമൊരുക്കണമെന്നും പരിശോധനാ സൗകര്യം വേണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ എവിടെയുമെത്തിയിട്ടില്ല. 'നിപ' വീണ്ടും എപ്പോൾ വേണമെങ്കിലും വരാനിടയുണ്ടെന്ന ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ നമുക്ക് വേണം." എന്ന് ഡോ. എ. എസ്. അനൂപ്കുമാർ പറയുന്നു. 2018-ൽ 'നിപ' വന്നപ്പോൾ നമ്മൾ എന്തുമാത്രം ഗൗരവത്തോടുകൂടി അതിനെക്കുറിച്ച് പറഞ്ഞു. പക്ഷേ 4 വർഷം കഴിഞ്ഞിട്ട് വീണ്ടും 'നിപ' വരുമ്പോൾ അതിനെക്കുറിച്ച് സർവ്വെ നടത്തുവാനോ, കേരളത്തിൽ എന്തുകൊണ്ട് 'നിപ' ആവർത്തിച്ച് വരുന്നുവെന്ന യഥാർത്ഥത്തിലുള്ള പഠനംപോലും നടത്താൻ

ആരോഗ്യ വകുപ്പിന് കഴിഞ്ഞോ? ഇത്തരം കാര്യങ്ങളിൽ നമുക്ക് വലിയ വീഴ്ച ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു)

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മധ്യകേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ആളുകൾക്ക് ഉപകാരപ്രദവുമായ തൃശ്ശൂർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ 14 മാസമായി ഇൻ-ചാർജ്ജ് ഭരണമാണ് നടക്കുന്നത്. സ്വന്തമായൊരു സൂപ്രണ്ടില്ല, നിരവധി അഴിമതികൾ നടക്കുന്നുവെന്ന് ജില്ലാ കളക്ടർതന്നെ അവിടെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. കഴിഞ്ഞ ദിവസംതന്നെ അണുബാധയേറ്റ് പത്ത് ആളുകളാണ് ഗുരുതരമായ അവസ്ഥയിലെത്തി നിൽക്കുന്നത്. മധ്യകേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജിൽ ഒരു സൂപ്രണ്ടുപോലുമില്ലാത്ത ഇത്തരം ഗുരുതരമായ അവസ്ഥ അവിടത്തെ മെഡിക്കൽ വിദ്യാർത്ഥികളുടെ റെക്കഗ്നിഷനെ ബാധിക്കുന്ന കാര്യമാണ്. ഇത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. തൃശ്ശൂർ മെഡിക്കൽ കോളേജ് മാത്രമല്ല കേരളത്തിലെ മെഡിക്കൽ കോളേജുകളോടൊക്കെ ഈ ഗവൺമെന്റ് പൂർണ്ണമായ അവഗണന കാണിക്കുന്ന സമീപനമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി 'നിപ'-യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇന്നലെ....

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങ് സംസാരിക്കുമ്പോൾ ആരോഗ്യമേഖലയുടെ മെച്ചത്തെക്കുറിച്ച് പറഞ്ഞല്ലോ; അത് ശരിയാണ്. ഈ മേഖലയിലെ മാറ്റം തുടർച്ചയാണ്. അത് സമൂഹം അംഗീകരിക്കുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്ന് ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി സമൂഹത്തിൽ ഏതാണ്ട് 15 ശതമാനം ആളുകൾ ആശ്രയിച്ചിരുന്ന പൊതുജനാരോഗ്യ മേഖല ഇന്ന് 60 ശതമാനം ആശ്രയിക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, നമ്മൾ എല്ലാവരും പൊതുജനാരോഗ്യമേഖല ശക്തിപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടാണല്ലോ ഞങ്ങൾ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ്

കൊണ്ടുവന്നത്. എല്ലാ ജില്ലകളിലും, പാലക്കാട് ഉൾപ്പെടെ എസ്.സി./എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഞങ്ങൾ മെഡിക്കൽ കോളേജ് കൊണ്ടുവന്നു. അങ്ങനെ മെഡിക്കൽ കോളേജ് കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായും മുൻ കാലങ്ങളിൽ അവിടെ പോകാൻ കഴിയാത്തവർക്ക് പോകാനുള്ള അവസരമാണുണ്ടായത്. അതിനെ ശക്തിപ്പെടുത്തണമെന്നാണ് ഞങ്ങൾ പറയുന്നത്, ആളുകൾ കൂടുതൽ വരണം. സ്വകാര്യ മേഖലയിൽ പോകാതെ പൊതു ആരോഗ്യരംഗത്ത് വരണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. അത് സാധ്യമാകണമെങ്കിൽ മെഡിക്കൽ കോളേജുകൾ ഉണ്ടാകണം. അതിനെയാണ് നിങ്ങൾ എതിർത്തത്. 'നിപ'-യുമായി ബന്ധപ്പെട്ട്, കഴിഞ്ഞ മാസം 30-ാം തീയതിയാണ് 'നിപ' ബാധിച്ച് ആദ്യത്തെ രോഗി മരിക്കുന്നത്. എത്ര ദിവസം കഴിഞ്ഞാണ് നമ്മളത് സ്ഥിരീകരിക്കുന്നത്? കേരളത്തിൽ 'നിപ' സ്ഥിരീകരിച്ചുവെന്ന് ഇന്നലെ ടി.വി.-ചാനലിൽ കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞു. മരണപ്പെട്ട രണ്ട് കേസുകളും 'നിപ' കാരണമാണെന്ന് ആ വാർത്തയിൽ പറഞ്ഞു. സാധാരണക്കാരനായ ഒരാൾ ആ വാർത്ത കേൾക്കുകയും അതുകഴിഞ്ഞ് വാർത്ത മാറിവരുമ്പോൾ ഇതുവരെ

മരണപ്പെട്ടത് 'നിപ'-യാണെന്ന് സ്ഥിരീകരിച്ചിട്ടില്ലെന്ന് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നതാണ് കാണുന്നത്. രാത്രി 9 മണിക്കാണ് ആരോഗ്യവകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട് സ്ഥിരീകരണം നൽകുന്നത്. ഇന്നു രാവിലെ ആരോഗ്യ വകുപ്പുമന്ത്രി ചോദ്യത്തിനുത്തരമായി പറഞ്ഞത് സാങ്കേതികമായ കാര്യങ്ങളാണ്. ഇത്രയും വലിയൊരു കാര്യത്തെക്കുറിച്ച് കേന്ദ്രമന്ത്രി സൂചിപ്പിക്കുമ്പോൾ സ്വാഭാവികമായും കമ്മ്യൂണിക്കേറ്റ് ചെയ്യാനായി നമുക്ക് എന്തെല്ലാം സംവിധാനങ്ങളുണ്ട്. ആ വാർത്ത കഴിഞ്ഞ ഉടനെതന്നെ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രി ഇതുപറയുമ്പോൾ ആരുപറയുന്നതാണ് നാം വിശ്വസിക്കേണ്ടത്? അങ്ങനെ വാർത്ത കേട്ടിട്ടുണ്ടെങ്കിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യണ്ടേ? ചെയ്യുന്നില്ല; പിന്നീട് 9 മണിക്കാണ് പറയുന്നത്. എന്തിനാണ് ഇങ്ങനെയൊരു വ്യക്തതക്കുറവ് സൃഷ്ടിക്കുന്നത്? അതൊഴിവാക്കാനായി നമുക്ക് എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. ഡൽഹിവരെ യാത്ര ചെയ്യേണ്ട കാര്യമില്ലല്ലോ; കമ്മ്യൂണിക്കേഷനായി എന്തെല്ലാം മാർഗ്ഗമുണ്ട്. ഏത് കാരണത്തിന്റെ പുറത്തായാലും ജനങ്ങൾ ആശങ്കയോടെ നിൽക്കുമ്പോൾ കേന്ദ്ര ആരോഗ്യമന്ത്രി ഒരുകാര്യം പറയുകയും കേരളത്തിലെ

ആരോഗ്യ വകുപ്പുമന്ത്രി മറ്റൊന്ന് പറയുന്ന സാഹചര്യവും ഒഴിവാക്കുന്നതായിരിക്കും നല്ലത്. പിന്നീട് പറഞ്ഞൊരു കാര്യം, കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ എല്ലാ സംവിധാനങ്ങളും നമുക്കുണ്ടെന്നാണ്. പക്ഷേ ഇപ്രാവശ്യം പരിശോധിക്കാനായി പുറത്താണ് നമ്മൾ കൊടുത്തതെന്നാണ് കേരളത്തിൽ ഇന്ന് രാവിലെ മന്ത്രി മറുപടി പറഞ്ഞത്. എന്താണ് ഇത്തരം സംവിധാനങ്ങളുണ്ടായിട്ടും പുറത്ത് കൊടുത്തു എന്നതിനെക്കുറിച്ച് ഇന്ന് രാവിലെ ചെറിയ തോതിലാണെങ്കിലും പറഞ്ഞു. ഇന്ന് മലയാളമനോരമ റിപ്പോർട്ട് ചെയ്ത ഒരു കാര്യത്തിൽ പറയുന്നത് കേരളത്തിലെ നിലവിലെ സംവിധാനംവച്ച് ഇത്തരം കാര്യങ്ങൾ... അതിൽ പ്രധാനമായി BSL-4 വിഭാഗത്തിലെ ലാബിൽ മാത്രമെ 'നിപ' വൈറസ് സ്ഥിരീകരിക്കാൻ സാധിക്കൂ എന്നാണ് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധർ പറയുന്നത്. രാജ്യത്ത് പൂനെയിൽ മാത്രമാണ് BSL ലാബ് ഉള്ളത്. നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ടിലും ഇത്തരം കാര്യങ്ങൾ പരിശോധിക്കാൻ കഴിയുമെന്നാണ് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത്. ഏതാണ് നാം

വിശ്വസിക്കേണ്ടത്? പൂനെയിൽനിന്ന് പറയുന്നതാണോ നാം വിശ്വസിക്കേണ്ടത്?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, അങ്ങ് എന്റെ കൂടെ കോഴിക്കോട് വരെ വരണം. കോഴിക്കോട് മെഡിക്കൽ കോളേജിൽ BSL-2 ലാബ് ഉണ്ട്. ഇന്ന് വൈകുന്നേരം പൂനെ എൻ.ഐ.വി.-ലെ ഒരു സംഘംകൂടി എത്തുന്നുണ്ട്. ആ സംഘത്തെ നമുക്ക് മാറ്റി നിർത്താം. എന്നിട്ട് ആ സംഘത്തിലെ ഒരു ടെക്നിക്കൽ എക്സ്പെർട്ടിനെകൂടി നമ്മുടെകൂടെ കൂട്ടി ഇത് പരിശോധിക്കാൻ ഇവിടെ സൗകര്യമുണ്ടോയെന്ന് അങ്ങ് അവരോട് ചോദിക്കണം. ഞാൻ പറയുന്നത് വിശ്വസിക്കണ്ട; രണ്ടാമത്, ബഹുമാന്യനായ മുഖ്യമന്ത്രി 2021 ഫെബ്രുവരി മാസത്തിൽ തോന്നയ്ക്കൽ ഉദ്ഘാടനം ചെയ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ 'നിപ' വൈറസ് ഉൾപ്പെടെ 80-ൽ അധികം വൈറസുകൾ ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. അങ്ങ് പറഞ്ഞ വിഷയം ഞാൻ രാവിലെ ക്ലാരിഫൈ ചെയ്തതാണ്. നമ്മൾ ഇതിന്റെ പരിശോധന 11-ാം തീയതി രാത്രിതന്നെ നടത്തി പോസിറ്റീവാണെന്ന് കണ്ടെത്തി. ആ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഡിക്ലയർ ചെയ്യാൻ നമുക്ക്

അനുമതിയില്ല. National Centre for Disease Control (NCDC) ചുമതലപ്പെടുത്തിയിട്ടുള്ളത് National Institute of Virology (NIV), Pune ആണ്. അങ്ങ് പറഞ്ഞതുപോലെ 'നിപ' വൈറസെന്ന് ഡിക്ലയർ ചെയ്യാനുള്ള അധികാരം NIV, Pune-യ്ക്കുമാത്രമാണ്. അങ്ങ് പറഞ്ഞ ബാക്കി വിഷയങ്ങൾക്ക് ഞാൻ പ്രസംഗത്തിൽ മറുപടി പറയാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇക്കാര്യം വൈകാരികമായി മന്ത്രി എടുക്കേണ്ട. (...ബഹളം...) എനിക്ക് വേണമെങ്കിൽ കോഴിക്കോട് വന്ന് ചോദിക്കാൻ ബുദ്ധിമുട്ടില്ല, ഞാൻ മലപ്പുറത്തുകാരനാണ്. പക്ഷേ ഈ പത്രം വായിക്കുന്നവർ എന്തുചെയ്യും? ഞാനൊരു എം.എൽ.എ. ആയതിനാൽ എനിക്ക് കോഴിക്കോട് പോകാൻ ബുദ്ധിമുട്ടില്ല. (...ബഹളം...) എനിക്കോ തിരുവനന്തപുരത്തുകാരായ എം.എൽ.എ.-മാർക്കോ കോഴിക്കോട് പോകാൻ ബുദ്ധിമുട്ടില്ല. പക്ഷേ പത്രം വായിക്കുന്നവർ എന്തുചെയ്യും എന്നാണ് ഞാൻ ചോദിച്ചത്. അതിന് 'അങ്ങ് ചെന്ന് ചോദിച്ച് നോക്കൂ' എന്നാണോ മറുപടി പറയേണ്ടത്. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിൽ പറയുന്നത് ശരിയല്ലെന്ന് മറുപടി പറയാം. (...ബഹളം...) അങ്ങനെ മന്ത്രി മറുപടി പറയേണ്ട കാര്യമില്ല. ഞാനൊരു കാര്യം ഉന്നയിക്കുമ്പോൾ അത്

എനിക്കുമാത്രം ബോധ്യപ്പെട്ടാൽ പോരാ, ഞാൻ ജനങ്ങൾക്കുവേണ്ടിയാണ് സംസാരിക്കുന്നത്. പത്രം വായിക്കുന്ന ആൾക്കാർ എന്ത് വിചാരിക്കും?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ സൗകര്യങ്ങളൊക്കെ ഉണ്ടായിട്ടും കോഴിക്കോട്ടും തോന്നയ്ക്കലിലും ലാബുണ്ടെന്ന് മന്ത്രി പറയുന്നു. പിന്നെ എന്തിനാണ് ഇത് പരിശോധിക്കാനായി പൂനെയിലേക്ക് അയച്ചത്? ഇവിടെ ചെയ്യാമായിരുന്നല്ലോ?

ശ്രീമതി വീണാ ജോർജ്: സർ, സമയം പോകുന്നതിനാൽ ഞാൻ പ്രസംഗത്തിൽ മറുപടി പറയാം. അടുത്തതായി എനിക്ക് കോഴിക്കോടുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് ഉള്ളതിനാൽ എനിക്ക് ഇത് പെട്ടെന്ന് തീർക്കേണ്ടതുണ്ട്. എന്തിനാണ് ഇങ്ങനെ മറുപടി പറഞ്ഞതെന്ന് അങ്ങ് ചോദിച്ചല്ലോ; അങ്ങയുടെ പ്രതിപക്ഷനേതാവ് ഇന്ന് അടിയന്തര സബ്മിഷൻ ഉന്നയിച്ചതിലും ഞാൻ മറുപടി പറഞ്ഞു. ഇന്നത്തെ ചോദ്യോത്തരവേളയിലും വിഷയം അതല്ലാതിരുന്നിട്ടുപോലും ബഹുമാന്യനായ അംഗം ഉന്നയിച്ചപ്പോൾ വളരെ വ്യക്തമായി മറുപടി

പറഞ്ഞതാണ്. അങ്ങ് ആ സമയം സഭയിലുണ്ടായിരുന്നുവെന്ന് ധരിച്ചുകൊണ്ടാണ്, അത് അങ്ങ് വിശ്വസിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്, കാണാതെ വിശ്വസിക്കുന്നതിനേക്കാൾ കണ്ട് വിശ്വസിക്കാമെന്നതിനാലാണ് അങ്ങ് ലാബിലേയ്ക്ക് വരാനായി ഞാൻ ആവശ്യപ്പെട്ടത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഏതായാലും അങ്ങ് സൂചിപ്പിച്ച ഒരു കാര്യം, കേന്ദ്രമന്ത്രി പറഞ്ഞപ്പോൾ ഇത് സ്ഥിരീകരിക്കാൻ നമുക്ക് പൂനെയിൽ നിന്നുള്ള വിവരം വേണമെന്നുപറഞ്ഞു. അപ്പോൾ അതനുസരിച്ചുള്ള മറുപടിയേ പറയാവൂ. അതായത് സ്ഥിരീകരിച്ചിട്ടില്ലെന്നല്ല, നമുക്ക് അനുബന്ധമായി വിവരങ്ങൾ ലഭിച്ചിട്ടില്ലെന്നാണ് പറയേണ്ടത്. ആശങ്കപ്പെട്ട് നിൽക്കുന്ന ജനങ്ങൾക്കുമുന്നിൽ കൺഫ്യൂഷൻ ഒഴിവാക്കുന്ന തരത്തിലുള്ള മറുപടിയാണ് ഔദ്യോഗികമായി ഉത്തരവാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്നവർ പറയേണ്ടത്. കേന്ദ്രമന്ത്രി പറയുന്നതിന് കടകവിരുദ്ധമായിട്ടല്ലല്ലോ, മറിച്ച് പറയാം. വിവരം മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്, പക്ഷെ അത് പുറത്തുവിടണമെങ്കിൽ സ്വാഭാവികമായും പൂനെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫലം വരണം അല്ലെങ്കിൽ അംഗീകാരം വേണം. അപ്പോൾ അതനുസരിച്ച് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നുവെന്ന് പറയാമല്ലോ.

ഞാൻ സൂചിപ്പിക്കുന്നത്, കേരളത്തിൽ നിപ പോലുള്ള സാംക്രമിക രോഗങ്ങൾ അടിക്കടി വന്നുകൊണ്ടിരിരുന്നിട്ടും അതിനെ പ്രതിരോധിച്ച് നിർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നുള്ളതാണ്. 2019 അവസാനത്തിലാണ് ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിനായി എം.എൽ.എ.-മാർക്ക് 4 കോടി രൂപ കൊടുത്തത്. വളരെ അപൂർവ്വമായി മാത്രമാണ് ഐസൊലേഷൻ വാർഡുകൾ പൂർത്തീകരിച്ചത്. എന്റെ മണ്ഡലത്തിൽ രണ്ട് ഐസൊലേഷൻ വാർഡുകൾക്ക് അനുമതി കൊടുത്തെങ്കിലും ഒന്നാണ് പൂർത്തീകരണഘട്ടത്തിലെത്തിയത്. അത് പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ കേടുപാടുകൾ സംഭവിച്ചതിനാൽ ഇപ്പോഴും പ്രവർത്തനക്ഷമമായിട്ടില്ല, കേരളത്തിൽ എവിടേയും തുറന്നു പ്രവർത്തിച്ചിട്ടില്ല. കേരളം മാറിക്കൊണ്ടിരിക്കുന്നു, അത് നമ്മൾ മുൻകൂട്ടി കാണണം. കേരളത്തിൽ ഒരുകാലത്ത് നല്ല കാലാവസ്ഥയായിരുന്നു. എന്നാൽ ഇപ്പോൾ പ്രളയമുണ്ടാകുന്നു, അതിരൂക്ഷമായ വരൾച്ചയുണ്ടാകുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നമ്മൾ അതിനെ നേരിടാൻ തയ്യാറാകണം. സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയും അപ്രതീക്ഷിതമായി വരികയും ചെയ്യുന്നു. അതിനെ നേരിടാനുള്ള ഒരു തയ്യാറെടുപ്പുണ്ടാകണം. എന്നാൽ ആ

തയ്യാറെടുപ്പ് പ്രതിസന്ധി വന്നതിനുശേഷം നടത്തുന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. 4 വർഷമായിട്ടും ഇത്തരം കാര്യങ്ങൾ നേരിടുന്നതിൽ ഒരു തയ്യാറെടുപ്പ് നടത്താത്തതിന്റെ ബുദ്ധിമുട്ടുകൾ ഇന്ന് അനുഭവിക്കാൻ പോകുകയാണ്. അതുകൊണ്ട് ആരോഗ്യ വകുപ്പ് വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവർ ഈ തയ്യാറെടുപ്പ് വൈകാതെ നടത്തണം. ഇനിയും ഇതിലും വലിയ മാരകമായ സാംക്രമിക രോഗങ്ങൾ നേരിടാനുള്ള കരുത്ത് നമ്മുടെ ആരോഗ്യ മേഖലയ്ക്കുണ്ടാകണം. അത് ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തണമെന്ന് സദുദ്ദേശ്യത്തോടുകൂടി പറയുകയാണ്. ഇത് എല്ലാവർക്കും വേണ്ടിയാണ് പറയുന്നത്. തീർച്ചയായും ഇക്കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട 13 അംഗങ്ങൾ ഇനി സംസാരിക്കാനുണ്ട്. 3 ബില്ലുകൾ കൂടിയുണ്ട്. അതുകൊണ്ട് അംഗങ്ങൾ പരമാവധി 10 മിനിറ്റിൽ പ്രസംഗം ചുരുക്കുന്നതായിരിക്കും സഭ നടത്തിക്കൊണ്ടുപോകാൻ നല്ലത്.

ശ്രീ. പി. കെ. ബഷീർ: സർ, ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. 2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ടിന്റെ 60-ാം വകുപ്പുപ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്ന സാഹചര്യത്തിൽ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ നിയമത്തിൽ തദനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. സംസ്ഥാനത്ത് ധാരാളം മെഡിക്കൽ കോളേജുകളുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്. നേട്ടങ്ങളെക്കുറിച്ച് നമുക്ക് ധാരാളം പറയാനുണ്ടാകും. കോട്ടങ്ങൾ ചൂണ്ടിക്കാണിക്കേണ്ടത് പ്രതിപക്ഷ ധർമ്മമാണ്. അത് ഉൾക്കൊണ്ടുവേണം ഗവൺമെന്റ് മുന്നോട്ട് പോകേണ്ടതെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്.

സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കണം. നമ്മുടെ നാട്ടിൽനിന്നും എത്ര കുട്ടികളാണ് യൂറോപ്പിലേയ്ക്കും മറ്റു

രാജ്യങ്ങളിലേയ്ക്കും മെഡിക്കൽ വിദ്യാഭ്യാസത്തിനുവേണ്ടി പോകുന്നത്. പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങിയാൽ മാത്രമേ നമ്മുടെ കുട്ടികൾക്ക് നാട്ടിൽത്തന്നെ പഠിക്കാനുള്ള അവസരമുണ്ടാകുകയുള്ളൂ. അതുകൊണ്ട് അതിനുള്ള ശ്രമംകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ സുഹൃത്ത് ശ്രീ. എ. പി. അനിൽ കുമാർ ധാരാളം കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. നിപ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, നിപയുടെ റിസൾട്ടുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിക്ക് മെസേജ് അയച്ച കാര്യങ്ങൾ, ഞങ്ങൾ അത് നൂറ് ശതമാനവും വിശ്വസിക്കുന്നു. ഒരു പാളിച്ച സംഭവിച്ചത് എവിടെയാണെന്ന് പരിശോധിച്ചാൽ, കേരളത്തിൽ നിപ ടെസ്റ്റ് ചെയ്യാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്, നമ്മുടെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് അത് നിപയാണെന്ന് ബോധ്യമുണ്ട്. പക്ഷെ അത് ഔദ്യോഗികമായി സ്ഥിരീകരിക്കണമെങ്കിൽ പൂനെയിൽ നിന്നുള്ള വിവരം ലഭിക്കണം, അങ്ങനെയാണ് ആക്ട് അനുശാസിക്കുന്നതെന്ന് പറഞ്ഞാൽ മതിയായിരുന്നു, പ്രശ്നം തീരുമായിരുന്നു. ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, നമ്മുടെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ, അതായത് തോന്നയ്ക്കൽ

ആയാലും കോഴിക്കോട് മെഡിക്കൽ കോളേജിലായാലും പരിശോധിച്ചാൽ ഫലം നെഗറ്റീവായാലും പോസിറ്റീവായാലും ഔദ്യോഗികമായി നമുക്ക് അത് പറയാൻ കഴിയണം. അവർക്ക് പറയാമെങ്കിൽ നമുക്ക് പറഞ്ഞുകൂടെ. ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് മെസ്സേജ് വന്നത്? 'The sample is under process' എന്നല്ലേ? അല്ലെങ്കിൽ പറയൂ. മന്ത്രിയല്ലേ അവിടെ പത്രസമ്മേളനം നടത്തിയത്, അപ്പോൾ പറയാം. ഇവിടെ നാട്ടുകാർ പേടിച്ച് നിൽക്കുകയാണ്. ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണന്റേതുൾപ്പെടെ 8 പഞ്ചായത്തുകൾ ആ ഭാഗങ്ങളിലുണ്ട്. ആ പ്രദേശത്ത് മൂന്ന് പ്രാവശ്യം നിപ വന്നതിനാൽ അവിടെയുള്ളവർ വളരെയധികം പ്രയാസവും വിഷമവും അനുഭവിക്കുകയാണ്. ഇനി അവിടങ്ങളിൽ കല്യാണം നടത്താൻ കഴിയുമോ; മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ സാധിക്കുമോ; ഹോട്ടലിൽ കയറാൻ കഴിയുമോ? ഇതെല്ലാം നമ്മൾ അനുഭവിച്ചതല്ലേ, എന്താണ് അതിന്റെ അടിസ്ഥാന കാരണം, എന്തുകൊണ്ടാണ് ആ ഭാഗത്തെ 8 പഞ്ചായത്തുകളിൽ ഇത് സ്ഥിരമായി വരുന്നുവെന്നതെന്നതുസംബന്ധിച്ച് പഠനം നടത്തണം. ഒരു വിഷയം വരുമ്പോൾ മാത്രമല്ല, ഒരു പ്രാവശ്യം നമ്മൾ അനുഭവിച്ചു, രണ്ടാമതും അനുഭവിച്ചു, മൂന്നാമതും അനുഭവിക്കുകയാണ്. അതിന്റെ

കാരണമെന്താണെന്ന് കണ്ടുപിടിക്കണമെങ്കിൽ ആ വിഷയം സംബന്ധിച്ച് പഠിക്കണം. ഞങ്ങൾ ഗവൺമെന്റിനെ വിമർശിക്കുകയല്ല, ഭരിക്കുന്ന നിങ്ങൾക്കല്ലേ അത് ചെയ്യാൻ സാധിക്കുകയുള്ളൂ, ഞങ്ങൾക്ക് നിങ്ങളോട് പറയാൻ മാത്രമേ കഴിയുകയുള്ളൂ. ആ രീതിയിൽ നിങ്ങൾ ഇതിനെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യ വകുപ്പിലെ ഇൻഷ്വറൻസിനെക്കുറിച്ച് ഒന്ന് ആലോചിച്ചുനോക്കണം. നല്ല രീതിയിൽ നടന്നിരുന്ന കാരുണ്യ ഫാർമസി സംവിധാനം തകരുകയല്ലേ? അതുപോലെ ആശുപത്രികൾക്ക്, ഗവൺമെന്റ് പറയുന്നത് ശരിയാണ് എല്ലാവർക്കും കാരുണ്യ ഇൻഷ്വറൻസ് ഉണ്ട്. മന്ത്രി പറയുന്ന പൈസ കഴിഞ്ഞുവെന്ന്. കെ. എം. മാണി സാറിന്റെ കാലത്ത് ലോട്ടറിയിൽ നിന്നല്ലേ നമ്മൾ കാരുണ്യ ഫാർമസി ഉണ്ടാക്കിയത്, അതിനൊരു പരിഹാരം കാണേണ്ടതല്ലേ? ആശുപത്രിയിൽ പോയാൽ ഇൻഷ്വറൻസ് കാർഡ് എടുക്കുകയില്ലെന്ന് പ്രൈവറ്റ് ആശുപത്രിക്കാർ പറയുന്നു. ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യങ്ങളില്ലെങ്കിൽ പ്രൈവറ്റ് ആശുപത്രികളിൽ പോകേണ്ടിവരും. ബഹുമാന്യനായ ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞുവല്ലോ, 60 ശതമാനം ആളുകളും സർക്കാർ

ആശുപത്രികളെയാണ് ആശ്രയിക്കുന്നതെന്ന്. 60 ശതമാനം ആളുകളും പ്രാഥമികചികിത്സക്കാണ് സർക്കാർ ആശുപത്രിയിൽ പോകുന്നത്, എന്നാൽ പിന്നെ അവർ പോകുന്നത് പ്രൈവറ്റ് ആശുപത്രികളിലേയ്ക്കാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിലെ സ്ഥിതി ആലോചിച്ചുനോക്കുക. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു ഡോക്ടർ, അദ്ദേഹം തന്നെയല്ലേ വിലകൂടിയ ഉപകരണങ്ങൾ നശിപ്പിച്ചത്? ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലും നടപടിയെടുത്തോ? ആരോഗ്യപ്രവർത്തകർക്ക് സംരക്ഷണം നൽകാനുള്ള ബിൽ നമ്മൾ പാസ്സാക്കി. ഇതുപോലെയുള്ള ചില ഡോക്ടർമാരുടെ പേരിൽ നടപടിയെടുക്കേണ്ടതല്ലേ? അതിന് ശക്തമായ നടപടി വേണ്ടതല്ലേ? ഇന്നലെ ഞങ്ങൾ സഭ ബഹിഷ്കരിച്ചതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് പറയാൻ കഴിഞ്ഞില്ല, അതാണ് സങ്കടം. അതുപോലെ പ്രൈവറ്റ് പ്രാക്ടീസിനുവേണ്ടി ചില ഉപകരണങ്ങൾ മെഡിക്കൽ കോളേജിൽ കേട് വരുത്തുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലക്ഷങ്ങൾ വിലവരുന്ന എക്സ്റേ മെഷീൻ വർക്ക് ചെയ്യുന്നില്ല. അതുപോലെ സി.ടി. സ്കാൻ മെഷീൻ, അൾട്രാ സൗണ്ട് മെഷീൻ എന്നിവ എത്ര വർഷമായി കേടുവന്നുകിടക്കുന്നു.

ആശുപത്രിയിലെ ഡയാലിസിസ് മെഷീനും തകരാറിലാണ്. കൺവെൻഷണൽ റേഡിയോഗ്രാഫി എക്സ്റേ മെഷീൻ രണ്ടു വർഷമായി അറ്റകുറ്റപ്പണി നടക്കുന്നില്ല. ഇതൊക്കെ നന്നാക്കാൻ ആശുപത്രി ഡെവലപ്മെന്റ് കമ്മിറ്റിയിൽ പണമില്ലേ; ഇതൊക്കെ മോണിറ്റർ ചെയ്യേണ്ടതല്ലേ? ഇക്കാര്യങ്ങൾ നിങ്ങൾ ആലോചിച്ചു നോക്കണം. തിരുവനന്തപുരത്ത് റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 4 സി.ടി. സ്കാൻ മെഷീനിൽ രണ്ടെണ്ണം വർഷങ്ങളായി കേടുപാടുകൾ കാരണം ഉപയോഗശൂന്യമായി കിടക്കുകയാണ്. ഞാൻ പറഞ്ഞതിനെക്കുറിച്ച് മന്ത്രി അന്വേഷിച്ചാൽ മതി. ഇതിനൊക്കെ ഒരു ഉത്തരവാദിത്വവുമില്ലേ, മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാളും സൂപ്രണ്ടുമില്ലേ; നമ്മുടെ നാട്ടിൽ ഇങ്ങനെയാണോ നടക്കേണ്ടത്? അതിനെതിരെ നടപടിയെടുക്കേണ്ടതല്ലേ. ഒരു സംഘടന സമരം ചെയ്യുമെന്ന് പറയുമ്പോഴേയ്ക്കും നമ്മൾ അവർക്കുവേണ്ടി ബിൽ ഉണ്ടാക്കുകയാണ്, സംഘടനയുടെ ആൾക്കാർ ഇതുപോലെ എന്തെങ്കിലും ചെയ്യുമ്പോൾ ഇവർ നടപടിയെടുക്കേണ്ടതല്ലേ? സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട് നമുക്ക് നിയമം ഉണ്ടാക്കാൻ സാധിക്കുകയില്ല. അതിലെ ഒരു കണ്ടീഷൻ മാറ്റിയത് വളരെ നന്നായി. അതുപോലെ പ്രധാനപ്പെട്ട

ഒന്നാണ് ഒ.പി. ടിക്കറ്റിന്റെ കാര്യം. പ്രൈമറി ഹെൽത്ത് സെന്ററിലായാലും ജില്ലാ ആശുപത്രിയിലായാലും എല്ലായിടത്തും ഒ.പി. ടിക്കറ്റെടുക്കണം. ഇന്ന് ഏത് ചായക്കടയിൽ പോയാലും ഏത് സാധാരണ ഷോപ്പിൽ പോയാലും ഗൂഗിൾ പേമെന്റ് ഉണ്ട്. എന്നാൽ ഏതെങ്കിലും ആശുപത്രിയിൽ ഇതുണ്ടോ? ഓട്ടോറിക്ഷയ്ക്ക് പൈസ കൊടുക്കണമെങ്കിൽപോലും ഗൂഗിൾ പേ ഉണ്ട്. അതുകൊണ്ട് നമ്മുടെ ആശുപത്രികളിൽ അത്തരം സംവിധാനങ്ങൾ വരേണ്ടതല്ലേ? ആ വക കാര്യങ്ങളിൽ വേണ്ട മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം. ചെറിയ കാര്യങ്ങളാണെങ്കിലും എല്ലാത്തിനും കേരളം ലോകത്തിന് മാതൃകയാണല്ലോ; അതിനാൽ അത്തരം കാര്യങ്ങളിൽക്കൂടി നമ്മുടെ ശ്രദ്ധയുണ്ടാകണം. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല, ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ ആഗ്രഹിക്കുന്നു.

കാരുണ്യ ഫാർമസി, ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. അതുപോലെ പ്രാധാന്യമുള്ള വിഷയമാണ് ആശുപത്രിയിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ്. അതിനും നിയന്ത്രണം ആവശ്യമാണ്. രാവിലെ 8 മണിക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഹാജരാകുന്ന ഡോക്ടർ അപ്പോൾത്തന്നെ അവിടെനിന്ന്

പ്രൈവറ്റ് ആശുപത്രിയിൽ സർജറി നടത്താനാൻ പോകുകയാണ്. തൃശ്ശൂരിലെ ഒരു ഓർത്തോപീഡിക് ഡോക്ടറുടെ കാര്യം കണ്ടുവല്ലോ, പണം കിട്ടിയില്ലെങ്കിൽ അദ്ദേഹം രോഗികളെ പരിശോധിക്കുകയില്ല. അദ്ദേഹത്തെ വിജിലൻസ് അറസ്റ്റ് ചെയ്തു. 5,000/- രൂപ കൊടുത്തില്ലെങ്കിൽ അദ്ദേഹം രാവിലെ ചെന്നാലും വൈകുന്നേരമായാലും ഓപ്പറേഷൻ ചെയ്യില്ല. അടുത്ത ഒ.പി. വെള്ളിയാഴ്ചയേയുള്ളൂ, അപ്പോഴും ഓപ്പറേഷൻ ഇല്ല, പിന്നെ പൈസ കൊടുത്താൽ ഓപ്പറേഷൻ നടക്കും. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇതൊക്കെ ഉണ്ടാകുമെന്ന് എനിക്കറിയാം. ഡോക്ടറുടെ പേര് സഭാരേഖകളിൽ ഉൾപ്പെടുത്തണ്ടെന്ന് കരുതി ഞാൻ പറയുന്നില്ല. ഈ വക കാര്യങ്ങളിലൊക്കെ നമുക്ക് ശക്തമായ നടപടിയെടുക്കാൻ കഴിയണം. ആരോഗ്യപ്രവർത്തകർ സംരക്ഷിക്കപ്പെടുമ്പോൾത്തന്നെ ആ മേഖലയിലുള്ള എഥിക്സിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഡോക്ടർമാരായാലും ആരോഗ്യ പ്രവർത്തകരായാലും ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കൂടുതലായി ഒന്നും പറയുന്നില്ല. മെഡിക്കൽ രംഗത്ത് കാലാകാലങ്ങളായി കേരളം നേടിയിട്ടുള്ള നേട്ടങ്ങൾ, എല്ലാ പകർച്ചവ്യാധികളും വരുന്ന ഒരു നാടായി കേരളം

മാറുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പ്രവർത്തിക്കാത്തതുകൊണ്ടല്ല. നിപ വന്നപ്പോൾ മിനിഞ്ഞാന്ന് ഇവിടെനിന്ന് കോഴിക്കോട് പോയി മീറ്റിംഗ് കൂടി ഇന്ന് രാവിലെ തിരികെവന്നു. അതൊക്കെ ഒരു ഇൻസിഡന്റ് വരുമ്പോഴാണ് പോകുന്നത്. അതിനുപരിയായി ഇനി ഇത് വരാതിരിക്കാൻ, അല്ലെങ്കിൽ നിപയുടെ പ്രത്യേക കാരണങ്ങൾ കണ്ടുപിടിക്കാനുള്ള നടപടികൂടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. സാങ്കേതികമായ ഒരു പേരുമാറ്റത്തിനായി കൊണ്ടുവന്ന ചെറിയ ബില്ലാണിത്. അതിനാൽ ബില്ലിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയേണ്ടതില്ല. പക്ഷേ ഇതോടനുബന്ധിച്ച് ആരോഗ്യ മേഖലയെക്കുറിച്ച് കുറച്ചുകാര്യങ്ങൾ പറയണമെന്ന് വിചാരിക്കുന്നു. ഡോക്ടർമാർക്ക് എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുള്ള ബിൽ 11-ാം തീയതി ഇവിടെ പാസ്സാക്കിക്കഴിഞ്ഞു. ആ സന്ദർഭത്തിൽ സംസാരിക്കാൻ സാധിച്ചില്ല. മെഡിക്കൽ രംഗത്തെ അടിസ്ഥാന പ്രശ്നങ്ങളെ നമ്മൾ അഭിസംബോധന ചെയ്യുന്നുണ്ടോയെന്ന പരിശോധന നാം

നടത്തേണ്ടതാണ്. ഡോക്ടർമാർക്കെതിരെ നിരന്തരമായി ആക്രമണങ്ങളുണ്ടാകുകയും അതിക്രമങ്ങൾ നടക്കുകയും ചെയ്യുന്നത് അപലപനീയമാണ്, അവയൊന്നും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. എന്നാൽ എന്തുകൊണ്ട് ഇത്തരം അക്രമ സംഭവങ്ങളിലേയ്ക്ക് മാറുന്നുവെന്നുള്ള പരിശോധനയാണ് പ്രധാനമായും നമ്മൾ നടത്തേണ്ടത്. പത്തിരുപത് വർഷങ്ങൾക്കുമുമ്പുള്ള ഡോക്ടർ-രോഗി ബന്ധമാണോ ഇപ്പോഴുള്ളത്? മുൻകാലങ്ങളിൽ ഇത്തരം സംഘർഷങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നില്ല. അന്ന് ആരോഗ്യരക്ഷാപ്രവർത്തകർക്ക് നേരെയോ ആരോഗ്യസ്ഥാപനങ്ങൾക്ക് നേരെയോ അതിക്രമങ്ങൾ ഇല്ലായിരുന്നു. എന്നാൽ ഇന്ന് അത് വർദ്ധിച്ചുവരികയാണ്. ലോകത്ത് എവിടെയുള്ള ആശുപത്രികളിൽ പോയാലും അവിടെ മികച്ച ആരോഗ്യപ്രവർത്തകരെ കാണാൻ സാധിക്കും, അതിൽ ഒരു മലയാളിയെങ്കിലുമുണ്ടാകും. അപ്പോൾ മികച്ച ആരോഗ്യപ്രവർത്തകരെത്തന്നെയാണ് നമ്മുടെ സംസ്ഥാനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ മറ്റ് ഏതൊരു സംസ്ഥാനത്തെക്കാളും മികച്ച ആരോഗ്യപ്രവർത്തകരുള്ള സംസ്ഥാനമാണ് കേരളം. ആരോഗ്യ പ്രവർത്തകരുടെ മികവ് തന്നെയാണ് ഇതിൽ പ്രധാനം.

അപ്പോൾ ആരോഗ്യപ്രവർത്തകരുടെ മികവിന്റെ കുറവുകൊണ്ടല്ല ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നതെന്ന് മനസ്സിലാകും. നാളെയുടെ വാഗ്ദാനമായിരുന്ന പ്രിയ സഹോദരി വന്ദനാ ദാസിന്റെ രക്തസാക്ഷിത്വത്തിന് മുമ്പിൽ വേദനയോടെ തലകുനിക്കുമ്പോഴും മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ അവിടേയ്ക്ക് ഒരു ക്രിമിനലിനെ കൊണ്ടുചെന്ന പോലീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച പരിശോധിക്കപ്പെടേണ്ടതാണ്, അത് ചർച്ചചെയ്യപ്പെടേണ്ടതുമാണ്. ദിവസേന നൂറുകണക്കിന് രോഗികളെ പരിശോധിക്കേണ്ടി വരുന്നതിലെ ജോലിഭാരം, അസൗകര്യങ്ങൾ നിറഞ്ഞ ആശുപത്രികൾ, അതിൽനിന്നുണ്ടാകുന്ന പിരിമുറുക്കങ്ങൾ തുടങ്ങിയവയൊക്കെ ഡോക്ടർമാർക്ക് രോഗികളോടുള്ള പെരുമാറ്റത്തിലും സമീപനത്തിലും പ്രതിഫലിക്കും. ആരോഗ്യരക്ഷാപ്രവർത്തകരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നിലവിലെ ഡോക്ടർ-രോഗി അനുപാതം കാലഹരണപ്പെട്ടതാണ്. സ്റ്റെതസ്കോപ്പ് വച്ച് പരിശോധിച്ച് ഗുളിക മാത്രം കൊടുത്ത് പറഞ്ഞയച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതേ ഡോക്ടർ-രോഗി അനുപാതംതന്നെയാണ് ഇന്നും

നിലനിൽക്കുന്നത്. മെച്ചപ്പെട്ട സംവിധാനങ്ങളുള്ള ആശുപത്രികളിൽപ്പോലും ഒരു കർട്ടൻ മറച്ചുകെട്ടി ഇഞ്ചക്ഷൻ റൂമുകളാക്കി മാറ്റുന്ന രീതി ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ട്, നമ്മുടെ തൊട്ടടുത്തുപോലും അത്തരം സ്ഥാപനങ്ങളുണ്ട്. നിപയെ സംബന്ധിച്ച് ഇവിടെ സംസാരിച്ചുകഴിഞ്ഞു, കേരളത്തിൽ കോഴിക്കോട് ജില്ലയിൽ നിപ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്, എന്റെ തൊട്ടടുത്ത പ്രദേശത്താണ് നിപ സ്ഥിരീകരിച്ചിരിക്കുന്നത്. 2018-ൽ 17 ആളുകൾ മരിച്ച സ്ഥലമാണ്, കോഴിക്കോട് ജില്ലയുടെ കിഴക്കൻ മേഖലയിൽത്തന്നെയാണ് നിപ വീണ്ടും സ്ഥിരീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെത്തന്നെ സ്ഥലത്തെത്തുകയും ആവശ്യമായ കാര്യങ്ങൾ വളരെ കൃത്യമായി ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്, അതിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയെന്നുതന്നെ പറയാൻ കഴിയും. തന്റെ പ്രവർത്തനങ്ങൾക്കായി വളരെയധികം അധ്വാനിച്ച് പഠിച്ച് കാര്യങ്ങൾ പറയാനായി ആരോഗ്യ വകുപ്പുമന്ത്രി ശ്രമിക്കുന്നതിൽ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. പക്ഷേ മറ്റൊരു കാര്യമുള്ളത്, എന്തുകൊണ്ടാണ് നിപ

ആ പ്രദേശത്തുതന്നെ തുടർച്ചയായി കാണപ്പെടുന്നുവെന്നതിനെ സംബന്ധിച്ച് വളരെ ഗൗരവത്തോടെ പഠനം നടത്തേണ്ടതാണ്, പ്രത്യേകിച്ചും മലയോര മേഖലയായ പ്രസ്തുത പ്രദേശങ്ങളിലാണ് തുടർച്ചയായി ഇത് കണ്ടുകൊണ്ടിരിക്കുന്നത്. ഈ വിഷയത്തിൽ അടിയന്തരമായി പഠനം നടത്താൻ ആരോഗ്യ വകുപ്പ് തയ്യാറാകണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളൊക്കെ വളരെ ജാഗ്രതയോടെ നീങ്ങുന്നുണ്ടെന്നുതന്നെയാണ് മനസ്സിലാക്കുന്നത്. ഏതായാലും ജാഗ്രത പുലർത്തണമെന്ന് പറയുന്നുണ്ടെങ്കിലും പ്രദേശവാസികൾ വളരെയധികം ഭയത്തിൽത്തന്നെയാണ് ഇപ്പോഴുമുള്ളത്.

നമ്മുടെ ആശുപത്രികൾക്കായി വലിയ കെട്ടിടങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാകുന്നില്ല. എന്റെ മണ്ഡലത്തിലെ ഒരു ആശുപത്രിയുടെ കാര്യംകൂടി ഈ സമയത്ത് ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആഗ്രഹിക്കുകയാണ്, നിരവധി പ്രാവശ്യം ഈ സഭാതലത്തിൽ പറഞ്ഞതും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതുമായ കാര്യമാണ്. വടകര ഗവൺമെന്റ് ആശുപത്രി ഒരു ജില്ലാ ആശുപത്രിയാണ്, പ്രസ്തുത ആശുപത്രിയെ ജില്ലാ ആശുപത്രിയായി

മാറ്റിയിട്ട് കുറേയേറെ വർഷങ്ങളായി. ആശുപത്രിയുടെ ബോർഡിൽ പ്രദർശിപ്പിച്ചിരിക്കുന്ന പേര് 'ജില്ലാ ആശുപത്രി' എന്നാണ്. കഴിഞ്ഞ ദിവസത്തെ എന്റെ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്തുത ആശുപത്രി പ്രവർത്തിക്കുന്നത് താലൂക്കാശുപത്രിയുടെ നിലവാരത്തിലാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞിരുന്നു, തീർച്ചയായും ഇക്കാര്യത്തിൽ വകുപ്പുമന്ത്രി ഒരു വ്യക്തത വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിന്റെ പേരിൽ ഞങ്ങളുടെ നാട്ടിലെ ജനങ്ങൾ വലിയ പ്രശ്നത്തിലാണ്. പേരിൽ ജില്ലാ ആശുപത്രി എന്നാണെങ്കിലും ജില്ലാ ആശുപത്രിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ അവിടെ ഏർപ്പെടുത്തിയിട്ടില്ല, സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല, നിലവിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമല്ല, വലിയ രീതിയിലുള്ള ഡയാലിസിസ് കേന്ദ്രം അവിടെയുണ്ടെങ്കിലും അതിനനുസരിച്ചുള്ള നെഫ്രോളജി ഡോക്ടർമാരില്ല, കാർഡിയോളജി ഡോക്ടർ ഇല്ല, ഒരു കാത്ത്‌ലാബ് പോലുമില്ല. ജില്ലാ ആശുപത്രി എന്ന് പറയുന്നുണ്ടെങ്കിലും ഇത്തരം സൗകര്യങ്ങളൊന്നും അവിടെ ഏർപ്പെടുത്തിയിട്ടില്ല. ഇനി അഥവാ ജില്ലാ ആശുപത്രി അല്ലെങ്കിൽ അതിന്റെ പേര് 'താലൂക്ക് ആശുപത്രി' എന്നുതന്നെ

മാറ്റുകയും 'ജില്ലാ ആശുപത്രി' എന്ന ബോർഡ് എടുത്തുമാറ്റുകയും ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ആളുകളിൽ ഇത് വലിയതോതിലുള്ള ആശയക്കുഴപ്പം സൃഷ്ടിക്കുകയാണ്, ജില്ലാ ആശുപത്രിയായിട്ടും എന്തുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നതിൽ അവിടെയുള്ള ഡോക്ടർമാരും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയും വലിയ പ്രയാസം നേരിടുകയാണ്. ദിവസേന ആയിരക്കണക്കിന് രോഗികൾ അവിടെ ചികിത്സതേടി എത്തുന്നുണ്ടെങ്കിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ചികിത്സ നൽകാൻ സാധിക്കുന്നില്ല, ആശുപത്രിയിൽ രോഗികളുടെ വലിയ ക്യൂ അനുഭവപ്പെടുന്നുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി പലദിവസങ്ങളിലും നിരവധി സംഘർഷങ്ങൾ അവിടെ ഉണ്ടാകാറുണ്ട്. ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിൽ അടിയന്തരമായി ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം വരുത്തണം, ഇനി അതല്ല താലൂക്ക് ആശുപത്രി ആണെങ്കിൽ, അങ്ങനെയാണെന്ന് പറയാൻ തയ്യാറാകണം. കോഴിക്കോടിന്റെ കിഴക്കൻ മലയോരമേഖലയിലുള്ളവർ ആശ്രയിക്കുന്ന ഒരു പ്രധാനപ്പെട്ട ആശുപത്രിയാണ് വടകര ജില്ലാ ആശുപത്രി. ആശുപത്രി

സ്ഥിതിചെയ്യുന്നതിന് തൊട്ടുത്തുള്ള മണ്ഡലങ്ങളിലെ ബഹുമാനപ്പെട്ട രണ്ട് എം.എൽ.എ.-മാർ ഇവിടെയുണ്ട്. ഇവരെല്ലാം ആശ്രയിക്കുന്നത് ഈ പ്രധാന ആശുപത്രിയെയാണ്. ഈ ആശുപത്രിയിൽ ആദ്യപ്രസവം എടുക്കുന്നില്ല, ഇത്രയും സൗകര്യങ്ങളുണ്ടായിട്ടും ആദ്യപ്രസവം എടുക്കാത്ത ഒരേയൊരു ആശുപത്രിയാണിത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുപോലും അക്കാര്യത്തിൽ ഇതുവരെ ഒരു തീരുമാനമുണ്ടായിട്ടില്ല. അത്തരം സൗകര്യങ്ങൾക്കായി പിന്നീട് പോകേണ്ടത് കോഴിക്കോടാണ്, അവിടെയെത്താൻ പത്തുറുപത് കിലോമീറ്റർ താണ്ടണം. ഇതൊന്നുമല്ലെങ്കിൽ പ്രസവത്തിനായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരും. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം സ്വകാര്യ ആശുപത്രിയെ ആശ്രയിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. തീർച്ചയായും ഇക്കാര്യത്തിൽക്കൂടി തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. താഴെത്തട്ടിലുള്ള ആശുപത്രികളിലെ ഡോക്ടർമാർക്ക് രോഗികളെ ചികിത്സിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളുണ്ടാക്കണം. ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി

പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിന് സർക്കാർ തയ്യാറാകണം. ക്യാൻസർ, വൃക്ക, കരൾ, പാൻക്രിയാസ്, ശ്വാസകോശം തുടങ്ങിയ ആന്തരികാവയവങ്ങളെ ബാധിക്കുന്ന രോഗങ്ങളെയും ആവർത്തിക്കുന്ന വൈറസ് ബാധകളെയും നമ്മുടെ ആരോഗ്യ സംവിധാനം അഭിസംബോധന ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണം. സംസ്ഥാനത്തെ ഓരോ പഞ്ചായത്ത് വാർഡുകളിലും സ്ഥിരമായി ഡയാലിസിസ് ആവശ്യമായി വരുന്ന നിരവധി രോഗികൾ ഉണ്ടാകുന്നതിന് കാരണമെന്താണെന്ന് ആരെങ്കിലും പരിശോധിക്കുന്നുണ്ടോ; ഇത്രയേറെ ക്യാൻസർ രോഗികളുണ്ടാകുന്നത് സ്വാഭാവികമാണോ; ഇക്കാര്യങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനങ്ങളെന്തെങ്കിലും ഇതുവരെ നടത്തിയിട്ടുണ്ടോ; ഇപ്പോൾ പഠനങ്ങൾ നടക്കുന്നുണ്ടോ? ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരു പരിശോധന നടത്താൻ സർക്കാർ തയ്യാറാകണമെന്നാണ് പറയാനുള്ളത്. ഞാൻ നേരത്തേ സൂചിപ്പിച്ചു, പ്രസവം ഒരു സാധാരണ ജൈവപ്രക്രിയയാണെങ്കിലും ഇന്ന് സാധാരണക്കാരന്റെ കുടുംബത്തെ വലിയ കടക്കെടുതിയിലേയ്ക്ക് എത്തിക്കുന്ന ചെലവേറിയ ഒരു ചികിത്സാ രീതിയായി അത് മാറുകയാണ്. മിക്കയാളുകൾക്കും ദൂരെയുള്ള ആശുപത്രികളിൽ

എത്തിച്ചേർന്ന് പ്രസവചികിത്സ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഗവൺമെന്റ് ആശുപത്രികളിൽ ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്. മിക്ക ഗവൺമെന്റ് ആശുപത്രികളിലെയും സ്ഥിതി ഇതൊക്കെത്തന്നെയാണ്. വടകരയിലെ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വലിയ സൗകര്യങ്ങളുള്ളതും നേരത്തേ കിടത്തിചികിത്സ നടത്തുകയും ചെയ്ത ആശുപത്രിയാണെങ്കിലും അതിന്റെ പേര് മാറ്റിയശേഷം വൈകുന്നേരം 6 മണി ആകുമ്പോഴേയ്ക്കും അടയ്ക്കുന്ന സ്ഥിതിവിശേഷമാണ്. പേര് മാറ്റംകൊണ്ടുമാത്രം കാര്യമില്ല, അതിനോടനുബന്ധിച്ചുള്ള മറ്റ് കാര്യങ്ങളിലൊന്നും മാറ്റങ്ങളുണ്ടാകുന്നില്ല, പലപ്പോഴും സബ്സെന്ററുകളിൽ ഉണ്ടാകുന്ന സാഹചര്യവും ഇതുതന്നെയാണ്. താഴേക്കിടയിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പലപ്പോഴും ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ടാകുന്നുണ്ട്. അതുപോലെ ഡോക്ടർമാരുടെ ആക്രമണങ്ങളെയും അതിക്രമങ്ങളെയുംകുറിച്ച് ചർച്ച ചെയ്യുമ്പോൾ രോഗികളുടെ അവകാശങ്ങളെക്കുറിച്ചുകൂടി പറയേണ്ടത് അനിവാര്യമാണ്. ഐ.സി.യു.-വിലെ രോഗികളെ സന്ദർശിക്കുന്നതിന് നിയന്ത്രണമുണ്ടാകുന്നുണ്ട്. പക്ഷെ ബന്ധുക്കൾക്ക് ഏതുസമയവും കാണാൻ

കഴിയുന്ന സി.സി.ടി.വി. സംവിധാനങ്ങൾ ഇത്തരം ഐ.സി.യു.-കളിൽ ഏർപ്പെടുത്തിയാൽ കുറേ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഹോസ്പിറ്റലുകളിലെ ഇത്തരം കാര്യങ്ങൾ പുറത്തുള്ള ആളുകൾക്ക് അറിയാനുള്ള ഒരു സംവിധാനവുമുണ്ടാകുന്നില്ല. അതിനാൽ പ്രൈവസി ഒഴിവാക്കിക്കൊണ്ടുള്ള കാര്യങ്ങൾ കാണാനുള്ള സംവിധാനമുണ്ടാക്കുന്നത് ഫലപ്രദമാകും. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐ.സി.യു.-വിൽ വച്ച് ഒരു സ്ത്രീയെ പീഡിപ്പിച്ച വിഷയമുണ്ടായിട്ടുണ്ട്. ആ സ്ത്രീ ഇപ്പോഴും നീതി ലഭിക്കാൻവേണ്ടി സമരരംഗത്തിരിക്കുകയും പോലീസ് സ്റ്റേഷനുകളിലും മന്ത്രിമാരുടെയടുത്തും കയറിയിറങ്ങേണ്ട സ്ഥിതിയുമാണുള്ളത്. ആ അതിജീവിതയ്ക്ക് നീതി വാങ്ങികൊടുക്കുന്നതിന് ആ വിഷയത്തിൽ അടിയന്തരമായി ഇടപെടാൻ മന്ത്രി തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. നേരത്തെ പറഞ്ഞപ്പോൾ പ്രിയപ്പെട്ട ഹർഷിനയുടെ കാര്യം വളരെ ചുരുക്കി പറയാനേ കഴിഞ്ഞുള്ളൂ. നാലേ മുക്കാൽ ഇഞ്ച് നീളത്തിലുള്ള ഒരു കത്രികയാണ് അവരുടെ വയറ്റിലുണ്ടായിരുന്നത്. 5 വർഷം അവർ അത് കൊണ്ടുനടന്നിരുന്നു. ഇപ്പോഴും അതിദാരുണമായ വേദന അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ശരീരത്തിലെ മുഴുവൻ

ഹോർമോണുകളും മാറ്റിയിട്ടാണ് ആ കത്രിക ശസ്ത്രക്രിയ ചെയ്ത് പുറത്തെടുത്തത്. 104 ദിവസമാണ് അവർ മെഡിക്കൽ കോളേജിന് മുമ്പിൽ സമരം ചെയ്തത്. ആ ദിവസങ്ങൾക്കിടയിൽ 6 പ്രാവശ്യം അവർ ബോധരഹിതയായി, വിവിധ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടായി. ആ സ്ത്രീ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുകയാണ്. നമ്മുടെ ആശുപത്രി സംവിധാനത്തിലെ പിഴവുമൂലമാണ് അവർക്ക് ഇത് അനുഭവിക്കേണ്ടി വന്നത്. പക്ഷേ ഹർഷിനയെ ആരോഗ്യ വകുപ്പുമന്ത്രി സന്ദർശിച്ചിരുന്നു. ആരോഗ്യ വകുപ്പുമന്ത്രി ഇപ്പോഴും അവരുടെ കൂടെയുണ്ടാകുമെന്ന് പറയുന്നത് ആത്മാർത്ഥമായിട്ടാണെന്ന് വളരെ കൃത്യമായിട്ടറിയാം. വാക്കുകൾ മാത്രം പോരാ പ്രായോഗികതലത്തിൽ, അവർക്ക് അർഹമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാനുള്ള ഇടപെടൽ മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. അത്രയേറെ സാമ്പത്തികമായി അവർ പ്രയാസപ്പെടുന്നു. അവർക്ക് മൂന്ന് കുഞ്ഞുങ്ങളാണുള്ളത്. അവരെ പോറ്റാൻപോലും കഴിയാത്ത ഗുരുതരമായ അവസ്ഥയിലാണ് അവരുള്ളത്. അതുകൊണ്ട് അടിയന്തരമായി അവർക്കാവശ്യമായ നഷ്ടപരിഹാരം വാങ്ങിക്കൊടുത്ത് ഇതിൽനിന്ന് കരകയറാൻ ആവശ്യമായ

സംവിധാനമുണ്ടാക്കണമെന്നാണ് പറയാനുള്ളത്. അത്തരത്തിൽ നമ്മുടെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഇടപെടലുണ്ടാകണം. റഫറൽ ആശുപത്രികളായതിനാൽ മെഡിക്കൽ കോളേജുകളിൽ എപ്പോഴും വലിയ ക്യൂവാണ് കാണുന്നത്. പനി വന്നാൽപ്പോലും ഡോക്ടർമാർ റഫർ ചെയ്ത് മെഡിക്കൽ കോളേജിലേയ്ക്കാണെത്തുന്നത്. അപ്പോൾ മെഡിക്കൽ കോളേജിന് താങ്ങാവുന്നതിലും വലിയ ഭാരമുണ്ടാകുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലും താലൂക്ക് ആശുപത്രികളിലും ചെറിയ അസുഖമുള്ളവർ വന്നാൽപ്പോലും ആവശ്യമായ സംവിധാനമില്ലാത്തതിനാൽ റഫർ ചെയ്യേണ്ടിവരുന്ന സാഹചര്യമുണ്ട്. ഇത് മെഡിക്കൽ കോളജുകളുടെ ഭാരം വർദ്ധിപ്പിക്കുകയാണ്. അവിടെ ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് സ്റ്റാഫുകളോ ഇല്ല. കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിച്ചാൽ രോഗികൾ നിലത്തുകിടക്കുന്നത് കാണാം. അവിടെ ഡോക്ടർമാർ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. അതുപോലെ വൈകുന്നേരം ആറ് മണിക്കുശേഷം ഒരു ഹോസ്പിറ്റലിൽ പോയാൽ സീനിയർ ഡോക്ടർമാരുണ്ടാകില്ല. പി.ജി. ഡോക്ടർമാരോ അല്ലെങ്കിൽ ഏതെങ്കിലും

ആശുപത്രികളിൽനിന്നുവന്ന മറ്റ് ഡോക്ടർമാരോ ആയിരിക്കും അവിടെയുണ്ടായിരിക്കുന്നത്. അവരാണ് സർട്ടിഫൈ ചെയ്ത് കൊടുക്കേണ്ടത്. പോലീസുകാർ കൊണ്ടുവരുന്ന കേസ്സുകൾ എങ്ങനെയാണ് സർട്ടിഫൈ ചെയ്യാൻ സാധിക്കുന്നത്? ഇതിനെല്ലാം വലിയ രീതിയിലുള്ള മാറ്റം വരുത്തിയാൽ മാത്രമേ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയുള്ളൂ. സംഘർഷങ്ങൾ കുറയ്ക്കേണ്ടത് അനിവാര്യമാണ്. സത്യത്തിൽ ഇത്തരം കുറ്റകരമായ പ്രവർത്തനം നടത്തുന്നതിനെതിരെ നമ്മുടെ നാട്ടിൽ നിയമമുണ്ട്. വില്ലേജ് ഓഫീസിലോ പഞ്ചായത്ത് ഓഫീസിലോ പോയാൽ അവിടെയും പല തരത്തിലുള്ള സംഘർഷങ്ങളുണ്ടാകുന്നുണ്ട്. ഓരോ സ്ഥാപനത്തിനും ഓരോ നിയമമല്ല വേണ്ടത്. നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കപ്പെടുകയാണ് ചെയ്യേണ്ടത്. ഈ മാറ്റങ്ങൾ വരുത്താൻവേണ്ടിയുള്ള അടിയന്തര ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയ പ്രകാരം

ശ്രീ. ലിന്റോ ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ചെറിയ ഭേദഗതിയാണ് ഇതിലുള്ളത്. നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ 2017-ലാണ് ഈ നിയമം നടപ്പാക്കിയത്. നിയമത്തിന് ആധാരമായിട്ടുള്ള വിഷയം, ഞങ്ങളൊക്കെ വിദ്യാർത്ഥി സംഘടനാരംഗത്ത് പ്രവർത്തിച്ച ആളുകളെന്ന നിലയിൽ എല്ലാ ആളുകൾക്കും ബോധ്യമുള്ള കാര്യമാണ്. യു.ഡി.എഫ്.-ന്റെ തലതിരിഞ്ഞ സമീപനങ്ങളുടെ ഭാഗമായി മെഡിക്കൽ പ്രവേശനരംഗത്തും സ്വാശ്രയകോളേജുകളുടെ കടന്നുകയറ്റവും ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരവുമെല്ലാം സ്വാശ്രയ മാനേജ്മെന്റുകളുടെ കൈകളിലേയ്ക്ക് പോയപ്പോൾ സാമൂഹ്യനീതി അട്ടിമറിച്ചുകൊണ്ടുള്ള, പണം കൊണ്ടുമാത്രം പഠിക്കാൻ കഴിയുന്ന സ്ഥിതിവിശേഷം കേരളത്തിൽ നിലവിൽവന്ന സാഹചര്യത്തിലാണ് 2016-ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ 2017-ൽ ആവശ്യമായ ഒരു

നിയമം കേരളത്തിനകത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ ഭാഗമായി കേരളത്തിൽ വലിയ രൂപത്തിലുള്ള മാറ്റം സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. കേരളത്തിലെ ആരോഗ്യമേഖല എല്ലാവരും പറയുന്നതുപോലെ ലോകത്തിനുമുമ്പിൽ ശ്രദ്ധേയമായ നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. കഴിഞ്ഞ പ്രതിസന്ധിയുടെ കാലഘട്ടത്തിലെല്ലാം കേരളത്തിലെ ആരോഗ്യമേഖലയിൽ സ്വീകരിച്ചിട്ടുള്ള സമീപനങ്ങളും നേട്ടങ്ങളുമെല്ലാം അതിനുദാഹരണമായി നമുക്ക് കൃത്യമായി പറയാൻ കഴിയുന്ന സാഹചര്യങ്ങളാണെന്ന് ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സ്വാഭാവികമായും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയുന്ന നിലയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സ്വാശ്രയമേഖലയെ ഞങ്ങൾ എതിർത്തുവെന്നുള്ളത് വസ്തുതതന്നെയാണ്. എന്നാൽ സ്വാശ്രയമേഖല ഏറ്റവും കൂടുതൽ കൊണ്ടുവരണമെന്ന ആഗ്രഹമുണ്ടായിരുന്നത് യു.ഡി.എഫ്.-നാണ്. യു.ഡി.എഫ്.-ന്റെ സമീപനത്തിന്റെ ഭാഗമായാണ് പണമുള്ളവർ മാത്രം പഠിച്ചാൽ മതിയെന്ന കൺസെപ്റ്റ് കേരളത്തിൽ രൂപപ്പെട്ടുവരുന്ന

സാഹചര്യമുണ്ടായത്. 2004-ൽ രജനി എസ്. ആനന്ദ് എന്ന പെൺകുട്ടി മെഡിക്കൽ എൻട്രൻസ് കമ്മീഷണറുടെ കെട്ടിടത്തിലെ ഏഴാം നിലയിൽനിന്ന് ചാടി ആത്മഹത്യ ചെയ്തത് നമ്മൾ കണ്ടതാണ്. നന്നായി പഠിക്കാനുള്ള കഴിവും മിടുക്കുമുണ്ടായിരുന്നു. പക്ഷേ അവർ ആവശ്യപ്പെട്ട പണം കൊടുക്കാൻ ആ കുട്ടിയുടെ കയ്യിലില്ലാത്തതുകൊണ്ടാണ് ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇതൊരു തെറ്റായ കീഴ്വഴക്കം സൃഷ്ടിച്ച സമയത്താണ് 2017-ൽ നിയമനിർമ്മാണം നടത്തി ഫീസ് റെഗുലേറ്ററി കമ്മീഷനും മറ്റ് നിബന്ധനകളും കൊണ്ടുവന്ന് മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾക്കെല്ലാം പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്താനുള്ള ആശയം കേരളത്തിൽ നടപ്പാക്കിയത്. അതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും രണ്ടാം പിണറായി സർക്കാരിന്റെ കാലത്തും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സമുചിതമായ മാറ്റങ്ങൾ വരുത്തി ആ മേഖലയെ കൂടുതൽ കരുത്തുള്ളതാക്കി മാറ്റുന്നതിനുള്ള ശ്രമകരമായ പ്രവർത്തനമാണ് നടത്തിയത്. 1655 എം.ബി.ബി.എസ്. സീറ്റുകൾ ഇപ്പോൾ കേരളത്തിൽ ലഭ്യമാണ്. നഴ്സിംഗ് മേഖലയിലെ സീറ്റുകളുടെ എണ്ണത്തിൽ സമാനമായ

നിലയിൽ വർദ്ധനവുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. ഏറ്റവും അവസാനം 2023-ൽ മഞ്ചേരി മെഡിക്കൽ കോളേജിനും കൊല്ലം മെഡിക്കൽ കോളേജിനും നഴ്സിംഗ് പ്രവേശനം നേടുന്നതിനുവേണ്ട അംഗീകാരം ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. സമസ്ത മേഖലകളിലും വികസന കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചുകൊണ്ട് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയുള്ള ശ്രദ്ധേയമായ ഇടപെടൽ നടത്തുകയാണ്. കേരളത്തിൽനിന്നും കുട്ടികൾ പുറത്തേയ്ക്ക് പോകുന്നതിനെക്കുറിച്ചാണ് ചില ആളുകൾ പറയുന്നത്. എന്നാൽ നമ്മുടെ കുട്ടികളെ തേടി വിദേശരാജ്യങ്ങളിൽനിന്ന് ആളുകൾ ഇങ്ങോട്ടുവരുന്നുവെന്നുള്ളത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിന്റെ ഗുണവും വിദ്യാഭ്യാസ ഗുണനിലവാരവുമെല്ലാം അത് പ്രകടമാക്കുന്നതാണ്. എം.ബി.ബി.എസ്. കോഴ്സ് കഴിഞ്ഞതും നഴ്സിംഗ് പഠനം പൂർത്തിയാക്കിയതുമായ കുട്ടികളെ മാത്രമല്ല, ഐ.ടി. പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ളവരെ തേടിവരുന്ന ഇന്റർ നാഷണൽ കമ്പനികളെ നമുക്ക് കാണാൻ കഴിയുന്ന സാഹചര്യം കേരളത്തിനകത്തുണ്ടാകുകയാണ്. ആരോഗ്യമേഖലയാകെ മെച്ചപ്പെടുന്ന

സാഹചര്യം ഇതിന്റെ ഭാഗമായിട്ടുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മുൻമന്ത്രിയായിരുന്ന ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചത്, കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം ആകെപ്പാടെ തകർന്നുവെന്ന നിലയിലാണ്. അദ്ദേഹം മനസ്സിലാക്കേണ്ടൊരു കാര്യം, അപ്പോൾ ഇവിടെ തിരുത്തിയതുപോലെ നേരത്തെ യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചുകൊണ്ടിരുന്ന സമയത്ത് കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങളെ ആശ്രയിച്ചിരുന്ന ആളുകളുടെ എണ്ണം 15 ശതമാനമായിരുന്നു. അതിപ്പോൾ 60 ശതമാനത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞുവെന്നുള്ളത് ശ്രദ്ധേയമായ നേട്ടമായാണ് കാണേണ്ടത്. ആരോഗ്യമേഖലയിലെ സംവിധാനങ്ങളൊരുക്കുന്നതിനുവേണ്ടി നേരത്തെ 660 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇപ്പോൾ അതിനായി 2800 കോടി രൂപ നീക്കിവയ്ക്കുന്ന മനോഹരമായ കാഴ്ച നമ്മൾ കാണുകയാണ്. ശ്രീ. എ. പി. അനിൽ കുമാർ സംസാരിക്കുന്നതിനിടയിൽ പറഞ്ഞത് ഞങ്ങൾ എല്ലായിടത്തും മെഡിക്കൽ കോളേജുകൾ ആരംഭിച്ചുവെന്നുള്ളതാണ്. ഇതെല്ലാം ട്രോളുകളായി വരുന്ന പ്രധാനപ്പെട്ട

കാര്യങ്ങളിലൊന്നാണ്, എല്ലായിടത്തും തറക്കല്ലുണ്ടെന്ന കാര്യം സത്യമാണ്. എന്റെ മണ്ഡലമായ തിരുവമ്പാടി മണ്ഡലത്തിന്റെ തൊട്ടടുത്ത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ കോളേജാണ് മഞ്ചേരി മെഡിക്കൽ കോളേജ്. എന്നാൽ മഞ്ചേരി മെഡിക്കൽ കോളേജ് അനുവദിച്ചുവെന്നുപറയുമ്പോൾ അവിടെ പുതിയ കെട്ടിടവും സംവിധാനങ്ങളും വരുന്നുവെന്നാണ് നമ്മൾ കരുതിയത്. അവിടത്തെ റോഡിനെ ക്രോസ് ചെയ്ത് ജില്ലാ ആശുപത്രിയെന്നുള്ള ബോർഡുണ്ടായിരുന്നു. മെഡിക്കൽ കോളേജിന്റെ പ്രഖ്യാപനം ഇവിടെ നടത്തിയപ്പോൾ ബോർഡ് മാറ്റി അവിടെ മഞ്ചേരി മെഡിക്കൽ കോളേജ് എന്നുള്ള പേര് ചേർക്കുകയാണ് ചെയ്തത്. വയനാട് മെഡിക്കൽ കോളേജിനെക്കുറിച്ചും കോന്നി മെഡിക്കൽ കോളേജിനെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ആ മെഡിക്കൽ കോളേജുകൾക്കൊക്കെ പേരും തറക്കല്ലും മാത്രമിടുകയും ചെയ്തിരുന്ന സാഹചര്യമാണുണ്ടായിരുന്നത്. നേരത്തെ ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയതിനെക്കുറിച്ച് സൂചിപ്പിച്ചു. 2014-ൽ ഇടുക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നൽകിയത് വസ്തുതയാണ്. എന്നാൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം

നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു തയ്യാറെടുപ്പും നടത്താത്തതിനാൽ 2016-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ആ അംഗീകാരം എടുത്തുകളഞ്ഞിരുന്നു. പിന്നീട് ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പുതിയ അപേക്ഷ സമർപ്പിച്ചുകൊണ്ട് ഈ കുട്ടികളെ മറ്റ് മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റാൻ കഴിഞ്ഞത്. ഇത്തവണ ഇടുക്കി മെഡിക്കൽ കോളേജിനും കോന്നി മെഡിക്കൽ കോളേജിനും 100 എം.ബി.ബി.എസ്. സീറ്റ് വീതം അനുവദിച്ച് നൽകാൻ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനത്തോടുകൂടി പറയാൻ കഴിയും. അതിനുള്ള എല്ലാ അടിസ്ഥാനസൗകര്യവും കേരളത്തിനകത്ത് ഒരുക്കിയെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ഇവിടെ ശ്രീ. എ. പി. അനിൽ കുമാർ സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യം സൂചിപ്പിച്ചു. ബൈബിളിനകത്ത് യേശുക്രിസ്തു പുനരുദ്ധാരണം ചെയ്തതിനുശേഷം അദ്ദേഹത്തിന്റെ അരുമ ശിഷ്യനായ തോമസിനെ വിളിച്ചിട്ട് നീ എന്റെ തിരുമുറിവിൽ തൊട്ട് വിശ്വസിക്കു എന്നുപറയുന്നുണ്ട്. അതുപോലെയാണ് രാവിലെ അടിയന്തരപ്രമേയത്തിനും സബ്മിഷനുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ

വിഷയങ്ങൾപോലും ഏതോ പത്രമെടുത്ത് കാണിച്ചുകൊണ്ട് വീണ്ടും സംശയം ചോദിക്കുന്നത്. ഏത് പത്രമാണെന്ന് പറയുന്നില്ല. ആ പത്രത്തിൽ എഴുതി പിടിപ്പിച്ചിരിക്കുന്നത് എന്തായിരിക്കുമെന്നറിയാമല്ലോ; സത്യത്തെ മറച്ചുപിടിക്കുകയാണ്. നമ്മുടെ കേരളത്തിലെ സ്ഥിതിയെന്താണ്? നിപ പോലുള്ള മാരകമായ സാംക്രമിക രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെയും ആലപ്പുഴയിലെയും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഇതിനുള്ള സംവിധാനമുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട മന്ത്രി വളരെ വ്യക്തതയോടുകൂടി പറഞ്ഞതാണ്. എന്നാൽ ശ്രീ. എ. പി. അനിൽ കുമാർ അതൊന്നും വിശ്വസിക്കുന്നില്ല. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തോട് പറഞ്ഞത്, വരൂ നമുക്ക് ഒന്നിച്ച് പോയി മനസ്സിലാക്കാമെന്നാണ്. പക്ഷെ അത് അദ്ദേഹത്തെ കളിയാക്കിയതായാണ് തോന്നിയത്, അദ്ദേഹത്തെ കളിയാക്കിയതല്ല. നിങ്ങളുടെ മുന്നിലേയ്ക്ക് സത്യം വിളിച്ചുപറയുമ്പോഴും ഏതെങ്കിലും മാധ്യമങ്ങൾ എഴുതിവയ്ക്കുന്ന നുണയുടെ പുറത്തിരുന്ന് സഞ്ചരിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങളെ കൂട്ടികൊണ്ടുപോയി തൊട്ട്

വിശ്വസിപ്പിക്കുകയെന്നുള്ളതല്ലാതെ മറ്റെന്താണ് ചെയ്യാൻ കഴിയുക? ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച നിലയിലാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യം സൂചിപ്പിക്കുമ്പോൾ, പുതുപ്പള്ളിയിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അല്ല; പുതുപ്പള്ളിയിൽ പുതിയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വന്നിട്ടുണ്ടെന്നത് പുതിയ അറിവാണ്. അവിടെ അത്തരത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് വന്നിട്ടുണ്ടെങ്കിൽ അവർ പരിശോധിക്കട്ടെ; വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴയിലും തിരുവനന്തപുരത്തുമാണുള്ളത്. നിപ പോലുള്ള രോഗങ്ങൾ പരിശോധിക്കാൻ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് അല്ലെങ്കിലും അതിനാവശ്യമായ സംവിധാനങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിലുമുണ്ടെന്നുള്ളത് വസ്തുതാപരമായ കാര്യമാണ്. കേരളത്തിലെ ആരോഗ്യമേഖലയിൽ എത്ര പറഞ്ഞാലും ചിന്തിക്കാൻ കഴിയാത്ത നിലയിലേയ്ക്ക് വലിയ കുതിച്ചുചാട്ടമുണ്ടാകുകയാണ്. കേന്ദ്ര സർക്കാർ ഏതെല്ലാം തരത്തിൽ നമ്മളെ ദ്രോഹിക്കുന്നുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുള്ള ശ്രദ്ധയമായ ഇടപെടലിന്റെ ഭാഗമായി ഏത് മേഖല എടുത്തുപരിശോധിച്ചാലും കേരളത്തിനാവശ്യമായ അവാർഡുകൾ നൽകേണ്ട സ്ഥിതിയിലേയ്ക്ക് കേന്ദ്രം മാറുകയാണ്. നമ്മൾ

എത്രമാത്രം അവാർഡുകളാണ് നേടിയത്? എല്ലാ മേഖലയിലും മുന്നിട്ടുനിൽക്കുന്ന സാഹചര്യമുണ്ടായി. ദേശീയ നീതി ആയോഗിന്റെ സൂചികയിൽ കേരളം ഒന്നാമതാണ്. മാതൃ-ശിശു മരണ നിരക്കിന്റെ കാര്യത്തിലും ദേശീയ ഭക്ഷ്യസുരക്ഷ സൂചികയിലും കേരളം ഒന്നാമതാണ്. രണ്ടുവർഷംകൊണ്ട് കാസ്പ് വഴി 3200 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളത്തിലാണ്. ഇങ്ങനെ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും കേരളം മുന്നിലാണ്. ഇത് എല്ലാം വായിക്കാൻ കഴിയില്ല, അത്രമാത്രം അവാർഡുകളും അംഗീകാരങ്ങളുമാണ് കേന്ദ്ര ഗവൺമെന്റ് പോലും നമുക്ക് നൽകുന്നത്. സ്വാഭാവികമായും ഒരുപാട് മുന്നേറ്റങ്ങളുമായി മുന്നോട്ടുപോകുന്നൊരു സാഹചര്യമാണുള്ളത്. നേരത്തെ പറഞ്ഞതുപോലെ, നിരവധി പ്രതിസന്ധികളുണ്ടെങ്കിലും അവയെല്ലാം മറികടന്നുകൊണ്ട് ആരോഗ്യമേഖലയിൽ ഒരു പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി 660 കോടി രൂപയുണ്ടായിരുന്നത് 2800 കോടി രൂപ അതായത്, 4 മടങ്ങ് അധികം തുക നൽകുന്നനിലയിലേയ്ക്ക് ഗവൺമെന്റ് അധികമായ ശ്രദ്ധ കൊടുക്കുകയാണ്. സാംക്രമിക രോഗങ്ങളുണ്ടാകുമ്പോൾ

അതിനെ തടയാൻവേണ്ടി നിതാന്തമായ പരിശ്രമവും ജാഗ്രതയും ഉണ്ടാകുകയാണ്. പൊതുജനാരോഗ്യ ബിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അവതരിപ്പിച്ചതാണ്. ഇപ്പോൾ ഒരു നിർഭാഗ്യകരമായ സംഭവമുണ്ടായപ്പോൾ മെഡിക്കൽ പ്രവർത്തകരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവരികയാണ്. നിയമം വഴി സാധ്യമാകേണ്ടത് നിയമം വഴിയും അല്ലാതെയുള്ളത് അല്ലാതെയും നൽകി ആരോഗ്യമേഖലയെ ഏറ്റവും മികവുള്ള കേന്ദ്രമാക്കി മുന്നോട്ടുകൊണ്ടുപോകാനുള്ള നിതാന്തപരിശ്രമമാണ് നടത്തി ക്കൊണ്ടിരിക്കുന്നത്. ഇവർ കണ്ടുപിടിക്കുന്നത് മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ചില വാർത്തകളാണ്. മാധ്യമങ്ങൾ പറയുന്ന നുണയുടെ പുറത്തുകയറി ഇരിക്കുകയാണ്. അല്ലെങ്കിൽ ഇവർ ഉണ്ടാക്കുന്ന നുണയെ പെരുപ്പിച്ച് മാധ്യമങ്ങൾ അതിനുമുകളിൽ കയറിയിരുന്ന് യാത്ര ചെയ്യുകയെന്നുള്ളതാണ് ഇപ്പോൾ കണ്ടുവരുന്നത്. കഴിഞ്ഞ ദിവസം സോളാർ കേസുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ഈ സഭയിൽ നടന്നത് എന്തെല്ലാമാണെന്ന് നമ്മൾ എല്ലാവരും കണ്ടതാണ്, അനുഭവിച്ചതാണ്. പക്ഷെ നമ്മളെയൊക്കെ

അത്ഭുതപ്പെടുത്തുന്ന രീതിയിലാണ് അടുത്ത ദിവസം മാധ്യമങ്ങളിൽ വാർത്ത വന്നത്. ഇവിടെ സംഭവിച്ചതിന്റെ വിപരീതമായിട്ടാണ് വാർത്ത വന്നത്. എങ്ങനെയാണ് വിശ്വസിക്കാൻ കഴിയുന്നത്? നമ്മൾ അനുഭവിച്ച കാര്യങ്ങൾപോലും നേരെ തകിടം മറിക്കുന്നനിലയിലാണ് കൊണ്ടുവരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള അടിയന്തരപ്രമേയമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ ഇവിടെ അവതരിപ്പിച്ചത്. അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന ഘട്ടത്തിൽ യൂത്ത് കോൺഗ്രസിന്റെ മണ്ഡലം സെക്രട്ടറി ജയിലിൽ കിടക്കുകയാണ്. എന്തിനുവേണ്ടിയാണ്? തൊട്ട് അയൽവാസിയായ ഒരു സ്ത്രീയെ കൊന്നുകുഴിച്ചുമൂടി അതിനുമുകളിൽ സ്ലാബിട്ട് സ്ലാബിനുമുകളിൽ കോഴിക്കൂടും വച്ച ഒരു വിദ്വാനാണ്. പണ്ട് സേതുരാമയ്യർ സി.ബി.ഐ. എന്നൊരു സിനിമ ഇറങ്ങിയിട്ടുണ്ട്. ആ സിനിമയിൽ ടെയിലർ മണി എന്നൊരു കഥാപാത്രമുണ്ട്. ടെയിലർ മണി ഒരാളെ കൊന്നശേഷം അത് മറച്ചുവയ്ക്കാനായി പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് സംഘടിപ്പിക്കുന്നു, അവിടേയ്ക്ക് നിരവധിയായിട്ടുള്ള പ്രതിഷേധ പരിപാടികൾ നടത്തുന്നു. അതുപോലെ ടെയിലർ മണിയായി യൂത്ത് കോൺഗ്രസിന്റെ

മണ്ഡലം സെക്രട്ടറി മാറുകയാണ്. അതേസമയം നിയമസഭയിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കുവേണ്ടി വലിയ രൂപത്തിൽ വാദിക്കുന്ന ഇരട്ടത്താപ്പ് നയമാണ് ഇവർ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരെ എല്ലാം വിളിച്ചുചേർത്ത് പറഞ്ഞത്, കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്നും അതിനുവേണ്ടി എല്ലാവരും ഒന്നിച്ചുനീങ്ങി ഒരു കൂട്ടായ ആലോചന നടത്തി മുന്നോട്ടുപോകണമെന്നുമായിരുന്നു. അവർ തയ്യാറായോ? എന്നിട്ട് ആ വിഷയം ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുകയാണ്. നാളെ മാധ്യമങ്ങളിൽ വലിയ വാർത്തയാക്കി കൊണ്ടുവന്ന് ഇവർ മുന്നോട്ടുപോകും. അതാണ് സംഭവിക്കാൻ പോകുന്നത്. ഞാൻ ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. പ്രതിപക്ഷം ഉണ്ടാക്കിയെടുക്കുന്ന നുണകളുടെയും മാധ്യമ നുണകളുടെയും മുകളിൽ ജനം സത്യത്തെ തിരിച്ചറിയുന്നുവെന്നുള്ള തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണം എന്നുമാത്രം ഈയവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ടിലെ വകുപ്പ് 60 പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽവന്ന സാഹചര്യത്തിൽ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസത്തിൽ തദനുസൃതമായ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു പൗരൻ ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ഗുണനിലവാരമുള്ള ചികിത്സ ലഭിക്കണം എന്നുള്ളതാണ്. അത് ഏതൊരു പൗരന്റെയും അടിസ്ഥാനപരമായ ആവശ്യമാണ്. കേരളം ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ പുരോഗതി കൈവരിച്ചിട്ടുള്ള ഒരു സംസ്ഥാനമാണ്. മാറി മാറി വന്ന ഗവൺമെന്റുകളുടെ

പ്രവർത്തനങ്ങളും സഹായങ്ങളും ഈ രംഗത്ത് പുരോഗതി പ്രാപിക്കാൻ സഹായകരമായിട്ടുണ്ട് എന്നുള്ളത് ഒരു സത്യമാണ്. അതുപോലെതന്നെ നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപുതന്നെ പ്രത്യേകിച്ച് കേരളത്തിൽ മിഷനറിമാർ, സ്വകാര്യ വ്യക്തികൾ എന്നിവരടക്കമുള്ളവരുടെ സേവനങ്ങൾ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമുണ്ടായിട്ടുണ്ട് എന്നുള്ളതും ഒരു സത്യമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ വലിയ പുരോഗതി കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അത് നിലനിർത്തിക്കൊണ്ടുപോകാൻ നമുക്ക് സാധിക്കണം. ആരോഗ്യ രംഗത്തുണ്ടാകുന്ന പുതിയ പ്രവണതകളെ നമുക്ക് അവഗണിക്കാൻ കഴിയില്ല. ശ്രീ. ലിന്റോ ജോസഫ് ഇവിടെ ഒത്തിരി അവാർഡുകളുടെ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹത്തോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് തുടങ്ങിയ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ എല്ലാ കാലത്തും അവർ കേരളത്തിന് പിന്നിലാണെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷെ ഇപ്പോഴത്തെ പ്രശ്നം, മാരകമായ

രോഗങ്ങൾ തിരിച്ചുവരുന്നുവെന്നുള്ള ഒരാശങ്ക നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഞാൻ ഗവൺമെന്റിനെയോ വകുപ്പുമന്ത്രിയെയോ കുറ്റപ്പെടുത്താൻ പറയുന്നതല്ല അത്. നമുക്കറിയാം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിപ കണ്ടെത്തിയത് സ്വകാര്യ ആശുപത്രിയിലെ ഒരു സ്വകാര്യ ഡോക്ടറായിരുന്നു. ഇന്ന് ആ ഡോക്ടറുടെ ലേഖനം പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. ഞാൻ രാവിലെ സൂചിപ്പിച്ചതുപോലെ, ലോകത്തുതന്നെ 700 പേർ നിപ രോഗബാധിതരാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽതന്നെ മരണനിരക്ക് 70 ശതമാനമാകുമ്പോൾ കേരളത്തിലത് 90 ശതമാനമാണ്. ഇതുപോലുള്ള മാരക രോഗങ്ങൾ കേരളത്തിലുണ്ടാകുന്നു എന്നത് ഗൗരവത്തോടെ നാം കാണണം. അത് ഗവൺമെന്റാണ് ചെയ്യേണ്ടത്. ഞാൻ ഗവൺമെന്റിനെ വിമർശിക്കുകയല്ല, സ്വാഭാവികമായും ഗവൺമെന്റിന്റെ ഉത്തരവാദിത്വം അക്കാര്യത്തിലുണ്ട്. എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി തുടങ്ങി നമ്മൾ നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും തിരിച്ചുവരുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ, ജീവിതരീതിയിൽ വരുന്ന മാറ്റങ്ങൾ എന്നീ കാരണങ്ങളാലാകാം കേരളം നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും

തിരിച്ചുവരുന്നതായി നമുക്ക് കാണാൻ സാധിക്കുന്നത്. അതുകൊണ്ട് ആരോഗ്യ രംഗത്ത് ഇത്തരം കാര്യങ്ങൾ ഗൗരവത്തോടെ നമ്മൾ കാണുക എന്നുള്ളതാണ് ഇന്ന് ഏറ്റവും ആവശ്യമായിട്ടുള്ളത്. വാസ്തവത്തിൽ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ വരില്ലെന്നാണ് ഞാൻ കരുതിയത്. വരാൻ പാടില്ലായിരുന്നു, കോഴിക്കോട് നിൽക്കണമായിരുന്നു. അതുപോലെ പൊതുമരാമത്ത് വകുപ്പുമന്ത്രിയും അവിടെ നിൽക്കണമായിരുന്നു. നിങ്ങളുടെ സാന്നിധ്യം അവിടെ ഗുണം ചെയ്യും. നാളെയെങ്കിലും ആരോഗ്യ വകുപ്പുമന്ത്രി അവിടെ നിൽക്കണം. കാരണം ആളുകളിൽ സ്വാഭാവികമായും ഭീതിയുണ്ട്. നിങ്ങളുടെ സാന്നിധ്യം അവിടെ വളരെ ആവശ്യമാണ്. ഇതൊരു ചെറിയ ബില്ലാണ്, അത് അവതരിപ്പിക്കാൻ മറ്റാരെയെങ്കിലും ചുമതലപ്പെടുത്തിയാൽ മതിയായിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നാളെയെങ്കിലും അവിടെ ക്യാമ്പ് ചെയ്യണം. അവിടെ നിന്നുള്ള ധാരാളം ആളുകൾ ഞങ്ങളെ വിളിക്കുന്നുണ്ട്. അവർക്ക് ആശങ്കയുണ്ട്, കാരണം രണ്ടാം തവണയാണ് ഈ രോഗം വരുന്നത്. അവർക്ക് കൂടുതൽ ആത്മവിശ്വാസം നൽകാൻ നമുക്ക് കഴിയണം. അത്രയും മാരകമായ അസുഖമായതുകൊണ്ട് നമ്മളെല്ലാവരും ഒരുമിച്ച് നിൽക്കണം, അതിലൊന്നും ഒരു രാഷ്ട്രീയവുമില്ല. ആദ്യതവണ നിപ

ഉണ്ടായപ്പോൾ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയെ എറണാകുളത്ത് വച്ച് ഞാൻ നേരിട്ട് കണ്ട് ചർച്ച നടത്തിയത് ഇപ്പോൾ ഓർക്കുകയാണ്. അതുപോലെ മാരകമായ രോഗങ്ങൾ വീണ്ടുമുണ്ടാകുന്നു. ശ്രീ. ലിന്റോ ജോസഫ് പറഞ്ഞ കാര്യത്തിൽ ഒരു തെറ്റുണ്ട്. അദ്ദേഹം പറഞ്ഞത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണം കുറവാണെന്നും ഇപ്പോൾ എണ്ണം കൂടുതലാണെന്നുമാണ്. അത് ശരിയാണോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. നമ്മുടെ ലക്ഷ്യമെന്താണ്, രോഗം വരാതെ നോക്കുക, വന്നുകഴിഞ്ഞാൽ ആളുകൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനം ഉറപ്പുവരുത്തുക. അതാണ് ഇന്ന് ആവശ്യം. മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത നിലയിൽ പൊതുജനാരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നമുക്ക് അഭിമാനത്തോടുകൂടിതന്നെ ഇപ്പോഴും ഓർക്കാൻ കഴിയുന്ന കാര്യമാണ്. സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ നിലവാരം അളക്കുന്നത് സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന മികവിനെയും പ്രകടനത്തെയുംകൂടി കണക്കിലെടുത്തുകൊണ്ടാണ്. പി.എച്ച്.സി.(പ്രൈമറി ഹെൽത്ത് സെന്റർ), സി.എച്ച്.സി.(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) എന്നിവിടങ്ങളിൽ

പരിമിതമായ സൗകര്യങ്ങളാണെങ്കിൽപ്പോലും അവർക്ക് ചികിത്സ നൽകാൻ നമുക്ക് സാധിക്കുന്നുവെന്നുള്ളതാണ് കേരളത്തിന്റെ ഒരു പ്രത്യേകത. സാധാരണക്കാരായ ആളുകളെയൊക്കെ ഇന്ന് റഫർ ചെയ്ത് വിടുന്നത് മെഡിക്കൽ കോളേജുകളിലേയ്ക്കാണ്. പക്ഷെ പല മെഡിക്കൽ കോളേജുകളിലും വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ഇല്ലെന്നത് വളരെ പ്രയാസകരമായ ഒരു കാര്യമാണ്. മെഡിക്കൽ കോളേജുകൾ ആരംഭിക്കുമ്പോൾ ഒരുപക്ഷെ ബാലാരിഷ്ടതകളും പരിമിതികളുമുണ്ടാകാം. പക്ഷെ ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞാൽപ്പോലും അവിടെവരുന്ന രോഗികൾക്ക് വേണ്ടത്ര സൗകര്യം കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളത് ഗൗരവമുള്ള കാര്യമാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് പണ്ട് കൊട്ടാരം ആശുപത്രിയായിരുന്നു. അത് സ്വകാര്യ വ്യക്തിയുടെ കയ്യിലായിരുന്നു. തിരുമല ദേവസ്വം ഗവൺമെന്റിന് വിട്ടുതന്നതാണ്. പക്ഷെ ആ ആശുപത്രി ഇപ്പോൾ വണ്ടാനത്തേയ്ക്ക് മാറ്റിയ സാഹചര്യത്തിൽപ്പോലും അവിടെ വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അതിനുശേഷം കുറേ നടപടികൾ സ്വീകരിച്ചുവെന്നുള്ളത് ഞാൻ അംഗീകരിക്കുന്നു. പക്ഷെ ഇപ്പോഴും അവിടെ എത്തുന്ന രോഗികൾക്ക് വേണ്ടത്ര പരിചരണം കിട്ടുന്നില്ല.

അതേസമയം കോട്ടയം മെഡിക്കൽ കോളേജിൽ പോയാൽ സൗകര്യം കിട്ടുന്നുണ്ട്. എന്നോട് തൃപ്പൂണിത്തുറ എം.എൽ.എ. ശ്രീ. കെ. ബാബു പറയുകയായിരുന്നു, കളമശ്ശേരിയിൽ എത്തുന്ന രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണ് എന്ന്. കാരണം കളമശ്ശേരിയിൽ വെന്റിലേറ്റർ ഉൾപ്പെടെ യാതൊരു പ്രാഥമിക സൗകര്യങ്ങളുമില്ല. എന്നാൽ അവിടെ വരുന്ന ആളുകൾ വളരെ കൂടുതലുമാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വരുന്നത് പാവപ്പെട്ടവരും സാധാരണക്കാരുമാണ്. പണമുള്ളയാളുകൾക്ക് സ്വകാര്യ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പോകാൻ സാധിക്കും. സാധാരണക്കാരായ ആളുകൾ വരുന്നതാണ് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ. ഈ അടുത്ത കാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിന് അംഗീകാരം നഷ്ടപ്പെട്ടുവെന്ന വാർത്ത വരികയുണ്ടായി. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പരിശോധനയ്ക്ക് വന്നപ്പോൾ ഫാക്കൽറ്റികളിൽ വേണ്ടത്ര ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ലെന്ന് കണ്ടതുകൊണ്ടാണ് ആ അംഗീകാരം നഷ്ടപ്പെട്ടത്. പിറ്റേദിവസം അത് rectify ചെയ്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഞാൻ പറഞ്ഞത് മെഡിക്കൽ കോളേജുകളുടെ

അടിസ്ഥാന സൗകര്യ വികസനം ഗവൺമെന്റിന്റെ പ്രാഥമികമായ ഉത്തരവാദിത്തമാണ് എന്നാണ്. ഈ ദൗത്യനിർവ്വഹണത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നുള്ളത് പരിശോധിക്കേണ്ട കാര്യംതന്നെയാണ്. മെഡിക്കൽ വിദ്യാഭ്യാസ മേഖല കുത്തഴിഞ്ഞതായി നിൽക്കുന്നുവെന്നുള്ള പരാതി വളരെ വ്യാപകമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മാനിഫെസ്റ്റോ പ്രകാരം എന്തെല്ലാം വാഗ്ദാനങ്ങളാണ് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ നൽകിയത്? സർക്കാർ മെഡിക്കൽ കോളേജുകൾ എയിംസ് (ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) നിലവാരത്തിലാക്കുമെന്നായിരുന്നു ഒരു വാഗ്ദാനം. സെന്റർ ഓഫ് എക്സലൻസ് ആക്കുമെന്നാണ് പറഞ്ഞത്. ഞാൻ പാർലമെന്റ് അംഗമായിരുന്ന കാലഘട്ടത്തിൽ എയിംസിന്റെ ഗവേർണിംഗ് ബോഡി മെമ്പറായിരുന്നു. എയിംസിന്റെ സൗകര്യങ്ങൾ നമുക്ക് കിട്ടണമെങ്കിൽ ഇനി എത്ര കാലം വേണ്ടിവരും. എയിംസ് ഇന്ത്യയിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളുള്ള ആശുപത്രിയാണ്. എയിംസിന്റെ നിലവാരത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളെ എത്തിക്കുമെന്നാണ് പ്രകടനപത്രികയിൽ എൽ.ഡി.എഫ്. പറഞ്ഞത്. അതിന് എത്ര വർഷം

വേണ്ടിവരും എന്നാണ് ഞാനിത് കേട്ടപ്പോൾ ആലോചിച്ചത്. മെഡിക്കൽ കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുമെന്ന് വരെ പറഞ്ഞുവച്ചു. കഴിഞ്ഞ ഏഴ് വർഷക്കാലമായി കേരളത്തിലെ ഏതെങ്കിലുമൊരു മെഡിക്കൽ കോളേജിന് സ്വയംഭരണാവകാശം നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? എയിംസിന്റെ നിലവാരം പോയിട്ട് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെങ്കിലും ഒരുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ എന്നുള്ളത് ഗൗരവമായി പരിശോധിക്കേണ്ട ഒരു കാര്യമാണ്. ഇങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ രോഗികൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടയാളുകൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുകയുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ ഒരു മെഡിക്കൽ കോളേജും ആരംഭിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പല മെഡിക്കൽ കോളേജുകളും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത.

കാസർഗോഡ് മെഡിക്കൽ കോളേജിനെ സംബന്ധിച്ച് എത്രയോ ഉറപ്പുകൾ ഈ സഭയ്ക്കകത്തും പുറത്തും നൽകിയിട്ടുണ്ട്. വേണ്ട രീതിയിൽ കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നുണ്ടോ; കോവിഡ് വന്ന

സമയത്ത് ടാറ്റാ ഗ്രൂപ്പ് കാസർഗോഡ് ജില്ലയിൽ ഒരു ആശുപത്രി സ്പോൺസർ ചെയ്തിരുന്നു. അതിന്റെ പ്രവർത്തനം എങ്ങനെ നടക്കുന്നുവെന്ന് ആരെങ്കിലും വിലയിരുത്തുന്നുണ്ടോ; ബഹുമാനപ്പെട്ട ചെയർ കാസർഗോഡ് ജില്ലയിൽനിന്നുള്ള അംഗമാണ്. കാസർഗോഡ് ജില്ലയിലെ ഒട്ടുമിക്ക രോഗികളും പോകുന്നത് മംഗലാപുരത്തുള്ള സ്വകാര്യ ആശുപത്രികളിലാണ്. കാസർഗോഡ് ഒരു മെഡിക്കൽ കോളേജ് വേണമെന്നുള്ള അവിടത്തെ ജനങ്ങളുടെ ആഗ്രഹത്തിന് വിലങ്ങുതടിയായി നിൽക്കുന്നത് മംഗലാപുരത്തുള്ള സ്വകാര്യ മെഡിക്കൽ കോളേജ് ലോബിയാണെന്നുവരെ അവിടെയുള്ള ആളുകൾ പറയുന്നു. എനിക്ക് അതിന്റെ വാസ്തവമറിയില്ല. എൻഡോസൾഫാൻ ബാധിതരായ ആളുകൾകൂടിയുള്ള ജില്ലയാണ് അങ്ങ് പ്രതിനിധീകരിക്കുന്ന കാസർഗോഡ് ജില്ല. ഇപ്പോഴും പൂർണ്ണ രൂപത്തിലുള്ള ഒരു മെഡിക്കൽ കോളേജായി കാസർഗോഡ് മെഡിക്കൽ കോളേജ് മാറുന്നില്ല എന്നത് നമ്മളെയൊക്കെ വേദനിപ്പിക്കുന്ന ഒരു കാര്യമാണ്. ഭാഷാ ന്യൂനപക്ഷങ്ങളും വ്യാവസായികമായി പിന്നാക്കം നിൽക്കുന്നതും എൻഡോസൾഫാൻ ബാധിതരുമുള്ള ഒരു ജില്ല എന്ന നിലയിൽ വലിയ പ്രാധാന്യം ആ ജില്ലയ്ക്ക് നൽകേണ്ടതാണ് എന്നുള്ള കാര്യത്തിൽ ആർക്കും

തർക്കമില്ല. പക്ഷെ ഇപ്പോഴും കാസർഗോഡിന്റെ ഒരു ചിരകാലസ്വപ്നമായ മെഡിക്കൽ കോളേജ് പൂർണ്ണനിലയിൽ പ്രവർത്തിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫ് എന്നിവർ പലപ്പോഴും ഈ വിഷയം സഭയിൽ ഉന്നയിച്ചത് ഞാൻ ഓർക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ആ മെഡിക്കൽ കോളേജിന് എല്ലാ സൗകര്യത്തോടുകൂടിയും പ്രവർത്തിക്കാൻ ഇതുവരെയും കഴിയുന്നില്ലെന്നുള്ളത് ഗൗരവത്തോടുകൂടി നാം കാണേണ്ട കാര്യമാണ്. വയനാട് മെഡിക്കൽ കോളേജിന്റെ കാര്യവും അതുപോലെതന്നെയാണ്. കഴിഞ്ഞ ദിവസം പുലിയുടെ കടിയേറ്റ് മരിച്ച വ്യക്തിയുടെ വീട്ടിൽ ഞാൻ പോയിരുന്നു. പുലിയുടെ ആക്രമണത്തിനിരയായ ആ വ്യക്തിയെ മെഡിക്കൽ കോളേജിൽ എത്തിച്ചപ്പോൾ അവിടെ ബോർഡ് മാത്രമേയുള്ളൂ. അദ്ദേഹത്തെ അവിടെനിന്ന് കൽപ്പറ്റ ജില്ലാ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തു. ഇതൊക്കെ നമ്മൾ ആദ്യമായി കേൾക്കുന്ന ഒരു കാര്യങ്ങളാണ്. ജില്ലാ ആശുപത്രിയിൽനിന്നും കോഴിക്കോട് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്നതിനിടെ ആ വ്യക്തി മരിക്കുകയും ചെയ്തു. ഇതാണ് വയനാട്

മെഡിക്കൽ കോളേജിന്റെ സ്ഥിതി. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 25 ഏക്കർ സ്ഥലം ഏറ്റെടുത്ത് മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചെങ്കിലും പിന്നീട് ആ സ്ഥലം വേണ്ടെന്ന് വയ്ക്കുകയാണ് ചെയ്തത്. അതിനുശേഷം ആ സ്ഥലം ഒരു സ്വകാര്യ മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ പോകുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ അതും വേണ്ടെന്ന് വച്ചു. ഇപ്പോൾ വയനാട് മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്താണെന്ന് ആർക്കും അറിയാൻ സാധിക്കുന്നില്ല. വയനാട് ജില്ലയിൽ ഒരാൾക്ക് അസുഖമുണ്ടായാൽ ആ രോഗിയെയും കൊണ്ട് ചുരമിറങ്ങി കോഴിക്കോട് മെഡിക്കൽ കോളേജിൽ പോകുന്ന വഴിക്കുവച്ചുതന്നെ ആ രോഗി മരിക്കുന്ന അവസ്ഥ പലപ്പോഴും കാണാൻ സാധിക്കുന്നുണ്ട്. അതിനാൽ വയനാട് ജില്ലയെപോലെ പലതരത്തിലും പിന്നാക്കാവസ്ഥ നേരിടുന്നതും കാർഷിക പ്രാധാന്യം അർഹിക്കുന്നതുമായ ആ പ്രദേശത്ത് അവരുടെ ചിരകാല സ്വപ്നമായൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ സ്ഥിതിയെ സംബന്ധിച്ച് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്ന കാലത്താണ് കോന്നി മെഡിക്കൽ കോളേജ്

അനുവദിച്ചത്. എന്നാൽ എല്ലാ സൗകര്യങ്ങളോടുംകൂടി ആ മെഡിക്കൽ കോളേജ് ആരംഭിക്കാൻ കഴിഞ്ഞില്ലെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. പിന്നീട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അത് ആരംഭിച്ചത്. ആ മെഡിക്കൽ കോളേജ് ആശുപത്രിയെ സംബന്ധിച്ചും ആളുകൾ പരാതി പറയുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി മാറ്റിയതാണ്. മഞ്ചേരി മെഡിക്കൽ കോളേജിലും ഇടുക്കി മെഡിക്കൽ കോളേജിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കണമെന്നാണ് യു.ഡി.എഫ്. ഗവൺമെന്റ് മുമ്പ് തീരുമാനിച്ചത്. മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമ്പോൾത്തന്നെ എല്ലാ സൗകര്യങ്ങളോടുംകൂടി ആരംഭിക്കാൻ ഒരുപക്ഷെ നമുക്ക് സാധിക്കില്ല. എന്നാൽ ഏഴ് വർഷം കഴിയുമ്പോഴും അതേ സ്ഥിതിയാണ് തുടരുന്നതെങ്കിൽ ജനങ്ങൾക്കത് ഗുണകരമാണോയെന്ന് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ AIIMS (All India Institutes of Medical

Sciences)-നെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിൽ ഒരു AIIMS ആരംഭിക്കണമെന്നത് നമ്മുടെ ദീർഘകാലമായുള്ള ആവശ്യമാണ്. അത് കോഴിക്കോട്ടാണെങ്കിലും തിരുവനന്തപുരത്താണെങ്കിലും പ്രശ്നമില്ല. പ്രാദേശിക വാദത്തിനൊന്നും പ്രസക്തിയില്ല. എവിടെയാണോ സ്ഥലം ലഭിക്കുന്നത് അവിടെ AIIMS അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. അതിന് സംസ്ഥാന ഗവൺമെന്റ് ശക്തമായി മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലമായ ഹരിപ്പാടിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി തറക്കല്ലിട്ടതാണ്. സർക്കാർ-സ്വകാര്യ സംയുക്ത സംരംഭത്തിന് നേതൃത്വം നൽകാനാണ് തീരുമാനിച്ചത്. അതിനുവേണ്ടി 25 ഏക്കർ സ്ഥലമെടുത്ത് കൊച്ചി എയർപോർട്ടിന്റെ മാതൃകയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ആ ഗവൺമെന്റ് അധികാരത്തിൽനിന്നും ഒഴിഞ്ഞതോടുകൂടി അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ആ സംരംഭം വേണ്ടെന്ന് തീരുമാനമെടുത്തു. ആ സ്ഥലം ഇപ്പോഴും അവിടെ കിടക്കുകയാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട

മന്ത്രിയോട് നിരവധി പ്രാവശ്യം സംസാരിക്കുകയും മന്ത്രി അവിടെ വരാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത 25 ഏക്കർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കൈയിലാണുള്ളത്. അവിടെ ഒന്നുകിൽ മെഡിക്കൽ കോളേജ് അല്ലെങ്കിൽ തത്തുല്യമായ തരത്തിലുള്ള സ്ഥാപനം ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പല സ്വകാര്യ മെഡിക്കൽ കോളേജുകളിലും വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ ഗൗരവമായി കാണണം. പരിശോധനയ്ക്കായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പ്രതിനിധികൾ വരുമ്പോൾ അവിടെ ഫാക്കൽറ്റിയും എല്ലാ സൗകര്യങ്ങളുമുണ്ടാകും. എന്നാൽ അതുകഴിഞ്ഞാൽ ഒന്നുമുണ്ടാകില്ല. പല സ്വകാര്യ മെഡിക്കൽ കോളേജുകളിലും രോഗികൾ കുറവാണ്. അവിടെ സൗകര്യങ്ങൾ ഇല്ലാത്തതിനാലാണ് ആളുകൾ അവിടേയ്ക്ക് പോകാത്തത്. സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അനുമതി നൽകുമ്പോഴും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധന നടക്കുമ്പോഴും ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ആവശ്യത്തിന് അദ്ധ്യാപകരും

അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. മെഡിക്കൽ കമ്മീഷന്റെ സമിതികൾ പരിശോധനയ്ക്ക് എത്തുമ്പോൾ കാണിക്കുന്ന തട്ടിക്കൂട്ട് വിദ്യകൾകൊണ്ടാണ് പല മെഡിക്കൽ കോളേജുകളുടെയും, പ്രത്യേകിച്ച് സ്വകാര്യ മെഡിക്കൽ കോളേജുകളുടെ അഫിലിയേഷൻ നിലനിൽക്കുന്നതെന്നത് നമ്മൾ കാണേണ്ടതാണ്. സർക്കാർ മെഡിക്കൽ കോളേജുകളിലും സമാനമായ സ്ഥിതിയാണ്. പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് ഇന്ന് നാടുവിട്ട് ജോർജ്ജിയയിലും മറ്റുയൂറോപ്യൻ രാജ്യങ്ങളിലും പോകുന്നത്. യുക്രെൻ യുദ്ധമുണ്ടായപ്പോഴാണ് ഇത്രയുമധികം വിദ്യാർത്ഥികൾ നാട്ടിൽനിന്നും അവിടെ പോയി പഠിക്കുന്ന കാര്യം നമ്മൾ അറിയുന്നത്. ഇപ്പോൾ അവിടെ പോകാനോ പരീക്ഷ എഴുതാനോ സാധിക്കാത്ത വളരെ സങ്കടകരമായ അവസ്ഥയാണ് നിലനിൽക്കുന്നത്. ആയതിനാൽ മെഡിക്കൽ വിദ്യാഭ്യാസത്തിനായി കൂടുതൽ സൗകര്യം ഒരുക്കണമെന്ന കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. എനിക്ക് സർക്കാരിനോട് പറയാനുള്ളത്, തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന

ശ്രീ. വി. എസ്. ശിവകുമാർ മുൻകൈയെടുത്ത് ആരംഭിച്ചത് വേണ്ടെന്നുവച്ചു. തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജുകൂടി വന്നാൽ നിലവിലുള്ള മെഡിക്കൽ കോളേജിൽ പോകുന്ന ആളുകളുടെ ബാഹുല്യത്തെ നിയന്ത്രിക്കാൻ സാധിക്കും. മരുന്ന്, ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ പാവപ്പെട്ട രോഗികൾക്ക് പുറത്തുനിന്നും വാങ്ങേണ്ട സ്ഥിതിയാണ് പല മെഡിക്കൽ കോളേജുകളിലുമുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, മെഡിസെപ്, ആർ.ബി.എസ്.കെ., ആരോഗ്യ കിരണം, ആവാസ്, അമ്മയും കുഞ്ഞും, ആർ.എസ്.ബി.വൈ. എന്നീ പദ്ധതികളിന്മേൽ എത്രമാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന നിയമസഭാ ചോദ്യത്തിനുപോലും സർക്കാർ മറുപടി നൽകുന്നില്ല. കുടിശ്ശികയുടെ യഥാർത്ഥ കണക്കും പ്രതിസന്ധിയുടെ ആഴവും ജനങ്ങളിൽ നിന്നും മറയ്ക്കുന്നു. പാവപ്പെട്ട രോഗികൾക്ക് പ്രയോജനകരമായ പല പദ്ധതികളും ഏറെക്കുറെ നിലച്ച സ്ഥിതിയാണുള്ളത്. മൃതസഞ്ജീവനി പദ്ധതി ഏതാണ്ട് നിലച്ചമട്ടാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ഓപ്പറേഷനുമായി ബന്ധപ്പെട്ട് സ്റ്റെന്റിനും അനുബന്ധ ഉപകരണങ്ങൾക്കുമായി 59 കോടി രൂപ നൽകാനുണ്ട്. അതിനാൽ ആവർ

ഇപ്പോൾ സ്റ്റെന്റ് കൊടുക്കുന്നില്ലെന്നാണ് ആളുകൾ പറയുന്നത്. അതുകൊണ്ട് സ്കാനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി രോഗികൾക്ക് സ്വകാര്യ ആശുപത്രികളെ വ്യാപകമായി സമീപിക്കേണ്ടിവരുന്നു. ഡയാലിസിസ് സൗകര്യങ്ങളില്ല, ശസ്ത്രക്രിയയ്ക്ക് ആവശ്യമുള്ള സാധനങ്ങൾപോലും രോഗികൾ പുറത്തുനിന്നും വാങ്ങികൊടുക്കേണ്ട ഗതികേടാണ് പലപ്പോഴുമുള്ളത്. വാർഡുകളുടെ അവസ്ഥ വളരെ മോശമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് ആരംഭിച്ചതാണ്. അതിനുവേണ്ടി സർക്കാർ ധാരാളം കാശ് ചെലവഴിച്ചു. എന്നാലിപ്പോൾ ട്രാൻസ്പ്ലാന്റും നടക്കുന്നില്ല, യൂണിറ്റും പ്രവർത്തിക്കുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 250 വിദ്യാർത്ഥികളുണ്ട്. എന്നാൽ അവർക്ക് ഇരിക്കാവുന്ന ഒരു ഹാൾപോലും അവിടെയില്ല. 300 പേർക്ക് ഇരിക്കാൻ സാധിക്കുന്ന ക്ലാസ് മുറികൾ വേണമെന്നാണ് മെഡിക്കൽ കമ്മീഷൻ നിർദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫുകളുടെ എണ്ണവും വർദ്ധിപ്പിച്ച് സീറ്റുകൾ കൂട്ടുന്ന കാര്യത്തിൽ ഉദാസീനതയാണ് സർക്കാർ കാണിക്കുന്നത്. മെഡിക്കൽ ഗവേഷണത്തിന് ആവശ്യമായ ഫണ്ടോ

സൗകര്യങ്ങളോ ഇല്ല. ഈ വർഷം സംസ്ഥാന മെഡിക്കൽ ഗവേഷണ ബോർഡിന് ആകെ 15 ലക്ഷം രൂപയാണ് നൽകിയത്. മെഡിക്കൽ രംഗത്ത് കാര്യമായ ഒരു ഗവേഷണവും നടക്കുന്നില്ല. കുറേ ജീവനക്കാരെ പിൻവാതിലിലൂടെ നിയമിച്ച് അവർക്ക് ശമ്പളവും അലവൻസും നൽകുന്നതല്ലാതെ, സംസ്ഥാനത്തെ ആരോഗ്യ മേഖലയ്ക്ക് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ലിമിറ്റഡായിട്ടുള്ള ഒരു കാര്യത്തിനുവേണ്ടി കൊണ്ടുവന്ന ബില്ലാണെങ്കിൽപ്പോലും കേരളത്തിലെ മൊത്തം ആരോഗ്യ മേഖലയുടെ കാര്യവും മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ പ്രവർത്തനങ്ങളും വിലയിരുത്താനുള്ള ഒരു അവസരമായി ഞാൻ ഇതിനെ കാണുന്നുവെന്നേയുള്ളൂ. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) : സർ, വളരെ ചെറിയൊരു ഭേദഗതിയാണെങ്കിലും ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ച ബഹുമാന്യരായ എല്ലാ അംഗങ്ങളോടും സബ്ജക്ട് കമ്മിറ്റി അംഗങ്ങളോടും പ്രത്യേകം നന്ദി അറിയിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ കൂടുതൽ മികവുകളിലേയ്ക്ക് കൊണ്ടുപോകുകയെന്ന

ലക്ഷ്യത്തോടുകൂടിയാണ് എല്ലാ അംഗങ്ങളും സംസാരിച്ചിട്ടുള്ളത്. ബഹുമാന്യനായ എ. പി. അനിൽ കുമാർ എം.എൽ.എ. സംസാരിച്ചപ്പോൾ ഞാൻ ഇടപെട്ടത്, വാസ്തവത്തിൽ ഇപ്പോൾ നമ്മൾ കോഴിക്കോട് നിപ ഔട്ട് ബ്രേക്കിലാണുള്ളത്. നിപ പരിശോധിക്കുന്നതിനുവേണ്ടിയിട്ടുള്ള സംവിധാനങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിലും തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ആലപ്പുഴ NIV (National Institute of Virology)-യിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി രോഗം സ്ഥിരീകരിക്കാൻ കഴിയും. ലോകാരോഗ്യ സംഘടന എൻ.സി.ഡി.സി.-യെ ചുമതലപ്പെടുത്തി. എൻ.സി.ഡി.സി.-യുടെ ഗൈഡ്‌ലൈൻ അനുസരിച്ച് പൂനൈ എൻ.ഐ.വി.-ക്കാണ് അത് പ്രഖ്യാപിക്കുന്നതിനുള്ള അനുമതിയുള്ളത്. അതുസംബന്ധിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇനി അവ്യക്തതയില്ലെന്ന് കരുതുകയാണ്. കോഴിക്കോട് ജില്ലയിൽ നിലവിൽ 789 പേരാണ് സമ്പർക്ക പട്ടികയിലുള്ളത്. ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ബി.എസ്.എൽ. ലെവൽ 2 ലാബിൽ ഇത് പരിശോധിച്ച് പോസിറ്റീവാണെന്ന് കണ്ടെത്തിയപ്പോൾതന്നെ തിരുവനന്തപുരത്ത് ഉന്നത

സമിതി ചേരുകയും ഇവിടെ നിന്നും ഞങ്ങളെല്ലാവരും കോഴിക്കോടേയ്ക്ക് പോകുകയും ചെയ്തു. അതുമാത്രമല്ല, contact tracing, high risk, low risk, categorisation മറ്റുള്ള മെറ്റീരിയൽ മൊബലൈസേഷൻ, ഐസൊലേഷൻ ഒരുക്കുന്ന കാര്യങ്ങൾ, patient transportation.... ഉൾപ്പെടെ 16 കോർകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സൈക്കോളജിക്കൽ സപ്പോർട്ടും നൽകുന്നുണ്ട്. പലരും എന്താണ് എനിക്ക് സംഭവിക്കുന്നത്, രോഗം ഉണ്ടോകുമോ എന്നിങ്ങനെയുള്ള വലിയ മാനസിക ആഘാതത്തിലാണുള്ളത്. അവിടെ രണ്ടുപേർക്ക് പോസിറ്റീവാണ്. അതിൽ 9 വയസ്സുള്ള ഒരു കുഞ്ഞുമുണ്ട്. കുഞ്ഞിനുൾപ്പെടെ നൽകാനായി Monoclonal antibody ഇപ്പോൾ വിമാനമാർഗ്ഗം കേരളത്തിൽ എത്തിച്ചിട്ടുണ്ട്. നിപയുമായി ബന്ധപ്പെട്ട് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ മാത്രമല്ല, ഇക്കാര്യങ്ങൾ ഇപ്പോൾ ചെയ്യുന്നുവെന്നുള്ളതല്ല. ഇപ്പോൾ ചെയ്യണമെങ്കിൽ/ ഇങ്ങനെയാണെന്ന് കണ്ടാൽ നമ്മൾ അതിനെതിരെ എന്താണ് ചെയ്യേണ്ടത്; അതിനൊരു പ്രോട്ടോകോളുണ്ട്. ആദ്യമായി അത്തരമൊരു പ്രോട്ടോകോൾ രൂപീകരിക്കുന്നത് 2018-ലാണ്. അന്നാണ് ഈ സാഹചര്യം നാം ആദ്യമായി അഭിമുഖീകരിക്കുന്നത്. അതിനൊരു പ്രോട്ടോകോൾ തയ്യാറാക്കി. അതിൽ

ചികിത്സയെയും ഐസൊലേഷൻ എങ്ങനെ ആയിരിക്കണമെന്നും ഏതുതരം മെഡിസിൻ നൽകണമെന്നും സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളുമുണ്ട്. 2021-ൽ ഈ മാനദണ്ഡം സർക്കാർ പരിഷ്കരിച്ചു. 2021-ലെ പുതുക്കിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കോർ കമ്മിറ്റികളുൾപ്പെടെ രൂപീകരിച്ചുകൊണ്ട്, ആ പ്രോട്ടോകോളിന്റെ അടിസ്ഥാനത്തിൽ മുഴുവൻ സംവിധാനങ്ങളെയും സജ്ജമാക്കിയിട്ടുള്ളത്. 11-ാം തീയതി അർദ്ധരാത്രി മുതൽ അതായത് 12-ാം തീയതി പുലർച്ചെ മുതൽ ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽ കുമാർ എം.എൽ.എ.-യും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസും എൻ.ഐ.വി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി,) പൂനെയും നടത്തിയ ആശയവിനിമയവും അതോടൊപ്പം എനിക്ക് അവർ നേരിട്ട് നൽകിയ ആശയവിനിമയത്തിന്റെ രേഖകളും അവർക്ക് നൽകാൻ തയ്യാറാണെന്ന് രാവിലെ ഞാൻ പറഞ്ഞിരുന്നു. നമ്മളൊരു പകർച്ചവ്യാധിയുടെ മുന്നിലാണ് നിൽക്കുന്നത്.

ഇപ്പോൾ നിരീക്ഷണത്തിൽ കഴിയുന്ന കുഞ്ഞ് ഉൾപ്പെടെ ജീവിതത്തിലേയ്ക്ക് തിരിച്ച് വരണമെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. നമുക്കൊരുമിച്ച് ഇതിനെ നേരിടുന്നതോടൊപ്പം അവരെയും ചേർത്ത് പിടിക്കാം. നിപയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെട്ട ഒരു യോഗം അടിയന്തരമായി കൂടേണ്ടതിനാൽ ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. എനിക്ക് മുമ്പിൽ വളരെ കുറച്ച് സമയമാണുള്ളത്. ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞെങ്കിലും ഞാൻ എല്ലാ കാര്യങ്ങളിലേയ്ക്കും പോകുന്നില്ല. നിപയുമായി ബന്ധപ്പെട്ട് പ്രോട്ടോകോൾ രൂപീകരിച്ചതും ആ പ്രോട്ടോകോൾ പരിഷ്ക്കരിച്ചതും സംബന്ധിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. അതുകൂടാതെ 2022-ൽ ഇതുസംബന്ധിച്ച് വലിയൊരു വർക്ക്ഷോപ്പ് നടത്തി. കേരളത്തിൽ ഇത്  വരാനുള്ള കാരണമെന്താണ്? ലോകാരോഗ്യ സംഘടന ഇതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം The Indian Council of Medical Research (ICMR) - ന്റെ സ്റ്റഡീസുണ്ട്. കേരളത്തിൽ ഇതിന് വലിയ രീതിയിലുള്ള സാദ്ധ്യതകളുണ്ടെന്നാണ് അവരുടെ കണ്ടെത്തൽ. എങ്ങനെയാണ് നിപബാധയുണ്ടാകുന്നത്. വവ്വാലുകളുടെ ശ്രവങ്ങളിൽനിന്നും മറ്റ് വിസർജ്ജ്യങ്ങളിൽ നിന്നുമാണ് നിപ രോഗബാധയുണ്ടാകുന്നത്. ഒരു

പ്രത്യേക കാലഘട്ടത്തിൽ അതിൽ വൈറസിന്റെ സാന്നിദ്ധ്യമുണ്ട്. വവ്വാലുകളുടെ പ്രജനനവുമായി ബന്ധപ്പെട്ട സെപ്റ്റംബർ-ഒക്ടോബർ മാസം വരെ നീളുന്ന കാലഘട്ടത്തിലാണ് വൈറസുകളുടെ സാന്നിദ്ധ്യമുണ്ടാകുന്നത്. കേരളത്തിൽ നിപ വൈറസിന്റെ ചരിത്രം പരിശോധിച്ചാൽ രോഗബാധയുണ്ടായിട്ടുള്ള മാസങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഈഘട്ടത്തിൽ അതിന്റെ ഒരു ബെൽറ്റ്, പ്രത്യേകിച്ച് ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് പഠനങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലായിട്ടുണ്ട്. അതോടൊപ്പം തന്നെ എങ്ങനെ ഈ രോഗം വരാതിരിക്കാം എന്നുകൂടി നാം ചിന്തിക്കേണ്ടതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, വവ്വാലുകൾ ഭക്ഷിച്ചതിന്റെ ബാക്കി പഴങ്ങൾ കഴിക്കാതിരിക്കുക, വവ്വാലുകളുടെ ആവാസ കേന്ദ്രങ്ങളുള്ള സ്ഥലങ്ങളിൽ പോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുകയെന്നുള്ളതാണ്. ഇങ്ങനെയുള്ള സ്ഥലത്ത് കളിക്കാൻ പോയൊരു കുട്ടിക്ക് രോഗബാധയുണ്ടായകാര്യം ഞാൻ നിയമസഭയിൽതന്നെ പറഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് സ്ഥിരമായ ബോധവത്കരണ പ്രവർത്തനങ്ങൾ നമ്മൾ നടത്തുന്നുണ്ട്. അത്തരം ഏരിയ കേന്ദ്രീകരിച്ചും ജില്ല കേന്ദ്രീകരിച്ചും ഓരോ ഘട്ടത്തിലുമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ പ്രത്യേകം നടത്തുകയും

ആളുകൾക്കാവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ അടിയന്തരമായി എന്തുചെയ്യും? അതിനുവേണ്ടിയുള്ള ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോകോളുകൾ നമ്മുടെ മുന്നിലുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഒരു പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച പ്രോട്ടോകോൾ മാത്രമല്ല, വർക്ക്ഷോപ്പുകളുടെയും ആശയവിനിമയത്തിന്റെയും അടിസ്ഥാനത്തിൽ ഒരു കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിപയുമായി ബന്ധപ്പെട്ട് എന്തൊക്കെ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് സംബന്ധിച്ച് 2022-ൽ കേരളം ഒരു കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിപയുമായി ബന്ധപ്പെട്ട് ലോകത്ത് ഒരു പ്രദേശമോ രാജ്യമോ ഇത്തരത്തിലൊരു കലണ്ടർ പ്രസിദ്ധീകരിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഈ ഘട്ടവും നമ്മൾ അതിജീവിക്കും, നമ്മൾ ഒറ്റക്കെട്ടായി നിന്നാൽ ഈ ഘട്ടത്തെ അതിജീവിക്കാൻ കഴിയും. അക്കാര്യങ്ങളിലേയ്ക്ക് ഞാൻ വിശദമായി കടക്കുന്നില്ല.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ അഭിമാനത്തോടുകൂടിയാണ് ഇവിടെ പറയുന്നത്. ഞാൻ ചുരുക്കം ചില

കാരണങ്ങൾ പറയാം; ഒന്ന്, നാഷണൽ മെഡിക്കൽ എഡ്യൂക്കേഷന്റെ 40-ാം റാങ്കിംഗിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആദ്യമായി ഉൾപ്പെട്ട വർഷമാണ്. അതോടൊപ്പം തിരുവനന്തപുരം ഡെന്റൽ കോളേജ് 25-ാം റാങ്കിൽ ഉൾപ്പെട്ടു. അതിനുമുമ്പുള്ള കോളേജുകൾ നമ്മൾ പരിശോധിക്കണം, ആ കോളേജുകൾ AIMS-ഉം സ്വകാര്യ ഓട്ടോണമസ് മെഡിക്കൽ കോളേജുമൊക്കെയാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പട്ടിക പരിശോധിച്ചാൽ ഒന്നാമതോ രണ്ടാമതോ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉണ്ടെന്ന് കാണാൻ സാധിക്കും. എല്ലാ മെഡിക്കൽ കോളേജുകളെയും ആ നിലയിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാരും ആരോഗ്യ വകുപ്പും ശ്രമിക്കുന്നത്. ഈ ഘട്ടത്തിൽത്തന്നെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് തുടർന്നുപോകുന്നതും. തിരുവനന്തപുരത്ത് 717 കോടി രൂപ, എറണാകുളത്ത് 285 കോടി രൂപ, കോട്ടയത്ത് 564 കോടി രൂപ..... ഇതെല്ലാം വാക്കാൽ പറയുന്നതല്ല, ഈ സ്ഥലങ്ങളൊക്കെ സന്ദർശിച്ചാൽ അതനുസരിച്ചുള്ള ചികിത്സാ

സൗകര്യങ്ങളുള്ളതായി കാണാൻ സാധിക്കും. ഓരോ മെഡിക്കൽ കോളേജിലെയും അടിസ്ഥാന സൗകര്യങ്ങളിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. സമയപരിധിയുള്ളതുകൊണ്ട് ഞാൻ ഓരോ മെഡിക്കൽ കോളേജിന്റെയും ലിസ്റ്റ് ഇവിടെ വായിക്കുന്നില്ല. കേന്ദ്ര സർക്കാർ അപൂർവ്വ രോഗങ്ങളുടെ മികവിന്റെ കേന്ദ്രമായി (Center of excellence) രാജ്യത്തെ പത്ത് ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിലൊരു ആശുപത്രി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.എ.റ്റി.-ആണ്. അത് നമ്മുടെ ലക്ഷ്യമായിരുന്നു. ഇക്കാര്യം കേന്ദ്രം തന്നെ അക്നോളജ് ചെയ്തു. അപൂർവ്വരോഗങ്ങൾ ചികിത്സിക്കുന്നതിനുവേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസാണ് ഇപ്പോൾ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി. ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുമ്പോൾ മൂന്നരകോടി ജനങ്ങളുള്ള കേരളത്തിൽ ഏറ്റവും കൂടുതൽ തുക അനുവദിച്ചതും ചെലവഴിച്ചതും സൗജന്യ ചികിത്സയ്ക്കാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധങ്ങളായിട്ടുള്ള ഇൻഷ്വറൻസ് സ്കീമുകൾ സംയോജിപ്പിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നുള്ളത് കേരളത്തിന്റെ മാത്രം പദ്ധതിയാണ്. പക്ഷേ[ കാരുണ്യ ബെനവലന്റ് ഫണ്ട് നമ്മൾ നിലനിർത്തി. ഈ കഴിഞ്ഞ

സാമ്പത്തിക വർഷം 1800 കോടി രൂപയാണ് സൗജന്യ ചികിത്സക്കായി കേരളം ചെലവഴിച്ചത്. കേന്ദ്രം നൽകിയത് 138 കോടി രൂപയാണ്. വിവിധ സ്കീമുകൾ ഒന്നിപ്പിച്ചപ്പോൾ കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 1140 കോടി രൂപയാണ് 2015-ൽ ചെലവഴിച്ചതെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ കാസ്പിൽ നമ്മൾ അഞ്ച് ലക്ഷം രൂപ ജീവിതകാലം മുഴുവൻ ആനുകൂല്യം ലഭിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടും കാസ്പും മുന്നോട്ടുകൊണ്ടുപോയി അത് ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്താൻ സാധിച്ചു. Universal Health Coverage എന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ഈ ഘട്ടത്തിൽ സംസ്ഥാനത്തെ മെഡിക്കൽ മേഖലയിൽ രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ കോന്നിയിലും ഇടുക്കിയിലും അനുവദിക്കപ്പെട്ടു. 2015-ന്റെ അവസാനകാലഘട്ടത്തിലോ 2016 തുടക്ക കാലഘട്ടത്തിലോ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇടുക്കി മെഡിക്കൽ കോളേജിന് 50 സീറ്റുകൾ അനുവദിച്ചിരുന്നെങ്കിലും N.M.C. (National Medical Commission)യുടെ

അനുമതി നഷ്ടപ്പെടുകയാണുണ്ടായത്. എന്നാൽ ആ സ്ഥിതിക്ക് മാറ്റം വരികയും കഴിഞ്ഞ വർഷം ഇടുക്കി മെഡിക്കൽ കോളേജിൽ 100 സീറ്റുകൾക്ക് അനുമതി ലഭിച്ചു. ഇത് രണ്ടാംവർഷവും ലഭിച്ചു. അതുപോലെ കോന്നി മെഡിക്കൽ കോളേജിനും അനുമതി ലഭിച്ചു. അതുകൂടാതെ മഞ്ചേരിയിലും പാരിപ്പള്ളിയിലും രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സാധിച്ചു. നമ്മുടെ കുഞ്ഞുങ്ങൾ വിദേശത്ത് പോയി പഠിക്കുന്നതിനുപകരം അവർക്ക് ഇവിടെത്തന്നെ അവസരങ്ങൾ നൽകാനായി എന്ത് ചെയ്യാമെന്ന് ആലോചിക്കുകയും അതിനായി 2022-23-ൽ 832 ബി.എസ്സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തു. 2021-ൽ 7422 സീറ്റുകളാണ് സംസ്ഥാനത്ത് സ്വകാര്യ-സർക്കാർ മേഖലകളിൽ ഉണ്ടായിരുന്നത്. 2022-ൽ 8254 സീറ്റുകളായി ഉയർത്തി. 2023-ൽ 9821 സീറ്റുകളായി വർദ്ധിപ്പിച്ചു. കഴിഞ്ഞ വർഷം മാത്രം കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകളിൽ 120 സീറ്റുകളും കഴിഞ്ഞ വർഷം നിലവിലുള്ള കോളേജുകളിൽ അധികമായി 92 സീറ്റുകളും വർദ്ധിപ്പിച്ചു. ഈ വർഷം ചരിത്രപരമായ വലിയൊരു മുന്നേറ്റം ഈ രംഗത്ത് സൃഷ്ടിക്കുകയാണ്. ഈ വർഷം സർക്കാർ മേഖലയിൽ പുതുതായി ആറ് നഴ്സിംഗ് കോളേജുകൾക്ക്

അനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ 400 സീറ്റുകളിൽ പുതുതായി പ്രവേശനം നടത്താൻ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 612 ബി.എസ്സി. നഴ്സിംഗ് സീറ്റുകൾ സർക്കാർ മേഖലയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ സർക്കാർ 2399 സീറ്റുകളാണ് സ്വകാര്യ മേഖലയിൽ വർദ്ധിപ്പിച്ചിട്ടുള്ളത്. 2023-24-ൽ 1567 ബി.എസ്സി. നഴ്സിംഗ് സീറ്റുകൾ വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ സർക്കാർ മേഖലയിൽ 6 പുതിയ നഴ്സിംഗ് കോളേജുകൾ, SiMET-ന്റെ കീഴിൽ 7 നഴ്സിംഗ് കോളേജുകൾ, CAPE (Co-operative Academy of Professional Education)-ന് ഒരു കോളേജ്, CPAS (Centre for Professional and Advanced Studies) 120 സീറ്റുകളും സ്വകാര്യ മേഖലയിൽ 567 സീറ്റുകളും ആരംഭിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്. ട്രാൻസ്ജെൻഡേഴ്സിന് സംവരണം ഏർപ്പെടുത്തി തിരുവനന്തപുരത്തും ആലപ്പുഴയിലും പി.ജി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് അനുമതി നൽകി. മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ എം.ബി.ബി.എസ്.-ന് രണ്ട് പുതിയ സർക്കാർ കോളേജുകൾ തുടങ്ങിയത് കൂടാതെ 28 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷ്യാലിറ്റി

സീറ്റുകൾക്കും വിവിധ മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിച്ചു. ആദ്യമായി ഇൻഫെക്ഷ്യസ് ഡിസീസസ് മേഖലയിലെ പി.ജി.-ക്ക് അനുമതി ലഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 13, എറണാകുളം മെഡിക്കൽ കോളേജിൽ 15, കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ 15 ഉൾപ്പെടെ 43 മെഡിക്കൽ പി.ജി. സീറ്റുകൾക്ക് കഴിഞ്ഞ ആഴ്ച അനുമതി ലഭിക്കുകയുണ്ടായി. ഒരു ജില്ലാശുപത്രിയുടെ ബോർഡ് മാറ്റി വയ്ക്കുകയല്ല ഇടതുപക്ഷ സർക്കാരിന്റെ മെഡിക്കൽ കോളേജുകളെ സംബന്ധിച്ചുള്ള നയം. ആ മെഡിക്കൽ കോളേജ് അതിന്റെ എല്ലാ അർത്ഥത്തിലും മെഡിക്കൽ കോളേജുകളായിരിക്കണം, അത് tertiary care centre-കളായിരിക്കണം, അവിടെ ആവശ്യമായിട്ടുള്ള കിടക്കകളും ഡോക്ടേഴ്സും ഐ.സി.യു. ഉൾപ്പെടെയുള്ള മറ്റെല്ലാ സൗകര്യങ്ങളുമുണ്ടാകണം. വയനാട് ജില്ലയിൽ മെഡിക്കൽ കോളേജിനായി ഒരു സ്ഥലം കണ്ടെത്തിയെന്നതും അതിനായി സർക്കാർ ഉത്തരവിറക്കിയെന്നതും ശരിയാണ്. എന്നാൽ, പിന്നീടുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് ആ സ്ഥലം കെട്ടിടനിർമ്മാണ ത്തിനനുയോജ്യമല്ലെന്ന് കണ്ടെത്തി. അതിനായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്താണ് ചെയ്തത്; വയനാട്ടിൽത്തന്നെ എവിടെ

പുതിയതായി മെഡിക്കൽ കോളേജ് കഴിയുമെന്നാണ് സർക്കാർ ചിന്തിച്ചത്. അതിന്റെഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്താനുള്ള നടപടി സ്വീകരിച്ചു. അത് വെറുതെ ബോർഡ് മാറ്റിവച്ചുകൊണ്ടുമാത്രമല്ല, അതിനായി അവിടെ പണം അനുവദിച്ചു, പ്രവർത്തനങ്ങൾ ആരംഭിച്ചു.  രണ്ട് മാസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ കാത്ത് ലാബ് ഉദ്ഘാടനം ചെയ്യുകയും കാർഡിയോളജിസ്റ്റുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് പോലുള്ള ജില്ലയിൽ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ പോകുകയാണ്. വയനാട് ജില്ലാ ആശുപത്രിയുടെ വികസനത്തിനായി  ഒരു രൂപ പോലും കേന്ദ്രസഹായമായി അനുവദിക്കപ്പെട്ടിരുന്നില്ല എന്നതുകൂടി നാം കാണേണ്ടതായിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിന് ഈ സർക്കാരിന്റെ കാലത്ത് കിഫ്ബിയിലൂടെ തുക അനുവദിക്കാൻ പോവുകയാണ്. 2012-ൽ യു.ഡി.എഫ്. സർക്കാർ കാസർഗോഡ് ജില്ലയ്ക്കായി മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചെങ്കിലും 2016-ൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് നിർമ്മാണം ആരംഭിച്ചതെന്നതും നാം കാണേണ്ടതായിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ

ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയുടെ നിലവിലെ സാഹചര്യത്തിൽ കിഫ്ബിയിലൂടെ 168 കോടി രൂപ അനുവദിച്ചു. അവിടെയൊരു ആശുപത്രിയുണ്ടെങ്കിലും അവിടെനിന്നും 30 കിലോമീറ്ററോളം ദൂരെയാണ് കാസർഗോഡ് മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത്. എൻ.എം.സി.-യുടെ (National Medical Commission) നോംസ് അനുസരിച്ച് മൂന്ന് വർഷം പ്രവർത്തിച്ച ആശുപത്രിയായിരിക്കണമെന്നും നിശ്ചിത എണ്ണം ബെഡ് വേണമെന്നതുമാണ് കണക്ക്. ആയതിനാൽ പ്രായോഗികമായി മറ്റൊരു ആശുപത്രിയുമായി അറ്റാച്ച് ചെയ്യുന്നതിന് നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് അവിടെ ആശുപത്രി പണിയുമെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. 168 കോടി രൂപ കിഫ്ബിയിലൂടെ അനുവദിച്ച് ഇലക്ട്രിഫിക്കേഷൻ വർക്കുകളുൾപ്പെടെ ഇപ്പോൾ നടക്കുകയാണ്. കാസർഗോഡ് പാക്കേജിൽനിന്ന് ഹോസ്റ്റലിന്റെ നിർമ്മാണമുൾപ്പെടെയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം, കാസർഗോഡ് ജില്ലയുമായി ബന്ധപ്പെട്ട് ബഹുമാന്യനായ രമേശ് ചെന്നിത്തല പറഞ്ഞ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

കാസർഗോഡ് ജില്ലയുടെ ആരോഗ്യമേഖലയിലെ മുന്നേറ്റത്തിനുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തു. അതിന്റെ ഭാഗമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത്‌ലാബ് ആരംഭിക്കുകയും പ്രൈമറി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെ നടത്താനും സാധിച്ചു. ഇതുകൂടാതെ, കഴിഞ്ഞ ദിവസം 75 വയസ്സുള്ള ഒരു അമ്മയ്ക്ക് സർക്കാർ സ്കീമിൽ ഉൾപ്പെടുത്തി സൗജന്യമായി പേസ്‌മേക്കർ വച്ചുകൊടുക്കുന്നതിന് സാധിച്ചു. കാസർഗോഡ് പോലുള്ള ജില്ലകളിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻപോലും സാധ്യമായിരുന്നില്ല. അതോടൊപ്പം, ന്യൂറോളജിയുമായി ബന്ധപ്പെട്ട് ആവശ്യമായ മെഷീനുകൾ സ്ഥാപിക്കുകയും ന്യൂറോളജിസ്റ്റുകളുടെ തസ്തികയും സൃഷ്ടിക്കുകയും ചെയ്തുൾപ്പെടെ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ടാറ്റാ ഹോസ്പിറ്റലിനെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുന്നതിനുവേണ്ടി ഏകദേശം 23 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ അണുബാധയുണ്ടെന്ന് ബഹുമാന്യനായ എം.എൽ.എ. പറഞ്ഞത് തെറ്റായ വിവരമാണ്. വാസ്തവത്തിൽ അവിടെ അണുബാധ കുറയുകയാണ് ചെയ്തിട്ടുള്ളത്. രേഖകൾ സഹിതം

ഇതുസംബന്ധിച്ച വിവരങ്ങൾ പുറത്തുവിടുന്നതിന് മെഡിക്കൽ കോളേജിനോട് ആവശ്യപ്പെട്ടിരുന്നു. ഇത്തരമൊരു ആരോപണമുന്നയിച്ച ബഹുമാനപ്പെട്ട എം.എൽ.എ. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വന്നിട്ടുള്ള മാറ്റങ്ങളും അവിടത്തെ പ്രവർത്തനങ്ങളും നേരിട്ട് പോയി കാണണമെന്നും അവിടത്തെ രോഗികളോട് വിവരങ്ങൾ അന്വേഷിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. അവിടത്തെ ട്രോമാ കെയർ സെന്റർ വർഷങ്ങളായി പ്രവർത്തനരഹിതമായി മുടങ്ങികിടക്കുകയായിരുന്നു. അവിടെ അതിമനോഹരമായി ട്രോമാകെയർ സംവിധാനം രൂപീകരിച്ചുകൊണ്ട് ചികിത്സ നൽകാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. പി. ആർ. വർക്കിനാണ് ആരോഗ്യ വകുപ്പിനെ ഉപയോഗിക്കുന്നതെന്ന് പറഞ്ഞു. അങ്ങനെയുള്ള സ്റ്റേറ്റുമെന്റുകളൊന്നും വാസ്തവത്തിൽ ഉത്തരവാദിത്വപ്പെട്ട ജനപ്രതിനിധികൾക്ക് തികച്ചും യോജിച്ചതല്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ലിവർ ട്രാൻസ്പ്ലാന്റേഷന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചെങ്കിലും പൂർത്തീകരിച്ചില്ല. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടക്കുന്നുണ്ടായിരുന്നില്ല. 2022

ഫെബ്രുവരി മാസത്തിലാണ് ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ആരംഭിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാര്യം ബഹുമാന്യനായ രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്ത് അവിടെ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടന്നുവെങ്കിലും നിർഭാഗ്യവശാൽ ആ രോഗി മരിക്കുകയുണ്ടായി. കഴിഞ്ഞ വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി സൗജന്യമായി ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ തുടരുകയാണ്. ഇതുവരെ സൗജന്യമായാണ് അക്കാര്യങ്ങൾ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പി. കെ. ബഷീർ ഉൾപ്പടെയുള്ള എം.എൽ.എ.-മാർ പറഞ്ഞത് മെഷീനുകളുമായി ബന്ധപ്പെട്ട കാര്യമാണ്. ഞാൻ അതിന്റെയൊരു കണക്കെടുത്തപ്പോൾ മൂന്ന് സി.ടി. മെഷീനുകൾ അവിടെ പ്രവർത്തനക്ഷമമാണ്. അതുകൂടാതെ എച്ച്.എൽ.എൽ.-ന്റെ സി.ടി. മെഷീൻ പ്രവർത്തിക്കുന്നുണ്ട്. പുതിയതായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്. വഴി ഒരെണ്ണംകൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം, പുതിയ എം.ആർ.ഐ., സി.ടി. മുതലായ ഉപകരണങ്ങൾ കിഫ്ബി ഫണ്ട് വഴി

വാങ്ങുന്നതിന് ഭരണാനുമതി നൽകി നടപടി സ്വീകരിക്കുന്നുണ്ട്. ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷേറ്റീവിൽ ഒട്ടേറെ പോർട്ടബിൾ എക്സ്റേ മെഷീനുകൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. നാല് ഡിജിറ്റൽ എക്സ്റേ മിഷീനുകളും 10 പോർട്ടബിൽ എക്സ്റേ മെഷീനുകളും അവിടെ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ ആ വസ്തുത തെറ്റാണെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. അദ്ദേഹം പറഞ്ഞ വളരെ പ്രധാനപ്പെട്ടൊരു കാര്യം ഗ്രൂഗിൾ പേയ്മെന്റിനെ സംബന്ധിച്ചാണ്. അക്കാര്യം ഞാൻ രാവിലെ മറുപടിയിൽ പറഞ്ഞിരുന്നു. ഓൺലൈൻ പേമെന്റ് സൗകര്യംകൂടി മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്തുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാക്കും. ഡോക്ടർമാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കാര്യം പറഞ്ഞു. ഡോക്ടർ, രോഗി അനുപാതം ഏറ്റവും മികച്ച നിലയിലുള്ള സംസ്ഥാനം കേരളമാണ്. അത് കേന്ദ്രം അക്നോളജ് ചെയ്തിട്ടുള്ളതാണ്. സംസ്ഥാനം നേരിടുന്നൊരു പ്രശ്നം, ഉദാഹരണമായി, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.സി.യു.-വിൽ 100 ബെഡുകൾ നാം സജ്ജീകരിച്ചിട്ടുണ്ട്. അതിലെല്ലാം ഇപ്പോഴും രോഗികളുണ്ട്. ഇനിയും ഐ.സി.യു. വേണമെന്നുള്ള ആവശ്യം ഫോൺ കോളുകളായും

ആളുകൾ നേരിട്ടെത്തിയും അറിയിക്കാറുണ്ട്. അതുകൊണ്ട് എത്ര പുതിയ സൗകര്യങ്ങൾ ഒരുക്കുമ്പോഴും കൂടുതൽ ആളുകൾ സർക്കാർ മേഖലയിലേയ്ക്ക് വരുന്നുവെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ.മാർ പറഞ്ഞത്. രോഗികൾ കൂടുതലായി സർക്കാർ ആശുപത്രികളിലെത്തുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. വടകര ആശുപത്രിയെ സംബന്ധിച്ച കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. 2018-ലെ ആർദ്രം സ്റ്റാന്റൈഡെസേഷനനുസരിച്ച് ആദ്യഘട്ടത്തിൽ ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയെന്ന നിലയിൽ അവിടെ കാത്ത് ലാബ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ടാകും. ആ സ്റ്റാന്റൈഡെസേഷൻ പ്രകാരം വടകര ആശുപത്രി താലൂക്ക് ആശുപത്രിയുടെ പട്ടികയിലാണുള്ളത്. താലൂക്ക് ആശുപത്രിയുടെ പട്ടികയില്ലെന്ന് പറയുമ്പോൾ, സ്പെഷ്യാലിറ്റി സർവ്വീസ് തുടങ്ങുന്നത് താലൂക്ക് ആശുപത്രി മുതലാണ്, ഡയാലിസിസ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ അവിടെ ഉണ്ടാകണമെന്നാണ്. ബഹുമാന്യയായ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽ ഒരു പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം വടകര ജില്ലാ ആശുപത്രിയിൽ നിർവ്വഹിച്ചിരുന്നു. അവിടെ ഫസ്റ്റ് ഡെലിവറി നടക്കുന്നില്ലെന്ന വിഷയത്തിന് പരിഹാരമുണ്ടാക്കാം. അത് എന്തുകൊണ്ടെന്ന്

പരിശോധിക്കുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യാം. വൃക്ക രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾ അഡ്രസ് ചെയ്യുന്നതിനുവേണ്ടി ട്രീറ്റ്മെന്റ് മാത്രമല്ല, ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുകയെന്നതാണ് പ്രധാനം. മുപ്പത് വയസ്സിന് മുകളിലുള്ളവർക്ക് ആനുവൽ ഹെൽത്ത് ചെക്കപ്പ് തുടങ്ങിയിട്ടുണ്ട്. അതോടൊപ്പം, വിവിധ തലങ്ങളിൽ ആയുഷിന്റെ സഹായത്തോടെ ഹെൽത്തി ലൈഫ് കാമ്പയിൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാൻസർ ഡാറ്റാ രജിസ്റ്ററിംഗിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അക്കാര്യം വളരെ വിശദമായി സംസാരിക്കേണ്ടതാണ്. സമയപരിമിതിമൂലം ഞാൻ വാക്കുകൾ ചുരുക്കുകയാണ്. കാൻസർ ഡാറ്റാ രജിസ്ട്രി നമ്മെ ഈ രീതിയിലുള്ള പഠനത്തിലേയ്ക്കും അതുപോലെ അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും സഹായിക്കും. കേരളത്തിൽ എല്ലാ ജില്ലകളിലും ഏതൊക്കെ ടൈപ്പ് കാൻസർ, ഏതെല്ലാം ജില്ലയിൽ ഏറ്റവും കൂടുതൽ എന്നൊക്കെ അറിയാനായി കാൻസർ ടാറ്റാ രജിസ്ട്രിയുടെ പ്രവർത്തനം കഴിഞ്ഞ വർഷം ആരംഭിക്കുന്നതിന് സാധിച്ചു. 14 ജില്ലകളിലും ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ കാൻസർ കെയർ പ്രോഗ്രാമുകൾ

ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു-വിൽ ആക്രമിക്കപ്പെട്ട അതിജീവിതയുമായി ബന്ധപ്പെട്ട വിഷയത്തിൽ ജീവനക്കാർ ആ യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന പരാതിയിന്മേൽ, ജീവനക്കാരെ വീണ്ടും തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഡി.എം.ഒ.-യോട് അന്വേഷണ റിപ്പോർട്ട് തേടിയിരുന്നു. അത് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ ജീവനക്കാർക്കെതിരെ നടപടികളുണ്ടാകുമെന്നും അക്കാര്യത്തിൽ അക്രമിക്കപ്പെട്ട യുവതിക്ക് നീതി ഉറപ്പാക്കുമെന്നുമാണ് പറയാനുള്ളത്. രാവിലെ ഞാൻ ഹർഷീനയുടെ കാര്യവും പറഞ്ഞിരുന്നു. മെഡിക്കൽ കോളേജിൽ സീനിയർ ഡോക്ടർമാർ രാത്രിയിൽ ഡ്യൂട്ടിക്കില്ലെന്ന വിഷയമാണ് ഈ ഗവൺമെന്റ് ആദ്യം വന്നപ്പോൾ നേരിട്ട പ്രധാനപ്പെട്ടൊരു വിഷയം. അതിൽ വലിയ റസിസ്റ്റൻസുണ്ടായെങ്കിലും ഭൂരിപക്ഷം ഡോക്ടർമാരും അതിനോട് സഹകരിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മുതലുള്ള ഡോക്ടർമാർ രാത്രിയിൽ കാഷ്വാലിറ്റിയിലും വാർഡ് ഡ്യൂട്ടിയിലും ഉണ്ടാകണമെന്ന ഉത്തരവിറക്കിയിട്ടുണ്ട്. അതിന്റെ മെച്ചം കാഷ്വാലിറ്റിയിലെ എമർജൻസി

ഡിപ്പാർട്ടുമെന്റുകളിലുണ്ടാകുന്നുവെന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞു. ആ സ്ഥലത്ത് നല്ലൊരു ആരോഗ്യ സ്ഥാപനം കൊണ്ടുവരുന്നതിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കാൻ ഞാനും ബഹുമാനപ്പെട്ട എം.എൽ.എ.-യും സ്ഥലം സന്ദർശിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും പല കാരണങ്ങളാൽ അത് മാറ്റുകയുണ്ടായി. നിശ്ചയമായും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ സർക്കാർ നടത്തും. ഗവേഷണം സംബന്ധിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഒരു ഗവേഷണ നയം മെഡിക്കൽ രംഗത്തുണ്ടാകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിന്റെ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഗവേഷണ നയത്തിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ അന്തിമഘട്ടത്തിലാണ്. മെഡിക്കൽ ബോർഡിന് 15 ലക്ഷം രൂപയല്ല, മൂന്ന് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആ തുക മതിയാകില്ലെന്നാണ് കണ്ടിട്ടുള്ളത്. റിസർച്ചിനുവേണ്ടിയുള്ള ഫണ്ട് വർദ്ധിപ്പിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിനുവേണ്ടി ശ്രമിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. ഇത്രയും പറഞ്ഞ്

എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഈ ബില്ലിലെ ഭേദഗതിയുമായി നേരിട്ട് ബന്ധമുള്ളതല്ലെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറഞ്ഞ കാര്യങ്ങൾ ഇവിടെ പറഞ്ഞുകൊണ്ട് ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ലിന്റോ ജോസഫ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ

സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(വകുപ്പ് തിരിച്ചുള്ള പരിഗണന)

<u>രണ്ടാം വകുപ്പ്</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2-ൽ " ആക്റ്റിലെ" എന്നതിന് പകരം
" നിയമത്തിലെ" എന്ന് ചേർക്കുക.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2-ൽ "ഇനത്തിൽ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം 2-ൽ "കമ്മീഷന്റെ" എന്നതിന് പകരം "കമ്മീഷൻ ഓഫ് ഇന്ത്യയുടെ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2-ൽ "ചേർക്കേണ്ടതാണ്" എന്നതിന് പകരം "കൂട്ടിയോജിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 144 മുതൽ 147 വരെയുള്ള ഭേദഗതികൾ 143 -ാം നമ്പർ ഭേദഗതിക്ക് തുല്യവും 149 മുതൽ 151 വരെയുള്ള ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്ക് തുല്യവും 153, 154 എന്നീ ഭേദഗതികൾ 152-ാം നമ്പർ ഭേദഗതിക്ക് തുല്യവും 156 -ാം നമ്പർ ഭേദഗതി 155-ാം നമ്പർ ഭേദഗതി തുല്യവും 161-ാം നമ്പർ ഭേദഗതി 160-ാം നമ്പർ ഭേദഗതിക്ക് തുല്യവും 163-ാം നമ്പർ ഭേദഗതി 162-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. പ്രധാന ആക്റ്റിലെ വകുപ്പ് 3 എ-ൽ "നിയന്ത്രണ" എന്ന വാക്കിന് പകരം "നിശ്ചയിക്കൽ" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 166 മുതൽ 168 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആക്റ്റിലെ ഒരു ചെറിയ ഭാഗം മാത്രമാണ് ഓപ്പൺ ചെയ്തത്. അതുകൊണ്ട് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 4-ൽ "കമ്മീഷനിൽ" എന്നതിന് പകരം "കമ്മീഷൻ ഓഫ് ഇന്ത്യയിൽ" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 171-ാം നമ്പർ ഭേദഗതി 170-ാം നമ്പർ ഭേദഗതി തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോട് പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ “ വീണ്ടും" എന്നത് ഒഴിവാക്കുക.

140. വകുപ്പ് 1(2) താഴെപ്പറയും പ്രകാരം മാറ്റുക.
“ (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്” .

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യത്തിനായി" എന്ന് ചേർക്കുക.

127. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

138. ഖണ്ഡം 1(1)-ൽ " പേര് പറയാം" എന്നതിന് പകരം " നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. തത്വപ്രഖ്യാപനവാക്യത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ചുവടെപ്പറയും" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: 112, 113 എന്നീ നമ്പർ ഭേദഗതികൾ 111 -ാം നമ്പർ ഭേദഗതിക്ക് തുല്യവും 115 മുതൽ 117 വരെയുള്ള ഭേദഗതികൾ 114 -ാം നമ്പർ ഭേദഗതിക്ക് തുല്യവും 119 മുതൽ 121 വരെയുള്ള ഭേദഗതികൾ 118 -ാം നമ്പർ ഭേദഗതിക്ക് തുല്യവും 124 മുതൽ 126 വരെയുള്ള ഭേദഗതികൾ 123-ാം നമ്പർ ഭേദഗതിക്ക് തുല്യവും 129, 130 എന്നീ ഭേദഗതികൾ 128-ാം നമ്പർ ഭേദഗതിക്ക് തുല്യവും 133, 134 എന്നീ ഭേദഗതികൾ 132 -ാം നമ്പർ

ഭേദഗതി തുല്യവും 136, 137 എന്നീ നമ്പർ ഭേദഗതികൾ 135-ാം നമ്പർ ഭേദഗതിക്ക് തുല്യവും 139 മുതൽ 142 വരെയുള്ള ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 114, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 122, 127, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ സഭ പാസ്സായിരിക്കുന്നു.

(iii) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില

കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ ഇ.എം.എസ്. മുതൽ ഉമ്മൻ ചാണ്ടിവരെയുള്ള മുഖ്യമന്ത്രിമാരുടെ കാലത്ത് ഒരു മിനിമം വിശ്വാസ്യതയുണ്ടായിരുന്ന സ്ഥാപനമായിരുന്നു കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. ഭരണകാലം മാറിമാറി വന്നപ്പോഴും ഒട്ടേറെ തർക്കങ്ങളും സമരങ്ങളും നടന്നിരുന്നെങ്കിലും വിശ്വാസ്യതയുടെ മിനിമം അളവുകോലിന് താഴേയ്ക്ക് ആ പ്രസ്ഥാനം പോയിട്ടില്ലെന്നത് വസ്തുതയാണ്. ആ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടുന്ന പലതരത്തിലുള്ള ഇടപെടലുകൾ പി.എസ്.സി.-യിൽ നടന്നുകൊണ്ടിരിക്കുന്നുവെന്ന ഖേദകരമായ സാഹചര്യം നമുക്ക് നിഷേധിക്കാൻ സാധിക്കുന്നതല്ല. ഒറ്റപ്പെട്ടതെന്ന് സർക്കാർ വിളിക്കുന്നതും നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ പല കാര്യങ്ങളും ഇതിന്റെ വിശ്വാസ്യതയെ തകർക്കുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വാർത്തകളെല്ലാം ഈ വിശ്വാസ്യത

തകർക്കുന്നതാണ്. കോളേജ് പ്രിൻസിപ്പൽമാരെ 43 അംഗ അന്തിമ പട്ടികയിൽനിന്നുതന്നെ നിയമിക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവിന്റെ ഉത്തരവ് വരാൻ കാരണം തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ അതിനകത്തുണ്ടായെന്ന ആക്ഷേപം ഉയർന്നതിനെത്തുടർന്നതാണ്. വ്യാജരേഖയുണ്ടാക്കിയും രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചും അട്ടപ്പാടിയിൽ ഉൾപ്പെടെ പല സ്ഥാപനങ്ങളിലും ജോലിക്ക് കയറിയവർ ഏത് പ്രസ്ഥാനത്തിൽപ്പെട്ടവരാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ജോലിക്ക് കയറിയ ആളുകളുടെ എത്രയോ ഇൻസിഡൻസ് നമ്മുടെ ഈ രംഗത്തുള്ളവരുടെ വിശ്വാസ്യത പൂർണ്ണമായും തകർക്കുകയാണ്. മഹാരാജാസ് കോളേജിൽ ഗസ്റ്റ് ലക്ച്ചററായി വർക്ക് ചെയ്തുവെന്ന വ്യാജരേഖകളുണ്ടാക്കി സ്വതന്ത്രമായി പല സ്ഥാപനങ്ങളിലും സമർപ്പിച്ച്....., എന്തുകൊണ്ടാണ് ഇത് ഞാൻ പറയുന്നതെന്ന് പറയാം. പി.എസ്.സി. വിഷയം ആകണമെന്ന് നിങ്ങൾ പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പി.എസ്.സി. വഴി നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികളെ ഇവിടെ നിന്ന് തുടങ്ങുന്ന തട്ടിപ്പുകൾ എങ്ങനെ ബാധിക്കുന്നുവെന്നതാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്. പലതരത്തിലുള്ള സംവരണ അട്ടിമറികൾപോലും

നടത്തിയാണ് ഇതെല്ലാം അരങ്ങേറുന്നത്. നിഖിൽ തോമസ് എന്ന വിദ്യാർത്ഥി ബി.കോം. പാസ്സാകാതെ എം.കോം പഠിക്കുന്നതിനെ സംബന്ധിച്ച വാർത്തകളും മത്സരിക്കാത്ത ഒരാൾ ആൾമാറാട്ടം നടത്തി കൗൺസിലറായതിനെ സംബന്ധിച്ച വാർത്തകളും നാം കേട്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി, എം.ജി. സർവ്വകലാശാലയിലെ ഒപ്പിട്ട നൂറോളം ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകളും 54 പി.ജി. സർട്ടിഫിക്കറ്റുകളും ഉൾപ്പെടെ 154 സർട്ടിഫിക്കറ്റുകൾ കാണുന്നില്ല. നാളെ ആരാണ് ഇതൊക്കെ വാങ്ങിയിട്ട് വരുന്നത്;........

ശ്രീ. എം. നൗഷാദ്: ......(മൈക്ക് ഓഫ്) ......

ശ്രീ. ഷാഫി പറമ്പിൽ: സർ, പി.എസ്.സി. തട്ടിപ്പുകളുമായി ബന്ധപ്പെട്ട് പറഞ്ഞ് കേൾക്കണമെന്നാണ് അദ്ദേഹത്തിന് നിർബന്ധം. അതുമായി ബന്ധപ്പെട്ട രണ്ടുവാർത്തകൾ ഞാൻ പറയാം. പ്ലംബറിന്റെ പരീക്ഷ പി.എസ്.സി. നടത്തിയപ്പോൾ 100 ചോദ്യങ്ങളിലെ 96 ചോദ്യങ്ങളും ഒരു ഗൈഡിൽ നിന്നാണ് കോപ്പി പേസ്റ്റ് പോലെ, അതായത്, പല ചോദ്യങ്ങളുടെയും ക്രമനമ്പർ പോലും തെറ്റാതെ അതുപോലെ വന്നിരിക്കുകയാണ്. ഇത് സ്വാഭാവികമായും വന്നതാണോയെന്ന്

ആർക്കെങ്കിലും സംശയം തോന്നാം. പക്ഷേ, ഇങ്ങനെ കോപ്പി പേസ്റ്റ് ചെയ്ത് പി.എസ്.സി. ചോദ്യപേപ്പർ തയ്യാറാക്കിയപ്പോൾ ശ്രദ്ധിക്കാതെ പോയത് ഗൈഡിലെ തെറ്റുകൾ പി.എസ്.സി.-യിലെ ചോദ്യത്തിലും ഉണ്ടായിരുന്നുവെന്നതാണ്. ഉത്തരത്തിലെ ഓപ്ഷൻസിലെ തെറ്റുകളും ചോദ്യപേപ്പറിലും തെറ്റായി തന്നെ വന്നു. പരീക്ഷ കഴിഞ്ഞതിനുശേഷം ഉത്തര സൂചികയിലുണ്ടായിരുന്ന തെറ്റുകളും ഇതിനകത്ത് അച്ചടിച്ചുവരുന്ന ഒരു സാഹചര്യമുണ്ടായി. പി.എസ്.സി-യിലെ തട്ടിപ്പിനെ സംബന്ധിച്ചും ഈ പറഞ്ഞതുപോലെ നൂറിൽ തൊണ്ണൂറ്റിയാറ് ചോദ്യങ്ങൾ ഒരു ഗൈഡിൽനിന്ന് വന്നതും നാം കാണേണ്ടതാണ്. ചോദ്യത്തിലും ഓപ്ഷൻസിലും ആൻസർ കീയിലും വന്ന തെറ്റുകൾ ഗൈഡിലുണ്ടായിരുന്നതുപോലെ പി.എസ്.സി. ചോദ്യപേപ്പറിലും വരുത്തുന്നു. അതിനുശേഷം ഇതിനെതിരെ നടപടിയെടുക്കുമെന്നും പറഞ്ഞ് പരീക്ഷ ക്യാൻസൽ ചെയ്തു. ഇവിടെ സമരവും ബഹളവുമുണ്ടായി. 22000 ഉദ്യോഗാർത്ഥികൾ എഴുതിയ പരീക്ഷയാണിത്. അത് ക്യാൻസൽ ചെയ്തുകഴിഞ്ഞപ്പോൾ അടുത്ത പ്രശ്നം വന്നു. ഓൺലൈൻ ആപ്പിൽനിന്ന് 36 ചോദ്യങ്ങൾ ഇതേ രീതിയിൽ കോപ്പി പേസ്റ്റ് ചെയ്ത് പി.എസ്.സി. പരീക്ഷയിൽ ഉൾപ്പെടുത്തി. ഞാൻ പി.എസ്.സി.യുടെ

വിശ്വാസ്യതയെ സംബന്ധിച്ച് പറഞ്ഞപ്പോൾ, വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ബി.കോം. പാസ്സാകാത്ത വിദ്യാർത്ഥി എം.കോം.-ന് അഡ്മിഷൻ എടുക്കുന്നതും മത്സരിക്കാത്ത ആൾ കൗൺസിലർ ആകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ മുഴുവനും പറഞ്ഞുവരുന്നത്, ഇവിടത്തെ ചെറുപ്പക്കാരെ വിദേശത്തേയ്ക്ക് അയയ്ക്കാനുള്ള ഒരു ഏജൻസിയായി കേരളത്തിലെ ഗവൺമെന്റ് മാറരുതെന്നുള്ളതുകൊണ്ടാണ്. ഇതിന്റെ പിന്നിലെ രാഷ്ട്രീയമല്ല നിങ്ങൾ കാണേണ്ടത്. എൽ.കെ.ജി. പരീക്ഷയ്ക്ക് പോലും വിശ്വാസ്യതയുണ്ടായിരുന്ന കേരളത്തിൽ ഇപ്പോൾ ഏത് പരീക്ഷ പഠിച്ച് പാസ്സായി വന്നവരോടും സർട്ടിഫിക്കറ്റ് കാണിച്ചുകൊടുത്താൽ ഒറിജിനലാണോ എന്ന ചോദ്യം തിരിച്ച് ചോദിക്കേണ്ട അവസ്ഥയിലേയ്ക്ക് ഈ നാടിന്റെ പരീക്ഷാ സമ്പ്രദായത്തെ മാറ്റരുതായിരുന്നു. അത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ പ്രശ്നങ്ങളുണ്ടാകുന്നത്. ഒരു യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകൻ നീറ്റ് പരീക്ഷയിൽ 18 മാർക്ക് ഉണ്ടായിരുന്ന ഒരു കുട്ടിയുടെ മാർക്ക് 468 മാർക്കാക്കി സർട്ടിഫിക്കറ്റ് പ്രെസന്റ് ചെയ്തപ്പോൾ സർട്ടിഫിക്കറ്റ് പരിശോധിക്കാൻ കോടതി പറഞ്ഞതുകൊണ്ടാണ് ആ തട്ടിപ്പ് പുറത്തറിഞ്ഞത്. ഇത് നീറ്റ്

പരീക്ഷയ്ക്കാണെന്നും തുടർന്ന് പഠിക്കാൻ പോകുന്നത് എം.ബി.ബി.എസ്.-നാണെന്നും ഓർമ്മ വേണം. പി.എസ്.സി. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇതിന്റെ വിശ്വാസ്യതയ്ക്ക് കോട്ടം തട്ടാതിരിക്കാനും ഗവൺമെന്റ് ശ്രദ്ധിക്കണം. പി.എസ്.സി.-യുടെ ട്രാൻസ്പിരൻസി ഉറപ്പുവരുത്താൻ പി.എസ്.സി. പാർട്ടിക്കും സർക്കാരിനും അതിന്റെ സംവിധാനങ്ങൾക്കും അപ്പുറത്തേയ്ക്ക് കേരളത്തിൽ തൊഴിൽ ആഗ്രഹിക്കുന്ന ചെറുപ്പക്കാരുടെ എക്കാലത്തെയും വലിയ ആശയകേന്ദ്രങ്ങളിൽ ഒന്നായി നിലനിൽക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പരീക്ഷാ സമ്പ്രദായത്തെ സംബന്ധിച്ച് പലതവണ ഗവൺമെന്റിനുമുന്നിൽ പരാതി പറഞ്ഞതാണ്. എല്ലാ പരീക്ഷകൾക്കുംകൂടി ഒരു പ്രാഥമിക പൊതുപരീക്ഷയെന്ന പേരിൽ പരീക്ഷ സംഘടിപ്പിക്കുകയാണ്. അത് വളരെ നെർവസ്സാക്കുന്ന സാഹചര്യമുണ്ടാക്കുന്നുവെന്ന് കുട്ടികൾ നിരന്തരം പരാതി വന്നുപറയുന്നു. പല കാറ്റഗറിയിലേയ്ക്കുമുള്ള പരീക്ഷകൾക്കെല്ലാംകൂടി ഒരു പ്രിലിമിനറി പരീക്ഷയാണ് നടത്തുന്നത്. ഒരാൾക്ക് എഴുതപ്പെടേണ്ട വിഷയം ആണെങ്കിലും അല്ലെങ്കിലും പൊതുപരീക്ഷയെന്ന രീതിയിൽ അത്

നടത്തുകയാണ്. പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ച് 20 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട തീയതിയിൽ പരീക്ഷയെഴുതുമെന്നത് ഓൺലൈനായി അറിയിക്കണം. കണ്ണിൽ എണ്ണയൊഴിച്ച് കാത്തിരിക്കുന്ന സമയത്ത് അതറിയിക്കാൻ വൈകിയാൽ, സ്ഥലത്തില്ലാതെ പോയാൽ, ആ ദിവസം ഏതെങ്കിലും കാരണത്താൽ പരീക്ഷയ്ക്ക് വരാൻ കഴിയാതിരുന്നാൽ, പരീക്ഷ എഴുതാൻ കഴിയാതെ പോയാൽ, അവിടെ എത്താൻ കഴിയാതെ പോയാൽ, അങ്ങനെ എന്തെങ്കിലും വിധത്തിലുള്ള പ്രയാസം ഒരു കുട്ടിക്ക് വന്നാൽപ്പിന്നെ പത്തുനൂറ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാകാര്യത്തിനും ആ കുട്ടിയുടെ മുമ്പിൽ അടുത്ത മൂന്നുവർഷത്തേയ്ക്ക് എല്ലാ വാതിലുകളും അടയുകയാണ്. മതിയായൊരു പഠനവും നടത്തിയിട്ടല്ല ഇത്തരമൊരു തീരുമാനമെടുത്തത്. അങ്ങനെയാണെങ്കിൽ അത്തരമൊരു പഠനത്തിന്റെ റിപ്പോർട്ട് വേണ്ടേ? ഓരോരുത്തർക്കായി പരീക്ഷ നടത്തുന്നത് സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച് പി.എസ്.സി.-യുടെ കൺവീനിയൻസിനുവേണ്ടി മാത്രമെടുത്ത തീരുമാനമാണിത്. 100 റാങ്ക് പട്ടികകളിലും ഒരേ ഉദ്യോഗാർത്ഥികൾ വരുന്നൊരു സാഹചര്യമാണ്. കാരണം പ്രാഥമിക പൊതുപരീക്ഷ പാസായി വരുന്നവരാണ് പിന്നെ മറ്റ് പരീക്ഷകൾ

എഴുതുന്നത്. ഇതിൽലുൾപ്പെട്ട ആളുകൾതന്നെയാണ് പല റാങ്ക് ലിസ്റ്റുകളിലും വരുന്നത്. ആ റാങ്ക് ലിസ്റ്റുകളിൽ വരുന്ന ആളുകൾ നല്ല പൊസിഷനുകളിലേയ്ക്ക് കയറിപ്പോകുമ്പോൾ മറ്റ് പല പൊസിഷനുകളിലേയ്ക്കും വരുന്ന അഡ്വൈസിൽ അവർ ജോയിൻ ചെയ്യുന്നില്ല. അഡ്വൈസ് അയച്ചതിന്റെ കണക്കെടുത്തിട്ട് എത്ര നിയമനത്തിന് അംഗീകാരം കൊടുത്തുവെന്ന് ചോദിക്കുമ്പോൾ എൻ.ജെ.ഡി.-യുടെ കണക്കുകൂടി എടുക്കേണ്ടിവരുന്നു. Not Joining Duty (NJD)-യുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിനുപകരമായി ആളുകൾക്ക് അവിടെ വരാനുണ്ടാകുന്ന പ്രയാസങ്ങൾ എന്താണ്? ഈ കുട്ടികൾ പിന്നെ വിവരാവകാശ പ്രവർത്തനം തുടങ്ങണം, അവർ റാങ്ക് ഹോൾഡേഴ്സിന്റെ അസോസിയേഷൻ രൂപീകരിക്കണം, ഓഫീസായ ഓഫീസുകളിൽ മുഴുവൻ കയറിയിറങ്ങണം, അപേക്ഷ കൊടുക്കണം. ഖേദകരമെന്നുപറയട്ടെ, അവരോട് നല്ലൊരു സമീപനംപോലും പല രംഗങ്ങളിലുമുള്ള ആളുകൾ വച്ചുപുലർത്തുന്നില്ല. പി.എസ്.സി. വഴി നിയമതിരാകുന്ന ആളുകൾ പല പദവിയിലും ഇരിക്കുമ്പോൾ, തങ്ങൾക്കുശേഷം കടന്നുവരാനിരിക്കുന്ന ആളുകളോട് പുലർത്തേണ്ട ഒരു സാമാന്യ മര്യാദപോലും പലപ്പോഴും

ഇക്കാര്യങ്ങളിൽ പുലർത്തുന്നില്ലായെന്നുള്ള പരാതി ഏറ്റുവാങ്ങുന്നത് ഞങ്ങൾ മാത്രമല്ലല്ലോ; അപ്പുറത്തിരിക്കുന്ന എത്രയോ അംഗങ്ങളോട് റാങ്ക് ഹോൾഡേഴ്സ് വന്ന് പറയുന്നില്ലേ? വേക്കൻസി റിപ്പോർട്ടിംഗാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ട ഒരുകാര്യം. നമ്മുടെ ടെക്നോളജി ഇത്രയും അഡ്വാൻസ്ഡായി നിൽക്കുന്നൊരു സാഹചര്യത്തിൽ, വേക്കൻസി റിപ്പോർട്ടിംഗ് എന്നത് തൊഴിലിനുവേണ്ടി നടക്കുന്നവന്റെ ഉത്തരവാദിത്വമാണ് എന്ന കൺസെപ്റ്റിനെയാണ് ആദ്യം തകർക്കേണ്ടത്. റാങ്ക് ഹോൾഡേഴ്സ് പോയി ഉദ്യോഗസ്ഥരെ കണ്ട്, ആർ.റ്റി.ഐ. കൊടുത്ത് രണ്ടാഴ്ചക്കാലം, ഒരുമാസക്കാലം അല്ലെങ്കിൽ രണ്ടുമാസക്കാലം കാത്തിരുന്ന് അതിന്റെ മറുപടി വാങ്ങണം. ആ മറുപടിയും വാങ്ങി അവർ ഞങ്ങളെ വന്ന് കണ്ട് പറയുന്നത്, 'സാർ ഇതൊന്ന് സഭയിൽ പറയുമോ, ഇതൊന്ന് ഉന്നയിക്കുമോ; ഞങ്ങൾ കഷ്ടപ്പെട്ട് പഠിച്ച് ഇത്രകാലമായി കാത്തിരുന്ന് കിട്ടിയതാണ്, ഒഴിവുകൾ പലതും പൂഴ്ത്തിവയ്ക്കുന്നു, ഒഴിവ് ഇല്ലായെന്നാണ് പറയുന്നത്, ചില ആർ.റ്റി.ഐ.-ക്ക് ഉത്തരം തരുന്നില്ല' എന്നെല്ലാമാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് വ്യവസായവും ഐ.ടി. ഉൾപ്പെടെയുള്ള വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വ്യക്തി കൂടിയാണല്ലോ. വേക്കൻസി

റിപ്പോർട്ടിംഗിനെ സംബന്ധിച്ചുള്ള സംവിധാനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ഒരു ഓട്ടോമാറ്റിക് ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ സിസ്റ്റം വേണമെന്ന് നമ്മൾ കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. വേക്കൻസികൾ ഓട്ടോമാറ്റിക്കായി അപ്ഡേറ്റ് ചെയ്യപ്പെടുന്നൊരു സാഹചര്യമുണ്ടാക്കാൻ ഗവൺമെന്റ് വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. ഒരു വേക്കൻസിയും പൂഴ്ത്തിവയ്ക്കാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുക്കരുത്. ഉദ്യോഗാർത്ഥികൾക്ക് കിട്ടേണ്ട ഒരു വേക്കൻസിയും ഇല്ലാതായിപ്പോകുന്നൊരു സാഹചര്യമുണ്ടാകരുത്. പ്രൊമോഷന്റെയും ബൈട്രാൻസ്ഫറിന്റെയും ഇന്റർ-ഡിസ്ട്രിക്ട് ട്രാൻസ്ഫറിന്റെയുമൊക്കെ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്ന തരത്തിൽ  ഓട്ടോമാറ്റിക്കായ ഒരു സംവിധാനം ഉദ്യോഗാർത്ഥികൾക്ക് ചെയ്തുകൊടുക്കുകയാണെങ്കിൽ അവർക്ക് കൊടുക്കുന്ന തൊഴിൽ ഒരു ഔദാര്യമല്ലെന്നും അതവർ പഠിച്ച് നേടുന്ന അവകാശമാണെന്നുമുള്ള ബോധത്തോടുകൂടി അതിനുവേണ്ടി ശ്രമിക്കാനുള്ള ഒരു കരുത്ത് അവർക്ക് നൽകുമെന്ന കാര്യത്തിൽ സംശയം വേണ്ട. അവർ ഔദാര്യത്തിന് നടക്കുന്നതുപോലെ പലരുടെയും പുറകെ നടക്കുകയാണ്. അതുകൊണ്ട് ആ സംവിധാനം നിർബന്ധമായും ഏർപ്പെടുത്തണമെന്ന് ഞാൻ

അഭ്യർത്ഥിക്കുകയാണ്. ഒഴിവുകളിലെ കള്ളക്കളി കണ്ടെത്തുന്നതിനുവേണ്ടി സെക്രട്ടേറിയറ്റിൽ ഒരു വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ടായിരുന്നു. പ്രൊമോഷനെ സംബന്ധിച്ച ഇറെഗുലാരിറ്റീസ്, ഒഴിവുകൾ പൂഴ്ത്തിവയ്ക്കുന്നതിനെ സംബന്ധിച്ചുള്ള പരാതികൾ എന്നിവ പുറത്തുകൊണ്ടുവരിക, റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിപ്പിക്കുന്നതിനുമുമ്പ് പ്രത്യേക ഡ്രൈവ് നടത്താൻ ഫോഴ്സ് ചെയ്യുക, പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് കണക്കാക്കപ്പെടുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക എന്നിവയൊക്കെയാണ് ആ സെല്ലിന്റെ പ്രധാനപ്പെട്ട ജോലിയായി കാണുന്നത്. എന്തോ ഭരണപരിഷ്കാരവുമായി ബന്ധപ്പെട്ട് ഈ സെൽ ഒഴിവാക്കാൻ പോകുന്നതായി കേൾക്കുന്നു. ഓരോ വകുപ്പിനും പ്രത്യേകം വിജിലൻസ് സംവിധാനങ്ങളുള്ളപ്പോൾ എന്തിനാണ് സെക്രട്ടേറിയറ്റിൽ സെപ്പറേറ്റായി ഇങ്ങനെയൊരു വിജിലൻസ് സെൽ എന്നുള്ളചോദ്യം വന്നതിനാൽ അത് ഒഴിവാക്കാൻ പോകുകയാണ്. അതുകൂടി ഒഴിവാക്കുന്നതോടെ, ഈ ചെറുപ്പക്കാർ അവർക്ക് അവകാശപ്പെട്ട തൊഴിലിനുവേണ്ടി അലഞ്ഞുനടക്കുന്നത് ഇരട്ടിയാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഇത് അടിയന്തരമായി പരിശോധിച്ച് ആ നീക്കം

നിർത്തിവയ്ക്കാൻ സർക്കാർ തയ്യാറാകണം. അങ്ങനെയൊരു നീക്കത്തിന് അനുമതി കൊടുക്കരുത്. ഇതിനൊരു ഓട്ടോമേറ്റഡ് സംവിധാനം വരുന്നതുവരെയെങ്കിലും സെൽ നിലനിർത്തണമെന്നുള്ള റിക്വസ്റ്റാണ് ഗവൺമെന്റിന്റെ മുന്നിൽ വയ്ക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....യെസ്....

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു കാര്യംകൂടി പറഞ്ഞശേഷം ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇപ്പോൾ എൽ.ഡി.സി. റാങ്ക് ഹോൾഡേഴ്സ് എത്രകാലമായി പുറകെ നടക്കുന്നു. തസ്തികകൾ പലതും വെട്ടിക്കുറയ്ക്കുന്നു. പല തസ്തികകളും ഇല്ലാതാകുന്നു. അവർ പരീക്ഷയെഴുതുമ്പോഴുണ്ടായിരുന്ന തസ്തികകൾപോലും പിന്നീട് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഒരു ഉദാഹരണം പറയാം, ബെവ്കോ ഹെഡ്ഓഫീസുമായി ബന്ധപ്പെട്ട് സീനിയർ അസിസ്റ്റന്റ് തസ്തികയുണ്ടാക്കുന്നതിന്റെ ഭാഗമായി 375 എൽ.ഡി.സി. തസ്തിക 282 എണ്ണമായി വെട്ടിക്കുറച്ചു. ഇങ്ങനെ വെട്ടിക്കുറയ്ക്കുമ്പോൾ യു.ഡി.സി. തസ്തിക ഡൗൺഗ്രേഡ് ചെയ്ത് എൽ.ഡി.സി.-ക്ക് നൽകുകയാണ് സാധാരണ ചെയ്യുന്നത്. ആരുടെയും പ്രൊമോഷൻ സാധ്യതയെ അത് കാര്യമായി

ബാധിക്കില്ല. നേരത്തെ ഒരു ആർ.ടി.ഐ. കൊടുത്തപ്പോൾ അൻപത് ഒഴിവുകൾ വന്നിട്ടും തുച്ഛമായ ആളുകൾ മാത്രമാണ് അതിൽ പ്രൊമോട്ടഡായി വന്നിട്ടുള്ളൂവെന്നാണ് അറിഞ്ഞത്. ബാക്കി തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. അതാർക്കും കിട്ടാതെപോകുന്ന സാഹചര്യമാണ്. ഇത്തരം കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം.

പുതിയ സംവിധാനങ്ങളെ നമ്മൾ യൂസർ ഫ്രണ്ട്‌ലി എന്നാണ് വിളിക്കുന്നത്. ആപ്പിളിന്റെ പതിനഞ്ചാമത് പതിപ്പ് ഇറങ്ങി. അവർ യു.എസ്.ബി. പോർട്ട് മാറ്റി. എല്ലാവരുടെയും കൺവീനിയൻസ് അനുസരിച്ച് യൂറോപ്യൻ യൂണിയന്റെ സംവിധാനത്തിനനുസരിച്ച് യു.എസ്.ബി. പോർട്ട് ലൈറ്റനിംഗ് മാറ്റി സി-ടൈപ്പ് ആക്കാൻ വേണ്ടി തീരുമാനിച്ചു. അത് യൂസർ ഫ്രണ്ട്‌ലി ആകുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. ഒരു 'ഉദ്യോഗാർത്ഥി ഫ്രണ്ട്‌ലി സംവിധാനം' പി.എസ്.സി.-യിൽ ഒരുക്കണം. യൂണിവേഴ്സിറ്റിയിൽ സ്റ്റുഡൻസ് ഡീൻ ഉണ്ടാകുന്നതുപോലെ ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ അഡ്രസ് ചെയ്യാനും അവരുടെ ഭരണപരമായ കാര്യങ്ങൾ ചെയ്യുന്നതിന് മാത്രമല്ല, അവർക്ക് ഇത്തരം ചോദ്യങ്ങൾ ചോദിക്കാനും അവരുടെ ആശങ്കകൾക്ക് മറുപടി പറയാനും

അവർക്ക് കാര്യങ്ങൾ പ്രെസന്റ് ചെയ്യാനുമുള്ളൊരു സംവിധാനം പി.എസ്.സി. ഓഫീസുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും തുടങ്ങാൻ ഈ ഗവൺമെന്റിനോട് കേരളത്തിലെ ചെറുപ്പക്കാർക്കുവേണ്ടി അഭ്യർത്ഥിക്കുകയാണ്. കാനഡയിലേയ്ക്കും ജർമ്മനിയിലേയ്ക്കും യൂറോപ്പിലേയ്ക്കും ഓടാൻ കൊതിച്ച് കാത്തിരിക്കുന്ന തരത്തത്തിൽ ചെറുപ്പക്കാരുടെ സ്വാഭാവങ്ങൾ, താല്പര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ നിൽക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിൽ ട്രാൻസ്പരന്റായ, വിശ്വാസ്യതയുള്ള, അർഹതയുണ്ടായിട്ടും യോഗ്യതയുണ്ടായിട്ടും ജോലി നിഷേധിക്കപ്പെടാത്തൊരു സാഹചര്യം ഉറപ്പുവരുത്താൻ പി.എസ്.സി. ഒരു പ്രധാനപ്പെട്ട സങ്കേതമാണെന്ന കാര്യത്തിൽ സംശയം വേണ്ട. അതിന്റെ ട്രാൻസ്പരൻസി ഉറപ്പുവരുത്തണം. അത് കുറച്ചുകൂടി ഉദ്യോഗാർത്ഥി ഫ്രണ്ട്ലിയാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എച്ച്. സലാം): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും

കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ യുവജനങ്ങളുടെ സ്വപ്നസഫലീകരണത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് പി.എസ്.സി. എന്ന് നമുക്കെല്ലാവർക്കും അറിയാം. അതുകൊണ്ടുതന്നെ അതിന്റെ സുതാര്യതയും മികവും ഏറ്റവും മെച്ചമാക്കിയെടുക്കുകയെന്നത് നമ്മുടെ നാടിന്റെയാകെ ഒരു ആവശ്യമാണ്. നിശ്ചയമായും കേരളത്തിലെ ഗവൺമെന്റ് പി.എസ്.സി. വഴിയുള്ള ആ സംവിധാനത്തെ കാലത്തിനനുസൃതമായി മെച്ചപ്പെടുത്താൻ എങ്ങനെയെല്ലാം കഴിയുമെന്ന് ആലോചിക്കുകയും അതേ നിലയിലത് നടപ്പിലാക്കിയെടുക്കാൻവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നൊരു ഗവൺമെന്റാണ്. കേരളത്തിലെ നിയമനത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ നിയമനം നടത്തി റെക്കോർഡ് സൃഷ്ടിക്കപ്പെട്ട ഗവൺമെന്റാണ് ഒന്നും രണ്ടും പിണറായി ഗവൺമെന്റെന്ന് കാണാം. കേരളത്തിലെ പി.എസ്.സി. എന്ന സംവിധാനത്തിന്റെ വിശ്വാസ്യത പൂർണ്ണമായും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്, പി.എസ്.സി. എന്ന സ്ഥാപനം കാരണം

കേരളത്തിലെ ഉദ്യോഗാർത്ഥികൾ ഈ നാട്ടുവിട്ട് മറ്റ് രാജ്യത്തേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ് എന്നെല്ലാമുള്ള വികലമായ ചിന്തയും അഭിപ്രായങ്ങളുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി പറമ്പിൽ ഇവിടെ സംസാരിച്ചപ്പോൾ പ്രകടിപ്പിച്ചത്. അതിന് ഉപോൽബലകമായി പി.എസ്.സി.-യുമായി ബന്ധമുള്ള ഉദാഹരണമൊന്നും പറഞ്ഞുമില്ല. പി.എസ്.സി.-ക്ക് പുറത്തുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തി പി.എസ്.സി. മഹാപ്രശ്നമായിരിക്കുന്നു, അതുകൊണ്ട് ചെറുപ്പക്കാരുടെ പ്രതീക്ഷയാകെ അറ്റുപോയിരിക്കുകയാണ്, അവർ നാട്ടുവിട്ടുപോകുകയാണെന്ന നിലയിലാണ് അദ്ദേഹം സംസാരിച്ചത്. ഇന്ന് കേരളത്തിലെ പി.എസ്.സി. എന്ന സംവിധാനത്തെ മെച്ചപ്പെടുത്താൻ ഗവൺമെന്റും പി.എസ്.സി.-യും ഏറ്റവും മെച്ചമായ നിലപാട് സ്വീകരിക്കുന്നു. ഡിജിറ്റൽ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സൗകര്യംകൂടി എങ്ങനെ പി.എസ്.സി.-യുടെ പ്രവർത്തനത്തെ അതിലേയ്ക്ക് ഉൾച്ചേർക്കാൻ കഴിയുമെന്ന് ചിന്തിക്കുകയും അതിനാവശ്യമായ പദ്ധതികൾക്കുകൂടി രൂപം കൊടുക്കുകയും ചെയ്യുന്നൊരു സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ഷാഫി

പറമ്പിലിനെപ്പോലുള്ള ആളുകൾ ഈ നിലയിൽ സംസാരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന നിയമനം നടന്ന ഒരു കാലം പിണറായി സർക്കാരിന്റെ കാലമാണ്. 2016 മുതൽ 2023 ജൂലൈ വരെയുള്ള കണക്കെടുത്താൽ 227063 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി. ഇത് കേരളത്തിലെ റിക്കോർഡ്ഡാണ്. യു.ഡി.എഫ്.-ന്റെ കാലത്തെ കണക്കെടുത്തുനോക്കിയാൽ വ്യത്യാസം മനസ്സിലാകും. അദ്ദേഹം ആ കണക്കുമാത്രം പറഞ്ഞില്ല. ഏതാണ്ട് ഒന്നര ലക്ഷത്തിൽ താഴെയാണ്. 144386 ആണ് യു.ഡി.എഫ്.-ന്റെ കാലത്തെ നിയമനം. തസ്തികയില്ലാത്തതുകൊണ്ടല്ല ഈ കുറവ് സംഭവിച്ചത്. തസ്തികയുണ്ടായിട്ടും അപ്രഖ്യാപിതമായി നിയമനങ്ങൾ നിരോധിച്ചുവച്ച്, നിയമനം നടത്താതെ മുന്നോട്ടുപോയതിന്റെ ഭാഗമായിട്ടാണ് ഈ കുറവ് യു.ഡി.എഫ്.-ന്റെ കാലത്ത് കാണാൻ സാധിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവർ നിരോധിക്കപ്പെട്ട് നിർത്തിയിരുന്ന പോസ്റ്റുകളിൽ നിയമിച്ചുവെന്നുമാത്രമല്ല, പുതിയതായി തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഇവിടെ നേരത്തെ അടിയന്തരപ്രമേയ ചർച്ചയുടെ ഭാഗമായി കേരളത്തിലെ സാമ്പത്തിക ക്രൈസിസിനെക്കുറിച്ച് പറഞ്ഞു. സാമ്പത്തിക പ്രയാസമുള്ള ഘട്ടത്തിലും

അത്യാവശ്യമുള്ളിടത്തെല്ലാം പുതിയ തസ്തിക സൃഷ്ടിക്കാൻ വേണ്ടിയുള്ള നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഏതാണ്ട് മുപ്പതിനായിരത്തിലധികം വരുന്ന തസ്തിക സൃഷ്ടിച്ചുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് ഇപ്പോൾ മുന്നോട്ടുപോകുന്നതെന്ന് കാണാം. അതിൽ കൃത്യമായ സംവരണം പാലിക്കുന്നുണ്ട്. പ്രത്യേകമായി എടുത്തുപറയാൻ കഴിയുന്ന കാര്യം, 2016 മുതൽ 7170 പേർക്ക് പട്ടികവർഗ്ഗ നിയമനം കൊടുത്തു. 1924 പേർക്ക് സ്പെഷ്യലായി റിക്രൂട്ട്മെന്റ് നടത്തി. ഇങ്ങനെ വളരെയേറെ ശ്രദ്ധയോടും സൂക്ഷ്മതയോടുകൂടിയും ഇത് പ്രവർത്തിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന് കൃത്യമായ കാഴ്ചപ്പാട് വച്ചുകൊണ്ടുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് കാണാം. ആദിവാസി സമൂഹത്തിൽനിന്നുള്ള റിക്രൂട്ട്മെന്റ് കേരളത്തിന്റെയും രാജ്യത്തിന്റെ ആകെയും ശ്രദ്ധ പിടിച്ചുപറ്റിയതാണ്. പ്രത്യേക പരിശീലനം കൊടുത്ത് വനമേഖലകളിൽ അവരെ നിയമിക്കാനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. കേരളത്തിലെ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ നിയമനമെന്ന സ്വപ്നം സാക്ഷാത്കരിക്കാനും പ്രത്യേകമായ പരിരക്ഷ നൽകേണ്ട ജനവിഭാഗത്തെ പ്രത്യേകമായി പരിഗണിക്കാനും കഴിയുന്ന

നിലപാടുകൾ സർക്കാരിന്റെ കാഴ്ചപ്പാടായി മുന്നോട്ടുവയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് കേരളത്തിലെ ഗവൺമെന്റിനും പി.എസ്.സി.-ക്കും ഇത്തരം നിലപാട് സ്വീകരിക്കാൻ കഴിയുന്നത്. നിരവധി പരിഷ്കാരങ്ങൾ ഈ സന്ദർഭത്തിൽ പി.എസ്.സി. മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽ ഒന്ന്, ഇവിടെ നേരത്തെ ശ്രീ. ഷാഫി പറമ്പിലും ആശങ്കയോടെ പറഞ്ഞ കാര്യമുണ്ട്. ചില നിർദ്ദേശം അദ്ദേഹം പറഞ്ഞു. ഞാനും നേരത്തെ ഈ സഭയിൽ സബ്മിഷനായി ഉന്നയിച്ച ഒരു കാര്യമാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നതാണ് ഉദ്യോഗാർത്ഥികൾക്കുള്ള ഏറ്റവും ഗൗരവമായ പ്രശ്നം. മാത്രമല്ല ഒഴിവ് എത്രയുണ്ടെന്ന് അറിയാൻ ഓരോ ഓഫീസും കയറിയിറങ്ങി നടക്കേണ്ട സാഹചര്യമുണ്ട്. ആ സമയത്ത്, നമ്മുടെ ഈ സഭയിലുൾപ്പെടെ ചർച്ച നടത്തി മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്യപ്പെട്ട കാര്യം ഒരു ഓൺലൈൻ സംവിധാനത്തിലേയ്ക്ക് നമ്മൾ പോകണമെന്നാണ്. ഉദ്യോഗാർത്ഥികൾതന്നെ ഒഴിവിനെക്കുറിച്ച് വ്യക്തമായി, നേരിട്ട് ബോധ്യമാകുന്ന നിലയിൽ ഒരു സിസ്റ്റം ക്രിയേറ്റ് ചെയ്യപ്പെടണമെന്ന് തീരുമാനിക്കപ്പെട്ടു. ഏറെക്കുറെ ആ സ്ഥിതിയിലേയ്ക്ക് ഇപ്പോൾ പി.എസ്.സി. മുന്നോട്ടുപോകുന്നത് കാണാൻ സാധിക്കും. വിരമിക്കൽ തീയതി ഉൾപ്പെടെ

രേഖപ്പെടുത്തിക്കൊണ്ട് ഓരോ ജീവനക്കാരും എന്ന് വിരമിക്കുമെന്ന് സ്ഥാപന മേധാവിക്കുമാത്രമല്ല, ഏത് ഉദ്യോഗാർത്ഥിക്കും പൊതുജനത്തിനും ബോധ്യമാകുന്ന നിലയിലേയ്ക്കുള്ള സിസ്റ്റം ക്രിയേറ്റ് ചെയ്യപ്പെട്ടാൽ സ്വാഭാവികമായും, ആർക്കും നോക്കാൻപറ്റുന്ന രീതിയിലേയ്ക്കുള്ള സിസ്റ്റമാക്കി നമുക്കത് മാറ്റാൻ കഴിയും. ഇപ്പോൾ ഒഴിവുകൾ മറച്ചുവയ്ക്കുന്ന രീതിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കർശനമായ നിലപാട് സ്വീകരിക്കപ്പെട്ട ഒരു മേഖലയാണത്. സ്ഥാപന മേധാവികൾ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമെന്ന നിലയിൽ പറഞ്ഞു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടോയെന്ന് നോക്കാനുള്ള സംവിധാനമുണ്ടാക്കി. ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ, ഒഴിവുണ്ടായതിനുശേഷം അതിന്റെ നിയമന നടപടികളിലേയ്ക്ക് പോകുകയെന്ന നിലയ്ക്കല്ല, വരും വർഷങ്ങളിലുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി തലേവർഷം കണക്കാക്കാനും അതിന്റെ നിയമന നടപടികൾ ആരംഭിക്കാനുമാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചു. ഇ-വേക്കൻസി സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒഴിവ് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന സിസ്റ്റത്തിലേയ്ക്ക് നമ്മളിപ്പോൾ എത്തിച്ചേർന്നു. അത് റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ വകുപ്പുസെക്രട്ടറിമാരെ

ചുമതലപ്പെടുത്തി. അത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെയും ചുമതലപ്പെടുത്തി. ഏറ്റവും ഉന്നത ഉദ്യോഗസ്ഥനായ ചീഫ് സെക്രട്ടറിയുടെ ഉൾപ്പെടെ മേൽനോട്ടത്തിൽ ഇത്തരം കാര്യങ്ങൾ നടത്താൻ നിശ്ചയിക്കപ്പെടുന്നുവെന്ന് പറഞ്ഞാൽ അത്രത്തോളം പ്രാധാന്യത്തോടുകൂടി കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ കാര്യത്തെ ഗവൺമെന്റ് കാണുന്നുവെന്നുള്ളതാണ്. ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ഏർപ്പെടുത്താൻ നിശ്ചയിച്ചു. ഇങ്ങനെയെല്ലാം ഗൗരവതരമായ നിലയിലേയ്ക്ക് പി.എസ്.സി. എന്ന സംവിധാനത്തെ മാറ്റാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുവെന്ന് കാണാം. ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് പുതിയ ചില മേഖലകളിലെ നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് വിടാൻ വേണ്ടി തീരുമാനിക്കുകയാണ്. ഇന്ന് വിശ്വാസ്യതയുള്ള, ഏറ്റവും സുതാര്യമായി, കൃത്യമായ സിസ്റ്റമുള്ള ഒന്നാണ് പി.എസ്.സി.. പി.എസ്.സി.-യുടെ പരിധിയിലേയ്ക്ക് കൂടുതൽ നിയമനങ്ങൾ എങ്ങനെ എത്തിക്കാൻ സാധിക്കുമെന്നാണ് ഈ ഭേദഗതിയിലെ പ്രധാനപ്പെട്ട ഭാഗം. അവരവർ നിയമിക്കുന്നു എന്നെല്ലാം പറഞ്ഞുകൊണ്ടിരുന്ന കാര്യമല്ലേ. കഴിയുന്നത്രയും നിയമനങ്ങൾ

പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഏറ്റവും സുതാര്യമായി എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് ചിന്തിക്കുന്ന ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ഈ ഭേദഗതിപോലും അതിന്റെകൂടി ഭാഗമായി സംഭവിക്കുന്ന കാര്യമാണ്. ഇതുമാത്രമല്ല, പൊതുമേഖലാ സ്ഥാപനത്തിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ ഭാഗമായി മാറ്റുന്ന നിലയല്ലെങ്കിൽകൂടിയും 24 സ്ഥാപനത്തിലെ 618 തസ്തികകളിലെ നിയമനങ്ങൾ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടുനൽകിയത് ഈ ഗവൺമെന്റ് തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. വ്യവസായ വകുപ്പിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. ഇന്നലെവരെ പി.എസ്.സി.-യുടെ ഭാഗമായിട്ടോ അല്ലെങ്കിൽ പൊതുവായ നിയമന സംവിധാനത്തിന്റെ ഭാഗമായി വരാത്ത പോസ്റ്റുകളിലേയ്ക്കും തസ്തികകളിലേയ്ക്കുമെല്ലാം കുറച്ചുകൂടി സുതാര്യമായി, നീതിപൂർവ്വമായി നിയമനം നൽകാൻ കഴിയുന്ന സംവിധാനം ഇതിന് ഏർപ്പെടുത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് ചിന്തിക്കുന്നത്. ഈ നിലയിലുള്ള പുതിയ നിലപാടുകൾ ആ ചിന്തയുടെ ഭാഗമായി നമുക്ക് സ്വീകരിക്കാൻ കഴിയുന്നതെന്ന് കാണാൻ കഴിയും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സൗകര്യം ഉൾപ്പെടെ ഉപയോഗിക്കാൻ വേണ്ടിയുള്ള നിലപാട്

സ്വീകരിക്കുന്നു. ശാസ്ത്രത്തിന്റെ വളർച്ചയ്ക്കനുസരിച്ച്, ടെക്നോളജി വികസിക്കുന്നതിനനുസരിച്ച്, അതെല്ലാം നമ്മുടെ നിയമനത്തിന്റെ മേഖലയിലേയ്ക്ക് എങ്ങനെ കൊണ്ടുവരാൻ കഴിയുമെന്ന് ചിന്തിച്ചുകൊണ്ടാണ് ഗവൺമെന്റും പി.എസ്.സി.-യും മുന്നോട്ടുപോകുന്നത്. കേന്ദ്ര നിയമനത്തെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ ഒരു വാക്കുകൊണ്ടുപോലും പറഞ്ഞില്ല. കേന്ദ്ര സർക്കാർ സർവ്വീസ് നിയമനത്തിന്റെ നിലയെന്താണ്? അവിടെ നിയമനം എത്രയോ കൊല്ലമായി നിരോധിക്കപ്പെട്ടപോലെ നിൽക്കുകയാണ്. കേന്ദ്രത്തിൽ 12 ലക്ഷം തസ്തികയാണ് ഒഴിഞ്ഞുകിടക്കുന്നത്. ഏതാണ്ട് സമ്പൂർണ്ണമായ നിയമന നിരോധനത്തിലേയ്ക്ക് പോയിരിക്കുന്നു. ഇപ്പോൾ ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി കുറച്ച് നിയമനം നടത്താൻ എങ്ങനെ കഴിയുമെന്ന നിലയിലേയ്ക്കുള്ള ചിന്തയൊക്കെ ഇപ്പോൾ വന്നിട്ടുണ്ട്. യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, റെയിൽവേ എന്നീ പ്രധാനപ്പെട്ട മൂന്ന് മേഖലകൾ നോക്കിയാൽ കഴിഞ്ഞ കുറേ വർഷമായി പൂർണ്ണമായും നിയമനം നിർത്തൽ ചെയ്യപ്പെട്ട സാഹചര്യം കാണാൻ കഴിയുന്നുവെന്നുള്ളതാണ്. ഏതാണ്ട് 10 ലക്ഷത്തോളം വരുന്ന തസ്തിക റദ്ദാക്കാൻ തീരുമാനിച്ചുവെന്നാണ് ഏറ്റവും അവസാനം

പുറത്തുവന്ന കണക്ക്. നിശ്ചിതമായ വർഷം നിയമനം നടക്കുന്നില്ലായെങ്കിൽ അത് റദ്ദാക്കപ്പെടുന്നുവെന്നുള്ള ഒരു നയപരമായ തീരുമാനം കേന്ദ്ര സർക്കാർ സ്വീകരിച്ച് പോകുന്ന നിലയാണ്. ഇതാണ് രാജ്യത്താകെ കാണുന്ന കാര്യം. പാർലമെന്റ് എം.പി.-മാരുടെ എണ്ണവും, അവർ പൊരുതിക്കൊണ്ടിരിക്കുകയാണെന്നെല്ലാം ഇവിടെ നേരത്തെ പ്രതിപക്ഷനേതാക്കന്മാർ ഉൾപ്പെടെ പറഞ്ഞല്ലോ; ഈ പറഞ്ഞ ഏതെങ്കിലും ഒരു വിഷയം അവിടെ ഉന്നയിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ? ചില കാറ്റഗറിയിലെ കണക്ക് നോക്കിയാൽ 24 ശതമാനം വരെ തസ്തികകൾ ഒഴിഞ്ഞുനിൽക്കുകയാണ്. റെയിൽവേയിൽ മൂന്ന് ലക്ഷം, പ്രതിരോധ മേഖലയിൽ 2.32 ലക്ഷം, തപാൽ മേഖലയിൽ ഒരു ലക്ഷം, റവന്യൂ മേഖലയിൽ 80000 ഇങ്ങനെ പ്രധാനപ്പെട്ട മേഖലയൊക്കെ പരിശോധിച്ചാൽ ലക്ഷക്കണക്കായ തസ്തികകൾ കേന്ദ്രത്തിൽ ഒഴിഞ്ഞുകിടക്കുന്നു. രാജ്യത്തെ കോൺഗ്രസിനും ഇവിടുന്ന് പോകുന്ന എം.പി.-മാർക്കും ഒരു മിണ്ടാട്ടവുമില്ല. കേരളത്തിൽ വിശ്വാസ്യതയോടുകൂടി, ഏറ്റവും മികവോടുകൂടി പ്രവർത്തിക്കുന്ന പി.എസ്.സി.-യെ അധിക്ഷേപിക്കാൻ വല്ല വഴിയുമുണ്ടോയെന്ന് നോക്കുകയാണ്. കേന്ദ്ര

നിയമനം നോക്കിയാൽ സംവരണം പൂർണ്ണമായി അട്ടിമറിക്കപ്പെടുകയാണ്. സംവരണം അട്ടിമറിക്കപ്പെടുന്ന കാര്യം ബി.ജെ.പി. എം.പി. അദ്ധ്യക്ഷനായ പാർലമെന്ററി സമിതിതന്നെ ആക്ഷേപിച്ചിരിക്കുന്നു. അവർതന്നെ ആ വിലയിരുത്തൽ നടത്തിയിരിക്കുകയാണ്. 22.5 ശതമാനം വേണ്ട സ്ഥാനത്ത് 13 ശതമാനം മാത്രമാണ് സംവരണം. നഗ്നമായി സംവരണത്തെപ്പോലും അട്ടിമറിക്കപ്പെട്ട് രാജ്യത്തെ നിയമനങ്ങൾ പരിപൂർണ്ണമായി ഇല്ലാതാക്കിപ്പോകുന്ന നിലയാണ് കാണാൻ കഴിയുന്നത്. ഏതാണ്ട് 79 ശതമാനം മന്ത്രാലയങ്ങളിലും വകുപ്പുകളിലും എസ്.സി./എസ്.ടി. നിയമനത്തിലെ ഈ കുറവ് കാര്യമായി കാണുന്നുവെന്നുള്ളത് ഒരു ചെറിയ കാര്യമല്ല. ഇങ്ങനെയെല്ലാമുള്ള നിലയിൽ, കേന്ദ്രത്തിന്റെ നിലയിതാകുമ്പോൾ കേരളത്തിലെ പി.എസ്.സി. മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്നതും പുതിയ തസ്തിക സൃഷ്ടിക്കുന്നതുമെല്ലാം കേരളത്തിലെ സർക്കാരിന്റെ താൽപ്പര്യത്തിന്റെ ഭാഗമായിട്ടാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് എന്തുകൊണ്ടാണ് നിയമനം കുറഞ്ഞുപോയത്, കുറെ വകുപ്പിൽ നിയമനം ഇല്ലാതായിപ്പോയത് എന്തുകൊണ്ടാണ്? യു.ഡി.എഫ്.-ന്റെ

ഭരണകാലമെന്ന് പറഞ്ഞാൽ, ഇങ്ങനെയെല്ലാം ഉദ്യോഗാർത്ഥികളുടെ കാര്യങ്ങളോ പ്രശ്നങ്ങളോ പരിഗണിക്കാൻ നേരമുണ്ടായിരുന്നില്ല.

കഴിഞ്ഞ ദിവസം ചർച്ചയിൽ പങ്കെടുത്ത് സോളാറുമായി ബന്ധപ്പെട്ട് പറഞ്ഞില്ലേ? അങ്ങനെയെല്ലാമുള്ള പ്രശ്നങ്ങളുടെ ഭാഗമായി ഭരണ മുന്നണിക്കകത്ത്, ഉള്ളിൽ കിടക്കുന്ന ചില കളികളുടെയൊക്കെ ഭാഗമായി സഞ്ചരിക്കാൻ മാത്രമെ നേരമുണ്ടായിരുന്നുള്ളൂ. അതല്ലേ പുറത്തുവന്ന കാര്യം? എന്നിട്ട് ഈ സഭയിൽവന്ന് പച്ചയായ കള്ളം, പച്ച നുണ ആരെയും കൂട്ടുപിടിച്ച് പറയാവുന്ന നിലയിലേയ്ക്കാണ് വരുന്നത്. നേരത്തെ ഇവിടെ ശ്രീ. വി. ജോയി സംസാരിച്ചപ്പോൾ പറഞ്ഞില്ലേ? മുൻമന്ത്രി ശ്രീ. കെ. സി. ജോസഫിന്റെ സ്റ്റേറ്റ്മെന്റ് ഇന്ന് വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് ഈ സഭയിൽ ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് എങ്ങനെയാണ്; അദ്ദേഹം മരണപ്പെട്ടുപോയ സാക്ഷാൽ ഉമ്മൻ ചാണ്ടിയെപ്പോലും കൂട്ടുപിടിച്ചു. ഉമ്മൻ ചാണ്ടിയെ സാക്ഷ്യപ്പെടുത്തി പറഞ്ഞു. വലത്തോട്ടുതിരിഞ്ഞ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെ സാക്ഷിപ്പെടുത്തി പറഞ്ഞു, യു.ഡി.എഫ്. തീരുമാനമാണെന്ന് പറഞ്ഞു, എവിടെ തീരുമാനിച്ചു. യു.ഡി.എഫ്. തീരുമാനിച്ചാണോ ജോപ്പനെ അറസ്റ്റ്

ചെയ്തത്. അങ്ങനെയാണോ? ഇന്നിപ്പോൾ പറഞ്ഞല്ലോ; ഉമ്മൻ ചാണ്ടി അറിഞ്ഞ്, യു.ഡി.എഫ്. അറിഞ്ഞ് ഞങ്ങളെല്ലാരുംകൂടി ചേർന്ന് തീരുമാനിച്ചാണ് മുഖ്യമന്ത്രിയുടെ ഓഫീസിലെ സ്റ്റാഫായ ജോപ്പനെ അറസ്റ്റ് ചെയ്തതെന്ന്. എന്നിട്ടാണ് ഇന്ന് ശ്രീ. കെ. സി. ജോസഫ് പരസ്യമായി സ്റ്റേറ്റ്മെന്റ് പറഞ്ഞിരിക്കുന്നത്. ഉമ്മൻ ചാണ്ടി അറിയുന്നത്, ഞങ്ങൾ ബഹ്റിനിൽ ഒരുമിച്ചിരിക്കുമ്പോൾ ടി.വി.-യിൽ കണ്ടാണ് ഈ അറസ്റ്റിനെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കിയതെന്ന് ഇന്ന് പരസ്യമായി പറഞ്ഞിരിക്കുകയാണ്. എന്നുപറഞ്ഞാൽ ഈ സഭയുടെ പ്രാധാന്യം തള്ളിക്കളഞ്ഞ്, ഇതിന്റെ പവിത്രത തള്ളിക്കളഞ്ഞ് xxxxxxx[+] ഈ സഭാതലത്തിൽ ഉൾപ്പെടെ നമ്മളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്. ആ കാലത്തുണ്ടാക്കിയ സംസ്കാരമല്ല, കഴിഞ്ഞ ഏഴുകൊല്ലമായി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ച സംസ്കാരം. ഏത് മേഖല നോക്കിയാലും കാണാൻ കഴിയും. അതുകൊണ്ട് ഈ ഭേദഗതിയെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.15472/ഇ.ബി./2023/നി.സെ. തീയതി 14-09-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. ഷാഫി പറമ്പിൽ: സർ, പോയിന്റ് ഓഫ് ഓർഡർ...

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ അദ്ദേഹം വിമർശിച്ചോട്ടെ. XXXXX+ അത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യാൻ അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.+

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, വളരെ ചെറിയ ഒരു ഭേദഗതിയാണെങ്കിലും ഇപ്പോൾ ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇതുപോലൊരു ബിൽ നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കുന്നുണ്ടാകില്ല. കാരണം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് വേണ്ടിയുള്ള ഒരു ബില്ലാണ് നമ്മളിപ്പോൾ അംഗീകരിക്കുന്നത്. ബഹുമാന്യനായ ശ്രീ. ഷാഫി. പറമ്പിൽ എം.എൽ.എ. അതിനെ അഭിനന്ദിച്ചുകൊണ്ട് മറ്റ് വിമർശനങ്ങളിലേയ്ക്ക് പോയിരുന്നെങ്കിൽ കുറച്ചുകൂടി നന്നാകുമായിരുന്നു. ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥിതിയും സംസ്ഥാനങ്ങളുടെ

---

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.15472/ഇ.ബി./2023/നി.സെ. തീയതി 14-09-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

\+

ഇപ്പോഴത്തെ സ്ഥിതിയും പൊതുവെ, less govern the best Government എന്നതാണ്. അതായത്, ഏറ്റവും കുറച്ച് സർക്കാർ സംവിധാനങ്ങൾ മതിയാകും. ഉദ്യോഗസ്ഥരെതന്നെ പരമാവധി കുറയ്ക്കുക എന്ന രൂപത്തിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ ശ്രീ. എച്ച്. സലാം ഇന്ത്യയിലെ നിയമനങ്ങളുടെ അവസ്ഥ ചൂണ്ടിക്കാണിക്കുകയുണ്ടായി. പക്ഷെ സുതാര്യമായിതന്നെ നിയമനങ്ങൾ നടത്തണമെന്നതാണ് കേരളത്തിലെ ഗവൺമെന്റിന്റെ നിലപാട്. അതുകൊണ്ടാണ് പി.എസ്.സി.-ക്ക് വിടാത്ത ഈ മേഖലയിലും പുതുതായി നിയമം കൊണ്ടുവന്ന് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത്. നേരത്തെ ഈ സഭ തന്നെ പാസ്സാക്കിയതാണ്. ഇക്കാര്യം ബഹുമാന്യനായ എം.എൽ.എ. ശ്രീ. എച്ച്. സലാം ഇവിടെ പരാമർശിക്കുകയുണ്ടായി. പി.എസ്.സി.-ക്ക് വിടാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ തസ്തികകളിലെ റിക്രൂട്ട്മെന്റിനുവേണ്ടി ഇപ്പോൾ ഒരു ബോർഡ് രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. മുൻ ചീഫ് സെക്രട്ടറി അധ്യക്ഷനും മുൻ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ ഉൾപ്പെടെയുള്ള ആളുകൾ അംഗങ്ങളായും രൂപീകരിച്ച ഒരു പ്രൊഫഷണൽ ബോർഡാണത്. നമ്മളിവിടെ പാസ്സാക്കിയ നിയമത്തെ

അടിസ്ഥാനപ്പെടുത്തി എല്ലാ നിയമനങ്ങളും നടക്കുകയാണ്, ഒരു കാര്യം കൂടി ഞാൻ ഉറപ്പായി പറയാം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ബോർഡ് വരട്ടെയെന്ന് കാത്തിരുന്ന് ഒരു പി.എസ്.യു.വിലും നിയമനം നടത്തിയിട്ടില്ല. വേണമെങ്കിൽ ബോർഡ് വരാൻ പോകുന്നു എന്നുകരുതിയിട്ടാണല്ലോ എന്ന ചിന്തയും വരാം, ബോർഡ് വന്നുകഴിഞ്ഞാൽ പിന്നെ പരിമിതികളുണ്ടാകും. സാധാരണ ഓരോ സ്ഥാപനവും നിയമനം നടത്തിക്കൊണ്ടിരുന്നതാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ സ്ഥിരനിയമനങ്ങളൊന്നും നടത്തിയിട്ടില്ല. ഇപ്പോൾ ഒറ്റയടിക്ക് നിയമനങ്ങൾ നടത്താൻ പോകുകയാണ്. 28 എം.ഡി.-മാരുടെ നിയമനം. ഇതുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. പക്ഷെ കാലാകാലങ്ങളിലെ ഏതുസർക്കാർ അധികാരത്തിലിരുന്നാലും പി.എസ്.സി.-ക്ക് വിട്ടത് സംബന്ധിച്ച ചില നിയമങ്ങൾ നമ്മൾ പാസ്സാക്കും. പക്ഷെ ഇതിന്റെ റൂൾസ് രൂപീകരിക്കില്ല. ഇത് പി.എസ്.സി.-ക്ക് വിട്ടുവെന്ന് നമ്മൾ പറയുന്നതല്ലാതെ

യഥാർത്ഥത്തിൽ പി.എസ്.സി. വഴി നിയമനങ്ങൾ നടക്കാതെ വരുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. എത്ര നിയമങ്ങൾ പി.എസ്.സി.-ക്ക് വിട്ടു, എത്ര നിയമങ്ങൾ പാസ്സാക്കി; എത്ര നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു; എത്രയെണ്ണത്തിന് റൂൾസ് ഉണ്ടായില്ല; റൂൾസുണ്ടാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാം ഇതെല്ലാം വളരെ ഗൗരവമായ വിഷയങ്ങളാണ്. അതുകൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷ നേതാവ് ഉന്നയിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഏതുകാലത്തും, ഏതുസർക്കാർ ഭരിക്കുമ്പോഴും ഇത്തരം കാര്യങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സങ്കീർണ്ണമായി കൊണ്ടുപോകുന്ന ഒരു അവസ്ഥയുണ്ട്. അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഇതുവരെ പി.എസ്.സി.-ക്ക് വിട്ടതിൽ ഏതൊക്കെ സ്പെഷ്യൽ റൂൾസ് വന്നിട്ടില്ലെന്ന് പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേനതന്നെ നിയമനങ്ങൾ നടത്തുന്നതിനായി നിയമന ചട്ടങ്ങൾ അടിയന്തരമായി

രൂപീകരിക്കാൻ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഭരണ വകുപ്പാണ് അത് തയ്യാറാക്കേണ്ടത്. ഏതുയോഗ്യതയാണ് ഓരോ പോസ്റ്റിനും വേണ്ടതെന്ന് തയ്യാറാക്കി, അവർ അംഗീകരിക്കുന്ന സ്പെഷ്യൽ റൂൾസ് നിയമവകുപ്പിന്റെ പരിശോധനയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. അത് പരമാവധി വേഗത്തിലാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

രാഷ്ട്രീയമായി ഒന്നും പറയുന്നില്ലെന്ന് കരുതിയാൽ, ചില കാര്യങ്ങളിലെ വിശ്വാസ്യതയെ സംബന്ധിച്ച് ശ്രീ. ഷാഫി. പറമ്പിൽ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രിൻസിപ്പൽ നിയമനത്തെ സംബന്ധിച്ചെല്ലാം ഇവിടെ പറഞ്ഞു. ആ വിഷയം കോടതിയിൽ വരികയും അക്കാര്യങ്ങളിൽ വ്യക്തത വരുത്തിക്കഴിഞ്ഞുവെന്ന് കോടതിതന്നെ പറയുകയും ചെയ്തിട്ടുണ്ട്. വ്യാജ രേഖയുടെ കാര്യത്തിലും......ഞങ്ങളെക്കുറിച്ച് പറയുമ്പോൾ ഒരു ആത്മസംതൃപ്തി ലഭിക്കുമെന്നല്ലാതെ.....

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, (മൈക്ക് ഓഫ്)....

<u>മി.സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ... പ്ലീസ്....

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ പറഞ്ഞുകൊണ്ടിരുന്ന പോയിന്റ് പൂർത്തിയാക്കട്ടെ. താൽക്കാലിക നിയമനത്തിനകത്തുവന്ന ഒരു പ്രശ്നത്തിൽ, ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ച് അറസ്റ്റ് ചെയ്തു. പക്ഷെ നിങ്ങൾക്ക് പറയാവുന്ന ഒരു കേസുണ്ടായിരുന്നു. ശ്രീ. ഷാഫി പറമ്പിൽ തിരക്കിനിടയിൽ വിട്ടുപോയതായിരിക്കും. കൊല്ലത്ത് പി.എസ്.സി.-യുടെ ഒരു അഡ്വൈസ് മെമ്മോ വ്യാജമായി നിർമ്മിച്ച സംഭവമുണ്ടായി. എൽ.ഡി.ക്ലാർക്കിന്റെ പി.എസ്.സി. അഡ്വൈസ് മെമ്മോയുമായി ഒരാൾ ജോയിൻ ചെയ്യാൻ പോകുകയാണ്. ജോയിൻ ചെയ്യാൻ പോയിക്കഴിഞ്ഞപ്പോൾ ഓഫീസ് അധികൃതർക്ക് സംശയം തോന്നി. കാരണം ഇതിനെക്കാൾ റാങ്ക് കുറവുള്ളയാൾ പ്രസ്തുത ഓഫീസിൽ ജോയിൻ ചെയ്തിട്ടുണ്ട്. തുടർന്ന് വിശദമായ പരിശോധനയ്ക്കുശേഷം അവരെ അറസ്റ്റ് ചെയ്തു. ഇത്തരത്തിലുള്ള ചില ശ്രമങ്ങളും നടക്കുന്നുണ്ട്. അക്കാര്യം എന്തുകൊണ്ടാണ് അങ്ങിവിടെ ഉദ്ധരിക്കാതിരുന്നത്. എല്ലാം ഗവേഷണം നടത്തി, കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ നല്ല പ്രാഗത്ഭ്യമുള്ള ഒരു നിയമസഭാ സാമാജികനാണല്ലോ എന്റെ സുഹൃത്ത് ശ്രീ. ഷാഫി പറമ്പിൽ; പി.എസ്.സി.-യുടെ തന്നെ ഇങ്ങനെയൊരു കേസ്സുണ്ടായിരുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അക്കാര്യം ഞാനിവിടെ സൂചിപ്പിക്കാത്തതാണ്. അത് കേരളത്തിലെ ചെറുപ്പക്കാർക്ക് പി.എസ്.സി. പോലുള്ള സംവിധാനങ്ങളിലെ വിശ്വാസം നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടാകും. Brain drain പോലെ, ഇവിടെനിന്നും ആളുകൾ വിദേശരാജ്യങ്ങളിലേയ്ക്ക് പോകാൻ വെമ്പൽകൊണ്ട് നിൽക്കുകയാണ്. പുതുപ്പള്ളി മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രചരണ സമയത്ത് മനസ്സിലാക്കിയ കാര്യമാണത്. ഓരോ ബൂത്തിൽനിന്നും പുറംരാജ്യങ്ങളിലേയ്ക്ക് പോകുന്ന ചെറുപ്പക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആളുകളുടെ താൽപ്പര്യം ഇവിടെ നിന്ന് ഷിഫ്റ്റ് ചെയ്യണമെന്നുള്ളതായി മാറുമ്പോൾ, ഇത്തരം സംഭവങ്ങൾ ആ ടെണ്ടൻസി വർദ്ധിപ്പിക്കാൻ സഹായിക്കും. അതുകൊണ്ടാണ് ഞാൻ അത്തരം സംഭവങ്ങൾ ക്വാട്ട് ചെയ്യാത്തത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇത് കേരളത്തിൽ മാത്രമാണെന്ന രീതിയിൽ കാണരുത്. നമുക്കെല്ലാം ഓരോ നിലപാടുണ്ടാകും. ആ നിലപാടുവച്ച് നമ്മളൊരു നിഗമനത്തിലെത്തുമ്പോൾ നാടിന്റെ പൊതുവായ സ്ഥിതിക്ക് എതിരായി വരാൻ പാടില്ല. അങ്ങ് നടത്തിയ പരാമർശത്തിന്റെ

പൊതുപൊരുൾ എന്താണ്? കേരളത്തിൽ ഈ വിശ്വാസം നഷ്ടപ്പെടുന്നു. അതിന്റെകൂടി ഭാഗമായാണ് ആളുകൾ പുറത്തേയ്ക്ക് പോകുന്നത്. എന്നാൽ അതാണോ യാഥാർത്ഥ്യം; ഒരു വ്യക്തി വിദേശരാജ്യത്തേയ്ക്ക് പോകുന്നതിന് പല ഘടകങ്ങളുമുണ്ടാകാം. അതേക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. നാഷണൽ മീഡിയയിൽ ഉൾപ്പെടെ പ്രധാനപ്പെട്ട വാർത്ത എന്തായിരുന്നു. ചന്ദ്രയാനും ആദിത്യയും വിക്ഷേപിക്കാൻ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ISRO/VSSC-യുടെ പരീക്ഷയിൽ അതിനേക്കാളും വലിയ ടെക്നോളജി ഉപയോഗിച്ചാണ് കോപ്പിയടിക്കാൻ ശ്രമിച്ചത്. അത് ISRO, VSSC എന്നീ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുമോ? ഇന്ത്യയിൽ എല്ലായിടത്തുവച്ചും ടി സ്ഥാപനങ്ങളിലെ പരീക്ഷ നടക്കുന്നതാണ്. അത് പിടികൂടിയത് നിങ്ങളെല്ലാം അധിക്ഷേപിക്കുന്ന കേരളാ പോലീസിന്റെ മികവാണെന്നുകൂടി മനസ്സിലാക്കണം. അതിനുശേഷം ബാക്കി പരീക്ഷകളെല്ലാം റദ്ദാക്കി. അങ്ങ് NEET പരീക്ഷയിലെ ഒരാളുടെ മാർക്ക് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാര്യം സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച് എനിക്കറിയില്ല. എന്നാൽ NEET പരീക്ഷയിൽ വിദ്യാർത്ഥികളുടെ ഫോട്ടോ മാറ്റി പതിപ്പിച്ച് കൃത്രിമം നടത്തിയതുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം നടത്തി

പ്രതികളെ അറസ്റ്റ് ചെയ്തിരിക്കുകയാണ്. പി.എസ്.സി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒറ്റപ്പെട്ടതാണെന്നായിരിക്കും അങ്ങ് പറയുന്നത്. പി.എസ്.സി.-യിൽ ഒന്നോ രണ്ടോ പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിൽ, ആ പ്രശ്നങ്ങളെ പ്രശ്നങ്ങളായിതന്നെ കണ്ട് പരിഹരിക്കണം. അതിൽ തർക്കമില്ല. അതോടുകൂടി പി.എസ്.സി.-യുടെയാകെ വിശ്വാസം നഷ്ടപ്പെടുകയില്ല. ഇന്ത്യയിൽ ഏറ്റവും അധികം നിയമനം നടത്തിയത് കേരളാ പി.എസ്.സി.-യാണ്. 8.36 കോടി ജനസംഖ്യയുള്ള രാജസ്ഥാനിൽ 4095 പേരെയാണ് നിയമിച്ചത്. ഓരോ സ്റ്റേറ്റിലും എങ്ങനെയായിരുന്നു എന്നതിനെക്കുറിച്ചുള്ള പഴയ കണക്കുകൾ വേണമെങ്കിൽ ഞാനെടുക്കാം. വെസ്റ്റ് ബംഗാളിൽ 934 നിയമനം മാത്രമേയുള്ളൂ. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി അവിടത്തെ സ്ഥിതിയെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. യു.ഡി.എഫ്. ഭരണകാലത്തും കേരളത്തിൽ നിയമനം നടന്നിട്ടുണ്ട്. ഞങ്ങളുടെ ഭരണകാലത്ത് കുറച്ച് കൂടുതൽ നടക്കുവെന്ന് മാത്രം. പ്രസ്തുത നിയമനങ്ങളെല്ലാം പി.എസ്.സി. വഴി തന്നെയാണ്. പി.എസ്.സി. പോലുള്ള ഒരു ഭരണഘടനാ സ്ഥാപനത്തിന് എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കാം. പകരം ടി ഭരണഘടനാ

സ്ഥാപനത്തിന് വിശ്വാസ്യതയില്ലെന്ന് സ്ഥാപിക്കുന്നത് അങ്ങേയറ്റം തെറ്റാണ്. ചോദ്യപേപ്പർ പ്രശ്നത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. വളരെ രഹസ്യാത്മകമായിട്ടുള്ള പ്രക്രിയയിലൂടെ അതിനായി നിയോഗിച്ച പാനലാണ് പി.എസ്.സി. ചോദ്യപേപ്പർ തയ്യാറാക്കുന്നത്. പാനലിൽ ആരൊക്കെയായിരിക്കുമെന്നോ, അവർ ഏത് ക്വസ്റ്റ്യൻ എടുക്കുമെന്നോ ആർക്കും അറിയില്ല. പാനലിനകത്ത് ആരെങ്കിലും ക്രമക്കേടുകൾ കാണിക്കുകയാണെങ്കിൽ അവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ഒഴിവാക്കും. ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത സ്വീകരിക്കുകയും ചെയ്യും. പി.എസ്.സി.-യിൽ ഇത്തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചുവരുന്നത്. അതോടുകൂടി ആകെ അവതാളത്തിലായിയെന്നു പറയുന്ന നിഗമനം തെറ്റായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ചെറുപ്പക്കാർ വിദേശത്തേയ്ക്ക് പോകുന്നതിനുള്ള കാരണം ഇതാണെന്ന് കണ്ടെത്തേണ്ടതില്ല. കേരളത്തിലെ പി.എസ്.സി.-യെക്കുറിച്ച് നല്ല വിശ്വാസം കേരളത്തിലെ യുവാക്കൾക്കുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ലക്ഷകണക്കിനാളുകൾ എം.എൽ.എ.-മാരെയും മന്ത്രിമാരെയും കാണാൻ വരുന്നത്. ഈ വരുന്നവരെല്ലാം കൃത്രിമത്വത്തിലൂടെ നേടിയവരാണോ? അങ്ങ്

പറയുന്നതനുസരിച്ച് വിശ്വാസ്യതയില്ലാത്ത, തട്ടിപ്പുനടത്തുന്ന, ഇതുപോലെ പരീക്ഷകളെല്ലാം കൃത്രിമമായി നടത്തുന്ന ഒരു സ്ഥാപനമാണെങ്കിൽ നമ്മളെ കാണുവാൻ ജനങ്ങൾ വരുമോ? ഈ റാങ്ക് ലിസ്റ്റിൽ കഷ്ടപ്പെട്ട് പരീക്ഷ എഴുതി പാസ്സായിവന്ന ആളുകളെയെല്ലാം നമ്മൾ തെറ്റായ രൂപത്തിൽ ചിത്രീകരിക്കേണ്ടി വരില്ലേ? ടെക്നോളജി മാറിയതോടുകൂടി തട്ടിപ്പുകൾ വളരെയേറെ കൂടിയിട്ടുണ്ട്. എത്ര ആധുനികമായിട്ടാണ് വി.എസ്.എസ്.സി., ഐ.എസ്.ആർ.ഒ. പരീക്ഷയിൽ തട്ടിപ്പ് നടന്നത്. അപ്പോൾ അത്തരം കാര്യങ്ങൾ വന്നാൽ നമ്മൾ തീർച്ചയായും ഒഴിവാക്കാൻ ശ്രമിക്കും. പ്രാഥമിക പരീക്ഷയെന്നുള്ളതു വളരെ പരിശോധനയ്ക്കുശേഷം എടുത്തിട്ടുള്ള ഒരു സമീപനമാണ്. ഒരേ യോഗ്യതയുള്ളവർക്ക് ഓരോ പരീക്ഷയും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ സമയമെടുക്കും. അതാണ് പൊതുവായി സ്വീകരിച്ചിരിക്കുന്നത്. പിന്നെ നിയമനങ്ങൾ ത്വരിതപ്പെടുത്താൻ, നടപടികൾ സ്വീകരിക്കാൻ അധികസമയം എടുക്കുകയില്ല. ഇവിടെ ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാൻ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ ഏർപ്പെടുത്തി കഴിഞ്ഞു. പരീക്ഷകൾക്ക് ഓൺലൈൻ സംവിധാനമാണ് പ്രയോജനപ്പെടുത്തിയി

രിക്കുന്നത്. കൊല്ലത്ത് പുതിയ ഓഫീസുകൾ കണ്ടെത്തുകയും എറണാകുളത്ത് പല കേന്ദ്രങ്ങളിലും പി.എസ്.സി.-യുടെ ഓൺലൈൻ സംവിധാനവും വരുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഇ-വേക്കൻസി സോഫ്റ്റ്‌വെയർകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ നമ്മൾ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഒഴിവുകൾ എന്ന് പറയുമ്പോൾ അങ്ങ് പറഞ്ഞതുപോലെ ചിലത് പ്രമോഷൻ ആയിരിക്കും. ചിലത് inter district transfer ആയിരിക്കും. പക്ഷേ ലിസ്റ്റിൽവന്ന വ്യക്തി ഇതിനെ കാണുന്നത് ഒഴിവായിട്ട് മാത്രമാണ്, അങ്ങനെയുള്ള ചില സാങ്കേതികപ്രശ്നങ്ങളുണ്ട്. റാങ്ക് ലിസ്റ്റിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കഴിഞ്ഞ ദിവസം അടിയന്തരപ്രമേയത്തിൽ പറഞ്ഞ ഒരു വിഷയം പോലീസിലെ സ്റ്റാഫ് സ്ട്രെങ്ത്തിനെ കുറിച്ചാണ്. സ്റ്റാഫ് സ്ട്രെങ്ത് വിഷയം നിലവിലുള്ളതുകൊണ്ട്

നമ്മുടെ നാട്ടിൽ പോലീസിന് യഥാസമയം ഡ്യൂട്ടി ചെയ്യാൻ പ്രയാസം നേരിടുന്നുണ്ട്. നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ മെഡിക്കൽ ടെസ്റ്റ് കഴിഞ്ഞ് നിൽക്കുന്ന ഒത്തിരി സി.പി.ഒ., എസ്.ഐ.-മാർ ഉണ്ട്. പി.എസ്.സി. വഴി അവരെ എടുക്കാനുള്ള സാഹചര്യം നിലവിലുണ്ടോ? നമ്മുടെ നാടിന്റെ സുരക്ഷിതത്വത്തെ ബാധിക്കുന്ന വിഷയമാണ്. ഒന്ന്, ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും. രണ്ട്, പോലീസിന്റെ സ്ട്രെങ്ത് നമുക്ക് കൂട്ടുവാൻ സാധിക്കും. അതിലൂടെ നാടിന്റെ സുരക്ഷിതത്വം നമുക്ക് ഭദ്രമാക്കാൻ സാധിക്കും. പ്രത്യേകിച്ച് ആലുവയിലുണ്ടായ സംഭവം ഓർമ്മിപ്പിച്ചുകൊണ്ട് ടി വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. രാജീവ്: സർ, പോസ്റ്റുകൾ നമുക്ക് ക്രിയേറ്റ് ചെയ്യാൻ കഴിയില്ല. അതിന് പല പ്രോസസ്സുകളുണ്ട്. നമ്മൾ നേരത്തെ ചർച്ച ചെയ്തത് ധനകാര്യമേഖലയിലെ പ്രതിസന്ധികളെക്കുറിച്ചാണല്ലോ. അതിന്റെ കാരണങ്ങൾ നമ്മൾ കാണുകയുണ്ടായി. ഇവിടെ കേന്ദ്ര നയങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ആ പ്രതിസന്ധി ഘട്ടത്തിലും ബഹുമാനപ്പെട്ട ധനമന്ത്രി നേരത്തെ സഭയിൽ വ്യക്തമാക്കിയതുപോലെ 40,000 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും താൽക്കാലികമായി നിയമിക്കുകയും ചെയ്തു. റവന്യൂ വകുപ്പിൽ

താൽക്കാലിക നിയമനങ്ങളുടെ ഒഴിവുകൾ വരുമ്പോൾ അവിടെ അങ്ങ് പറഞ്ഞതുപോലെ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവർക്കുതന്നെ നൽകാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. താൽക്കാലികമായ എന്തെങ്കിലും സംവിധാനം വേണോയെന്നത് പി.എസ്.സി.-യുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. സർവ്വീസ് മേഖലയിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. പൊതുവെ റാങ്ക് ലിസ്റ്റിലുള്ളവർ അവർക്ക് ജോലി ലഭിക്കുന്ന രീതിയിൽ പോസ്റ്റുകൾ ഉണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്. ചില ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടാവാം. ചില വേക്കൻസികൾ ക്രിയേറ്റ് ചെയ്യേണ്ടിയിരിക്കുന്നു. പക്ഷേ ഗവൺമെന്റിന് എല്ലാ ഘടകങ്ങളും പരിശോധിച്ചതിനുശേഷം മാത്രമേ ക്രിയേറ്റ് ചെയ്യാൻ കഴിയുകയുള്ളൂ. നിലവിൽ എല്ലാ ഒഴിവുകളിലും നിയമനം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, റാങ്ക് ലിസ്റ്റുകളുടെ കാലാവധിയെക്കുറിച്ച് പ്രധാനപ്പെട്ടൊരു പ്രശ്നം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നിലവിൽ പോലീസിന്റെ റാങ്ക് ലിസ്റ്റ്

നിലനിൽക്കുന്നുണ്ട്. എന്നാൽ ആ ലിസ്റ്റിൽനിന്നും ആളുകളെ എടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോട്ടയം ഉൾപ്പെടെ നാലു ജില്ലകളിൽ പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റ് നിലനിൽക്കുകയാണ്. ആ ലിസ്റ്റ് നിലനിൽക്കുമ്പോൾതന്നെ അതിൽനിന്നും നിയമനം നടത്താതെ വീണ്ടും പി.എസ്.സി. ടെസ്റ്റ് നടത്തി പുതിയ ലിസ്റ്റ് കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിലുള്ള ലിസ്റ്റിൽനിന്നും ആളെ എടുത്തശേഷം അടുത്തതിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ആ വിഷയത്തിൽ അങ്ങനെ പറയാൻ കഴിയില്ല. കാരണം നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. ആ വർഷം വരുന്ന ഒഴിവുകളിലേയ്ക്ക് പരമാവധി വേഗത്തിൽ അതിൽനിന്നും ഒഴിവുകൾ നികത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഒരു ഉദാഹരണം പറഞ്ഞ് അവസാനിപ്പിക്കാം. 2022 ഡിസംബർ 31-നാണ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ വിജ്ഞാപനം വന്നത്. 2023 മെയ് മാസം 29-ന് ഓൺലൈൻ പരീക്ഷ നടത്തുകയും ജൂലൈ മാസത്തിൽതന്നെ ചുരുക്കപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. ഓഗസ്റ്റിൽ അഭിമുഖവും നടത്തി. അതേമാസം

തന്നെ റാങ്ക് ലിസ്റ്റും നിലവിൽവന്നു. അതായത് പി.എസ്.സി. പരീക്ഷ നടത്തി എൺപത്തിമൂന്നാം ദിവസം റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് വന്ന് ഇരുപത്തിമൂന്ന് ദിവസംകൊണ്ട് എൺപത്തിയേഴ് പേർക്ക് അഡ്വൈസ് മെമ്മോയും അയയ്ക്കാൻ സാധിച്ചു. പരമാവധി സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് വേഗത്തിൽ നടത്താനാണ് ശ്രമിക്കുന്നത്. ബില്ലിൽ ഇതിനെക്കുറിച്ച് വേറെ പ്രശ്നങ്ങളൊന്നും വന്നിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിലും വ്യത്യസ്തതകളില്ലാത്തതാണ്. എന്തായാലും പി.എസ്.സി.-യെ പരമാവധി ശക്തിപ്പെടുത്തികൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(വകുപ്പുതിരിച്ചുള്ള പരിഗണന)

(iii)<u>2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

<u>Shri Mons Joseph</u>: Sir, I move the following amendment:

113. In clause 2, after the word " corporations" the words ", Welfare Fund Boards" shall be inserted.

Smt. K K. Rema: Sir, I move the following amendment:

115. In clause 2 after the words " words, figures" the word " , symbol" shall be inserted.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഡോ. എൻ. ജയരാജിന്റെ 114-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

114. In clause 2, for the words and symbol " the words, figures and brackets" , the words and symbols " the words, figures, brackets and symbols" shall be substituted.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രമ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും

Shri Mons Joseph: Sir, I move the following amendments:

111. In the Preamble, after the word " corporations" the words " , Welfare Fund Boards" shall be inserted.

112. In clause 1(1), after the word " corporations" the words " , Welfare Fund Boards" shall be inserted.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 111, 112 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .......................

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ .....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ശ്രീ. രമേശ് ചെന്നിത്തല: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ ഇന്ന് സഭ പരിഗണിക്കുകയാണല്ലോ; പ്രസ്തുത ബില്ലിൽ 2022-ലെ X-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിച്ച ഒന്നാണിത്. പ്രസ്തുത ഓർഡിനൻസിനുപകരമുള്ള ബിൽ 2022 ആഗസ്റ്റ് 17-ന് ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചതാണ്. അത് ആഗസ്റ്റ് 22-ന് സഭയിൽ

അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അന്നുതന്നെ അയയ്ക്കുകയും ചെയ്തു. എന്നാൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം സഭയിൽ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിൽ പ്രാരംഭ വ്യവസ്ഥകൾ ഒഴിവാക്കിയിരിക്കുന്നുവെന്നതാണ് എന്റെ തടസ്സവാദം. സെലക്ട് കമ്മിറ്റി റിപ്പോർട്ടിലെ 9-ാം നമ്പർ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരമൊരു മാറ്റം ബില്ലിൽ വരുത്തിയിരിക്കുന്നത്. എന്നാൽ ബില്ലിന്റെ ഖണ്ഡം 40-ൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം 2021 ഫെബ്രുവരി 18 മുതൽ ചെയ്ത നടപടികൾക്ക് സാധൂകരണം നൽകിയിട്ടുണ്ട്. കൂടാതെ ഓർഡിനൻസ് പ്രാബല്യത്തിലില്ലാതിരുന്ന 2022 ആഗസ്റ്റ് 8 മുതൽ ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുവരെയുള്ള സമയത്ത് ആക്റ്റിന്റെ കീഴിൽ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയമാക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുകയാണ്. സാധാരണഗതിയിൽ ബില്ലിന്റെ ഒന്നാം വകുപ്പിൽ ചുരുക്കപേരും പ്രാരംഭ വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണ്. ഒരു നിശ്ചിത തീയതി മുതൽ പ്രാബല്യത്തോടെ നിയമനിർമ്മാണം നടത്തുന്ന ബില്ലുകളിൽ പ്രസ്തുത തീയതിയും ഇപ്രകാരമല്ലാത്ത ബില്ലുകളിൽ ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്

എന്ന വ്യവസ്ഥയുമാണ് ഉൾപ്പെടുത്തുന്നത്. ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളിൽ ഓർഡിനൻസ് നിലവിൽവന്ന തീയതി മുതലാണ് പ്രാബല്യം നൽകുന്നത്. എന്നാൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ബില്ലിൽ മേൽപ്പറഞ്ഞ രണ്ട് രീതിയിലും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ ക്ലോസസ് ആക്ടിലെ ജനറൽ റൂൾസ് ഓഫ് കൺസ്ട്രക്ഷൻ ക്ലോസ് 5-ൽ നിയമങ്ങളിലെ പ്രാരംഭ വ്യവസ്ഥകളെക്കുറിച്ച് ഇപ്രകാരം പരാമർശിക്കുന്നു. Clause-5: " Coming into operation of enactments" Where any Act is not expressed to come into operation on a particular day, it shall come into operation on the day on which the assent, there to the Governor is published in the Government gazzatte. അതായത് പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ചുള്ള നിയമങ്ങളിൽ പരാമർശിക്കാത്തപക്ഷം പ്രസ്തുത നിയമത്തിന് ഗവർണറുടെ അസെന്റ് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മാത്രമാണ് പ്രാബല്യത്തിൽ വരുന്നത്. ഇപ്രകാരം പരിഗണിച്ചാൽ ഓർഡിനൻസ് നിലവിൽ വന്ന തീയതി മുതൽ ഈ നിയമത്തിന്റെ കീഴിൽ ചെയ്തിട്ടുള്ള കുറ്റകൃത്യങ്ങൾക്കോ കാര്യങ്ങൾക്കോ സാധുത ഇല്ലാതെ വരികയാണ്. പീനൽ പ്രൊവിഷൻസ് വരെ ഉൾപ്പെടുത്തിക്കൊണ്ട് കന്നുകാലിത്തീറ്റ ഉൽപാദനവും വിൽപനയും

നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ നിയമനിർമ്മാണത്തിനുള്ള ബില്ലാണ് ഇന്ന് സഭ പരിഗണിക്കുന്നത്. പ്രാരംഭ തീയതികളിൽ വ്യക്തതയില്ലാതെ വിവിധ വകുപ്പുകൾ സംബന്ധിച്ച് സഭയിൽ ആധികാരികമായ ചർച്ച നടത്തുന്നതിനോ ഭേദഗതികൾ പരിഗണിച്ച് തീരുമാനമെടുക്കാനോ സാധ്യമാകുകയില്ല. ഇത് നിയമനിർമ്മാണം നടത്തുന്നതിനുള്ള സഭയുടെ പരമാധികാരത്തെ ബാധിക്കുന്നൊരു കാര്യമാണ്. ശക്തർ ആൻഡ് കൗൾ എന്താണ് പറയുന്നത്? ശക്തർ ആൻഡ് കൗളിന്റെ പേജ് 601-ൽ (VII Edition) The commencement clause forms an important provision of a Bill. The practice is to place the short title, the extent clause and the commencement clause, if any, in a single section divided into three sub-sections എന്നാണ് വ്യക്തമായി പറയുന്നത്. നിയമവ്യവസ്ഥ ലംഘിക്കുന്നവർക്ക് ശിക്ഷയ്ക്ക് മുൻകാല പ്രാബല്യം നൽകിയപ്പോൾ ഭരണഘടനയുടെ അനുച്ഛേദം 20-ന് വിരുദ്ധമായി ഓർഡിനൻസ് നിലവിലില്ലാതിരുന്ന കാലയളവുകൂടി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ സെലക്ട് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡം 40 (2) പ്രകാരം 2022 ആഗസ്റ്റ് 8 മുതൽ ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുവരെയുള്ള കാലയളവിൽ ഈ ആക്ടിന്റെ കീഴിൽ നടക്കേണ്ട കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും

കുറ്റസ്ഥാപനത്തിന് വിധേയമാക്കുന്നതല്ല എന്ന വകുപ്പ് ചേർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ എന്തിനാണ് commencement clause 1 (2) ബില്ലിൽ നിന്നും ഒഴിവാക്കിയതെന്ന് വ്യക്തമല്ല. Date of commencement ഇല്ലാതെ സാധാരണഗതിയിൽ ഒരു ബില്ലും നിയമസഭയിൽ അവതരിപ്പിക്കാറില്ല. ഈ ബിൽ അവതരിപ്പിച്ചപ്പോൾ 2011 ഫെബ്രുവരി 18-ന് പ്രാബല്യത്തിൽ വന്നതായി കണക്കാക്കപ്പെടേണ്ടതാണെന്നും ചേർത്തിരിക്കുന്നു. ആ തീയതി കൊടുക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടൻ പ്രാബല്യത്തിൽ വരുന്നതാണെന്ന് ചേർക്കാമായിരുന്നു. അതും സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ചേർത്തിട്ടില്ല. Commencement clause ഇല്ലാതെയുള്ള ബിൽ പരിഗണിക്കുന്നത് അസാധാരണമായ നടപടിയാണ്. ഈ സഭാ ചരിത്രത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല. അതുകൊണ്ട് അങ്ങയുടെ റൂളിംഗ് ഇക്കാര്യത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിൽ ആക്റ്റിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെന്നതാണ് ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ചിരിക്കുന്നത്. 2022 ആഗസ്റ്റ് 24-ന് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്ന വേളയിൽ ഓർഡിനൻസ് കാലഹരണപ്പെട്ടതിനാൽ 8-8-2022 മുതൽ ഈ നിയമം നിലവിലില്ലാത്ത സാഹചര്യത്തിൽ പീനൽ പ്രൊവിഷൻ സംബന്ധിച്ച ഈ ബില്ലിലെ 19 മുതൽ 25 വരെയുള്ള വകുപ്പുകളുടെ പ്രയോഗത്തിൽനിന്നും 8-8-2022 മുതൽ ഈ നിയമം നിലവിൽ വരുന്നതുവരെയുള്ള കാലയളവ് ഒഴിവാക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മാത്യു ടി. തോമസ് മുന്നോട്ടുവച്ചിരുന്നു. ബില്ലിൽ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തിയാണ് അവതരിപ്പിച്ചതെങ്കിലും ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ചൂണ്ടിക്കാണിച്ചതുപ്രകാരം പ്രസ്തുത വ്യവസ്ഥകൾക്ക് സാധൂകരണം നൽകുന്നത് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 20 (1)-ന് വിരുദ്ധമാകുമെന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ സെലക്ട് കമ്മിറ്റി പരിഗണിക്കുന്ന വേളയിൽ ഒഴിവാക്കുന്നതാണെന്ന് സഭ മുമ്പാകെ ഉറപ്പുനൽകിയിരുന്നു. ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് സെലക്ട് കമ്മിറ്റി ബില്ലിന്മേൽ സമഗ്രമായ ചർച്ചകൾ നടത്തുകയും മേൽ ചൂണ്ടിക്കാണിച്ചിരുന്ന പോരായ്മ പരിഗണിക്കുന്നതിനായി ഖണ്ഡം 40-ൽ പുതുക്കിയ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ഫൈനലൈസ് ചെയ്ത വേളയിൽ

സാധൂകരണ ഖണ്ഡത്തിൽ 2022 ആഗസ്റ്റ് 8 മുതലുള്ള കാലയളവ് ഉൾപ്പെടുത്തിയെങ്കിലും ഒന്നാം ഖണ്ഡത്തിൽ 1 (2) ആയി ബില്ലിന്റെ പ്രാരംഭ തീയതി ഉൾപ്പെടുത്തുകയുണ്ടായില്ല. റിപ്പോർട്ട് അച്ചടിച്ച് ലഭ്യമായപ്പോൾത്തന്നെ പ്രസ്തുത പോരായ്മ ശ്രദ്ധയിൽപ്പെടുകയുണ്ടായി. റിപ്പോർട്ട് സഭയിൽ സമർപ്പിക്കപ്പെട്ട സാഹചര്യത്തിൽ ഭേദഗതിയായി മാത്രമേ ബില്ലിലെ ന്യൂനതകൾ പരിഹരിക്കാൻ സാധിക്കുവെന്നതിനാൽ പ്രാരംഭ തീയതി സംബന്ധിച്ച് ലിസ്റ്റ് 3-ൽ 940-ാം നമ്പർ ഔദ്യോഗിക ഭേദഗതിയായി പ്രാബല്യതീയതി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഖണ്ഡം 1-ന്റെ പരിഗണനാ സമയത്ത് ആയത് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വേളയിൽ ബഹുമാന്യനായ രമേശ് ചെന്നിത്തല ഉന്നയിച്ച വിഷയം പരിഹൃതമാകുമെന്ന് അറിയിക്കുകയാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹുമാനപ്പെട്ട മന്ത്രി വിശദമായ മറുപടി പറഞ്ഞിട്ടുണ്ട്. ബില്ലിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽനിന്നും ഒഴിവാക്കപ്പെട്ടതിനെ സംബന്ധിച്ചാണ് ക്രമപ്രശ്നം ഉന്നയിച്ചത്. ഒഴിവായിപ്പോയ വ്യവസ്ഥ ഒരു ഔദ്യോഗിക ഭേദഗതിയിലൂടെ

ഉൾപ്പെടുത്തിയിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കപ്പെട്ട പശ്ചാത്തലത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഈ നിയമത്തിലെ ചില വ്യവസ്ഥകളെങ്കിലും ചെറുകിട കർഷകരെയും നാമമാത്ര കർഷകരെയും ബാധിക്കാൻ സാധ്യതയുള്ളതാണ്. ഈ ബില്ലിലെ ചില വ്യവസ്ഥകൾ പാലിക്കുന്നതിലെ സങ്കീർണ്ണത ചെറുകിട തീറ്റ ഉത്പാദകരെയും കർഷകരെയും ദോഷകരമായി ബാധിക്കുന്നവയാണ്. മാത്രമല്ല ബില്ലിലെ വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള സാമ്പത്തികവും ഭൗതികവുമായ ചുറ്റുപാടുകൾ പല ചെറുകിട കർഷകർക്കും ഉണ്ടാകില്ല. ഇത് ഈ മേഖലയെ പിന്നോട്ടടിക്കും. ചെറുകിട തീറ്റ ഉത്പാദകരെ ബാധിക്കാനിടയുള്ള മറ്റൊരു വെല്ലുവിളിയാണ് ഗുണനിലവാരമുള്ള അസംസ്കൃത തീറ്റ വസ്തുക്കളുടെ ലഭ്യത കുറവ്. ഇത് പലപ്പോഴും അസംസ്കൃത തീറ്റ വസ്തുക്കൾക്കുവേണ്ടി കൃഷി രീതിയിൽതന്നെ മാറ്റം വരുത്തേണ്ട സാഹചര്യത്തിലേയ്ക്ക് കർഷകരെ എത്തിക്കാനിടയുണ്ട്. ബില്ലിലെ കടുത്ത വ്യവസ്ഥകൾ പ്രാദേശികമായി പിന്തുടർന്ന് പോകുന്ന പല പാരമ്പര്യ തീറ്റ രീതികളെയും ഇല്ലായ്മ ചെയ്യാനിടയുണ്ട്. പാരമ്പര്യ തീറ്റ രീതികളെയും അറിവുകളെയും അവയുടെ

സ്രോതസ്സുകളെയും ഇല്ലാതാക്കുകയും പാരമ്പര്യ കർഷകരുടെ കൃഷി രീതി താളംതെറ്റിക്കുകയും ചെയ്യുന്നു. ചില പ്രത്യേക വിള അവശിഷ്ടങ്ങളുടെ ഉപയോഗം നിർദ്ദേശിക്കുന്നതിലൂടെ ചില പ്രത്യേകതരം കൃഷി രീതികൾ അവലംബിക്കുന്നതിന് കർഷകർ നിർബന്ധിതരാകും. അത് മണ്ണിന്റെയും കൃഷിയുടെയും വിളകളിൽ കീടങ്ങളുടെയും അസുഖങ്ങളുടെയും വർദ്ധനവിന് ഇടയാക്കും. വ്യവസ്ഥകളുടെ കാർക്കശ്യം ഉൽപാദന ചെലവ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കും. ഇത് ആത്യന്തികമായി ഈ വർദ്ധനവിന്റെ ഭാരം ഉപയോക്താക്കളായ കർഷക്കരിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യും. ഇത് കാർഷിക ഉൽപ്പന്നങ്ങളുടെയും ഇറച്ചി ഉൽപ്പന്നങ്ങളുടെയും വില വർദ്ധനവിന് ഇടയാക്കും. അതുപോലെ നമ്മൾ പുതിയ നിയമങ്ങൾ കൊണ്ടുവരുമ്പോൾ അടിസ്ഥാനപരമായി ക്ഷീര കർഷകരെ സഹായിക്കാൻ വേണ്ടത് കാലിത്തീറ്റയുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ സാധിക്കണം. കർഷകരെ സഹായിക്കാൻവേണ്ടി പാലിന്റെ വില വർദ്ധിപ്പിക്കാറുണ്ട്. പക്ഷേ പാലിന്റെ വില വർദ്ധിക്കുന്നതോടൊപ്പം സ്വാഭാവികമായിട്ടും കാലിത്തീറ്റയുടെ വില വർദ്ധനവുണ്ടാകുമ്പോൾ ക്ഷീര കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കില്ല. അപ്പോൾതന്നെ കാലിത്തീറ്റയുടെ വർദ്ധനവ് വരും. കർഷകർ

പ്രയാസത്തിലാകുകയും ചെയ്യും. രാവും പകലും പണിയെടുക്കുന്ന ആളുകളാണ് ക്ഷീര കർഷകരെന്ന് നമുക്ക് അറിയാം, മൂന്നര മണിക്ക് എഴുന്നേൽക്കുന്ന കർഷകന് വിശ്രമമില്ല. രാവും പകലും കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് ക്ഷീര കർഷകർ. എന്തൊക്കെ നിയമം നമ്മൾ കൊണ്ടുവന്നാലും കാലിത്തീറ്റയുടെ വില നിയന്ത്രിക്കുകയെന്നുള്ളത് പ്രധാന കാര്യമാണ്. ഗവൺമെന്റ് മുൻകൈയെടുത്ത് കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുത്തോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും മാർഗ്ഗത്തിൽ അത് വിലക്കുറച്ച് കൊടുക്കാൻ സാധിക്കുമെങ്കിൽ അത് ചെയ്യണം. ഇപ്പോൾ ഒരോ ദിവസവും 50-ഉം 100-ഉം രൂപ വച്ച് കാലിത്തീറ്റയ്ക്ക് വില വർദ്ധിക്കുകയാണ്. കാലിത്തീറ്റയുടെ വില നിയന്ത്രിച്ചാൽ മാത്രമേ കർഷകർക്ക് ഗുണകരമാവുകയുള്ളൂ. പുതിയ നിയമങ്ങൾ കൊണ്ടുവരുമ്പോൾ അതിന്റെ അപാകതകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കും. ശ്രീ. രമേശ് ചെന്നിത്തല അതിന് ക്രമപ്രശ്നം ഉന്നയിക്കുകയും ചെയ്തു. പക്ഷെ ഗവൺമെന്റിന് ഈ ബില്ല് പാസ്സാക്കിയെടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. അപ്പോഴും കർഷകരുടെ കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. കാലിത്തീറ്റയുടെ വില വർദ്ധനവ് നിയന്ത്രിക്കണം. അത് ഗവൺമെന്റ് നിയന്ത്രിച്ചാൽ മാത്രമാണ്

കർഷകന് പാലിന്റെ വില വർദ്ധനവിലൂടെ പ്രയോജനം ലഭിക്കുകയുള്ളൂ. എന്റെ ചെങ്ങമനാട് പഞ്ചായത്തിൽ തന്നെ കാലിത്തീറ്റയുടെ വില വർദ്ധനവുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കാത്തതുകൊണ്ട് എകദേശം അഞ്ച് ഫാമുകൾ പൂട്ടി.

ഞാൻ ഇന്ന് രാവിലെ സഭയിൽ ഒരു സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. എന്റെ നാട്ടിലെ കോട്ടായി എന്ന പ്രദേശത്ത് ബിവറേജ് ഔട്ട് ലെറ്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട സബ്മിഷൻ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന് മുന്നിൽ ഉന്നയിച്ചു. ജനകീയ സമരം അവിടെ നടക്കുന്നുണ്ടെന്ന് അദ്ദേഹത്തോട് ഞാൻ നേരിട്ട് പറഞ്ഞിട്ടും അതിന് അദ്ദേഹം മറുപടി പറഞ്ഞത്, അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥൻമാർ അദ്ദേഹത്തിന് എഴുതികൊടുത്തത് അവിടെ ജനകീയ സമരം നടക്കുന്നില്ലെന്നാണ്. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ, ഒന്നുകിൽ ഉദ്യോഗസ്ഥൻമാർ മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചതാകാം. അത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. അവിടെ ബിവറേജ് വന്നത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ അവിടെ വലിയ

ജനകീയ സമരങ്ങൾ നടക്കുന്നു. ജനകീയ സമരങ്ങളുടെ മുമ്പിൽ തന്നെ ഞാനും ഉണ്ട്. എന്നിട്ടും ഉദ്യോഗസ്ഥൻമാർ എന്തിനാണ് മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചത്. ജനകീയ സമരം നടക്കുന്നുണ്ടെന്ന് അദ്ദേഹത്തോട് നേരിട്ട് പറഞ്ഞതാണ്. എന്നിട്ടും അദ്ദേഹം സഭയിൽ അങ്ങനെ പറഞ്ഞത് വലിയ പ്രതിഷേധത്തിന് ഇടയുണ്ടാകും. ബിവറേജിന് എതിരായുള്ള ജനകീയ സമരവുമായി ശക്തമായി ഞങ്ങൾ മുന്നോട്ടുപോകും. ഞാനിത് സഭയിൽ പറഞ്ഞതുകൊണ്ട് വീണ്ടും ഓർമ്മപ്പെടുത്തുന്നുവെന്ന് മാത്രം. അതുപോലെ ഡോ. തോമസ് ഐസക് പറഞ്ഞ ഒരു കാര്യമുണ്ട്. ഇവിടെ പദ്ധതികളൊന്നും മുന്നോട്ടുപോകുന്നില്ല. എന്റെ മണ്ഡലത്തിലുള്ള എയർപോർട്ട്-സീപോർട്ട് റോഡിന്റെ പണികൾ തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

മി. സ്പീക്കർ: കാലിത്തീറ്റയും സീപോർട്ട് റോഡും തമ്മിൽ എന്താണ് ബന്ധം?

ശ്രീ. അൻവർ സാദത്ത്: സർ, ഇത് പെട്ടെന്ന് അവസാനിപ്പിക്കുകയാണ്. അതുപോലെതന്നെ ദേശം-വല്ലംകടവ് റോഡിന് സി.ആർ.എഫ്.-ന്റെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. അവിടെ ഇതുവരെ പണി

ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും കോ-ഓർഡിനേഷന്റെ കുറവാണ്. ചെങ്ങമനാട് പ്രദേശത്ത് ഒരു വളവ് നികത്താൻവേണ്ടി ഗവൺമെന്റ് ഫണ്ട് അനുവദിച്ചു. റവന്യൂ വകുപ്പിലെയും പി.ഡബ്ല്യൂ.ഡി. വകുപ്പിലെയും ഉദ്യോഗസ്ഥൻമാർക്ക് കോ-ഒർഡിനേഷൻ ഇല്ലാത്തതുകൊണ്ടും അവരുടെ മെല്ലപ്പോക്കും കാരണം ചെങ്ങമനാടിന്റെ വളവ് നികത്താൻ സാധിക്കുന്നില്ല. ഗവൺമെന്റിന്റെ മെല്ലപ്പോക്ക് സമീപനമാണ് ഇതിലൂടെ കാണുന്നത്. ഇതിനൊക്കെ ഗവൺമെന്റ് പഞ്ച് ഡയലോഗ് പറയും. പക്ഷേ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. പല പദ്ധതികളും ഇഴഞ്ഞുനിങ്ങുന്ന സാഹചര്യമാണുള്ളത്. ആലുവ -പെരുമ്പാവൂർ റോഡിന്റെ ഫണ്ട് അനുവദിച്ചു.

മി. സ്പീക്കർ: പ്ലീസ്..

ശ്രീ. അൻവർ സാദത്ത്: സർ, അത് നമുക്ക് പൂർത്തീകരിക്കാൻ സാധിച്ചില്ല. അത് ഗവൺമെന്റിന്റെ ഈ മെല്ലപ്പോക്ക് സമീപനമാണ്.

മി. സ്പീക്കർ: പൊതുമരാമത്ത് വകുപ്പ് അല്ല ചർച്ച.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, റോഡുകളിൽ പലപ്പോഴും കുണ്ടും കുഴിയുമുണ്ടാകുന്നു. കുണ്ടും കുഴിയുമുണ്ടാകുമ്പോൾ എം.എൽ.എ.മാരാണ് കുറ്റക്കാരെന്ന് ഭരണപക്ഷത്തുള്ളവർ പറയുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്......യെസ്. റെക്കോർഡിലായി

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പക്ഷേ റോഡ് നന്നായി കഴിഞ്ഞാൽ ഗവൺമെന്റിന്റേതും മോശമാകുമ്പോൾ എം.എൽ.എ.യുടെതുമാകും. ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: പ്ലീസ്......

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇതൊന്നും ശരിയായ സമീപനമല്ല. ഈ ബില്ലിലുള്ള വിയോജനം ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിനോടുള്ള എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തി സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബില്ലിന്റെ താൽപ്പര്യമെന്താണ്; കേരളത്തിലെ ക്ഷീര കർഷകർക്ക്

ശക്തിപകരാനാണോ; നമ്മുടെ മൃഗ സമ്പത്ത് വർദ്ധിക്കാൻ ഈ ബില്ല് കാരണമാകുമോ? നമ്മുടെ നാട്ടിൽ എഴുപതുകളിലുണ്ടായിരുന്നതിനേക്കാൾ കാലിസമ്പത്തിന്റെ എണ്ണം എത്രയോ കുറഞ്ഞു വന്നിരിക്കുകയാണ്. കൃഷി ഭൂമിയിലുണ്ടായ കുറവ് അതിനനുസൃതമായി അല്ലെങ്കിൽ അതിനേക്കാൾ നമ്മുടെ കാലിസമ്പത്തും കേരളത്തിൽ കുറഞ്ഞിരിക്കുന്നു എന്നതാണ് വസ്തുത. ഒരു കാലത്ത് കാലികളെ വളർത്തിയിരുന്നത് കൃഷി ഭൂമിയിലേയ്ക്കുള്ള വളമായി അതിന്റെ വിസർജ്ജ്യവസ്തുക്കളൊക്കെ ഉപയോഗിക്കാൻ വേണ്ടിയായിരുന്നു. അങ്ങനെ രണ്ടും കൂടി ഒരുമിച്ച് കൊണ്ടുപോയിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് കാലിസമ്പത്ത് കുറഞ്ഞു. എല്ലാ വീട്ടിലും എരുമയോ പശുവോ ആടോ എന്തെങ്കിലുമുണ്ടായിരുന്ന കാലഘട്ടം കേരളത്തിലുണ്ടായിരുന്നു. ഇന്ന് അത് വളരെയേറെ ചുരുങ്ങി നാലിലൊന്നായി ചുരുങ്ങി അത്രമാത്രം ശോഷണം ആ മേഖലയിൽ സംഭവിച്ചുപോയി. എന്നാൽ ഇന്നുള്ള കാലിസമ്പത്തിന് ആവശ്യമായ തീറ്റയുടെ 50 ശതമാനം മാത്രമേ കേരളത്തിൽ ഉൽപാദിപ്പിക്കാൻ കഴിയുന്നുള്ളുവെന്നത് ഒരു വസ്തുതയാണ്. അതുകൊണ്ട് ഇവിടെ ആവശ്യമുള്ള തീറ്റകൾ പുറത്തുനിന്ന് വാങ്ങേണ്ടി വരികയാണ്. ഈ തീറ്റ കഴിച്ച് പശുക്കൾ/നമ്മുടെ മൃഗങ്ങൾ മരണപ്പെടുന്ന സാഹചര്യമുണ്ടായി

എന്നുള്ളതാണ് പറയുന്ന ഒരു ന്യായം. ഭക്ഷണത്തിൽ വിഷാംശമുണ്ടായതിന്റെ പേരിൽ മായം ചേർന്നതിന്റെ പേരിൽ മനുഷ്യർക്കുതന്നെ വിഷബാധയേറ്റ ധാരാളം സാഹചര്യങ്ങൾ കേരളത്തിലുണ്ട്. കേരളത്തിൽ ഫാസ്റ്റ്ഫുഡ് കഴിച്ച് സ്കൂൾ വിദ്യാർത്ഥിനി മരിച്ച സംഭവം ഞെട്ടലോടെയാണ് നമ്മൾ കേട്ടത്. ഇങ്ങനെ അനവധി സംഭവങ്ങൾ. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്ന വളരെ കുതന്ത്രപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ആളുകൾ നമ്മുടെ കേരളത്തിലുണ്ട്. മനുഷ്യന്റെ ഭക്ഷ്യപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ കന്നുകാലികളുടെ കാര്യത്തിൽ അതിനെക്കാൾ താൽപ്പര്യത്തോടുകൂടി മുന്നോട്ടുവന്നിരിക്കുകയാണ്. അക്കാര്യം നല്ലതുതന്നെ. എന്നാൽ അക്ഷരാർത്ഥത്തിൽ ഇതിന്റെ താൽപ്പര്യമെന്താണ്; ന്യായം എന്താണെങ്കിലും കേന്ദ്രസർക്കാരിന് ശക്തിപകരുന്ന, പിന്തുണ പ്രഖ്യാപിക്കുന്ന തരത്തിലാണ് ഈ ബിൽ വന്നിട്ടുള്ളത്. കേന്ദ്രം ആവശ്യപ്പെടുമ്പോൾ ബില്ലുകൾ പാസ്സാക്കിക്കൊടുക്കുന്നത് എന്തിനാണ്? കേരളത്തിനെക്കാൾ മൃഗസമ്പത്തുള്ള ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ്, ബംഗാൾ, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ ഈ ബിൽ

നിയമമാക്കിയിട്ടില്ല. പാലുല്പാദനത്തിൽ മുന്നിൽനിൽക്കുന്ന, ധവളവിപ്ലവത്തിന് നേതൃത്വം നൽകിയ വർഗ്ഗീസ് കുര്യന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്ന ഗുജറാത്തിലോ പാലുല്പാദനത്തിൽ രണ്ടാം സ്ഥാനത്തുള്ള ഹരിയാനയിലോ ഈ നിയമം പാസ്സാക്കപ്പെട്ടിട്ടില്ല. പാലുല്പാദത്തിൽ മുന്നിൽനിൽക്കുന്ന പഞ്ചാബിൽ ബിൽ അവതരിപ്പിച്ചെങ്കിലും ഇതുവരെയും പാസ്സാക്കിയിട്ടില്ല. ഈ ബിൽ പാസ്സാക്കിയ ഏക സംസ്ഥാനം ആന്ധ്രാപ്രദേശ് മാത്രമാണ്. ഇതിനെക്കാൾ മൃഗസമ്പത്തുള്ള, ഇതിനെക്കാളേറെ കർഷകരുള്ള, പകുതിയോളം കാർഷികമേഖലയിൽനിന്നുള്ള വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്ന സംസ്ഥാനങ്ങളിൽപോലും ഇങ്ങനെയൊരു ബിൽ പാസ്സാക്കിയിട്ടില്ലെന്ന് മനസ്സിലായല്ലോ? ആ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറഞ്ഞ മൃഗസമ്പത്ത് മാത്രമുള്ള കേരളത്തിലാണ് ഈയൊരു ബിൽ പാസ്സാക്കുന്നതിന് താൽപ്പര്യം കാണിക്കുന്നത്. കേന്ദ്രത്തെ പിന്തുണയ്ക്കാനും സ്വദേശ-വിദേശ കുത്തകൾക്കും സ്വകാര്യമേഖലകൾക്കും ശക്തിപകരാനും മാത്രമേ ഇത് സഹായകമാവുകയുള്ളൂ. നിലവിലുള്ളതിനെക്കാൾ മൂന്നിരട്ടിയോ നാലിരട്ടിയോ മൃഗസമ്പത്തുണ്ടായിരുന്ന കാലത്ത് കാലിത്തീറ്റയുടെ പേരിൽ

ഒരു വറുതിയും നമ്മുടെ നാട്ടിലുണ്ടായിട്ടില്ല. നമ്മുടെ നാട്ടിലെ ജനങ്ങൾ പരസ്പരം സഹകരിച്ച് കന്നുകാലികൾക്ക് ആവശ്യമുള്ള തീറ്റ സംഘടിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കെ. കൃഷ്ണൻകുട്ടിയുടെ നാട്ടിൽനിന്നും ഡസൻകണക്കിന് വൈക്കോൽ ലോറികളിൽ കയറ്റിക്കൊണ്ടുവരുന്നത് എന്റെ കുട്ടിക്കാലത്ത് കണ്ടിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രാജ്യമായ ഇന്ത്യയിലേയ്ക്ക് 30 രാജ്യങ്ങളിൽനിന്നും പാൽ ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുകയാണ്. നിലവിൽ ആസ്ട്രേലിയയിൽനിന്നും ന്യൂസിലൻഡിൽനിന്നും പാൽ ഇറക്കുമതി ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ മാളുകളിൽ വിദേശ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന പാലുല്പന്നങ്ങളാണുള്ളത്. ഇതാണ് യഥാർത്ഥത്തിൽ നഷ്ടം. കൂടാതെ പ്രഭാത് ഡയറി ഉല്പാദിപ്പിക്കുന്ന ടോൺഡ് മിൽക്ക് എന്ന പ്രോഡക്റ്റിന് 180 മില്ലിക്ക് 10 രൂപയാണ് വില; അത് നമ്മൾതന്നെ കുട്ടികൾക്ക് വാങ്ങിക്കൊടുക്കുകയും ചെയ്യും. ഈ മേഖല തകരാനുണ്ടായ പ്രധാന കാരണവും അതുതന്നെയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കെ. കൃഷ്ണൻകുട്ടി എന്റെ അഭിപ്രായങ്ങൾക്ക് ശക്തിപകരുന്ന വിധത്തിലാണ് സംസാരിച്ചത്. വിവിധ വിദേശരാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേയ്ക്ക് വളരെയേറെ പാലുല്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ കേന്ദ്രഗവൺമെന്റ് തീരുമാനമെടുത്ത സാഹചര്യത്തിൽ കേരളത്തിന്റെ നിലവിലുള്ള പാലുല്പാദനംകൂടി തകരാൻ സാധ്യതയുണ്ട്. ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യകതയുണ്ടോയെന്ന ചോദ്യത്തിന് ശക്തിപകരുന്ന, അടിവരയിടുന്ന തരത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ വിദേശത്തുനിന്ന് പാലും മറ്റ് ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നതിനോട് ഭരണപക്ഷത്തിനുള്ള അഭിപ്രായം തന്നെയാണ് പ്രതിപക്ഷത്തിനുമുള്ളത്. ഇതിനെതിരെ യോജിച്ച പ്രക്ഷോഭമാണ് വേണ്ടത്. ഇടതുപക്ഷത്തിലെ അംഗങ്ങൾക്ക് കേന്ദ്രത്തിൽ വാഴാൻ അവസരം ലഭിച്ചപ്പോൾപോലും വിദേശത്തുനിന്ന് ഇത്തരത്തിൽ ഇറക്കുമതിക്ക് കാരണമാകുന്ന സാഹചര്യങ്ങൾ തടയാൻ തയ്യാറായില്ലെന്ന ഖേദകരമായ വസ്തുതകൂടി അങ്ങേയ്ക്ക് അറിയാമല്ലോ? ഇങ്ങനെയുള്ള അവസ്ഥയിലാണ് ഈ ബിൽ വരുന്നത്. പണ്ടുകാലത്ത് ചില ആളുകൾക്ക് നെൽപ്പാടമുണ്ടാകും അവിടെ വൈക്കോലുമുണ്ടാകും, മറ്റ് ചില ആളുകൾ

കാലികളെ വളർത്തുമ്പോൾ വേറെ ചിലർ പച്ചപ്പുൽ ഉൽപാദിപ്പിക്കും. തലേദിവസം രാത്രിയിൽ ബാക്കിയാകുന്ന ഭക്ഷണം, പഴത്തോൽ, പച്ചക്കറി വേസ്റ്റ് എന്നിവ മൃഗങ്ങൾക്ക് ഭക്ഷണത്തിനായി അയൽവീടുകളിൽനിന്ന് കൊണ്ടുപോകുന്ന പതിവുമുണ്ടായിരുന്നു. ഇതുപോലെ പാലക്കാടുനിന്നും ആലപ്പുഴയിലെ കുട്ടനാട്ടിൽനിന്നുമൊക്കെ വൈക്കോൽ മറ്റ് പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുമായിരുന്നു. ഇപ്പോൾ പഴയതുപോലെ പോകുന്നില്ല. മൃഗസമ്പത്ത് കുറഞ്ഞതാണ് അതിനൊരു കാരണം. അതുപോലെ പാവങ്ങളായ ആളുകൾക്ക് ഓരോ കവലകളിലും വൈക്കോൽ കച്ചവടമുണ്ടായിരുന്നു. ഈ ബിൽ പാസ്സാക്കിയാൽ അവരെയെല്ലാം ഇത് അപകടകരമായി ബാധിക്കും. എന്റെ വീട്ടിൽനിന്നും വൈക്കോൽ അടുത്ത വീട്ടിലേയ്ക്കും അവിടെനിന്ന് ചാണകവും മറ്റും ഇങ്ങോട്ടും വാങ്ങുകയും തേങ്ങ ആട്ടിയ പിണ്ണാക്ക് അയൽക്കാരന്റെ പശുവിന് കൊടുക്കുകയും ചെയ്യും. അതിനൊന്നും സാധിക്കാത്ത സാഹചര്യങ്ങൾ വരുന്നുവെന്നുള്ളതും ഇതിനുപിന്നിൽവരുന്ന മറ്റൊരു അപകടമാണ്. അമ്പതുശതമാനം കാലിത്തീറ്റ മാത്രമേ കേരളത്തിൽ ഉല്പാദിപ്പിക്കാൻ സാധിക്കുന്നുള്ളൂ. കേരള ഫീഡ്സ്, മിൽമ, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ

അവരുടെ ഫാമിലേയ്ക്കാവശ്യമുള്ള തീറ്റ ഉല്പാദിപ്പിക്കാറുണ്ട്. കൂടാതെ ഈ മൂന്ന് സ്ഥാപനങ്ങളിൽനിന്നാണ് നമുക്കുവേണ്ട കാലിത്തീറ്റയുടെ ഉല്പാദനവും നടക്കുന്നത്. ഇക്കാര്യത്തിൽ നാം സ്വയംപര്യാപ്തമാകാൻ ശ്രമിക്കണം. നമുക്കാവശ്യമുള്ള കാലിത്തീറ്റയും കോഴിത്തീറ്റയും ഉല്പാദിപ്പിക്കാൻ ഈ സ്ഥാപനങ്ങൾക്ക് ശക്തി പകരുകയാണ് നാം ചെയ്യേണ്ടത്. അതിനുള്ള തീരുമാനങ്ങളിലേയ്ക്കല്ലേ നാം കടന്നുചെല്ലേണ്ടത്.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്...

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സ്വദേശ, വിദേശ കുത്തകകളെ വാനോളം പുകഴ്ത്തി, അവർക്ക് സമ്പത്തും ശക്തിയും പകരാനുള്ള ശ്രമം നമ്മൾ നടത്തുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള രീതിയിലേയ്ക്ക് നമ്മൾ കടന്നുവരേണ്ടതുണ്ടെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, കാലിത്തീറ്റയുടെ വിലവർദ്ധനവാണ്. കർഷക സംഘടനകളുൾപ്പെടെ എല്ലാവരും അതിനെതിരെ സമരം ചെയ്യുകയാണ്. കേരള ഫീഡ്സ് ഇപ്പോൾ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചു. നിയമസഭാ സമിതി ആന്ധ്രാപ്രദേശ് സന്ദർശിച്ചപ്പോൾ അവിടത്തെ മത്സ്യബന്ധനവും മൃഗസംരക്ഷണവും

വകുപ്പുമന്ത്രി പറഞ്ഞത്, അവരുടെ കർഷകർക്ക് കാലിത്തീറ്റ വിലയുടെ 70 ശതമാനംവരെ സബ്സിഡി നൽകുന്നുണ്ടെന്നാണ്. കേരളത്തിൽ അത്തരമൊരു സബ്സിഡിയും ലഭിക്കുന്നില്ല. നഷ്ടത്തിന്റെ കഥപറയുന്ന നമ്മുടെ കർഷകർക്ക് ആശ്വാസം പകരുന്നവിധത്തിലുള്ള ഇടപെടലും സംവിധാനങ്ങളും ഉണ്ടാകേണ്ടതുണ്ടെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബില്ലിൽ അഴിമതിയെ പ്രോത്സാഹിപ്പിക്കാൻ കാരണമാകുന്നരീതിയിലുള്ള പരാമർശങ്ങളുണ്ട്.

ബില്ലിന്റെ 4-ാം ഖണ്ഡത്തിലെ 2-ാം ഉപഖണ്ഡത്തിൽ ധാതുലവണ മിശ്രിതത്തിന്റെ നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ ചേരുവകളെ സംബന്ധിച്ച് പറയുന്നു. "കന്നുകാലികൾക്കുള്ള ധാതുലവണമിശ്രിതത്തിൽ നിരോധിക്കപ്പെട്ട ജന്തുജന്യഘടകങ്ങളും മാർബിൾപ്പൊടി, ഡോളോമൈറ്റ്പൊടി, ഫെറിക് ഓക്സൈഡ്, കുപ്രിക് ഓക്സൈഡ്, മാംഗനീസ് ഡൈ ഓക്സൈഡ്, സംസ്കരിച്ചിട്ടില്ലാത്ത റോക്ക് ഫോസ്ഫേറ്റ് പോലെയുള്ള മറ്റ് ചേരുവകളും അടങ്ങിയിരിക്കാൻ പാടില്ലാത്തതാകുന്നു" എന്നുപറയുന്നുണ്ട്. കൊല ചെയ്യുന്നത് തെറ്റാണ്, അതിന് നിയമനടപടികളുണ്ട്. കത്തികൊണ്ടോ

കുന്തംകൊണ്ടോ കൊള്ളികൊണ്ടോ പാറകൊണ്ടോ കൊല്ലാൻപാടില്ലെന്ന് പറയേണ്ടതുണ്ടോ? ഇതിന് എന്തൊക്കെ ചേരുവകകൾ ഉപയോഗിക്കണമോ അതല്ലാത്തതൊക്കെ നിയമവിരുദ്ധമാണെന്ന പരാമർശമാണ് ബില്ലിൽ ഉൾപ്പെടുത്തേണ്ടത്.

മി. സ്പീക്കർ: പ്ലീസ്... നേരത്തെ സംസാരിച്ചവരെടുത്ത സമയത്തിനെക്കാൾ കൂടുതൽ സമയം താങ്കളെടുത്തു. പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ചുരുക്കാം.. ബില്ലിന്റെ 6-ാം ഖണ്ഡത്തിൽ ലൈസൻസ് പുതുക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ലൈസൻസ് പുതുക്കുന്നതിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടോ മറ്റോ കാലതാമസമുണ്ടായാൽ അത് കർഷകർക്ക് ദുരനുഭവമായി മാറാതിരിക്കാനുള്ള തരത്തിലുള്ള ഭേദഗതിയുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ടും എന്റെ വിയോജനം അറിയിച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച് സെലക്ട് കമ്മിറ്റി മുന്നോട്ടുവച്ചിരിക്കുന്ന ചില വ്യവസ്ഥകളോട് കർഷകർക്കിടയിലുണ്ടായിരിക്കുന്ന ചില

ആശങ്കകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലൊരു പൊതുധാരണയുണ്ട്. തീർച്ചയായും ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ സ്വാഗതം ചെയ്യുകയാണ്. അതിനുകാരണം ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സെലക്ട് കമ്മിറ്റിയിലെ സാധ്യമായ എല്ലാവരും അതിൽ സഹകരിച്ചുകൊണ്ടും അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടും വിശദമായ ചർച്ചകൾ ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. അതിന് ഒരു പശ്ചാത്തലം അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. സംസ്ഥാനത്തെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഉൽപാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകളാണ് 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഉൾപ്പെടുത്തിയ വ്യവസ്ഥകളിൽ പലതും കർഷകരെ ദോഷകരമായി ബാധിക്കുന്നതാണ്. കൂടാതെ നിയമവ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള ശിക്ഷയ്ക്ക് മുൻകാല പ്രാബല്യം നൽകിയപ്പോൾ ഭരണഘടനയുടെ അനുച്ഛേദം

20-ന് വിരുദ്ധമായി ഓർഡിനൻസ് നിലവിലില്ലാതിരുന്ന കാലയളവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ വ്യവസ്ഥകൾ സംബന്ധിച്ച് സെലക്ട് കമ്മിറ്റിയിൽ നടന്ന വിശദമായ ചർച്ചകളുടെ ഭാഗമായി ഈ പോരായ്മകളിൽ ഭൂരിഭാഗവും പരിഹരിക്കുവാൻ സാധിച്ചുവെന്നുള്ളത് ഈ ബില്ലിന്റെ സ്വാഗതാർഹമായ വശമാണ്. അക്കാര്യം വിസ്മരിച്ചുകൊണ്ട് നമുക്ക് സംസാരിക്കാൻ കഴിയില്ല. എന്നാലും ഈ നന്മ ഒരു ഭാഗത്ത് അംഗീകരിക്കുമ്പോൾതന്നെ വിയോജനക്കുറിപ്പിലൂടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഒന്ന്, ബില്ലിലെ വ്യവസ്ഥകൾമൂലം ഈ രംഗത്തെ ചെറുകിട കൃഷിക്കാരെയും കന്നുകാലി വളർത്തി ജീവിക്കുന്ന സാധാരണക്കാരായ മനുഷ്യരെയും ദോഷകരമായി ബാധിക്കുന്നതിന് ഇടവരാതെ സൂക്ഷിക്കുകയും അവരെ സംരക്ഷിക്കുകയുമെന്നുള്ളത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശ്രദ്ധിക്കാനുള്ള പ്രധാനപ്പെട്ട കാര്യമാണ്. നാടൻ കൃഷിക്കാർ അനുഭവ സമ്പത്തിലൂടെ ആർജ്ജിച്ച അറിവുകൾ കാർഷിക മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ഇതുവരെ

കഴിഞ്ഞിട്ടുണ്ട്. ഈ ബില്ലിനെത്തുടർന്ന് ഇതിന് തടസ്സം സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഭാവിയിൽ ഉണ്ടാകരുത് എന്നുള്ളതാണ് ക്ഷീരകർഷകർക്കുവേണ്ടി ചൂണ്ടിക്കാണിക്കാനുള്ള പ്രധാനപ്പെട്ട പ്രശ്നം. അക്കാര്യം പ്രത്യേകമായി സർക്കാർ പരിശോധിക്കണം. ഭാവിയിൽ ഇതിന്റെ ഭാഗമായി നമ്മുടെ നാട്ടിലെ സാധാരണ കൃഷിക്കാരനെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം വരരുത് എന്നുള്ളതാണ് പ്രത്യേകം ചൂണ്ടിക്കാണിക്കാനുള്ളത്. മറ്റൊരു വിഷയം, പലവ്യഞ്ജന കടകളിൽ കാലിത്തീറ്റ സൂക്ഷിക്കുന്നതിന് നേരത്തേ അനുവാദമുണ്ടായിരുന്നു. ടി ബില്ലിനെത്തുടർന്ന് പുതിയ ലൈസൻസ് ഇക്കാര്യത്തിൽ എടുക്കണമെന്നുള്ള സാഹചര്യം വരികയാണ്. പലവ്യഞ്ജന കടക്കാർക്ക് നിലവിൽ കാലിത്തീറ്റ സൂക്ഷിക്കുന്നതിനായി ലൈസൻസ് പൈസ കൊടുത്ത് എടുക്കുകയാണ്. ആ ലൈസൻസിന്റെ കൂടെ അഡീഷണലായി പ്രത്യേക ലൈസൻസ് എടുക്കേണ്ടി വരുന്ന സാഹചര്യം ഇരട്ട ഉപദ്രവമായി മാറുമോ എന്നുള്ള ആശങ്ക ക്ഷീരകർഷകർ ഉന്നയിച്ചത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നാടൻ തീറ്റകൾ ഉണ്ടാക്കി ഉപയോഗിക്കുന്നവർക്ക് ഈ നിയമം കൊണ്ട് ഉപദ്രവമുണ്ടാകരുത് എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു പ്രധാനപ്പെട്ട കാര്യം. ഈ ബില്ലുമായി ബന്ധപ്പെട്ട്, നാട്ടിൻപുറങ്ങളിൽ പശുവിനെ വളർത്തി ജീവിക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം നമ്മൾ സെലക്ട് കമ്മിറ്റി പോയപ്പോഴും ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യം വന്നപ്പോഴും അവർ ഏറ്റവും കൂടുതൽ പ്രതീക്ഷയർപ്പിച്ചത് കാലത്തീറ്റയുടെ വില കുറയുമെന്നുള്ളതും കാലിത്തീറ്റ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അവർക്ക് സംരക്ഷണവും സഹായവും ഉണ്ടാകുമെന്നുള്ളതുമാണ്. പക്ഷേ, അതിലേയ്ക്ക് പോകാൻ നമുക്ക് ഇക്കാര്യത്തിൽ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി മിനിസ്റ്റർ ചൂണ്ടിക്കാണിച്ചതുപോലെ ലോകത്ത് ഏറ്റവും കൂടുതൽ പാലുല്പാദനം ഇന്ത്യയിലാണെങ്കിൽ അതിൽ കേരളം 14-ാം സ്ഥാനത്താണ് നിൽക്കുന്നത്. കേരളത്തിന് മുന്നോട്ടുവരാൻ കഴിയണമെങ്കിൽ ക്ഷീരകർഷകർക്ക് സംരക്ഷണം കൊടുക്കണം. നമ്മുടെ കാർഷിക മേഖല വിവിധങ്ങളായ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ക്ഷീര കാർഷിക മേഖലയെ ആശ്രയിച്ചുജീവിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങൾ ഈ ബില്ലിനെയും സെലക്ട് കമ്മിറ്റിയെയും പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുകയുണ്ടായി. നമുക്ക് ഇതൊരു നല്ല തുടക്കമായി മാറട്ടെ എന്നുള്ളത് ഞാൻ പ്രത്യേകം

സൂചിപ്പിക്കുകയാണ്. എന്നാൽ ഇതിന്റെ അനുബന്ധമായി ബഹുമാനപ്പെട്ട മിനിസ്റ്റർ മുൻകയ്യെടുത്ത് പ്രതിസന്ധി നേരിടുന്നതും നഷ്ടത്തിലൂടെ കടന്നുപോകുന്നതുമായ ക്ഷീര കാർഷിക മേഖലയെ രക്ഷിക്കാനും കർഷകർക്ക് സംരക്ഷണവും സഹായവും കൊടുക്കാനും കഴിയുന്ന വിധത്തിലുള്ള ആശ്വാസ നടപടികളിലേയ്ക്ക് പോകുന്നകാര്യം ഗൗരവമായി ചിന്തിക്കണം. അത്തരത്തിലുള്ള നടപടികൾ ഉണ്ടായാൽ അത് ഏറ്റവും സ്വാഗതാർഹമാണ് എന്നുകൂടി പറയുന്നു. ക്ഷീരകാർഷിക മേഖലയായതുകൊണ്ട് ഒരുപാട് കാര്യങ്ങളിലൂടെ പോകണമെന്ന് ആഗ്രഹമുണ്ടെങ്കിലും സമയം അതിക്രമിച്ചതുകൊണ്ടും ആ ചർച്ചയിലേയ്ക്ക് കടക്കുന്നത് നമുക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളതുകൊണ്ടും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. തീർച്ചയായും ക്ഷീരകർഷകരുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെയും ക്ഷീരകർഷകർക്കുവേണ്ടി ഈ ബിൽ കുറ്റമറ്റരീതിയിൽ കൊണ്ടുവരാൻ ശ്രമിച്ചതിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. എന്നാൽ ഈ ആശങ്കകൾകൂടി

സർക്കാർ പരിഹരിക്കുന്നതിനുള്ള ശ്രദ്ധയുണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഞാൻ എം.എൽ.എ. ആയി വന്നതിനുശേഷം ആദ്യമായി ഒരു സെലക്ട് കമ്മിറ്റിയിൽ അംഗമായത് ഈ ബില്ലിലാണ്. ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ പഞ്ചാബ്, ഹൈദ്രാബാദ് എന്നിവിടങ്ങളിൽ പോവുകയും ഇതിന്റെ പഠനവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിഷയങ്ങൾ മനസ്സിലാക്കാനും അടുത്തറിയാനും സാധിച്ചു. തീർച്ചയായും ഇക്കാര്യത്തിൽ സെലക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി എടുത്ത ആത്മാർത്ഥമായ താൽപ്പര്യം ഈ സമയത്ത് പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം, ആ വിഷയങ്ങളെക്കുറിച്ച് വളരെ ആഴത്തിൽ ഞങ്ങൾ എല്ലാ അംഗങ്ങളും വിശദമായി നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട്, സമഗ്രമായി ക്ഷീരമേഖല നേരിടുന്ന നിലവിലെ പ്രതിസന്ധി അല്ലെങ്കിൽ പ്രയാസങ്ങൾ പൊതുവായി ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഉപജീവനമാർഗ്ഗം, സംരംഭകത്വം, അധികവരുമാനം, ഉപതൊഴിൽ, ഭക്ഷ്യപോഷക സുരക്ഷയുടെ ഭാഗമായി

സമ്പൂർണ്ണ ആഹാരമായ പാലിന്റെ ഗുണമേന്മയോടെയുള്ള ഉല്പാദനം, സ്ത്രീ ശാക്തീകരണം, കർഷക സഹകരണം, ജൈവകൃഷി എന്നിങ്ങനെ വിവിധതല സ്പർശിയായതിനാൽ ക്ഷീരമേഖല വളരെ പ്രധാനപ്പെട്ടതാണ്. കേവലം പാലുൽപ്പാദിപ്പിക്കുന്നു, ആരെങ്കിലും വിൽക്കുന്നു, കുറച്ച് പൈസ വാങ്ങിക്കുന്നു, എന്നതുമാത്രമല്ല, വിഭിന്നമായ രീതിയിലുള്ള വ്യാപ്തിയും കാഴ്ചപ്പാടും ക്ഷീരമേഖലയ്ക്കുണ്ട് എന്നുള്ളത് നമ്മൾ മനസ്സിലാക്കണം. 8 ലക്ഷം കുടുംബങ്ങൾ കേരളത്തിൽ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റ് കാർഷികവൃത്തികളിൽനിന്നും വ്യത്യസ്തമായി വർഷം മുഴുവൻ എല്ലാ ദിവസവും എല്ലാ സമയവും ശ്രദ്ധയും അദ്ധ്വാനവും ആവശ്യമായതിനാൽ ക്ഷീരകർഷകർക്ക് നൽകുന്ന ഒരു സഹായവും അധികമാവുകയില്ലെന്നും നിലവിൽ കൊടുക്കുന്നത് മതിയാകില്ലെന്നും ആദ്യമായി നമ്മൾ അംഗീകരിക്കണം. കേരളത്തിലെ 3.48 കോടി ജനങ്ങൾക്ക് ഒരു വർഷം ആവശ്യമായി വേണ്ട 31.4 ലക്ഷം മെട്രിക് ടൺ പാലിൽ 25.32 മാത്രമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത്. കുറവ് 19 ശതമാനമാണ്. കർണ്ണാടകയിലെ നന്ദിനി, അമൂൽ തുടങ്ങി ഇന്ത്യയിൽനിന്ന് മാത്രമല്ല, ലോകത്തിലെ ന്യൂസിലാൻഡ്, ആസ്ട്രേലിയ എന്നിങ്ങനെ മിനിസ്റ്റർ

പറഞ്ഞ പലയിടത്തുനിന്നും ഭാവിയിൽ പാലെത്താം. നമ്മുടെ കർഷകരുടെ ഭാവി എവിടെയായിരിക്കും? അവരെ എങ്ങനെ നിലനിർത്താൻ കഴിയുമെന്ന് വളരെ ഗൗരവത്തോടുകൂടി ഈ സഭ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഉൽപ്പാദനച്ചെലവ് കൂടുതലായതിനാലും ലാഭം കാര്യമായി ഇല്ലാത്തതിനാലും കർഷകർ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടുന്ന ഒരു സ്ഥിതിയാണ് നമ്മൾ കണ്ടുവരുന്നത്. ഇന്ത്യയിലേറ്റവും കൂടുതൽ പാലുൽപ്പാദിപ്പിച്ച് കേരളത്തിലത് ലിറ്ററിന് 42 രൂപയിലധികം ആയതിനാൽ 365 ദിവസത്തെ കർഷകന്റെ അധ്വാനം വിലയില്ലാതാകുന്ന നിലയാണുള്ളത്. മുതൽ മുടക്കിൽ തുടങ്ങുന്ന സംരംഭത്തിന് കൂലിക്കാരന് ലഭിക്കേണ്ട വരുമാനംപോലും ലഭിക്കാത്ത സ്ഥിതിയാണ് യഥാർത്ഥത്തിൽ ക്ഷീര കർഷകന്റെ ഇന്നത്തെ അവസ്ഥ. കേരളത്തിലെ 12 ലക്ഷം പശുക്കൾക്കാവശ്യമായ പച്ചപ്പുല്ലിന്റെ 47 ശതമാനം മാത്രമാണ് കേരളത്തിലെ ലഭ്യത എന്ന് ഞാൻ മനസ്സിലാക്കുന്നു. നിലവിലുള്ള പശുക്കൾക്കാവശ്യമുള്ള തീറ്റപ്പുൽ ലഭിക്കണമെങ്കിൽ 26000 ഹെക്ടറിൽ പുതുതായി പുൽകൃഷി ചെയ്യേണ്ടിവരും. വിപണിയിൽ ലഭിക്കുന്ന കാലിത്തീറ്റയെ മാത്രം ആശ്രയിക്കുന്നത് ചെലവ് കൂട്ടും. ഇപ്പോൾ കാലിത്തീറ്റ

വാങ്ങുന്നതിന് 1600/- രൂപയാണ്. അത് ഒരാഴ്ചത്തേയ്ക്ക് തികയില്ല. ആ കാലിത്തീറ്റയുടെ ഗുണനിലവാരം അനുസരിച്ചാണ് പാൽ ലഭിക്കുന്നത്. പാൽ ലഭിച്ചില്ലെങ്കിൽ അതോടുകൂടി ആ കർഷകന്റെ അധ്വാനം മുഴുവൻ നഷ്ടത്തിലാകുന്ന സ്ഥിതിയുണ്ടാകും. പശുവിന്റെ ഉൽപാദനം, പ്രത്യുൽപ്പാദനം, ആരോഗ്യം എന്നിവയെക്കൂടി കാലിത്തീറ്റയുടെ ഗുണനിലവാരം ബാധിക്കുകയാണ്. കാലിത്തീറ്റയിലെ ചോളം പോലുള്ള ഘടകങ്ങൾ ജൈവ ഇന്ധനം ഉൽപ്പാദിപ്പിക്കാൻ മാറ്റിവയ്ക്കപ്പെടുന്ന ഈ കാലത്ത് കാലിത്തീറ്റയുടെ ലഭ്യതയും വിലയും കർഷകന്റെ നട്ടെല്ലൊടിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഫോഡർ പോളിസി എന്ന നിലയിൽ ഒരു പോളിസി രൂപീകരിക്കണമെന്നാണ് എനിക്ക് തോന്നുന്നത്. ഗവൺമെന്റിന് ഫോഡർ പോളിസിയുണ്ടാകണം. കാരണം, മുൻപോട്ടുള്ള കാലഘട്ടത്തിൽ എങ്ങനെയാണ് നമ്മൾ ക്ഷീരകർഷകരെ പിടിച്ചുനിർത്താൻ ശ്രമിക്കുന്നത്. അതുപോലെ, തീറ്റയുടെ ഗുണവും വിലയും ഗുണനിലവാരവുമാണ് കർഷകർ ഏറ്റവും പ്രയാസപ്പെടുന്ന മറ്റ് രണ്ടുകാര്യങ്ങൾ. ഈ ബിൽ വിഭാവന ചെയ്യുന്നത് അതാണെന്ന് എനിക്കറിയാം. എന്നിരുന്നാലും അതിനെ സമഗ്രമായി അഡ്രസ് ചെയ്യുന്നതിൽ 100 ശതമാനവും ലക്ഷ്യം നേടാൻ

സാധിക്കുമോ എന്നുള്ള സംശയം ഞാൻ രേഖപ്പെടുത്തുകയാണ്. ഒരു കാര്യം, നമ്മൾ ഈ മേഖലയിലെ കാലാനുസൃതമായ മാറ്റത്തെ ഉൾക്കൊള്ളാൻ തയ്യാറാകണം. കാരണം ഒന്നോ രണ്ടോ പശുക്കളെ വളർത്തി നിത്യവൃത്തി കഴിച്ചിരുന്ന സാധാരണക്കാരായ ക്ഷീർകർഷകർ കുറയുകയും ഈ മേഖലയിലേയ്ക്ക് സംരംഭകരായി കടന്നുവരുന്നവരുടെ എണ്ണം കൂടിവരികയും ചെയ്യുന്നതിനാൽ അത്തരക്കാരെ ആകർഷിക്കുന്ന സംരംഭക സൗഹൃദ നയങ്ങൾ ഈ മേഖലയ്ക്കാവശ്യമാണ്. ഇക്കാര്യം പറയാൻ കാരണം എനിക്ക് നേരിട്ട് അനുഭവമുള്ള ഒരു സംഭവമുണ്ട്. ക്ഷീരഗ്രാമം പദ്ധതി എന്റെ നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ടപ്പോൾ ആ പദ്ധതിയിൽ സർക്കാർ അനുവദിച്ച പണം ക്ഷീരകർഷകർക്ക് എങ്ങനെയെങ്കിലും കൊടുക്കുന്നതിനുവേണ്ടി വളരെയധികം ബുദ്ധിമുട്ടനുഭവിച്ച ഒരു സാമാജികനാണ് ഞാൻ; അത് എന്തുകൊണ്ടാണ്? ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ഈ ക്ഷീരഗ്രാമം പദ്ധതിയുടെ പോളിസിയനുസരിച്ച്, ഇത്ര പശുക്കൾ വാങ്ങുന്നതിനുമാത്രമേ അനുമതി കിട്ടുകയുള്ളൂ; ആ സമയത്ത് വാങ്ങുന്നതിനുമാത്രമേ പൈസ കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നിങ്ങനെ അനാവശ്യമായ നിബന്ധനകളാണ്. ഏത്

കാലത്ത്, ആര് എഴുതിയുണ്ടാക്കിയ നിബന്ധനകളാണ് എന്നറിയില്ല. ആ നിബന്ധന വച്ചുകൊണ്ട് കൊടുക്കുന്ന പണം ഗുണകരമായി വരാത്ത നിലയിലേയ്ക്കുള്ള നിരവധിയായ നിയന്ത്രണ സ്വഭാവം ക്ഷീരഗ്രാമം പദ്ധതിക്കുണ്ട്. നമ്മൾ കൊടുക്കുന്നത് ഒരു കോടി രൂപയായിരിക്കും; പക്ഷേ, അതുകൊണ്ട് കർഷകർക്ക് പ്രയോജനം ലഭിച്ചാലല്ലേ കാര്യമുള്ളൂ. അവർക്ക് ഇഷ്ടമുള്ള പശുവിനെയോ പുറത്തുനിന്നും കിടാവിനെയോ വാങ്ങാൻ സാധിക്കില്ല. എന്നാൽ ഇവിടത്തെ കിടാരി പാർക്കുകളിൽ കിടാക്കളുണ്ടോ; ഇല്ല. കർഷകർ എന്തുചെയ്യും? വെള്ളമില്ലാത്തിടത്ത് മുങ്ങിച്ചാകാൻ പറഞ്ഞാൽ കർഷകർ എങ്ങനെ മുങ്ങിച്ചാകും; നമ്മൾ പോളിസിയുണ്ടാക്കുകയും പൈസ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ നേരിട്ട് പരിശ്രമിച്ചിട്ട് ആ പണം ചെലവഴിക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഇത്ര ഉറപ്പിച്ച് പറയാൻ കാരണം. അതനുസരിച്ചുള്ള മാറ്റങ്ങൾ സർക്കാരിന്റെ പോളിസിയിൽ വരണം. നിങ്ങൾ ആരെങ്കിലും ഇതിനുവേണ്ടി മനസ്സുവയ്ക്കണം. ഡിപ്പാർട്ടുമെന്റിൽ വളരെ ഉന്നത ഉദ്യോഗസ്ഥരുണ്ടല്ലോ; കാലാനുസൃതമായ മാറ്റം ഈ പോളിസിയിൽ വരുത്താൻ ഇത്ര വലിയ പ്രയാസമെന്തിനാണ്; ആരാണ് അംഗീകരിക്കാത്തത്? എത്ര ക്ഷീരഗ്രാമം പദ്ധതിയാണ് നമ്മൾ

നടപ്പിലാക്കിയത്. അതിന്റെ എഫിഷ്യൻസി റേറ്റ് എത്രയാണ്; എത്ര കോടി രൂപ കൊടുത്തു? ഇവിടുത്തെ കർഷകർക്ക് പൈസ കൊടുക്കേണ്ട ആവശ്യമില്ലെന്ന് ആരും പറയുകയില്ല. സർക്കാരിന് കൊടുക്കാൻ താൽപ്പര്യമില്ലാഞ്ഞിട്ടല്ല. എന്നിട്ടും നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. എന്തുകൊണ്ടാണത്; It's because of the lack of clarity in the policy. അല്ലെങ്കിൽ ഔട്ട്ഡേറ്റഡ് പോളിസി വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. You should revive it or reform it. അതാണ് ഇതിൽ ചെയ്യേണ്ടത്. അല്ലാതെ നമ്മൾ ആരും പൈസ മേടിച്ചില്ല എന്നുപറഞ്ഞിട്ട് കാര്യമില്ല. ഇങ്ങനത്തെ നിയന്ത്രണങ്ങൾ ആണ്. ഇപ്പോൾ ഏറ്റവും നല്ല പശുവിനെ കിട്ടുന്നത് കേരളത്തിന് പുറത്തുനിന്നാണ്. പക്ഷേ, ഈ പദ്ധതി പ്രകാരം കേരളത്തിന് പുറത്തുപോയി വാങ്ങിക്കാൻ സാധിക്കില്ല. എന്നാൽ കേരളത്തിൽ വാങ്ങിക്കാൻ പശുവുണ്ടോ? കേരളത്തിൽ പശുവില്ല. ഇതാണ് അവസ്ഥ. ഇങ്ങനെയുള്ള കാര്യങ്ങളിൽക്കൂടി ശ്രദ്ധ വേണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഉൽപ്പാദനക്ഷമത കൂടിയ പശുക്കൾ, ആധുനിക സാങ്കേതിക വിദ്യകൾ, യന്ത്രവൽക്കരണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രസിഷൻ ഫാമിംഗ്, ഓട്ടോമേഷൻ തുടങ്ങിയ പുതുമുഖമുള്ള

ക്ഷീരമേഖലയ്ക്കുവേണ്ടിയാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. കാലഘട്ടം മാറുകയാണ്; എന്തുമാത്രം ടെക്നോളജി അഡ്വാൻസ്മെന്റ് നമ്മുടെ മുമ്പിൽവന്നു. ഇന്നത്തെ ടെക്നോളജി അഡ്വാൻസ്മെന്റ് അനുസരിച്ച് അതിന്റെ നേട്ടങ്ങൾ കർഷകരിലേയ്ക്ക് കൈമാറുന്ന ഒരു പോളിസിയോ അപ്രോച്ചോ നമുക്കുണ്ടോ എന്ന് മന്ത്രിയെന്ന നിലയിൽ ആത്മാർത്ഥമായി അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഇത് നമ്മളാണ് ചെയ്യേണ്ടത്. നമ്മൾ ചെയ്യാതെ ഉദ്യോഗസ്ഥരാരും മുൻകയ്യെടുക്കണമെന്നില്ല. ഇന്ന് എത്രയോ സാധ്യതകൾ കിടക്കുന്നു. അതുമാത്രമല്ല, ഓരോ ദിവസവും ചലഞ്ചസ് വലുതായി വന്നുകൊണ്ടിരിക്കുകയാണ്. ഇതിനാവശ്യമായ ഗവേഷണ വിദ്യാഭ്യാസ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി വെറ്ററിനറി സർവ്വകലാശാല, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ ഒരുക്കണം. നമ്മുടെ വെറ്ററിനറി സർവ്വകലാശാലകളും കാർഷിക സർവ്വകലാശാലകളും എല്ലാം വളരെ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ പറയാം. See, whether we are up to to the mark. അല്ലെങ്കിൽ നമ്മൾ പ്രതീക്ഷിക്കുന്ന......

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, മൾട്ടി നാഷണൽ കമ്പനികളുടെ വരവ് കാരണം നമുക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ വളരെ പ്രയാസമാണ്. ഇപ്പോൾ സെല്ലുലാർ മാംസം വന്നുകഴിഞ്ഞു; അതുപോലെ, വിദേശത്തുനിന്നും നേരിട്ട് പാൽ ഇറക്കുമതി ചെയ്യുകയാണ്. Fonterra എന്ന കമ്പനി A2 Milk ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇവിടെയുള്ളവർ അതിന്റെ ഗുണം അറിഞ്ഞാൽ അതേ വാങ്ങി ഉപയോഗിക്കൂ. A2 Milk ഉൽപ്പാദിപ്പിക്കുന്ന ന്യൂസിലൻഡിന്റെ കമ്പനിയും Lactalis International, പ്രഭാത് ഡയറി എന്നിവയെല്ലാം ഇവിടെ വന്നുകഴിഞ്ഞു. 7000 മുതൽ 8000 വരെ പശുക്കളാണ് ഒരു ഡയറിലുള്ളത്. അവിടെയെല്ലാം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള സംവിധാനത്തിൽ വളരെ ചുരുങ്ങിയ ചെലവിലാണ് പാൽ ഉല്പാദിപ്പിക്കുന്നത്. അതിന്റെ കൂടെയാണ് നേരത്തെപറഞ്ഞതുപോലെയുള്ള ടോൺഡ് മിൽക്ക് ഇറക്കുമതി ചെയ്തിരിക്കുന്നത്. ഈ രീതിയിലുള്ള കേന്ദ്രസർക്കാരിന്റെ നയം വളരെ വലിയ അപകടമാണ്, ഈ മേഖലയെ അത് തകർക്കാൻ പോകുകയാണ്. അതിനെ എതിർക്കാൻ നമ്മളെല്ലാവരുംകൂടി ഒരുമിച്ച് നിൽക്കേണ്ട ഒരു സമയമാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം തന്നെയാണ്; ഇത്തരം കാര്യങ്ങൾക്കിടയിലാണ് പാലുൽപ്പന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. മാത്രമല്ല, ഈ മേഖലയിൽ നിൽക്കുന്നവരെ ആദായ നികുതിയുടെ പരിധിയിൽ കൊണ്ടുവരാനുംകൂടി തീരുമാനിച്ചിരിക്കുകയാണ്. ഈ മേഖലയിൽ മുമ്പോട്ട് പോകുന്നവർക്ക് കൂടുതൽ പ്രയാസങ്ങളുണ്ടാക്കുന്ന തരത്തിലാണ് ഇത്തരം തീരുമാനങ്ങൾ കടന്നുവരുന്നതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മൾ അതിങ്ങനെ വെറുതെ കാഷ്വലായി ഡിബേറ്റ് ചെയ്തതുകൊണ്ട് കാര്യമില്ല. You need to understand and accept the reality. For the sake of saying, we can say all these things. പക്ഷേ ഞാൻ വിശ്വസിക്കുന്നത്, down the line 10 years or 15 years നമുക്ക് പാൽ വാങ്ങണമെന്നുണ്ടെങ്കിൽ ടോൺഡ് മിൽക്ക് മാത്രമേ മാർക്കറ്റിൽ ലഭിക്കുകയുള്ളൂ. അങ്ങനെയുള്ള കാലഘട്ടത്തിലേയ്ക്കാണ് നമ്മൾ പോകുന്നത്. ഇന്ന് നിവൃത്തിയില്ലാത്തതുകൊണ്ടല്ലേ കർഷകൻ പശു വളർത്തി പാൽ കറന്ന് നൽകുന്നത്; അവർക്ക് വേറെ

മാർഗ്ഗമില്ലാത്തതുകൊണ്ടും കൂട്ടിലടച്ചതുപോലെ ഇരിക്കുന്നതുംകൊണ്ടാണ്; അടുത്ത ജനറേഷൻ അങ്ങനെ സഫർ ചെയ്യാൻ ഉണ്ടാകുകയില്ല. സ്വാഭാവികമായും ഇതൊരു ഇൻഡസ്ട്രിയൽ മോഡിലേയ്ക്ക് മാറും. ടോൺഡ് മിൽക്ക് മാത്രം ലഭ്യമാകുന്ന, ക്വാളിറ്റി മാത്രം പരിശോധിക്കുന്ന ഒരു കാലഘട്ടത്തിലേയ്ക്ക് നമ്മൾ പോയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതിനെ എതിർക്കണമെന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? നമ്മൾ അതിനോട് മത്സരിക്കാനും ആ ചലഞ്ചിനെ നേരിടാനും പാകത്തിന്.....

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പാൽ ഇറക്കുമതി ചെയ്യാൻ കേന്ദ്രസർക്കാർ എല്ലാ കമ്പനികൾക്കും അനുവാദം കൊടുക്കുകയാണ്. ഒരു ലക്ഷം പശുക്കളാണ് ചൈനയിലെ ഒരു ഡയറിയിലുള്ളത്. അവർ ഇപ്പോൾ ഇന്ത്യയെ തോൽപ്പിക്കും. ന്യൂസിലൻഡ്, ആസ്ട്രേലിയ എന്നിവിടങ്ങളിൽനിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിനുള്ള അനുമതി കൊടുത്തുകഴിഞ്ഞു. അപ്പോൾ നമ്മൾ എങ്ങനെ പിടിച്ചുനിൽക്കും. ഇവിടെ സാധാരണക്കാരായ സ്ത്രീകളുടെ ഏറ്റവും വലിയ ഉപജീവനമാർഗ്ഗമാണ് പാൽ, അവരാണ് നശിക്കാൻ പോകുന്നത്. കുത്തക നിയന്ത്രണം നേരത്തേ

ഉണ്ടായിരുന്നു; കോൺഗ്രസ് തന്നെ ഉണ്ടാക്കിയതാണ്, അത് എടുത്തുകളഞ്ഞതിന്റെ ഫലമാണ് നമ്മൾ ഇപ്പോൾ അനുഭവിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മൾ ഇതിനിടയ്ക്ക് കോൺഗ്രസും കമ്മ്യൂണിസ്റ്റും പറയുന്നതാണ് പ്രശ്നം. ഈ മേഖല നിലനിൽക്കണമെങ്കിൽ എന്താണ് വേണ്ടത്? കർഷകർ ആഗ്രഹിക്കുന്നവിധം അത്യുല്പാദനശേഷിയുള്ള പശുക്കളുണ്ടാകണം. അത്തരം പശുക്കളുടെ സ്റ്റോക്കില്ലാത്ത ഒരു സംസ്ഥാനമാണ് നമ്മുടേത്. എന്നിട്ടും സംരംഭകത്വം നടത്തണമെന്നാണ് നമ്മൾ പറയുന്നത്. അത്യുല്പാദനശേഷിയുള്ള പശുക്കളെ ആരുണ്ടാക്കും; കർഷകന് ഉണ്ടാക്കാൻ സാധിക്കുമോ? ന്യൂസിലൻഡിലും ആസ്ട്രേലിയയിലും അത്യുല്പാദനശേഷിയുള്ള പശുക്കളെ അവർ ഉണ്ടാക്കിയിട്ടുണ്ട്. They will take the advantage. You are not working on it. ഈ ഗവേഷണം കർഷകന് നടത്താൻ സാധിക്കുമോ? ഇവിടെ ഗവേഷണം നടത്തുന്നതിന് R&D (Research and Development) Centres ഉണ്ട്. Who will do this; Who will fund it; Who will take care of it? You are creating Universities and Institutions; you are paying crores and crores of rupees. പക്ഷേ ആർക്കാണ് പ്രയോജനമുള്ളത്?

എവിടെയാണ് അഡ്വാൻസ്മെന്റ് വന്നിട്ടുള്ളത്. മാട്ടുപ്പെട്ടിയിലെ സൗകര്യങ്ങൾ നിങ്ങൾ പോയി കാണണം.

മി. സ്പീക്കർ: പ്ലീസ് ...... പ്ലീസ്.....

ഡോ. മാത്യു കുഴൽനാടൻ: സർ, വേറെയൊന്നും കൊണ്ടല്ല, ഞാൻ വളരെ well prepared ആണ്, പറയാൻ എന്നെ അനുവദിക്കണം. മാട്ടുപ്പെട്ടിയിലെ സൗകര്യങ്ങൾ കാണണം, അത് ഏതുകാലത്ത് ഉണ്ടാക്കിയതാണ്, അതിന്റെ updation, upgradation, updating എന്തെങ്കിലും ഉണ്ടായോ? ഉണ്ടായില്ല. ഏറ്റവും പ്രധാനപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾക്കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. ഡി. കെ. മുരളി: സർ, ഈ വിശദീകരണം കേൾക്കുമ്പോൾ, ഭാവിയിൽ കോർപ്പറേറ്റുകളുടെ പിടിയിൽ ഈ രംഗമാകെ വന്നുപെടും. അതുകൊണ്ട് കോർപ്പറേറ്റുകൾക്കെതിരായുള്ള ചെറുത്തുനിൽപ്പ് വേണ്ടെന്നാണോ അർത്ഥമാക്കുന്നത്?

ഡോ. മാത്യു കുഴൽനാടൻ: സർ, ആ ചെറുത്തുനിൽപ്പിനുവേണ്ടിയാണ് ഞാൻ പറയുന്നത് അത്യുല്പാദനശേഷിയുള്ള പശുക്കളെയുണ്ടാക്കണം.

അല്ലാതെ കർഷകനോടുപറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾക്കുവേണ്ടി കോർപ്പറേറ്റിനോട് ഫൈറ്റ് ചെയ്യാനായി അവർ ദാരിദ്ര്യത്തിലും പട്ടിണിയിലും കിടന്നുമരിക്കണമെന്നാണോ പറയുന്നത്. ഇന്ന് ഇവിടെ ഏത് ക്ഷീരകർഷകനാണ് മനഃസമാധാനത്തോടെ വീട്ടിൽ കിടന്നുറങ്ങുന്നത്, ആർക്കാണ് നല്ല നിലയിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുന്നത്, ആർക്കാണ് ജീവിത സൗകര്യങ്ങളുള്ളത്? നിങ്ങൾക്ക് കോർപ്പറേറ്റുകളോട് ഫൈറ്റ് ചെയ്യാനായി അവർ ദാരിദ്ര്യത്തിൽ നിൽക്കണമെന്നാണോ പറയുന്നത്? No, that's not going to happen. That's an outdated ideology. അതുകൊണ്ടാണ് ഞാൻ പറയുന്നത്, അല്ലാതെ ഞാൻ കോർപ്പറേറ്റുകൾക്കുവേണ്ടി വാദിക്കുന്നതല്ല. Inevitably the market has been taken over. കാരണം, കർഷകരെ സ്ട്രെങ്ത്തൺ ചെയ്യാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. That is to be done by the Government. ഇതുവരെ ഗവൺമെന്റിന് എന്ത് ഇനിഷ്യേറ്റീവാണുള്ളത്? മാട്ടുപ്പെട്ടിയിലെ ആ സ്ഥാപനം നിങ്ങൾ പോയി കാണണം. എത്രയോ കാലം മുമ്പ് രൂപീകരിച്ച, എത്രയോ ഹൈ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂഷനായിരുന്നു. ഇന്ന് അതിന്റെ അവസ്ഥയെന്താണ്? നമുക്ക് ആ സ്ഥാപനത്തെ ഉയർത്തിക്കൊണ്ട്

പോകാമായിരുന്നില്ലേ? പക്ഷേ അവിടെ യൂണിയൻ ഉണ്ടാക്കി, സമരം നടത്തി, ആ സ്ഥാപനത്തെ തകർത്തു. നമുക്ക് താല്പര്യം കമ്മ്യൂണിസ്റ്റും കോൺഗ്രസും പറയാനാണ്. അതല്ലാതെ കർഷകരെ സ്ട്രെങ്ത്തൺ ചെയ്യാനല്ല. അതുകൊണ്ട് ദയവുചെയ്ത് ഇതിൽ നിങ്ങൾ രാഷ്ട്രീയം കൊണ്ടുവരരുത്. ഇനി ഞാൻ വഴങ്ങുന്നില്ല, കുറച്ചുകാര്യങ്ങൾ പറയാനുണ്ട്.

മി. സ്പീക്കർ: സമയക്രമം പാലിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ചുരുക്കാം. കേരളത്തിൽ ശരാശരി 10 ലിറ്ററാണ് പ്രതിദിന പാലുല്പാദനശേഷി. മുമ്പുപറഞ്ഞതുപോലെ, പൊതുമേഖലാ ഫാമിൽനിന്നോ സർവ്വകലാശാലകളിൽനിന്നോ നല്ലയിനം പശുക്കളെ ലഭിക്കുന്നില്ല, അവിടെ അതിനുള്ള പദ്ധതിയില്ല. നല്ല ബീജവും പെൺകിടാവുമാത്രം ജനിക്കുന്ന സെക്സ് സോർട്ടഡ് ബീജം ലഭിക്കുമോയെന്ന് നമ്മൾ അന്വേഷിക്കണം. വിവര സാങ്കേതികവിദ്യയും ജൈവ സാങ്കേതിക വിദ്യകളിലെ കുതിച്ചുചാട്ടവും ഉപയോഗപ്പെടുത്തി മികച്ച പശുസമ്പത്തിനെ വികസിപ്പിക്കാനുള്ള പ്രജനന നയം വേണം. ഇസ്രായേലിന്റെ മാതൃക കണ്ടുപഠിക്കുന്നതിൽ ഒരു തെറ്റുമില്ല. കാലാവസ്ഥാ മാറ്റവും ഉയർന്ന ചൂടും

കർഷകൻ ദിവസവും അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. കാലാവസ്ഥ മാറ്റവും ചൂട് കൂടുന്നതും നമുക്കറിയാമല്ലോ. That will directly affect the industry or the production of milk. അതിൽ നമ്മൾ ആരും concerned അല്ല. അതുകൊണ്ട് climate resilient ആയ രീതിയിൽ, പിടിച്ചുനിൽക്കാൻ കഴിയുന്ന രീതിയിലുള്ള പോളിസിയും പദ്ധതിയും നമുക്കുണ്ടാകണം. വെറ്ററിനറി സർവ്വകലാശാലയുടെ ആശ്രയ ഫാമുകൾ പോലെയുള്ള പുതിയ സംരംഭങ്ങൾ ആരംഭിച്ച് climate resilient ആയി എങ്ങനെ ഇൻഡസ്ട്രി മുമ്പോട്ടുപോകുമെന്നതിനെക്കുറിച്ച് പഠിക്കണം. കേരളത്തിൽ സങ്കരയിനം പശുക്കളുടെ പരമാവധി ഉൽപ്പാദനശേഷി കൈവരിക്കാൻ സാധിക്കുന്നവിധം ലഭ്യമായ വിഭവങ്ങൾക്കും മാറുന്ന കാലാവസ്ഥയ്ക്കും ചേരുംവിധം പ്രത്യേക പരിപാലനമുറകൾ മാറ്റിയെഴുതണം. നമുക്ക് ആവശ്യമായ പശുക്കളും കിടാക്കളും ഇവിടെത്തന്നെ ഉല്പാദിപ്പിക്കണം. സർക്കാരിന്റെ കൈയച്ചതും ആസൂത്രിതവുമായ സഹായമില്ലാതെ ലോകത്തൊരിടത്തും ക്ഷീരമേഖലയ്ക്കോ കർഷകർക്കോ നിലനിൽക്കാനായിട്ടില്ല. ആസ്ട്രേലിയയിലെയും ന്യൂസിലൻഡിലെയും കാര്യങ്ങളൊക്കെ സൂചിപ്പിച്ചല്ലോ. അവിടത്തെ കർഷകർക്ക് ഏറ്റവും ഹൈ ക്വാളിറ്റിയുള്ള

ആർ.&ഡി. ലഭിച്ച് ഡെവലപ് ചെയ്യുന്നതുകൊണ്ടാണ് അവർ ഈ മേഖലയിൽ അതിജീവിക്കുന്നത്. അല്ലാതെ ആസ്ട്രേലിയ, ന്യൂസിലൻഡ് എന്നുപറയുമ്പോൾത്തന്നെ അത് കോർപ്പറേറ്റുകളാണെന്ന് പറയേണ്ട കാര്യമില്ല. കാരണം അവിടെയും കർഷകരാണ്, അവരും അധ്വാനിക്കുന്നവരാണ്. നമ്മുടെ കർഷകരായ പാവങ്ങൾ ഇവിടെക്കിടന്ന് അധ്വാനിച്ചാലും കറന്നാൽ പാൽ കിട്ടുന്നില്ലെങ്കിൽ എന്ത് ചെയ്യാൻ സാധിക്കും. വൈക്കോൽ, സൈലേജ് എന്നിവ ഉണ്ടാക്കാനും ബെയിൽ ചെയ്യാനും നമുക്ക് പദ്ധതികളുണ്ടോ? ഇന്നുവരെ നമുക്ക് ഈ മേഖലയിൽ മുന്നേറാൻ സാധിച്ചിട്ടില്ല. സ്വകാര്യ വ്യക്തികൾ ചെയ്യുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൂടുതൽ കർഷകരെ സഹകരണമേഖലയിൽ എത്തിക്കുംവിധം മിൽമയെ ശക്തമാക്കണം. മിൽമ രാഷ്ട്രീയക്കളികൾക്കുള്ള വേദിയല്ല, കർഷക ഉപഭോക്തൃക്ഷേമത്തിനാണ് നിലകൊള്ളേണ്ടത്. 3643 പ്രാഥമിക സഹകരണസംഘങ്ങളിലായി 1.8 ലക്ഷം കർഷകരാണ് സഹകരണസംഘങ്ങളിൽ പാൽ നൽകുന്നത്. സംസ്ഥാനത്തെ പാലുൽപ്പാദനത്തിന്റെ 23 ശതമാനം മാത്രമാണ് സഹകരണസംഘങ്ങളിലെത്തുന്നത്. ഒരു അംഗീകൃത സംവിധാനമുണ്ടായിട്ട്

23% മാത്രമാണ് ലഭ്യമാകുന്നത്. അത് എന്തുകൊണ്ടാണെന്ന് നമ്മൾ അന്വേഷിക്കണ്ടേ? പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സഹകരണസംഘങ്ങളുടെ cold chain സംവിധാനവും ക്ഷീരവികസന വകുപ്പിന്റെ പാൽ പരിശോധനാ സംവിധാനവും വികസിപ്പിക്കണം. ചെക്ക്പോസ്റ്റ് കടന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാൽ പരിശോധിക്കാനുള്ള സംവിധാനം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് കേരളത്തിലെ പാലിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് നമ്മൾ concerned ആണെന്ന് പറയുന്നുവെന്നല്ലാതെ What mechanism we have? ഫലപ്രദമായി അതിനെ നേരിടാൻ കഴിയുന്ന എന്ത് മെക്കാനിസമാണ് നമുക്കുള്ളത്. അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാൽ പരിശോധിക്കാനുള്ള സംവിധാനം ക്ഷീരവികസന വകുപ്പ് വർഷങ്ങളായി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വർഷം ഓണക്കാലത്ത് മുഴുവൻ പാൽ ലോഡുകൾക്കും റാൻഡം പരിശോധന മാത്രമാക്കി സർക്കുലർ ഇറക്കിയത് ഈ സംവിധാനത്തെ ദുർബലപ്പെടുത്തി. ഇവിടുത്തെ അവസ്ഥയെന്താണ്; പശു എന്റെ തൊഴുത്തിലും കയർ അയൽക്കാരന്റെ വീട്ടിലുമാണെന്ന അവസ്ഥയാണ്. പാലിന്റെ ഗുണനിലവാരത്തെക്കുറിച്ച് അന്വേഷിക്കാനും

പഠിക്കാനും പരിശോധിക്കാനും നടപടി സ്വീകരിക്കാനുമുള്ള അവകാശം ക്ഷീരവികസന വകുപ്പിനല്ലേ വേണ്ടത്? പക്ഷേ, ക്ഷീരവികസന വകുപ്പ് ഒരു സ്ഥലത്തും ഭക്ഷ്യ വകുപ്പ് വേറൊരു സ്ഥലത്തും എന്ന രീതിയാണ്. ഭക്ഷ്യ വകുപ്പാണ് ചെയ്യേണ്ടതെന്ന് അവർ പറയും, അതല്ലെങ്കിൽ ഭക്ഷ്യ വകുപ്പ് ചെയ്യില്ല. പശു ഈ തൊഴുത്തിലും കയർ അയൽവക്കത്തെ വീട്ടിലുമെന്ന അവസ്ഥയാണ്; ഇതൊക്കെ മാറ്റാൻ രണ്ട് വകുപ്പിലെയും മന്ത്രിമാർ വിചാരിച്ചാൽ, അതല്ലെങ്കിൽ സർക്കാർ വിചാരിച്ചാൽ ഒരു ദിവസംകൊണ്ട് തീർക്കാവുന്ന കാര്യമല്ലേയുള്ളൂ. ഗുണനിലവാരമില്ലാത്ത പാൽ കേരളത്തിലെത്തുന്നത് ഫലപ്രദമായി തടയാൻ കഴിയുന്നില്ല. പാൽ പരിശോധന നടത്താനുള്ള നിയമപരമായ കർത്തവ്യം ക്ഷീരവികസന വകുപ്പിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നത് ഗുണകരമാകും. അതിന് നിങ്ങൾ യോജിക്കുമോ ഇല്ലയോയെന്ന് എനിക്കറിയില്ല. ഞാൻ ഒരു നിർദ്ദേശമായി പറഞ്ഞെന്നുമാത്രം. ഇപ്പോൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധന പലപ്പോഴും കാലതാമസമെടുക്കുന്ന രീതിയിലാണ്. അവരുടെ പരിശോധന കഴിഞ്ഞ് വരണമെങ്കിൽ സമയം ഒരുപാട് കഴിയുമെന്നും അതിനകത്തെ കാര്യങ്ങളെല്ലാം തീർന്നിട്ടുണ്ടാകുമെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്.

ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് ലൈസൻസിംഗ്, മാലിന്യ നിയന്ത്രണ നിയമങ്ങൾ എന്നിവ കർഷക സൗഹൃദമാക്കണം. ക്ഷീര കർഷകനെ വിള കർഷകന് തുല്യമായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാറില്ല. പലിശ നിരക്ക് കൂടുതൽ, പദ്ധതി കുറവ്..., കടം എഴുതിത്തള്ളലിൽ പശു കർഷകർ വരുന്നില്ല, അവരും കർഷകരല്ലേ; അവരെ എന്തുകൊണ്ടാണ് അതിൽ ഉൾപ്പെടുത്താത്തത്; അവർക്ക് ഒരു സപ്പോർട്ട് നൽകണ്ടേ? അതുപോലെ കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കാനാകണം. അത് ഇവിടെ പറഞ്ഞതായതുകൊണ്ട് വിശദമായി ഞാൻ പറയുന്നില്ല. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ 5 ശതമാനം ജി.എസ്.ടി. പാൽ ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയത് ഗുണകരമാണോ? ക്ഷീര സഹകരണ സംഘങ്ങൾ ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തി. ക്ഷീര മേഖലയിൽ സെൻട്രൽ സെക്ടർ സ്കീമുകൾ വളരെ കുറവാണ്. ക്ഷീര കർഷകർക്ക് സൗജന്യമായി 24 മണിക്കൂറും വെറ്റിറനറി സേവനം, ഇൻഷ്വറൻസ് ചെയ്യാത്ത പശുക്കൾക്കുപോലും ആവശ്യമായ ഘട്ടങ്ങളിൽ സഹായം എന്നിവ ലഭ്യമാക്കണം. എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഒരു സംഭവം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ

നേരിട്ടുപോയി കണ്ട് ബോദ്ധ്യപ്പെട്ട സംഭവമാണ്. ഒരു സ്ത്രീ ഒറ്റയ്ക്ക് ഒരു വീട്ടിൽ താമസിക്കുകയാണ്. അവർക്ക് ആകെ ഉണ്ടായിരുന്നത് മൂന്ന് പശുക്കളാണ്. അവർ ഈ മൂന്ന് പശുക്കളെയും മക്കളെപ്പോലെ കണ്ടിരുന്നതാണ്. ഒരു ഇടിവെട്ടിൽ മൂന്ന് പശുക്കളും ഒറ്റയടിക്ക് ചത്തുപോയി. പശു ചത്തതിന്റെ സാമ്പത്തിക നഷ്ടത്തേക്കാൾ ഉപരി മക്കൾ പോയ വിഷമത്തിലാണ് ആ സ്ത്രീ നിൽക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്ത് നേരിട്ട് ഈ കാര്യം പറഞ്ഞു. പാവപ്പെട്ട യാതൊരു നിവൃത്തിയുമില്ലാത്ത സ്ത്രീയാണ്. ഒരു കൂരയിലാണ് കിടക്കുന്നത്. പശുവിന് ഇൻഷ്വറൻസ് എടുക്കാൻ പോകാൻ അവർക്ക് അറിയാമോ; മറ്റ് സാങ്കേതികവിദ്യകൾ അവർക്ക് അറിയാമോ; ഒരു സഹായവും നൽകാൻ കഴിഞ്ഞില്ല. മിൽമയിൽനിന്നും 25,000/- രൂപ നൽകി, ക്ഷീര വികസന വകുപ്പ് 40,000/- രൂപയും നൽകി. അതൊന്നും നൽകിയില്ലായെന്ന് ഞാൻ പറയുന്നില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുകയല്ല, വ്യക്തിപരമായി ഞാൻ അപേക്ഷിക്കുന്നു, she deserves the support. ആ അവസ്ഥയിൽ നിൽക്കുന്ന ഒരു കർഷകയെ സപ്പോർട്ട് ചെയ്യാവുന്ന ഒരു സിസ്റ്റം നമ്മുടെ ഡിപ്പാർട്ടുമെന്റിൽ ഇല്ലെന്ന് പറയുമ്പോൾ...., ഒരു ജീവിതം മുഴുവൻ മൂന്ന് പശുക്കൾക്കുവേണ്ടി മാറ്റി വച്ച് തന്റെ കൺമുമ്പിൽ

മക്കൾ മരിക്കുന്നതുപോലെ മൂന്ന് പശുക്കളും ഇടിവെട്ടേറ്റ് മരിച്ചുവീണ ഒരു കേസ് പറയുമ്പോൾ..., അവരെ സപ്പോർട്ട് ചെയ്യാൻ പറ്റാത്ത രീതിയിലുള്ള ഈ "red tapism" പോലുള്ള സിസ്റ്റമാണ്. As a Minister you should be very compassionate.., ആയിരുന്നുവെന്ന് എനിക്കറിയാം. അവർക്ക് വീട് നിർമ്മിച്ച് നൽകാൻ സാധിക്കുമോയെന്ന് ഞാൻ പരിശ്രമിക്കുന്നുണ്ട്. എന്നെക്കൊണ്ട് കഴിയുന്ന സഹായം അവർക്ക് ചെയ്യും. ക്ഷീരകർഷകരെ സാങ്കേതികമായ കോളങ്ങളിൽ അടയാളപ്പെടുത്തി എണ്ണം കാണിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. We should have a substantial approach, അതല്ലെങ്കിൽ നമ്മുടെ അപ്രോച്ച് മാറ്റണം. കർഷകരെ ആത്മാർത്ഥമായി സഹായിക്കുന്ന, അവരെ കൈപിടിക്കുന്ന ഒരു സമീപനം ഉണ്ടാകണം.  അന്നത്തെ യാത്രയിൽ എനിക്ക് തോന്നിയിട്ടുണ്ട്, Minister, you are desirous to do many things. പക്ഷെ, ഇതൊരു അവസരമാക്കി മാറ്റണം. കോർപ്പറേറ്റെന്ന് പറഞ്ഞിട്ട് കാര്യമില്ല, ക്ഷീര മേഖല നിലനിൽക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, you should come out with policies. You should be able to support them. അല്ലാതെ ദാരിദ്ര്യത്തിൽ കിടക്കുന്ന അവരെ, കോർപ്പറേറ്റുകാർക്കെതിരെ സമരം

ചെയ്യാൻ കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് കാര്യമുണ്ട? ഇന്നിവിടെ ഒരു കോർപ്പറേറ്റ് വേണ്ടേ? മൂവാറ്റുപുഴയിൽനിന്നും കുപ്പിയിൽ അയയ്ക്കുന്ന പാൽ എറണാകുളത്ത് 70-75 രൂപയ്ക്ക് വാങ്ങാൻ ആളുണ്ട്. ഒറ്റ കാര്യമേയുള്ളൂ, they know that this is quality milk. ക്വാളിറ്റി മിൽക്ക് എൻഷ്വർ ചെയ്ത് നിങ്ങൾ കൊടുത്തുനോക്കിക്കോളൂ, വില കൂടും. പാലിന്റെ വില കൂടിയേ പറ്റൂ, കൂടും. അത് കൂടാതിരുന്നിട്ട് കാര്യമില്ല; നമ്മളെല്ലാവരും ജനങ്ങളെ അഡ്രസ്സ് ചെയ്യാൻ പറയും, പാലിന്റെ വില കൂട്ടിയത് വലിയ പ്രശ്നമാണെന്നൊക്കെ. കർഷകരെ നിലനിർത്തണമെങ്കിൽ അവർക്ക് പണം ലഭിക്കണം. അല്ലെങ്കിൽ നിങ്ങൾ പണം നൽകണം. സബ്സിഡി നൽകണം. ആ നിലയ്ക്കുള്ള ഒരു അപ്രോച്ച് അല്ലാതെ ക്ഷീര മേഖലയെ നമുക്ക് രക്ഷിച്ചെടുക്കാൻ കഴിയില്ല. Substantial intervention of the Government is required at the State. ഇത്രയും പറഞ്ഞുകൊണ്ട്, സമയം അനുവദിച്ചതിന് നന്ദി പറഞ്ഞുകൊണ്ട്, ഇതിന്റെ പ്രോസസ്സിൽ പാർട്ടാകാൻ കഴിഞ്ഞതിലുള്ള സന്തോഷംകൂടി പങ്കുവച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ ബില്ലിനോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഇത് കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ

മിശ്രിതത്തിന്റെ ഉത്പാദനവും വിതരണവും ഗുണനിലവാരവും ഉറപ്പുവരുത്താനുള്ള ഒരു നിയമനിർമ്മാണമാണ്. ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ച് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണിയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്തുകയും കർഷകരുമായി നേരിട്ട് സംവദിക്കുകയും അവരുടെ പ്രധാനപ്പെട്ട അഭിപ്രായങ്ങളെല്ലാം ഉൾപ്പെടുത്തിയാണ് ഈ ബിൽ അവസാനത്തിലേയ്ക്ക് വന്നത്. ഇതിനായി ബഹുമാനപ്പെട്ട മന്ത്രിയെടുത്ത ഇനിഷ്യേറ്റീവിനെയും താല്പര്യത്തെയും ആത്മാർത്ഥമായ പ്രവർത്തനത്തെയും ഈ അവസരത്തിൽ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. സെലക്ട് കമ്മിറ്റിയുടെ ഭാഗമായി നല്ല അനുഭവമാണ് ഉണ്ടായത്. അതോടൊപ്പം ഒന്നുരണ്ട് കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കുകയാണ്. തീറ്റയുടെ ഗുണനിലവാരം മാത്രമല്ല, ഇന്ന് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളി. തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവ്, തീറ്റ വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവ്, ഉത്പന്നങ്ങൾക്ക് ഫാമിൽ ലഭിക്കുന്ന വിലയുടെ കുറവ്, പച്ചപ്പുൽപോലുള്ള പ്രാദേശിക തീറ്റ വിഭവങ്ങളുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന

വെല്ലുവിളികൾ. തീറ്റയുടെ ലഭ്യതക്കുറവും വിലവർദ്ധനവും പ്രതിസന്ധിയിലായിരിക്കുന്ന കേരളത്തിലെ പക്ഷി-മൃഗ കർഷക മേഖലയിൽ തീറ്റ വസ്തുക്കളുടെ നിലവാരവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കർശനമായി നടപ്പാക്കാൻ ശ്രമിക്കുമ്പോൾ നാം നേരിടാൻ പോകുന്ന രണ്ട് പ്രധാന വെല്ലുവിളികളുണ്ട്. ഒന്ന്, ചെറുകിട തീറ്റ നിർമ്മാതാക്കൾക്ക് നിയമപ്രകാരമുള്ള ലൈസൻസ് നേടാനായി നൂലാമാലകൾ നീക്കുന്നതിനും പ്രാദേശികമായി അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും അധികമായി പണം ചെലവഴിക്കേണ്ടി വരികയാണ്. ഇത് ചെറുകിട നിർമ്മാതാക്കളെ വലിയ പ്രതിസന്ധിയിലാക്കും. ചെറുകിട നിർമ്മാതാക്കൾ പലരും ഈ രംഗം വിട്ടുപോകാൻ ഇത് ഇടയാക്കും. രണ്ട്, നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാനായി ഉണ്ടായേക്കാവുന്ന അധിക ചെലവുകളുടെ ഭാരം ആത്യന്തികമായി ഉപഭോക്താക്കളിലേയ്ക്ക് തന്നെയാണ് എത്തിച്ചേരുക. നിലവിൽ വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടിയ കർഷകർ വീണ്ടും വലിയ വിലവർദ്ധനവിന്റെ ദുരിതക്കയത്തിലേയ്ക്കാണ് പോകുന്നത്. ഒരു ക്ഷീരകർഷകന്റെ കാര്യമെടുത്താൽ, ഒരു ലിറ്റർ പാലിന് മിൽമ കൊടുക്കുന്നത് 58/- രൂപയാണ്. കർഷകന് ശരാശരി 40/- രൂപയാണ് ലഭിക്കുന്നത്. ഇതിന്

കർഷകൻ ചെലവാക്കേണ്ടിവരുന്ന തുക വളരെ വലുതാണ്. വൈക്കോലിനും പുല്ലിനും കാലിത്തീറ്റയ്ക്കും മറ്റ് ചെലവുകളുമൊക്കെ കഴിഞ്ഞ് ഒരു കർഷകന് ശരാശരി 320/- രൂപയോളമാണ് ലഭിക്കുന്നത്. കർഷകന്റെ അദ്ധ്വാനത്തിന്റെ മൂല്യംകൂടി കണക്കിലെടുത്താൽ നഷ്ടങ്ങളുടെ കണക്ക് മാത്രമാണ് പറയാനുള്ളത്. തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവാണ് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. വൈക്കോലും പച്ചപ്പുല്ലുമൊന്നും ലഭിക്കാനില്ല. ഇവപോലും ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. സംസ്ഥാനത്ത് ഒരു വർഷം 6.11 കോടി ടൺ പച്ചപ്പുല്ലാണ് ആവശ്യമുള്ളത്. എന്നാൽ ഇവിടെ ലഭ്യമാകുന്നത് 2.24 കോടി ടൺ മാത്രമാണ്. വേനൽക്കാലമായാൽ തീറ്റ വസ്തുക്കളുടെ ലഭ്യത കുറയുന്നത് പാലിന്റെ അളവ് കുറയുന്നതിനും കാരണമാകുന്നുണ്ട്. അതുപോലെ ഇന്ധന വിലവർദ്ധനവാണ് അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും മറ്റ് തീറ്റവസ്തുക്കളുടെയുമൊക്കെ വില വർദ്ധനവിനുള്ള പ്രധാന കാരണം. കേരള ഫീഡ്സും മിൽമയും വില കൂട്ടുമ്പോൾ അത്രതന്നെ ഗുണനിലവാരമില്ലാത്ത സ്വകാര്യ കമ്പനികളും ഇതിന്റെ ഭാഗമായി വില

കൂട്ടുകയാണ്. തീറ്റ നിർമ്മാണത്തിലെ അസംസ്കൃത വസ്തുക്കളായ ചോളം, തവിട് തുടങ്ങിയ അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് സംഭരിക്കുന്ന വസ്തുക്കൾക്ക് വില കുറയുന്ന സീസണിൽ വലിയ അളവിൽ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകളുടെ അഭാവമുണ്ട്. ഇത് തീറ്റയുടെ വില വർദ്ധനവിന് ഇടയാക്കുന്നുണ്ട്. ഒരു വലിയ കെട്ട് വൈക്കോലിന് 450/- രൂപ മുതൽ 500/- രൂപ വരെ കൊടുക്കേണ്ടിവരുന്നു. വിലക്കയറ്റംമൂലം കർഷകർ വൈക്കോൽ എടുക്കുന്നത് കുറച്ചു. ഇത് സംസ്ഥാനത്തെ പാൽ ഉൽപ്പാദനത്തിലും വലിയ തോതിൽ പ്രതിഫലിക്കുകയാണ്. പല കർഷകരും കാർഷികരംഗം വിട്ടുപോകുന്നതിനും ഇത് കാരണമാകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് കർഷക സംഘങ്ങൾ വഴി നൽകുന്ന കാലിത്തീറ്റ മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. പാലിന് നൽകുന്ന സബ്സിഡിയും വേനൽക്കാല ഇൻസെന്റീവുമൊക്കെ ഇപ്രകാരം മുടങ്ങിക്കിടക്കുന്നുണ്ട്. സംസ്ഥാനത്ത് തുടർന്നുവരുന്ന ചെലവേറിയ കാലിത്തീറ്റ അധിഷ്ഠിത തീറ്റരീതിയിൽനിന്നും ചെലവ് കുറഞ്ഞ നാര് അധിഷ്ഠിത തീറ്റരീതിയിലേയ്ക്ക് മാറിയാലേ ക്ഷീരമേഖല ലാഭകരമായി മാറാൻ സാധിക്കുകയുള്ളൂവെന്നാണ് ഈ

രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെടുന്നത്. അതോടൊപ്പം വയ്ക്കുന്ന പ്രധാന നിർദ്ദേശമെന്ന നിലയ്ക്ക് പറയാനുള്ളത്, ഈ മേഖലയിൽ പണിയെടുക്കുന്ന ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കണമെന്നാണ്. അങ്ങനെയൊരു നിർദ്ദേശം പല ഭാഗങ്ങളിൽനിന്നും ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ ദിവസം വില്ല്യാപ്പള്ളിയിലെ തിരുമന ക്ഷീര വികസന സഹകരണ സംഘത്തിൽ പോയപ്പോൾ അവിടെ ധാരാളം സ്ത്രീ തൊഴിലാളികളാണ് ക്ഷീരകർഷകരായിട്ടുള്ളത്. അവരുടെ പ്രധാന ആവശ്യമായിരുന്നു ഇത്. മുനിസിപ്പാലിറ്റിയിലൊക്കെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർ മാറുന്നുണ്ട്. സൊസൈറ്റിയിൽ പാൽ അളന്നുകൊടുക്കുന്ന ക്ഷീര കർഷകരെയാണ് അവർ ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതി പഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിച്ച് കഴിഞ്ഞാൽ ക്ഷീര കർഷകർക്ക് ഒരുപാട് ആശ്വാസം ലഭിക്കും. അതിനുള്ള വലിയ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരമായ ഒരു ഇടപെടൽ ഇതിനുകൂടി ഉണ്ടാകണം. അങ്ങനെയാണെങ്കിൽ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ നമുക്ക് സാധിക്കും. ക്ഷീര കർഷകന്റെ അദ്ധ്വാനത്തിന്റെ മൂല്യം തൊഴിലുറപ്പിൽ

ഉൾപ്പെടുത്തുകയെന്നതാണ് വയ്ക്കുന്ന നിർദ്ദേശം. ഈ മേഖലയുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ മനസ്സിലാക്കാനും അതുവഴി ഇതൊക്കെ ഉൾപ്പെടുത്താനും സാധിച്ചിട്ടുണ്ട്. കർഷകരുടെ അഭിപ്രായങ്ങൾ ഒരു പരിധി വരെ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖല ഇനിയും ശക്തിപ്പെടേണ്ടതുണ്ട്. കർഷകർ വലിയ തോതിലുള്ള പ്രയാസങ്ങൾ എല്ലായിടത്തും അനുഭവിക്കുന്നുണ്ട്. ഒരു പശുവിനെ വളർത്തുകയെന്ന് പറയുന്നത് വളരെ പ്രയാസമാണ്. പ്രത്യേകിച്ച് സ്ത്രീ തൊഴിലാകളാണ് ഈ മേഖലയിൽ കൂടുതലായിട്ടുള്ളത്. അതുകൊണ്ട് അത്തരത്തിലുള്ള കാര്യങ്ങളിൽകൂടി അടിയന്തരമായ ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനുള്ള വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

2022 നവംബർ 3-ാം തീയതി ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീര വികസനമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി അവർകൾ നടത്തിയ ഒരു പ്രഖ്യാപനമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ, സംസ്ഥാനത്തെ ക്ഷീര-കോഴി കർഷകരുടെ താൽപര്യം സംരക്ഷിച്ചതിനുശേഷം മാത്രമെ നടപ്പാക്കു എന്നായിരുന്നു. മിൽമയും കേരള ഫീഡ്സും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഒരു മാസത്തിനുള്ളിൽ കർഷക സമൂഹത്തിന്റെ അമ്പത് ശതമാനം ആവശ്യങ്ങൾക്ക് മാത്രമെ നിറവേറ്റാൻ കഴിയൂ എന്നതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം കർഷകരും മറ്റ് സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തീറ്റയെയാണ് ആശ്രയിക്കുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന തീറ്റകളുടെ ഗുണനിലവാരത്തെക്കുറിച്ചും അത്തരം തീറ്റകളിൽ മായം ചേർക്കുന്നത് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും കർഷകർ നിരവധി പരാതികൾ ഉന്നയിച്ചിരുന്നു. അതിനാൽ ബിൽ നിയമമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഞാൻ ഒരു സംശയം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മൾ

'വെളുക്കാൻ തേച്ചത് പാണ്ടായി' എന്നതുപോലെ ഒരു സംശയമുണ്ട്, അതിവിടെ പ്രകടിപ്പിക്കുകയാണ്. പ്രതിദിനം മൃഗാശുപത്രികളിൽ എത്തിയിരുന്ന പശുക്കൾ ഉൾപ്പെടെയുള്ളവയിൽ പകുതിയോളം മൃഗങ്ങൾക്കും ഉദരസംബന്ധമായ അസുഖങ്ങൾ കണ്ടെത്തിയതോടെയാണ് മൃഗങ്ങൾക്ക് നൽകുന്ന ഭക്ഷണത്തെക്കുറിച്ച് ക്ഷീരവകുപ്പും മൃഗസംരക്ഷണ വകുപ്പും സംശയം പ്രകടിപ്പിച്ച് തുടങ്ങിയത്. രാജ്യംതന്നെ കന്നുകാലിത്തീറ്റക്ഷാമം ഇന്ന് അനുഭവിക്കുകയാണ്. കേന്ദ്ര മത്സ്യ-മൃഗസംരക്ഷണ-ക്ഷീര വകുപ്പുമന്ത്രി ശ്രീ. പർശോത്തം രൂപാലയാണ് ഇങ്ങനെ വ്യക്തമാക്കിയത്. രാജ്യത്ത് ഒരു വർഷം 12.15 ശതമാനം ഗ്രീൻ ഫോഡറിന്റെയും 25 ശതമാനം ഡ്രൈ ഫോഡറിന്റെയും 36 ശതമാനം കോൺസൺട്രേറ്റഡ് ഫോഡറിന്റെയും കുറവുണ്ടെന്നാണ് കേന്ദ്രമന്ത്രി പറഞ്ഞത്. കഴിഞ്ഞ കുറെ വർഷങ്ങളായി രാജ്യത്ത് പാൽവില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കന്നുകാലിത്തീറ്റയുടെ അപര്യാപ്തതയാണ് ഇതിന് കാരണം. കന്നുകാലിത്തീറ്റയുടെ ക്ഷാമത്തിനുള്ള കാരണങ്ങളെക്കുറിച്ച് നാം ചിന്തിക്കുകയും പരിശോധിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്നാൽ നാം ഭൂമി ഉപയുക്തപ്പെടുത്തുന്ന രീതിയിൽ മാറ്റം വന്നിട്ടുണ്ട്.

നഗരവൽക്കരണത്തിനായും വാണിജ്യ വിളകൾക്കുമായും ഭൂമിയെ ഇഷ്ടാനുസരണം മാറ്റിമറിക്കുകയാണ്. ഇതെല്ലാമാണ് കന്നുകാലിത്തീറ്റയുടെ ക്ഷാമത്തിന് കാരണമായതെന്ന് നമുക്കെല്ലാം അറിയാം. " It is ironic that on one hand farmers are burning stubble, while on the other they are facing the fodder problem," ഇങ്ങനെ പറഞ്ഞത് കേന്ദ്ര മന്ത്രി ശ്രീ. പർശോത്തം രൂപാലയാണ്. കന്നുകാലത്തീറ്റയുടെ വിലവർദ്ധനവ് പാലിന്റെ ഉൽപ്പാദനത്തെയാണ് ബാധിക്കുന്നതെന്ന് നമുക്കെല്ലാമറിയാം. ഒരു കേരളീയനെ സംബന്ധിച്ചിടത്തോളം പാലിന്റെ വിലവർദ്ധനവ് ഒരിക്കലും സഹിക്കാൻ കഴിയില്ല. 1970 കാലഘട്ടത്തിൽ, ബഹുമാനപ്പെട്ട സ്പീക്കറും ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ടാകാം, 'അമ്മ എനിക്ക് കാച്ചിയ പാൽ തരും, അത് കുടിക്കാഞ്ഞാൽ അമ്മ കരയും, എന്തിനാണ് അമ്മ കരയുന്നത്, ഞാൻ അച്ഛനോളം വലുതാകണം' എന്ന്. നമ്മുടെ സമൂഹത്തിൽ പാലിന് അത്രമാത്രം ബന്ധമുണ്ട്. ഈ ആക്ടിലെ മറ്റൊരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, ഈ ആക്ടിൽ നിയമം ലംഘിക്കുന്നവർക്കെതിരെയുള്ള ശിക്ഷകളെപ്പറ്റി പറയുന്നുണ്ട്. ഈ ആക്ടിലെ 19-ാം വകുപ്പിൻകീഴിലുള്ള ഒരന്വേഷണത്തിൽ ഒരാൾ ഈ ആക്ടിനെയോ

അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ലൈസൻസിംഗ് അതോറിറ്റി കണ്ടെത്തിയാൽ, ആദ്യത്തെ ലംഘനമാണെങ്കിൽ ആറ് മാസംവരെ അവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുമെന്നും കൂടാതെ പിഴ ഈടാക്കുമെന്നും പറയുന്നുണ്ട്. പിഴയായി ഒടുക്കേണ്ടത് പരമാവധി അമ്പതിനായിരം രൂപവരെയാണ്, കുറഞ്ഞത് ഇരുപതിനായിരം രൂപവരെയെന്നുമാണ് പറയുന്നത്. രണ്ടാമതും നിയമം ലംഘിക്കപ്പെട്ടാൽ ഒരു വർഷത്തേയ്ക്ക് ലൈസൻസ് സസ്പെന്റ് ചെയ്യുകയും രണ്ട് ലക്ഷം രൂപവരെ പിഴ ഈടാക്കുകയും ചെയ്യുമെന്നാണ്. ഇതിപ്പോൾ 'കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ലാതാക്കുമെന്ന് ' പറയുന്നതുപോലെയാണ്. ഇങ്ങനെയായാൽ കന്നുകാലിത്തീറ്റ വിൽക്കുന്ന ഒരു സ്ഥാപനവും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുകയില്ല. നമുക്കെല്ലാം അറിയാവുന്നതുപോലെ ഗ്രാമപ്രദേശങ്ങളിൽ കന്നുകാലിത്തീറ്റകളും പിണ്ണാക്കുപോലുള്ള സാധനങ്ങളും ചെറിയ ചെറിയ കടകൾ വഴിയാണ് വിൽക്കുന്നത്. നമ്മുടെ ക്ഷീര കർഷകരെ സംബന്ധിച്ച് ഇത്തരം സാധനങ്ങൾ പെട്ടെന്ന് ലഭ്യമാകാൻ അതുമാത്രമെ വഴിയുള്ളൂ. അങ്ങനെയുള്ളവരിൽ നിന്നെല്ലാം പിഴ ഈടാക്കുകയോ

അല്ലെങ്കിൽ അവരോടെല്ലാം ലൈസൻസ് എടുക്കണമെന്ന് നിർബന്ധം പിടിക്കുകയോ ചെയ്താൽ നമ്മുടെ നാട്ടിലെ ക്ഷീര കർഷകർക്ക് വലിയ പ്രയാസങ്ങളുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. നമ്മുടെ നാട്ടിൻപുറങ്ങളിലെ കർഷകരിൽ ചിലർക്ക് ഒരു പശുവും മറ്റ് ചിലർക്ക് ഒന്നിൽ കൂടുതൽ പശുക്കളോ ഉണ്ടാകാം. നമുക്ക് നമ്മുടേതായ പാരമ്പര്യങ്ങളും രീതികളുമുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. തൊട്ടടുത്ത വീട്ടിൽ ഒരു കൃഷിക്കാരനുണ്ടാകും, ആ വീട്ടിൽ വയ്ക്കോലുണ്ടാകും. ആ വയ്ക്കോലുകൾ വാങ്ങിയാണ് നമ്മുടെ വീട്ടിലെ പശുക്കൾക്ക് നൽകിയിരുന്നത്. അതുപോലെ പിണ്ണാക്ക് നല്ലൊരു കാലിത്തീറ്റ കൂടിയാണ്. പിണ്ണാക്കിന് വേണ്ട അസംസ്കൃത വസ്തുക്കളായ ചോളം, ഗോതമ്പ് പൊടി, അരിത്തവിട് അതുപോലെതന്നെ കവുങ്ങിൻ പാള എന്നിവയെല്ലാം പൊടിച്ചുചേർത്താണ് ഈ പിണ്ണാക്ക് ഉണ്ടാക്കുന്നതെന്നാണ് പറയുന്നത്. അതുകൊണ്ട് ഒരിക്കലും ഹാനികരമല്ലാത്ത പ്രകൃതിയുടെ സമ്മാനമായ ഈ ഫോഡർ ഇനി മുതൽ ഇഷ്ടാനുസരണം കൊണ്ടുനടക്കാൻ പറ്റില്ലെന്ന് പറഞ്ഞാൽ അത് ക്ഷീര കർഷകരെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമുണ്ടാക്കുമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ കന്നുകാലികൾ

ഇഷ്ടപ്പെടുന്നതും സമ്പുഷ്ടവുമായ ഒരു തീറ്റയാണ് പച്ചപ്പുല്ല്. ഈ ബിൽ നിയമമായാൽ നമ്മുടെ പച്ചപ്പുല്ലിനെ ആശ്രയിച്ച് കഴിയുന്ന ക്ഷീരകർഷകരുടെ സ്ഥിതി എന്താകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ക്ഷീര കർഷകർ നമ്മുടെ നാടിന്റെ...

മി. സ്പീക്കർ: വകുപ്പുതിരിച്ചുള്ള നാൽപ്പതോളം വകുപ്പുകളാണ് ഈ ബില്ലിലുള്ളത്...സമയക്രമം പാലിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പെട്ടെന്നുതന്നെ അവസാനിപ്പിക്കാം. ക്ഷീര കർഷകർ നമ്മുടെ നാടിന്റെ അഭിമാനമാണ്. ഒരു വീട്ടിൽ ഒരു പശുവുണ്ടാകണമെന്നത് ആ വീടിന്റെ മാത്രമല്ല നമ്മുടെ നാടിന്റെ മുഴുവൻ ഐശ്വര്യമാണ്. പഴയ കാലങ്ങളിൽ നാട്ടിൻപുറത്തുപോയി ഈ നാട്ടിലെ ഒരു പ്രമാണി ആരാണെന്ന് ചോദിച്ചാൽ, അന്ന് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് ആ നാട്ടിലെ പശു വളർത്തുന്ന ഒരാളെയായിരിക്കും. ഇന്നിപ്പോൾ പശുവിനെ വളർത്താൻ ആരുംതന്നെ തയ്യാറാകുന്നില്ല. ക്ഷീരകർഷകരെല്ലാം ആ പണികളെല്ലാം മതിയാക്കി നാട്ടിൻപുറങ്ങളിൽനിന്നും അപ്രത്യക്ഷരാകുകയാണ്. വിവിധ സർക്കാർ

സബ്സിഡികൾ നിർത്തലാക്കിയതോടെയാണ് ഗ്രാമീണ മേഖലയിലെ ക്ഷീര കർഷകരുടെ നടുവൊടിഞ്ഞതെന്ന് നമ്മൾ മനസ്സിലാക്കണം. പ്രതിസന്ധി മറികടക്കാൻ കഴിയാതെ ചെറുകിട കർഷകർ പലരും ക്ഷീരമേഖലയിൽനിന്നും പിൻവാങ്ങുന്ന അവസ്ഥയാണ് ഇന്നുള്ളത്. തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് കാലത്തീറ്റ നിർമ്മാണത്തിനായുള്ള അസംസ്കൃത വസ്തുക്കളിൽ സിംഹഭാഗവും എത്തുന്നത്. കാലിത്തീറ്റയിൽ ചേർക്കുന്ന ഏതെങ്കിലും വസ്തുക്കൾ ലഭിക്കാതായാൽ പകരം ഗുണമേന്മ കുറഞ്ഞ വസ്തുക്കളോ പകരം പാറപ്പൊടി, മണ്ണ്, ചിലയിനം ഇലകൾ തുടങ്ങിയവ ചേർക്കുകയാണ് പതിവ്. ഇതിനെപ്പറ്റിയുള്ള അന്വേഷണം നടത്താനുള്ള വകുപ്പ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അതുപോലെതന്നെ പൊതുമേഖലയിൽ നാല് കാലിത്തീറ്റ ഫാക്ടറികളാണുള്ളത്. ശരാശരി പ്രതിദിനം ഉൽപ്പാദനമാകട്ടെ വെറും രണ്ടായിരം ടണ്ണാണ്. കേരളത്തിൽ പതിനാല് ലക്ഷം കാലികളുണ്ടെന്നാണ് കണക്ക്. ഒരു കാലിക്ക് നൂറ് ഗ്രാംപോലും തീറ്റ ലഭിക്കില്ല. ഒരു ലിറ്റർ പാൽപോലും ഉൽപ്പാദിപ്പിക്കാത്ത പശുവിനെ പ്രതിദിനം രണ്ട് കിലോ തീറ്റ ആവശ്യമായിവരുമെന്ന

സാഹചര്യവും നാം മനസ്സിലാക്കണം. പ്രധാനപ്പെട്ട ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിൽ... സർ, ഞാനൊന്ന് വഴങ്ങിക്കൊടുക്കട്ടെ....,

മി. സ്പീക്കർ: പ്ലീസ്....നാൽപ്പതോളം വകുപ്പുകളുള്ളതിനാൽ ഇനി വഴങ്ങേണ്ടതില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങയുടെ സമ്മതത്തോടെ കേവലം ഒരു മിനിട്ട് അനുവദിച്ചാൽ മതി.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഈ ബിൽ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി ചർച്ച ചെയ്യുന്ന ഒരു ബില്ലാണ്. ബഹുമാനപ്പെട്ട മന്ത്രി, കേരളത്തിന്റെ അതിർത്തിയിൽ മിൽമയെ തകർക്കാൻ 'നന്ദിനി' പോലെയുള്ള കമ്പനികളുടെ പാലൊഴുകുന്നുണ്ട്. അത്തരം ഉൽപ്പന്നങ്ങൾ തടയേണ്ടതായിട്ടുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ കോടിക്കണക്കിന് രൂപ ചെലവിട്ട് മിൽമയുടെയും ക്ഷീരകർഷകരുടെയും ക്ഷേമത്തിനായി എല്ലാ സൗകര്യങ്ങളോടുംകൂടി ഒരു ബഹുനില കെട്ടിടം ബഹുമാനപ്പെട്ട മന്ത്രി ഉൽഘാടനം ചെയ്തിരുന്നു, ആ ചടങ്ങിൽ ഞാനും പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ

ആഗ്രഹിക്കുന്നത്, ഇപ്പോൾ ആ കെട്ടിടം കഴിഞ്ഞ ഏതാനും മാസ്സങ്ങളായി പതുക്കെ പതുക്കെ പൂട്ടിക്കൊണ്ടിരിക്കുകയാണ്. ആവശ്യത്തിന് സ്റ്റാഫുകളില്ലെന്ന കാരണം പറഞ്ഞാണ് പൂട്ടുന്നത്. അത്യുത്തര കേരളത്തിൽ മഞ്ചേശ്വരം പോലെയുള്ള മേഖല ക്ഷീര വികസനരംഗത്ത് മികച്ച അവാർഡുകളും മികച്ച മുന്നേറ്റങ്ങളും നടത്തിയതുമായ മണ്ണാണ്. അവിടെയുള്ള ഈ സ്ഥാപനം നശിക്കുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എന്റെ തൊട്ടടുത്ത മണ്ഡലമാണ് മഞ്ചേശ്വരം. ആ സ്ഥാപനം തുറന്ന് പ്രവർത്തനക്ഷമമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി കാര്യമായ ഇടപെടൽ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിലവിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിയിലൂടെ ഒരു കർഷകന് ഒരു വർഷം നൽകാവുന്നത് പരമാവധി 10000 രൂപയുടെ കാലിത്തീറ്റയാണ്. ഇതുകൊണ്ട് ആകെ 12 ചാക്ക് തീറ്റ നൽകുവാനേ തികയുകയുള്ളൂ. നാല് പശുക്കളെ വളർത്തുന്ന ഒരു കർഷകന് 12 ചാക്ക് തീറ്റ എന്നത് തീരെ കുറവാണെന്നത് നമുക്കെല്ലാമറിയാം. ഒരു പശുവിന് മാസം ഒരു ചാക്ക് തീറ്റയെങ്കിലും സബ്സിഡിയായി നൽകണം. തീറ്റ നൽകുന്നത്

പശുവിനായതിനാൽ നിലവിൽ കർഷകനാണ് സബ്സിഡി നൽകുന്നത്. ആ സബ്സിഡി പശുവിന് നൽകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. പശുക്കളുടെ എണ്ണം നോക്കി സബ്സിഡി നൽകണം. ഇങ്ങനെ നൽകിയാൽത്തന്നെ പാലുല്പാദനം വർദ്ധിക്കും. ഈ മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കാനും സാധിക്കും. കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റ പദ്ധതി ഇപ്പോൾ നിലവിലില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

കാസർഗോഡ് കുള്ളൻ പശുക്കൾ. അവ കാസർഗോഡ് മാത്രമുള്ളതാണ്. അവ വെച്ചൂർ പശുക്കൾ എന്നും അറിയപ്പെടുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ബദിയടുക്ക പഞ്ചായത്തിൽ അതിന്റെ ഒരു ഉല്പാദന കേന്ദ്രമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ആ കേന്ദ്രത്തിലേയ്ക്കൊന്ന് വരണം. പ്രസ്തുത കേന്ദ്രത്തെ നല്ല രീതിയിൽ കാര്യക്ഷമമാക്കണം. കേരളത്തിൽ വേറെ എവിടെയും ആ പശുക്കളില്ല. മാത്രമല്ല, ഈ പശുവിന്റെ ഗോമൂത്രം വളരെ നല്ല ഔഷധമാണെന്നാണ് പറയുന്നത്. അതിനെക്കുറിച്ച് പരിശോധനയും പരീക്ഷണങ്ങളുമൊക്കെ നടത്തണം. ബഹുമാനപ്പെട്ട മന്ത്രി

ബദിയടുക്ക സന്ദർശിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. മമ്മിക്കുട്ടി): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉല്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യയായ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, സെലക്ട് കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഇവിടെ അവതരിപ്പിച്ച ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം അവ ഉൽപ്പാദിപ്പിക്കലും വിൽപ്പന നടത്തലും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിയന്ത്രണവും - അതാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട കണ്ടന്റ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കുറേ സാമാജികർ ഇവിടെ സംസാരിക്കുകയുണ്ടായി. ചിലർ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ടും ചിലർ ഭേദഗതി അവതരിപ്പിച്ചുകൊണ്ടും

സംസാരിക്കുകയുണ്ടായി. അത് പരിശോധിച്ചപ്പോൾ സെലക്ട് കമ്മിറ്റിയിലെ അംഗങ്ങളായിനിന്ന് മാസങ്ങളോളം നീണ്ടുനിന്ന അന്വേഷണത്തിന്റെയും പരിശോധനയുടെയും ചർച്ചയുടെയുമൊക്കെ ഘട്ടങ്ങളിൽ അതിൽ ആദ്യാവസാനം പങ്കെടുത്ത ബഹുമാന്യരായ വ്യക്തികൾ തന്നെയാണ് ഭേദഗതിയും വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വന്നിട്ടുള്ളത്. അവർ അക്കാര്യങ്ങൾ പറയുകയും ചെയ്തു. ഇത്രയും സമയമെടുത്തുകൊണ്ട് തയ്യാറാക്കപ്പെട്ട ഈ ബില്ലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും അതിന്റെ ഭാഗമായിനിന്ന് അതിൽ പങ്കാളികളായി ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച നടത്തി നിർദ്ദേശങ്ങൾ വച്ച ആളുകൾ തന്നെയാണ് അവരും. അതുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ സംബന്ധിച്ച് എനിക്കത്ര വ്യക്തമല്ലായെന്നർത്ഥം. അഭിപ്രായം പറയുന്നതുകൊണ്ട് വിരോധമുണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ചല്ല ഞാൻ പറയുന്നത്. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചവരിൽ മൂന്നോ നാലോ പേർ ഇതുമായി ബന്ധപ്പെട്ട സെലക്ട് കമ്മിറ്റിയിലെ അംഗങ്ങളാണ്. അവരാണ് സെലക്ട് കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുമായി ബന്ധപ്പെട്ട് വിയോജനക്കുറിപ്പും

ഭേദഗതിയും അവതരിപ്പിച്ചത് എന്നതിന്റെ ഔചിത്യം ഒന്ന് ബോധ്യപ്പെടുത്തിത്തരണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്.

ഇതിപ്പോൾ ക്ഷീര കർഷകരെ മാത്രമല്ല, ഗവൺമെന്റുതന്നെ വ്യക്തമാക്കപ്പെട്ട ഒരു കണക്കിന്റെ അടിസ്ഥാനത്തിൽ 2019-ൽ നടന്ന കന്നുകാലി സെൻസസ് പ്രകാരം കേരളത്തിലെ കന്നുകാലികളുടെ എണ്ണം 29.9 ലക്ഷമാണ്. അതുപോലെ കോഴി, താറാവ് മുതലായ വളർത്തുപക്ഷികളുടെ എണ്ണം 297.71 ലക്ഷമായിരുന്നു. പക്ഷിപ്പനിയും മറ്റ് കാരണങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നാശനഷ്ടങ്ങൾ വന്നിട്ടുണ്ടാകാം. എങ്കിലും ഉരുക്കളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നു എന്ന് പറയുന്നതിലൊന്നും യാതൊരു യുക്തിയുമില്ല. ഇവിടെ 8 ലക്ഷത്തോളം വരുന്ന ആളുകൾ പശുക്കളെ വളർത്തുന്നു എന്നാണ്. ഇത് ക്ഷീര കർഷകരുടെ മാത്രം താല്പര്യം രക്ഷിക്കുവാനല്ല. അവരുടെ താൽപര്യം രക്ഷിക്കണം. പശുവിനെ വളർത്തുന്നവരും കോഴിയെ വളർത്തുന്നവരും താറാവിനെ വളർത്തുന്നവരുമെല്ലാം നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയുടെ ശക്തി വർദ്ധിപ്പിക്കാനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സഹായകരമായ നിലയിലുള്ള കാർഷികവൃത്തിയാണ് ചെയ്യുന്നത്. പ്രസ്തുത കാർഷിക

വൃത്തിയുമായി ബന്ധപ്പെട്ട് ഏർപ്പെടുന്ന ഇവർ പശുവിന് കൊടുക്കുന്ന തീറ്റ പശുവിന്റെ ആരോഗ്യത്തിന് ഹാനികരമാണെങ്കിലും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കാൻ ആ തീറ്റ കൊടുത്താൽ സാധിക്കുമെങ്കിൽ ആളുകൾ അത് ഉപയോഗപ്പെടുത്തുകയാണ്. അങ്ങനെ മാരകമായ മറ്റ് രൂപത്തിലുള്ള വിഷം കലർന്ന വസ്തുക്കളുൾപ്പെടെ കലക്കിക്കൊടുത്ത് പാൽ ചുരത്തി വാങ്ങി ആ പാൽ നമ്മളാണ് കഴിക്കുന്നത്. അതുപോലെത്തന്നെ അതിന്റെ മാംസം നമ്മളാണ് കഴിക്കുന്നത്. അപ്പോൾ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുണ്ടാകുന്ന ഏത് തരത്തിലുമുള്ള തെറ്റായ രീതിയിലുള്ള പ്രവണതകളും നടപടികളും മനുഷ്യ സമൂഹത്തിന്റെ ജീവനും ജീവിതത്തിനും ആരോഗ്യത്തിനുമൊക്കെ ഹാനികരമാണ്. കൃഷിക്കാരന്റെ പാൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ലാഭനഷ്ടം മാത്രം നോക്കിയാൽ പോര. അത് ലാഭകരമാക്കണമെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. പക്ഷേ, ആ നിലയിലാണ് കുറച്ചുകാലത്ത് കേരളത്തിന്റെ ഒരനുഭവം വച്ചുകൊണ്ട് ലക്ഷോപലക്ഷം വരുന്ന ആളുകൾ ഏർപ്പെടുന്ന ഒരു മേഖല, കാർഷികവൃത്തി സമ്പദ് ഘടന മെച്ചപ്പെടുത്താൻ വേണ്ടി നടത്തുന്ന പ്രവൃത്തി..., അതുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കേരളീയ സമൂഹത്തിന് വന്നുചേരാൻ സാധ്യതയുള്ള ആപത്തിനെ സംബന്ധിച്ചും

അപകടത്തിനെ സംബന്ധിച്ചുംകൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് ഈ കാലത്തീറ്റയുമായി ബന്ധപ്പെട്ടുകൊണ്ടും ധാതുലവണങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടും അതുപോലെത്തന്നെ അവർക്ക് നൽകുന്ന മിശ്രിതവുമായൊക്കെ ബന്ധപ്പെട്ടുകൊണ്ടുള്ള ഒരന്വേഷണവും പരിശോധനയും നടത്തിയത്. ബഹുമാന്യനായ കുറുക്കോളി മൊയ്തീൻ എം.എൽ.എ. ഇവിടെ സംസാരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ഗുജറാത്തിലും ആന്ധ്രാപ്രദേശിലും ഉത്തർ പ്രദേശിലുമൊന്നുമില്ലാത്ത നിയമം ഇവിടെ എന്തിനാണെന്ന്; ഇതൊക്കെത്തന്നെ ഏതോ കോർപ്പറേറ്റുകളെ സഹായിക്കാൻ വേണ്ടിയല്ലേ എന്നാണ് ചോദിച്ചത്. ഗുജറാത്തിലും മധ്യപ്രദേശിലും രാജസ്ഥാനിലും യു.പി.-യിലും ഒന്നുമില്ലാത്ത ഒട്ടേറെ നിയമങ്ങൾ നടപ്പാക്കിയൊരു സംസ്ഥാനമാണ് കേരളം. ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്ത്യാ രാജ്യത്തുതന്നെയല്ല, ലോകത്തുതന്നെ ആദ്യമായി നടപ്പാക്കിയൊരു സംസ്ഥാനമല്ലേ കേരളം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മൾ അതിലൊക്കെത്തന്നെ അഭിമാനം കൊള്ളുന്നവരാണ്. ഗുജറാത്തിലും പഞ്ചാബിലും ആന്ധ്രയിലും നിയമമുണ്ടോ എന്ന് നോക്കിയിട്ട് നമുക്ക് നിയമം പാസ്സാക്കാൻ പറ്റില്ല. അതുകൊണ്ട് നിങ്ങൾ ഉയർത്തിപ്പിടിച്ച

സംസ്ഥാനങ്ങളുടെ മാതൃക ഈ കേരളത്തിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് നടപ്പാക്കണമെന്ന് പറയുന്നത് നിരർത്ഥകമാണെന്നാണ് അതുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്. ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ അക്കാദമിക്കായ കുറേ കാര്യങ്ങൾ നന്നായി സംസാരിച്ചു. അത് അദ്ദേഹത്തിന്റെ അനുഭവമാണ്. പക്ഷേ അക്കാദമിക്ക് തലത്തിലുള്ള അനുഭവങ്ങൾ മാത്രം പോരാ, പ്രാക്ടിക്കലായ കാര്യങ്ങളും വേണം. നല്ല അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ ഇസ്രായേലിൽനിന്നും മറ്റിടങ്ങളിൽനിന്നുമൊക്കെ കൊണ്ടുവന്ന് ഇവിടെ പാൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് മറ്റതിനെ തടയണ്ടേ എന്നല്ലേ; അത് തടയുന്ന സമയംവരെ ഇവിടെയുള്ള സാധാരണക്കാരായ പാവപ്പെട്ട മനുഷ്യർ വളർത്തുന്ന പശുക്കൾ അല്ലെങ്കിൽ കോഴികൾ, താറാവുകൾ ചത്തൊടുങ്ങണോ. ഇവിടെയിരിക്കുന്ന ബഹുമാന്യനായ ശ്രീ. എ. പ്രഭാകരൻ എം.എൽ.എ., അദ്ദേഹം ഒരുപാട് പശുക്കളെ വളർത്തുന്ന ആളാണ്. ഡോ. മാത്യു കുഴൽനാടന്റെ വീട്ടിൽ പശു ഉണ്ടോയെന്ന് എനിക്കറിയില്ല. നമ്മൾ ഇക്കാര്യങ്ങളെ സംബന്ധിച്ചൊക്കെ സംസാരിക്കുമ്പോൾ നമ്മൾ ഇന്ന് ജീവിക്കുന്ന ലോകം അതുപോലെത്തന്നെ അത് ഉൾക്കൊള്ളുന്ന നമ്മുടെ രാജ്യം അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള

നമ്മുടെ അവസ്ഥ ഇതിനെ സംബന്ധിച്ചെല്ലാംതന്നെ മനസ്സിലാക്കിക്കൊണ്ട്.... അതിനെല്ലാം ശാശ്വതമായ പരിഹാരം കാണാനല്ല, താൽക്കാലികമായ ഒരു പരിഹാരം കാണാൻ ആവശ്യമായ ബദൽ നയങ്ങളാണ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു കൊച്ചുസംസ്ഥാനമാണെന്നർത്ഥം. ആ സംസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് ഈ മേഖലയെ നമുക്ക് അങ്ങനെ എഴുതിത്തള്ളാൻ പറ്റില്ല. ഇതിന്റെ പരിതസ്ഥിതിയും സാധ്യതയും വച്ചുകൊണ്ട് കാര്യങ്ങൾ കൈകാര്യം ചെയ്തുപോകാനുള്ള തയ്യാറെടുപ്പാണ് നമുക്ക് വേണ്ടതെന്നർത്ഥം. ഒട്ടേറെ കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പറയുവാനുണ്ടെങ്കിലും ബഹുമാന്യനായ സ്പീക്കർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഈ നിയമം കൊണ്ടുവരാൻ ഇടയായ സാഹചര്യം സംബന്ധിച്ച് അതിൽ പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ നമ്മൾ കൊണ്ടുവരേണ്ട നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അതുപോലെത്തന്നെ

പാലിക്കേണ്ട ജാഗ്രതകൾ, നിയമപരമാക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങൾ, നിയമം ലംഘിച്ചാൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റ് നിയമ നടപടികൾ ഇതുസംബന്ധിച്ച് സവിസ്തരമായി എല്ലാംതന്നെ ഈ ബില്ലിൽ വിഭാവനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കുന്ന ജനക്ഷേമകരമായ പദ്ധതികളുടെ ഭാഗമായിത്തന്നെ ഈ ബില്ലിനെയും കാണണം. ഈ ബിൽ ചർച്ച ചെയ്ത് പാസ്സാക്കി ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രായോഗിക അനുഭവങ്ങൾ ഭാവിയിൽ ചർച്ച ചെയ്തുകൊണ്ട് പരിഹരിക്കാൻ ആവശ്യമായിട്ടുള്ള ഒരുക്കങ്ങളും തയ്യാറെടുപ്പും ഇതിന്റെ പ്രായോഗിക അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് നിർവ്വഹിച്ചുപോകാൻ ആകണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഈ ബിൽ പാസ്സാക്കണമെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു. നന്ദി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഈ ചർച്ചയിൽ പങ്കെടുത്ത പ്രിയങ്കരരായ എം.എൽ.എ.-മാർ, സെലക്ട് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ,

ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ ആണ് ഇന്ന് ചർച്ചയ്ക്കെടുത്തത്. വളരെ സുരക്ഷിതവും ഗുണനിലവാരവുമുള്ള തീറ്റ ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള ബില്ലാണ് ഇവിടെ ചർച്ചയ്ക്കെടുത്തത്. കേരളത്തിലെ ക്ഷീരകർഷകരുടെ എണ്ണം പരിശോധിച്ചാൽ കേരളത്തിൽ ഇന്ന് ഏകദേശം 8,50,000 ക്ഷീരകർഷകരുണ്ട്. അതിൽ ക്ഷീരസഹകരണ സംഘങ്ങളുടെ എണ്ണം പരിശോധിച്ചാൽ 3600 ക്ഷീരസഹകരണ സംഘങ്ങൾ നമ്മുടെ കൊച്ചു കേരളത്തിലുണ്ട്. അതിലെ അംഗങ്ങളുടെ എണ്ണം പരിശോധിച്ചാൽ 2.5 ലക്ഷം അംഗങ്ങൾ കേരളത്തിലുണ്ട്. ഇന്ന് കറവപ്പശുക്കളുടെ എണ്ണം 6.4 ലക്ഷമാണ്. നമ്മുടെ കേരളത്തിൽ ഒരു പശുവിൽനിന്ന് ലഭിക്കുന്ന ശരാശരി പാലിന്റെ അളവ് 10.2 ലിറ്ററാണ്. ഇന്ത്യയിൽ പാൽ ഉല്പാദനക്ഷമതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം പഞ്ചാബ് ആണ്. രണ്ടാം സ്ഥാനം കേരളത്തിനാണ്. നമുക്ക് എന്തുകൊണ്ട് പഞ്ചാബിലെപോലെ ഉല്പാദനക്ഷമത കൈവരിക്കാൻ സാധിച്ചില്ല. ഇവിടെ ഒട്ടേറെപ്പേർ പറഞ്ഞ കാര്യങ്ങളിലൊന്ന് കർഷകർക്ക് കൊടുക്കുന്ന കാലിത്തീറ്റയുടെ വില വർദ്ധനവിനെക്കുറിച്ചാണ്. വില വർദ്ധനവുണ്ടെന്നത് യാഥാർത്ഥ്യമാണ്.

പഞ്ചാബും രാജസ്ഥാനും ഹരിയാനയും ആന്ധ്രാപ്രദേശും പോലുള്ള ഒരു സംസ്ഥാനമല്ല കേരളം. ജനങ്ങൾ തിങ്ങിനിറഞ്ഞു താമസിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമുക്ക് ഇവിടെ ഒരുപാട് കൃഷിയൊന്നും ചെയ്യാൻ കഴിയില്ല. പുൽകൃഷി ചെയ്യാനാണെങ്കിലും ആവശ്യത്തിനുള്ള സ്ഥലം നമുക്ക് ലഭിക്കുന്നില്ലെന്നത് വാസ്തവമാണ്. കേരള ഫീഡ്സ് ലിമിറ്റഡ് ഉല്പാദിപ്പിക്കുന്ന ഫീഡുകളാണ് കേരളത്തിൽ ഇന്ന് കൂടുതൽ കർഷകരും വാങ്ങുന്നതെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കേരളത്തിൽ ഫീഡ്സ് ഉല്പാദിപ്പിക്കുന്നത് കേരള ഫീഡ്സ് ലിമിറ്റഡും മിൽമയുമാണ്. കൂടാതെ യൂണിവേഴ്സിറ്റി അവരുടെ തന്നെ മൃഗങ്ങൾക്കും മറ്റ് കോഴിവർഗ്ഗങ്ങൾക്കും കൊടുക്കാൻ വേണ്ടിയാണ് ഉല്പാദിപ്പിക്കുന്നത്. എന്നാൽ കേരളത്തിലെ 50 ശതമാനം വരുന്ന ക്ഷീരകർഷകർക്ക് ആവശ്യമായ ഫീഡ് മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെന്ന് നമുക്കറിയാം. കാരണം ഇന്നും അസംസ്കൃത വസ്തുക്കൾ മുഴുവൻ വാങ്ങുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. കൂടുതൽ വില കൊടുത്ത് അത്തരത്തിലുള്ള ഫീഡുകളോ അല്ലെങ്കിൽ ഇൻഗ്രീഡിയന്റ്സ് കേരളത്തിൽ കൊണ്ടുവന്ന് ഫീഡാക്കി മാറ്റുകയോ ചെയ്യുമ്പോഴുള്ള അതിന്റെ വില നിലവാരത്തെക്കുറിച്ച് നമുക്ക്

നന്നായിട്ടറിയാം. അത്രയും വിലയ്ക്ക് കേരളത്തിൽ കൊടുക്കാൻ സാധിക്കില്ല, അല്ലെങ്കിൽ കുറഞ്ഞ വിലയ്ക്ക് ഫീഡ്സ് വിൽക്കാൻ സാധിക്കില്ല. ഇന്ന് കേരള ഫീഡ്സിന്റെ 50 കിലോയുടെ ഒരു ചാക്കിന് 1,520 രൂപയാണ്. അടിക്കടി ഫീഡിന്റെ വില വർദ്ധിപ്പിക്കുന്നുവെന്ന് ഇവിടെ ചിലർ പറഞ്ഞു. ഫീഡിന്റെ വില അടിക്കടിയൊന്നും ആരും വർദ്ധിപ്പിച്ചിട്ടില്ല. ഈ സർക്കാർ വന്ന് ഒന്നരവർഷം പിന്നിട്ടപ്പോൾ കേരളത്തിൽ കഴിഞ്ഞ വർഷം പാലിന്റെ വില വർദ്ധിപ്പിച്ചു. ഒരു ലിറ്റർ പാലിന് 6 രൂപയാണ് ഞങ്ങൾ വർദ്ധിപ്പിച്ചുകൊടുത്തത്. അതിൽ 5.2 രൂപ ക്ഷീരകർഷകർക്ക് ലഭിക്കുന്ന നിലയിലാണ് പാൽവില വർദ്ധിപ്പിച്ചത്. കൂടാതെ, ത്രിതല പഞ്ചായത്ത് സംവിധാനംവഴി ക്ഷീരകർഷകരെ സഹായിക്കാൻ ഓരോ രൂപ സബ്സിഡി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലങ്ങളിലും മാറ്റിവച്ചു. അതോടൊപ്പം കേരളത്തിലെ ക്ഷീരവികസന വകുപ്പ് 27 കോടിരൂപ മാറ്റിവച്ചു. കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞിരുന്നു, ഓരോ രൂപവച്ച് ആദ്യം കൊടുത്തത് ക്ഷീര വകുപ്പാണ്. അങ്ങനെ കൊടുത്തപ്പോൾ നല്ലതുപോലെ പാൽ അളക്കുന്ന കേരളത്തിലെ ചില ക്ഷീരകർഷകരെ അന്ന് ഞങ്ങൾ കണ്ടു. ഒരു മാസം രണ്ട് ലക്ഷംരൂപ

സബ്സിഡി വാങ്ങിയ ഇടുക്കിയിലെ ഒരു ക്ഷീരകർഷകനെ ഞാൻ കണ്ടിരുന്നു. ഒന്നര ലക്ഷവും ഒരു ലക്ഷവും അൻപതിനായിരവും ഇരുപത്തയ്യായിരവും പതിനായിരവും രൂപ വാങ്ങിയ കർഷകരുണ്ട്. പതിനായിരം രൂപ വാങ്ങിയ ഒരു ലക്ഷം കർഷകർ കേരളത്തിലുണ്ട്. ത്രിതല പഞ്ചായത്തിന്റെ പദ്ധതികൾ പാസ്സാകാതെ വന്നപ്പോൾ ആദ്യത്തെ ഒരു മാസം സബ്സിഡി കൊടുത്തപ്പോഴുള്ള കണക്കാണിത്. ഇത് ഞാൻ മുമ്പ് നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. ഇതെല്ലാം കൊടുക്കുമ്പോഴാണ് കേരള ഫീഡ്സിന് ചെറിയൊരു തുക വർദ്ധിപ്പിച്ചുകൊടുത്തത്. എന്നാൽ ഇന്ന് കേരള ഫീഡ്സിന്റെ 50 കിലോയുടെ ഒരു ചാക്കിന് 1,520 രൂപയാകുമ്പോൾ മറ്റൊരു സ്വകാര്യ കമ്പനിയുടെ ഫീഡ്സിന്റെ വില 1,630 രൂപയാണ്. അപ്രകാരം വിലയിൽ 110 രൂപയുടെ വ്യത്യാസം ഇന്നും കേരളത്തിൽ നിലനിൽക്കുന്നു. കേരള സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന കേരള ഫീഡ്സ് ലിമിറ്റഡിന് വില കുറച്ചുതന്നെ കൊടുക്കാനാണ് ഞങ്ങൾ മുന്നോട്ടുപോയത്. മറ്റ് ഫീഡ്സുമായി താരതമ്യം ചെയ്യുമ്പോൾ കേരള ഫീഡ്സിന്റെ 'മിടുക്കി'-ക്ക് വില കുറവാണ്. കേരളത്തിൽ ചോളം ഫലപ്രദമായി കൃഷി ചെയ്യാനുള്ള സാധ്യതകൾ ഞങ്ങൾ ആലോചിക്കുന്നു.

കേരള ഫീഡ്സിലായാലും മറ്റ് ഫീഡ്സിലായാലും ഒരു പ്രധാന ചേരുവയാണ് ചോളം. ചെറിയരീതിയിൽ ഇപ്പോൾ കേരളത്തിൽ ചോളം കൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അങ്ങനെ അസംസ്കൃത വസ്തുക്കളുടെ ഉല്പാദനത്തിൽ വർദ്ധനവ് കൊണ്ടുവരാൻ നമുക്ക് സാധിച്ചു. ആകെ 15 ഏക്കർ സ്ഥലത്താണ് ചോളം കൃഷി ചെയ്യാൻ സാധിച്ചത്. ആ 15 ഏക്കറിലും പുതിയ സംരംഭകർ വന്നപ്പോൾ അവർക്ക് കൃഷി ചെയ്യാനുള്ള സംവിധാനവും സൗകര്യവും ഒരുക്കിക്കൊടുത്തപ്പോൾ ഏകദേശം 15 ഏക്കർ സ്ഥലത്തുനിന്ന് 10500 കിലോ ചോളം നമുക്ക് ലഭിച്ചു. അതെല്ലാം കേരള ഫീഡ്സിന് അവരുടെ നിലവിലുള്ള വില കൊടുത്ത് എടുക്കേണ്ടിവന്നു. ഇപ്പോഴും സ്ഥലം ലഭ്യമായാൽ ഫീഡ്സിനാവശ്യമായ ഇത്തരം ഇൻഗ്രീഡിയന്റ്സ് നമുക്ക് കൃഷി ചെയ്യാൻ സാധിക്കും. ഇന്ന് കേരള ഫീഡ്സ് ലിമിറ്റഡിന്റെ നഷ്ടം പരിശോധിച്ചുനോക്കിയാൽ 42 കോടി രൂപയാണ്. കേരള ഫീഡ്സ് ലിമിറ്റഡ് നഷ്ടത്തിലേയ്ക്ക് പോകുകയാണ്. നഷ്ടത്തിലേയ്ക്ക് പോകുന്ന കേരള ഫീഡ്സ് ലിമിറ്റഡിനെ ഉയർത്തിക്കൊണ്ട് വരണമെങ്കിൽ വില വർദ്ധിപ്പിക്കണം. അത്രത്തോളം വില വർദ്ധിപ്പിച്ചുകൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. ഈ

മേഖലകളിലെ കർഷകരും ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ളവരുടെ സിറ്റിംഗ് നടത്തിയിരുന്നു. കേരളത്തിൽ നാല് ജില്ലകളിലായി 14 ജില്ലകളിലെയും പ്രധാനപ്പെട്ട ക്ഷീരകർഷകർ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾ വിളിച്ചുചേർത്തുകൊണ്ടാണ് ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്തത്. ആ ക്ഷീരകർഷകർ ഉന്നയിച്ച വിഷയങ്ങൾ നല്ലതുപോലെ ഏറ്റെടുത്തുകൊണ്ടാണ് ഈ ബില്ലിൽ വലിയ മാറ്റം കൊണ്ടുവന്നത്. ആ നിലയ്ക്കാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. മാത്രമല്ല, ഇന്ന് ഇന്ത്യയിൽ ഈ നിയമം നടപ്പാക്കിയ പഞ്ചാബ്, ആന്ധ്രാപ്രദേശ് എന്നീ രണ്ട് സംസ്ഥാനങ്ങളിൽ കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 14 എം.എൽ.എ.-മാരും ഒരു മന്ത്രി എന്ന നിലയ്ക്ക് സമിതിയുടെ ചെയർപേഴ്സണായ ഞാനുൾപ്പെടെ 15 പേരും ഒരുപോലെയാണ് ഇതിനെ കണ്ടതും ഈ സംസ്ഥാനങ്ങൾ ഞങ്ങൾ സന്ദർശിച്ചതും അവിടുത്തെ ഫീഡ് ഫാക്ടറികളും പുൽകൃഷിയും ഫാമുകളുമെല്ലാം സന്ദർശിച്ചതും. ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ ചോദിച്ചു, ഈ ബിൽ എന്തിനാണെന്ന്? ഞങ്ങളുടെ കൂടെവന്ന് എല്ലാ ചർച്ചയിലും പങ്കെടുത്ത് എല്ലാ വിഷയങ്ങളിലും ഇടപെട്ട ഒരു വ്യക്തി ഈ ബിൽ എന്തിനാണെന്ന് ചോദിച്ചതിൽ എനിക്ക് അതിശയം തോന്നുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ, ഞങ്ങളോട് ഇങ്ങനെ കാണിക്കണോ; അദ്ദേഹമുൾപ്പെട്ട അവസാന യോഗം ചേർന്ന അവസരത്തിലും ആർക്കെങ്കിലും എതിരഭിപ്രായമുണ്ടെങ്കിൽ ഇവിടെ പറഞ്ഞാൽ ബില്ലിൽ മാറ്റം വരുത്താമെന്ന് ഞാൻ പറഞ്ഞിരുന്നു. അപ്പോൾ ഒരക്ഷരംപോലും പറയാതെ ബാക്കിയെല്ലാത്തിലും മാറ്റം വരുത്തിയിട്ട് ഇപ്പോൾ ഇവിടെവന്ന് ഈ ബിൽ എന്തിനാണ് എന്ന് ചോദിക്കരുത്.

ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ അംഗീകരിക്കുകയാണ്. അദ്ദേഹം ഉന്നയിച്ച ഒട്ടേറെ വിഷയങ്ങളുണ്ട്. ക്ഷീരരംഗം സംരംഭക സൗഹൃദമാക്കാൻ ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 6 മാസത്തിനുള്ളിൽ ഫാം ലൈസൻസിന്റെ ചട്ടങ്ങളുൾപ്പെടെ പരിഷ്കരിക്കാനുള്ള തീരുമാനവുമായി പോകുകയാണ്. തീറ്റപ്പുൽ നയം സർക്കാർ ഉടൻ പ്രഖ്യാപിക്കുന്നതാണ്. അത് തയ്യാറാക്കിവരുന്നുണ്ട്. ഈ രംഗത്ത് ഞങ്ങൾ ഉറപ്പായും പുതിയ സാങ്കേതികവിദ്യ കൊണ്ടുവരും. കേരളത്തിനൊരു കന്നുകാലി പ്രജനന നയമുണ്ട്. സങ്കരവർഗ്ഗം പശുക്കളുടെ എണ്ണത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനം കേരളമാണ്. ഇവിടെ ഡോ. മാത്യു

കുഴൽനാടനാണ് ചോദിച്ചതെന്ന് തോന്നുന്നു, KLDB (Kerala Livestock Development Board)യിൽ എന്താണ് നടക്കുന്നത്; മാട്ടുപ്പെട്ടിയിൽ എന്താണ് നടക്കുന്നത്? കേരളത്തിനാവശ്യമായ മുഴുവൻ ബീജവും ഉല്പാദിപ്പിക്കപ്പെടുന്നൊരു കേന്ദ്രമാണ് അത്. ഇതിപ്പോൾ കേരളത്തിൽ മാത്രമല്ല കൊടുക്കുന്നത്, പുറത്തുള്ള സംസ്ഥാനങ്ങൾക്കുകൂടി ബീജം കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയാണ്. ഞങ്ങൾ കേന്ദ്രമന്ത്രിയെ സന്ദർശിച്ചപ്പോൾ  ഇത്രയധികം സങ്കരയിനം പശുക്കൾ കേരളത്തിൽ എങ്ങനെയുണ്ടായി എന്ന സംശയമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. ഇന്ന് കേരളത്തിലെ പശുക്കളിൽ ഏകദേശം 90 ശതമാനവും സങ്കരയിനം പശുക്കളാണുള്ളത്. ഈ ഒറ്റ കാരണത്താലാണ് പാലിന്റെ ഉല്പാദനക്ഷമതയിൽ വർദ്ധനവുണ്ടായതെന്ന് നമുക്ക് നല്ലതുപോലെ അറിയാം. ഇന്ത്യാ മഹാരാജ്യം പാലുല്പാദന രംഗത്ത് വളരെ മെച്ചപ്പെട്ടാണ് നിൽക്കുന്നത്.  ലിംഗനിർണ്ണയം നടത്തിയ ബീജദാനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. പശുവിൽനിന്ന് പശുതന്നെ ജനിക്കുന്ന രീതി ഇവിടെ നടപ്പാക്കിക്കൂടെയെന്ന് ഡോ. മാത്യു കുഴൽനാടൻ എം.എൽ.എ. ചോദിച്ചിരുന്നു. എന്നാൽ അത് ഇന്നിവിടെ പ്രാവർത്തികമായിരിക്കുകയാണ്.

പശു പ്രസവിച്ചാൽ കാളയാകാതെ പശുവായിതന്നെ ജനിക്കുവാനുള്ള സംവിധാനം ഇന്ന് കേരളത്തിലുണ്ട്. മാത്രമല്ല ഭ്രൂണമാറ്റ സാങ്കേതികവിദ്യ കെ.എൽ.ഡി. ബോർഡിൽ ഞങ്ങൾ പരീക്ഷിച്ചു. നമുക്കറിയാം മനുഷ്യരിൽ മാത്രമാണ് ടെസ്റ്റ്ട്യൂബ് ശിശു പിറക്കുന്നത്. പക്ഷേ കേരളത്തിൽ അത്തരത്തിലുള്ളൊരു ടെസ്റ്റ്ട്യൂബ് ശിശു ആയ പശുക്കുട്ടിയെ വളർത്തിയെടുത്ത്, ഇന്ന് അത് വലിയ പശുവായി മാറിയിട്ടുണ്ട്. ഇതെല്ലാം ആധുനിക സാങ്കേതികവിദ്യയിൽ ഉൾപ്പെടുന്നതാണ്. കാലിത്തീറ്റ വർദ്ധനവ് 50 ശതമാനം മാത്രമെ കേരളത്തിലുള്ളൂ. അത് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് കൂടുതൽ സഹായം കൊടുത്താൽ കേരള ഫീഡ്സ് ലിമിറ്റഡിനെ നമുക്ക് ഉയർത്തിക്കൊണ്ടു വരാൻ സാധിക്കും. അതുപോലെ തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിലെ കാർഷികമേഖലയിലുള്ള നമ്മുടെ കർഷകരെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രമന്ത്രിമാരെ സന്ദർശിക്കുകയും എല്ലാ എം.പി.-മാർക്കും അനുബന്ധ ഉദ്യോഗസ്ഥർക്കും ഞങ്ങൾ മെസേജ് അയയ്ക്കുകയും ചെയ്തിരുന്നു. കൂടാതെ ഇവിടെനിന്നും സന്ദേശങ്ങൾ അയച്ചിരുന്നു. പക്ഷേ ആരും അക്കാര്യത്തിൽ ഞങ്ങൾക്ക് മറുപടി നൽകിയില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താൻ

ഇന്ന് കേന്ദ്രം തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. യഥാർത്ഥത്തിൽ ക്ഷീര കർഷകരെക്കൂടി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയാൽ ഒരു വലിയ മാറ്റം കേരളത്തിൽ സൃഷ്ടിക്കാൻ സാധിക്കും. പക്ഷേ ആ മാറ്റം കേരള ഗവൺമെന്റ് ഇന്ന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നടപ്പാക്കുന്നുണ്ട്. അവിടെ താമസിക്കുന്ന ആളുകൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ പണംകൂടി ലഭിക്കുന്നു. അത് നമ്മുടെ ഗവൺമെന്റിന്റെ വലിയ നേട്ടമാണെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഞങ്ങൾ ധാരാളം സ്കീമുകൾ ഇന്ന് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ വിശദമായ പഠനത്തിന് വിധേയമാക്കിയതാണ്. ഇതെല്ലാം ചെയ്ത് ഈ ബില്ലിനെ സമ്പുഷ്ടമാക്കുവാൻ സാങ്കേതികവും ശാസ്ത്രീയവുമായ സംശയദൂരീകരണവും വിജ്ഞാനദാനവും ഉറപ്പുവരുത്തി, മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പിനെയും വെറ്ററിനറി സർവ്വകലാശാലയെയും മിൽമയെയും കേരള ഫീഡ്സ് ലിമിറ്റഡിനെയും ഉന്നത ഉദ്യോഗസ്ഥരുടെ സംഭാവനകളും ഈ അവസരത്തിൽ കൊണ്ടുവന്നു. പിന്നെ അതിൽ ഞങ്ങൾ പ്രത്യേകം ചെയ്തത് നമ്മുടെ കർഷകർ ഉന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട വിഷയമായ കർഷകരുടെ

കാർഷിക ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും കാലിത്തീറ്റയുടെ ഗണത്തിലുൾപ്പെടുത്തി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ പാടില്ലെന്ന വിഷയം കമ്മിറ്റി ചർച്ച ചെയ്തു. അതാണ് ഇവിടെയിരുന്ന മറ്റൊരു എം.എൽ.എ. അതിന്റെ സംശയം ചോദിച്ചത്. അങ്ങനെയുള്ള കർഷകരെ ഞങ്ങൾ അതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. തീറ്റ വസ്തുക്കളെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയതുപ്രകാരം കർഷകരുടെ ഉല്പന്നങ്ങളോ ഉപോല്പന്നങ്ങളോ ആയ വൈക്കോൽ, പച്ചപ്പുല്ല്, പിണ്ണാക്ക് എന്നിവ ഇനി ഈ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

കർഷകർ ഉന്നയിച്ച മറ്റൊരു വിഷയം അവർ സ്വന്തം കന്നുകാലികൾക്കോ കോഴിവർഗ്ഗങ്ങൾക്കോ കൊടുക്കാനായി സ്വന്തമായി വീടുകളിലോ ഫാമുകളിലോ ഉല്പാദിപ്പിക്കുന്ന തീറ്റ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ പാടില്ലെന്നുള്ളതാണ്. അതും ഞങ്ങൾ അംഗീകരിച്ച കാര്യമാണ്. ഈ വിഷയം സെലക്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും കന്നുകാലികളെയോ കോഴിവർഗ്ഗത്തെയോ വളർത്തുന്ന കർഷകർ അല്ലെങ്കിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർ സ്വന്തമായി

വളർത്തുന്ന കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ നൽകുന്നതിനുവേണ്ടി സ്വന്തമായി ഉല്പാദിക്കപ്പെടുന്ന/നിർമ്മിക്കുന്ന/തയ്യാറാക്കുന്ന തീറ്റകളെ ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ മേഖലയിലെ ഉല്പാദകർ, വിതരണക്കാർ, വില്പനക്കാർ എന്നിവർക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ശിക്ഷ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥയും കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിലെ ക്ഷീര കർഷകരെയല്ലേ ബുദ്ധിമുട്ടിക്കുന്നതെന്ന് ഒട്ടേറെ ആൾക്കാർ അഭിപ്രായപ്പെടുകയുണ്ടായി. അവർ അവരുടെ പശുക്കൾക്ക് കൊടുക്കാവുന്ന ഇത്തരത്തിലുള്ള ചെറിയ ചെറിയ തീറ്റകളും മറ്റും കൊടുക്കുന്നതിൽ ഞങ്ങൾ കൈ തൊടുന്നതേയില്ല. പക്ഷേ കേരളത്തിൽ പുറത്തുനിന്ന് ധാരാളം തീറ്റകൾ വരുന്നുണ്ട്. ചില പശുക്കൾക്ക് വയറിന് പ്രശ്നമുണ്ടെന്ന് എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചു. ഇതിനുകാരണം പുറത്തുനിന്നുവരുന്ന കാലിത്തീറ്റ ചാക്കിന്റെ അര ചാക്കും മണ്ണ് ആണ്. ആ മണ്ണ് ആണ് പശുക്കളുടെ വയറിലേയ്ക്ക് എത്തുന്നത്. ഇത് പശുക്കൾ പെട്ടെന്ന് മരണപ്പെടുന്നതിനും പാലുല്പാദനം കുറയുന്നതിനും കാരണമാകുന്നു. ഇവിടെ കേരളത്തിലെ ഒരു

തീറ്റക്കമ്പനിയുടെ തീറ്റ കൊടുത്ത് നിരവധി പശുക്കൾ മരണപ്പെട്ടിരുന്നു. അതിനെതിരെ എന്തെങ്കിലും ഈ ഗവൺമെന്റിന് ചെയ്യാൻ സാധിച്ചോ? അവസാനം ആ കമ്പനിക്കാർ ഓരോ വീടുകളിലും ചെന്ന് പശുവിനെ വാങ്ങുന്നതിനുള്ള പണം നൽകാമെന്ന് പറഞ്ഞാണ് കർഷകരെ സമാധാനിപ്പിച്ചത്. എന്നിട്ട് അവർ പണം നൽകിയോ? ഇങ്ങനെയുള്ള കന്നുകാലിത്തീറ്റ കേരളത്തിലേയ്ക്ക് കടന്നുവരുമ്പോൾ അത് പരിശോധിച്ച് അതിൽ ഇത്തരത്തിലുള്ള പദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിൽ അതിന് ശിക്ഷ നൽകാൻ കഴിയുന്ന തരത്തിലുള്ള നിയമമാണ് കൊണ്ടുവരുന്നത്.

മി. സ്പീക്കർ: യെസ്.. യെസ്.. മിനിസ്റ്റർ, പ്ലീസ്... പ്ലീസ്.... ചെയറുമായി സഹകരിക്കണം.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അതിനാൽ ഇവിടെ ചില അംഗങ്ങൾ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുന്നില്ല. തീർച്ചയായും കേരളത്തിലെ ക്ഷീര കർഷകരെ ഞങ്ങൾ സഹായിക്കും. ക്ഷീര കർഷകർക്ക് ഒട്ടേറെ സഹായങ്ങൾ ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് ക്ഷീരകർഷകർക്ക് സഹായകമായി രാത്രിയിലും

വീട്ടുമുറ്റത്ത് സേവനം ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന തരത്തിലുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റ് ആരംഭിച്ചത്. അതിന്റെ ആദ്യത്തെ 30 എണ്ണം വന്നു. അത് കേരളത്തിലെ 30 ബ്ലോക്കുകളിൽ കൊടുത്തുകഴിഞ്ഞു. ഇനി ബാക്കിയുള്ള മൊത്തം വെറ്ററിനറി ആംബുലൻസുകളും കേരളത്തിൽ എത്തിച്ചേരാൻ പോകുകയാണ്. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. 152 ബ്ലോക്ക് എന്നുപറയുമ്പോൾ അതിൽ 3 കോർപ്പറേഷനും ഒരു മുനിസിപ്പാലിറ്റിയുമുൾപ്പെടെ 156 ഇടങ്ങളിൽ കൊടുക്കുവാനും 12 ജില്ലാ കേന്ദ്രങ്ങളിൽ ജില്ലാതലത്തിലുള്ള ഓഫീസുകൾക്കും വാഹനം നൽകുകയാണ്. പെട്ടെന്ന് ഒരു കർഷകൻ ഫോൺ ചെയ്താൽ വളരെ പെട്ടെന്ന് ആ കർഷകന്റെ വീട്ടുമുറ്റത്ത് ഡോക്ടറുടെ സേവനവും വാഹന സേവനവും എത്തിക്കാനുള്ള സംവിധാനം തിരുവനന്തപുരത്തുതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. '1962' എന്നതാണ് നമ്പർ. ആ നമ്പറിൽ വിളിച്ചാൽ മതി. കേരളത്തിലെ മറ്റൊരു ഡോക്ടർമാരെയും വിളിക്കേണ്ട ആവശ്യമില്ല. പ്രസ്തുത നമ്പറിൽ വിളിക്കുമ്പോൾ ഇവിടെനിന്നുതന്നെ നേരിട്ട് ഏത് സ്ഥലത്താണെങ്കിലും സേവനം

ലഭ്യമാക്കാനുള്ള സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നത്. 30 ബ്ലോക്കുകളിൽ അത് ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്.

കുളമ്പുരോഗം, ചർമ്മരോഗം, പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി ഇതെല്ലാം പടർന്നുപിടിക്കുകയാണ്. ഇവിടെ രാവിലെ നിപയുടെ കാര്യം പറഞ്ഞതാണ്. അതേപോലെതന്നെ ദേശാടനപക്ഷികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ആലപ്പുഴ, കുട്ടനാട് പ്രദേശങ്ങളിൽ ദേശാടനപക്ഷികൾ വരുന്ന സമയത്താണ് പക്ഷിപ്പനി വ്യാപകമായി കേരളത്തിലുണ്ടാകുന്നത്. ഇക്കാര്യത്തിൽ നഷ്ടപരിഹാര ഇനത്തിൽ 11.13 കോടിരൂപ ഇതിനകം കൊടുത്തിട്ടുണ്ട്. 2016 മുതൽ ഇങ്ങോട്ട് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ നഷ്ടപരിഹാരം കൊടുത്തത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഇതിൽ 4.449 കോടിരൂപ കേന്ദ്രത്തിൽനിന്ന് അനുവദിച്ച് കിട്ടേണ്ടതാണ്. ആ ഫണ്ട് ലഭിക്കാതെതന്നെ കേരള ഗവൺമെന്റിന് അത് നേരിട്ട് കൊടുക്കാൻ സാധിച്ചു. ആഫ്രിക്കൻ പന്നിപ്പനി പടർന്ന സാഹചര്യത്തിൽ മൃഗങ്ങളെ കൊന്നൊടുക്കിയതിനും അതിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കും നഷ്ടപരിഹാരത്തിനുമായി 5.18 കോടിരൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. അതിനും കേന്ദ്രവിഹിതമായി 2.65 കോടി

രൂപ ലഭിക്കുവാനുണ്ട്. ചർമ്മമുഴയ്ക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് 868540 കന്നുകാലികൾക്ക് നൽകിയിട്ടുണ്ട്. അതിൽ 800 ഓളം ഉരുക്കൾ മരണപ്പെട്ടിട്ടുണ്ട്. ചർമ്മമുഴ ബാധിച്ച് മരണമടഞ്ഞ ഉരുക്കൾക്ക് നഷ്ടപരിഹാരമായി പശുവിന് 30,000 രൂപയും കിടാരിക്ക് 16,000 രൂപയും കന്നുകുട്ടിക്ക് 5,000 രൂപ നിരക്കിലും അനുവദിക്കാൻ ഇപ്പോൾ ഉത്തരവായിട്ടുണ്ട്. 242 പശുക്കൾക്കും 105 കിടാരികൾക്കും 39 കന്നുകുട്ടികൾക്കും 89.69 ലക്ഷംരൂപ നഷ്ടപരിഹാരമായി ഇപ്പോൾ അനുവദിച്ചുവന്നിട്ടുണ്ട്. ബാക്കിയുള്ളവർ അപേക്ഷ തരുന്ന മുറയ്ക്ക് അവർക്കും നഷ്ടപരിഹാരം നൽകുന്നതാണ്. ഇതെല്ലാം കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അംഗങ്ങൾ കുറെയേറെ കാര്യങ്ങൾ പറഞ്ഞുവെങ്കിലും, കേരളം പാലുല്പാദന രംഗത്ത് കുറേ മെച്ചപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് റെക്കോർഡ് കളക്ഷനിലേയ്ക്കാണ് മിൽമ പോയത്. മിൽമയുടെ പാലാണ് കേരളത്തിലേറ്റവും നല്ല പാൽ ആയി കേന്ദ്ര ഗവൺമെന്റ് സെലക്ട് ചെയ്തിരിക്കുന്നത്. അത് മലബാർ മേഖലയിലെ മിൽമയാണ് എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബിൽ കർഷകർക്ക് വേണ്ടിയുള്ളതാണ്. അക്കാര്യം എന്റെ കൂടെവന്ന പ്രതിപക്ഷാംഗങ്ങൾ

ഉൾപ്പെടെയുള്ള എം.എൽ.എ.-മാർക്ക് വളരെ കൃത്യമായി അറിയാം. അവർ സംസാരിച്ചതും കർഷകർക്കുവേണ്ടിയായതിനാൽ അതൊന്നും ഞങ്ങൾ എതിർക്കാതെ അതെല്ലാം ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരെ ഒരിക്കലും ദ്രോഹിക്കില്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കി തരണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: വിയോജയക്കുറിപ്പ് രേഖപ്പെടുത്തിയവർ ചുരുങ്ങിയപക്ഷം ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേൾക്കാൻ ഇരിക്കണം. ഡോ. മാത്യു കുഴൽനാടൻ ഏറ്റവും കൂടുതൽ സമയം സംസാരിച്ചു. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കാൻ ഡോ. മാത്യു കുഴൽനാടൻ ഇവിടെയില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. മമ്മിക്കുട്ടി:</u> സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, 941-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നില്ല.

ഖണ്ഡം 2 (ബി) യിലെ (i) ഇനത്തിൽ 'എന്നിവ' എന്ന വാക്കിന് ശേഷം 'ലേബലിംഗ്' എന്ന വാക്ക് ചേർക്കണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197. ഖണ്ഡം 2(എ)-ൽ "ക്ഷമത" എന്നതിനുപകരം "ആരോഗ്യക്ഷമത" എന്ന് ചേർക്കുക.

200. ഖണ്ഡം 2(എ)-ൽ "പോഷക" എന്നതിന് ശേഷം "ഇനമോ" എന്ന് ചേർക്കുക.

201. ഖണ്ഡം 2(എ)-ൽ "ഇനമോ അല്ലെങ്കിൽ" എന്നതിന് ശേഷം "ഇനമോ അപ്രകാരമുള്ള" എന്ന് ചേർക്കുക.

205. ഖണ്ഡം 2(ബി)-ൽ "ഏതെങ്കിലും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ" എന്നത് ഒഴിവാക്കുക.

208. ഖണ്ഡം 2(ബി)(i)-ൽ "പദാർത്ഥം" എന്നതിന് മുമ്പായി "അതിൽ അടങ്ങുന്ന" എന്ന് ചേർക്കുക.

230. ഖണ്ഡം 2(ബി)(iii)-ൽ "കേടുവരുത്തപ്പെടുകയോ" എന്നതിനു ശേഷം "വിഷമയമാക്കപ്പെടുകയോ" എന്ന് ചേർക്കുക.

239. ഖണ്ഡം 2(സി)-ൽ "നടത്തുന്ന" എന്നതിന് പകരം "നടത്തുന്നതിന്" എന്ന് ചേർക്കുക.

248. ഖണ്ഡം 2(ഇ)-ൽ "ഉൽപാദനം" എന്നതിന് പകരം "ഉൽപാദനക്ഷമത" എന്ന് ചേർക്കുക.

266. ഖണ്ഡം 2(എഫ്)-ൽ " തീറ്റവസ്തു" എന്നതിന് പകരം "തീറ്റ" എന്ന് ചേർക്കുക.

293. ഖണ്ഡം 2(ജെ)-ൽ " ആയ" എന്നതിന് പകരം " ആയി" എന്ന് ചേർക്കുക.

302. ഖണ്ഡം 2(കെ)-ൽ "പ്ലാന്റ്" എന്നതിന് പകരം "മിൽ" എന്ന് ചേർക്കുക.

335. ഖണ്ഡം 2(വി)-ൽ "പദാർത്ഥം" എന്ന വാക്കിന് പകരം "ഖരപദാർത്ഥം" എന്ന് ചേർക്കുക.

336. ഖണ്ഡം 2(ഡബ്ല്യൂ)-ൽ "പദാർത്ഥം" എന്ന വാക്കിന് പകരം "ദ്രവപദാർത്ഥം" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 2(എ)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 2(എ)-ൽ "ഒരു പോഷക അല്ലെങ്കിൽ പോഷകേതര ഇനമോ അല്ലെങ്കിൽ" എന്നതിന് പകരം "ഒരു പോഷക-പോഷകേതര ഇനമോ" എന്ന് ചേർക്കുക.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 2(ബി)-ൽ "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, കോമ്പൗണ്ട് ഫീഡ്, ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട്" എന്നത് ഒഴിവാക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

209. ഖണ്ഡം 2(ബി)(i)-ൽ "റഗുലേഷൻ" എന്നതിനു പകരം " ഈ ആക്ടിലെയും ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ" എന്ന് ചേർക്കുക.

217. ഖണ്ഡം 2(ബി)(ii)-ൽ "ഗുണനിലവാരമില്ലാത്തതോ" എന്നതിനു ശേഷം "ഉദ്പാദനക്ഷമതയെ ദോഷകരമായി ബാധിക്കുന്നതോ" എന്ന് ചേർക്കുക.

223. ഖണ്ഡം 2(ബി)(iii)-ൽ "കോഴിവർഗ്ഗത്തിനോ" എന്നതിനു ശേഷം "അവയുടെ ഉൽപാദനക്ഷമതയ്ക്കോ" എന്ന് ചേർക്കുക.

247. ഖണ്ഡം 2(ഡി)-ൽ "സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട" എന്നതിന് പകരം "സർക്കാർ അധികാരപ്പെടുത്തുന്ന" എന്ന് ചേർക്കുക.

253. ഖണ്ഡം 2(ഇ)-ൽ "നൽകുന്നതിനുവേണ്ടി" എന്നതിന് പകരം "നൽകുന്നതിനു വേണ്ടി" എന്ന് ചേർക്കുക.

290. ഖണ്ഡം 2(ഐ)-യിൽ "നൽകുന്നതും" എന്നതിനു ശേഷം "ഉദ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതും" എന്ന് ചേർക്കുക.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2(ബി)(i)-ൽ "ഗുണനിലവാരമാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ച പ്രഖ്യാപനവുമായി" എന്നതിനു പകരം "ഗുണനിലവാരം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങളുമായി" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 2(ബി)(i)-ൽ "എന്നിവ സംബന്ധിച്ച പ്രഖ്യാപനവുമായി" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

238. ഖണ്ഡം 2(സി)-ൽ "സമ്മതപത്രത്തിന്റെയോ " എന്നതിന് പകരം "ഉടമ്പടികളുടെയോ" എന്ന് ചേർക്കുക.

268. ഖണ്ഡം 2(ജി)-ൽ " എന്നാൽ തീറ്റയിൽ" എന്നതിന് ശേഷം "ബോധപൂർവ്വം" എന്ന് ചേർക്കുക.

296. ഖണ്ഡം 2(ജെ)-ൽ " സമൃദ്ധമായ" എന്നതിന് പകരം " സമ്പുഷ്ടമായ" എന്ന് ചേർക്കുക.

318. ഖണ്ഡം 2(എസ്)-ൽ " ഇൻസ്റ്റിറ്റ്യൂഷനുകൾ" എന്നത് ഒഴിവാക്കുക.

343. ഖണ്ഡം 2(എഡി)-ൽ "പ്രകാരം നിശ്ചയിച്ച" എന്നതിന് പകരം "പ്രകാരമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 2(ബി)(i)-ൽ "പ്രഖ്യാപനവുമായി" എന്നതിന് പകരം "ഏകകവുമായി" എന്ന് ചേർക്കുക.

218. ഖണ്ഡം 2(ബി)(ii)-ൽ "ആക്കുന്ന" എന്നതിന് പകരം "ആകുന്ന" എന്ന് ചേർക്കുക.

240. ഖണ്ഡം 2(സി)-ൽ "നിയമാനുസൃത " എന്ന വാക്ക് ഒഴിവാക്കുക.

245. ഖണ്ഡം 2(ഡി)-ൽ "സർക്കാരിനാൽ" എന്ന വാക്ക് ഒഴിവാക്കുക.

265. ഖണ്ഡം 2 (എഫ്)-ൽ " സാന്ദ്രതയുള്ള" എന്നതിന് പകരം "ഗുണമുള്ള" എന്ന് ചേർക്കുക.

272. ഖണ്ഡം 2(ജി)-ൽ " നിർമ്മാണം" എന്ന വാക്ക് ഒഴിവാക്കുക.

273. ഖണ്ഡം 2(ജി)-ൽ " കാണപ്പെടുന്നതുമായ" എന്നതിന് ശേഷം "ഹാനികരമായ" എന്ന് ചേർക്കുക.

277. ഖണ്ഡം 2(എച്ച്)-ൽ " ഏറ്റവും കുറഞ്ഞ" എന്നീ വാക്കുകൾ ഒഴിവാക്കുക.

291. ഖണ്ഡം 2(ഐ)-ൽ " പദാർത്ഥം" എന്നതിന് പകരം " പദാർത്ഥങ്ങൾ" എന്ന് ചേർക്കുക.

300. ഖണ്ഡം 2(ജെ)-ൽ " സമൃദ്ധമായ" എന്നതിന് പകരം " സമൃദ്ധമായതും ഗുണമേന്മയുള്ളതുമായ" എന്ന് ചേർക്കുക.

301. ഖണ്ഡം 2(കെ)-ൽ "നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "ഉല്പ്പാദിപ്പിക്കുന്നതിനുള്ള" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 2(ബി)(iii)-ൽ, "എന്നിവയാൽ" എന്നതിന് പകരം "തുടങ്ങിയവയാൽ" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(സി)-ൽ "ധാതുലവണ മിശ്രിതം" എന്നതിന് പകരം "ധാതുലവണമിശ്രിതം, സപ്ലിമെന്റുകൾ " എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

234. ഖണ്ഡം 2(സി)-ൽ "ധാതുലവണ മിശ്രിതം" എന്നതിന് പകരം "സപ്ലിമെന്റുകൾ " എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 2(ഡി)-ൽ "ആക്റ്റിന്റെ" എന്നതിന് പകരം "ആക്റ്റിൽ പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(ഡി)-ൽ "സർക്കാരിനാൽ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടുന്ന പ്രകാരം" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2(എഫ്)-ൽ "സാന്ദ്രീകൃതാഹാരം" എന്നതിന് പകരം "സമീകൃതാഹാരം" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

274. ഖണ്ഡം 2(ജി) ചുവടെപ്പറയും പ്രകാരം മാറ്റുക.

" (ജി)" " മലിനീകരണവസ്തു" എന്നാൽ അസംസ്കൃത വസ്തുക്കളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രക്രിയയുടെ ഫലമായി തീറ്റയിൽ ചേർന്നതോ അല്ലാത്തതോ ആയതും, എന്നാൽ നിർമ്മാണം, സംസ്കരണം, പാക്കിംഗ്, ഗതാഗതം, സംഭരണം എന്നിവയുടെ ഫലമായി ബാഹ്യപരിസ്ഥിതിയുടെ സ്വാധീനത്താൽ തീറ്റയിൽ കാണപ്പെടുന്ന ഏതൊരു വസ്തുവും എന്നർത്ഥമാകുന്നു;"

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 2(എച്ച്)-ൽ “ ധാതുലവണമിശ്രിതം" എന്നതിന് പകരം " സപ്ലിമെന്റ്” എന്ന് ചേർക്കുക.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 2(ഒ)-ൽ "പോഷകമൂല്യത്തിന്റെ വിശകലനം വഴി ഗുണനിലവാരം പരിശോധിക്കുന്നതു" എന്നതിന് പകരം "പോഷകമൂല്യത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുന്നതു" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

315. ഖണ്ഡം 2(ആർ)-ൽ “ ഉത്പാദിപ്പിക്കുന്നതിന് വേണ്ടിയോ" എന്നതിന് ശേഷം "സന്താനോത്പാദനത്തിന് വേണ്ടിയോ" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

338. ഖണ്ഡം 2(എക്സ്)-ൽ "ഉൾപ്പെടെയുള്ളവ" എന്നതിനു പകരം "ഉൾപ്പെടെ മുട്ട, മാംസം എന്നിവയ്ക്കായി വളർത്തുന്ന എല്ലാപക്ഷികളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ആ ഭേദഗതി 267-ാം നമ്പർ ഭേദഗതിക്ക് സമാനമാണ്. ഞാൻ അവതരിപ്പിച്ച വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും മന്ത്രി സ്വീകരിച്ച 266-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 197, 200, 201, 205, 208, 230, 239, 248, 293, 302, 335, 336 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 209, 217, 223, 247, 253, 290 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 211, 238, 268, 296, 318, 343 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 215, 218, 240, 245, 265, 272, 273, 277, 291, 300, 301 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി. ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

942. ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

" കന്നുകാലിത്തീറ്റ/കോഴിവർഗ്ഗത്തീറ്റയിൽ ഉപയോഗിക്കേണ്ട/ നിരോധിക്കപ്പെടേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ"

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 3(3)-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിനു ശേഷം "രാസപദാർത്ഥങ്ങളായ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

386. ഖണ്ഡം 3(3)-ൽ "നൽകുന്ന" എന്നതിന് പകരം "തയ്യാറാക്കുന്ന " എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 3(3)-ൽ "അധികരിക്കാത്തവിധം" എന്നതിന് പകരം "കൂടാത്തവിധം " എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 3(3) ചുവടെപ്പറയും പ്രകാരം മാറ്റുക

"(3) പ്രായം കുറഞ്ഞ അയവെട്ടുന്ന മൃഗങ്ങൾക്ക് വേണ്ടിയുള്ള തീറ്റ ഉൽപാദിപ്പിക്കുന്നതിൽ യൂറിയ അല്ലെങ്കിൽ അമോണിയം ലവണങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്ന എസ്സൻഷ്യൽ അമിനോ ആസിഡുകൾ ഒഴികെയുള്ള നോൺ-പ്രോട്ടീൻ നൈട്രജൻ കോമ്പൗണ്ടുകൾ നിരോധിച്ചിരിക്കുന്നു. എന്നാൽ മുതിർന്ന അയവെട്ടുന്ന മൃഗങ്ങൾക്ക് നൽകുന്ന തീറ്റയിൽ ഒരു ശതമാനത്തിൽ അധികരിക്കാത്തവിധം യൂറിയ ചേർക്കാവുന്നതാണ്".

മി. സ്പീക്കർ: 352-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലായതിനാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഭേദഗതി

അവതരിപ്പിക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ 378-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 3(3)-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിന് പകരം "നിർമ്മിക്കുന്നതിൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 942, 378 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

395. ഖണ്ഡം 4(1)-ൽ "റഗുലേഷൻ" എന്നതിന് പകരം "ആക്റ്റിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകളും റഗുലേഷനുകളും" എന്ന് ചേർക്കുക.

403. ഖണ്ഡം 4(2)-ൽ "പോലെയുള്ള" എന്നതിനു ശേഷം "കന്നുകാലികൾക്ക് ഹാനികരമായ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

411. ഖണ്ഡം 4 (3)-ൽ “ ചേരുവകൾ" എന്നതിന് പകരം "ചേരുവകളുടെ വിശദാംശങ്ങൾ” എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 4 (3)-ൽ “ സർക്കാരിന് " എന്നതിന് ശേഷം "അതതു സംഗതി പോലെ” എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 395, 403 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

943. (i) ഖണ്ഡം 5(4) താഴെപ്പറയും പ്രകാരം മാറ്റുക.

" (4) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതും ആയത് മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്"

(ii) ഖണ്ഡം 5(6)-ൽ "നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം "നിശ്ചയിച്ചിരിക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

420. ഖണ്ഡം 5 (1)-ൽ " ധാതുലവണ മിശ്രിതം എന്നിവ" എന്നതിന് ശേഷം "വാണിജ്യാടിസ്ഥാനത്തിൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 5 (1) ൽ " വിൽപന നടത്തുവാനോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

473. ഖണ്ഡം 5(7)-ൽ " തിരിച്ചു വിളിക്കുന്ന" എന്നതിന് പകരം " പിൻവലിക്കുന്നതിനുള്ള " എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 5 (2) ൽ " നൽകിയ ശേഷം" എന്നതിന് ശേഷം "മതിയായ" എന്ന് ചേർക്കുക.

453. ഖണ്ഡം 5(4)-ൽ "മുപ്പത് " എന്നതിനു പകരം "നാൽപ്പത്തിയഞ്ച്" എന്ന് ചേർക്കുക.

478. ഖണ്ഡം 5(7)-ൽ " നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം " നിശ്ചയിക്കപ്പെട്ട " എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

427. ഖണ്ഡം 5 (2) ൽ “ നിരസിക്കുന്ന സംഗതിയിൽ" എന്നതിന് പകരം "നിരസിക്കുന്നപക്ഷം” എന്ന് ചേർക്കുക.

459. ഖണ്ഡം 5(5)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിനു പകരം "നിശ്ചയിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437. ഖണ്ഡം 5(2)-ൽ "ദിവസത്തിനകം അപേക്ഷകന് " എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

438. ഖണ്ഡം 5(2)-ൽ "ലഭ്യമാക്കേണ്ടതുമാണ് " എന്നതിന് പകരം "ലഭ്യമാക്കേണ്ടതാണ് " എന്ന് ചേർക്കുക.

448. ഖണ്ഡം 5(4)-ൽ “ നൽകേണ്ടതും” എന്നതിന് ശേഷം “ കമ്മിറ്റി” എന്ന് ചേർക്കുക.

464. ഖണ്ഡം 5(6)-ൽ “ നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്നതിന് പകരം "നിശ്ചയിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

474. ഖണ്ഡം 5(7)-ൽ " തിരിച്ചു വിളിക്കുന്ന" എന്നതിന് പകരം " ഒഴിവാക്കുന്നതിനുമുള്ള " എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 5(4)-ൽ " അപ്പീൽ സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് നൽകേണ്ടതും" എന്നതിന് പകരം " അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതും കമ്മിറ്റി" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ 432-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 5(2)-ൽ "പകർപ്പ് " എന്നതിന് ശേഷം "അപേക്ഷ നിരസിച്ച തീയതി മുതൽ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 943, 432 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 420-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 421, 473 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷറഫ് അവതരിപ്പിച്ച 423, 453, 478 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 427, 459 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 438, 448, 464, 474 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 6-ൽ "ലൈസൻസിംഗ് അതോറിറ്റി" എന്നതിന് ശേഷം "ഈ ആക്റ്റിലെ 11-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

484. ഖണ്ഡം 6-ൽ "അറുപത്" എന്നതിന് പകരം "തൊണ്ണൂറ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

488. ഖണ്ഡം 6-ൽ "പുതുക്കുന്നതിനായുള്ള അപേക്ഷ നൽകേണ്ടതും" എന്നതിനു ശേഷം "ലൈസൻസിംഗ് അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 6-ൽ "നിരസിച്ചുകൊണ്ടോ" എന്നതിനു ശേഷം "ലൈസൻസിംഗ് അതോറിറ്റി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 484-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

496. ഖണ്ഡം 7-ൽ "ഉണക്കപ്പുല്ലും" എന്നതിനു ശേഷം "സൈലേജും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. സജീവ് ജോസഫിന്റെ 497-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 7-ൽ "വിൽക്കുവാൻ" എന്നതിന് പകരം "വിൽക്കുവാനോ വിതരണം ചെയ്യാനോ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു, മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏട്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

501. ഖണ്ഡം 8(1)-ൽ "റഗുലേഷൻ" എന്നതിന് പകരം "ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകളും റഗുലേഷനുകളും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

503. ഖണ്ഡം 8(1)-ൽ "നിലവാരങ്ങൾക്കും" എന്നതിന് പകരം "ഗുണനിലവാരങ്ങൾക്കും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

516. ഖണ്ഡം 8(2)-ൽ "നിർമ്മാതാവ്" എന്നതിന് പകരം "ഉല്പാദകൻ" എന്ന് ചേർക്കുക.

520. ഖണ്ഡം 8(2)-ൽ "വായിക്കാവുന്ന" എന്നതിന് പകരം "കാണാവുന്ന" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

517. ഖണ്ഡം 8(2)-ൽ "ബാഗ്" എന്നതിന് പകരം "ബാഗിന്റെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 503-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 516, 520 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

528. ഖണ്ഡം 9-ൽ "യാതൊരാളും" എന്നതിന് പകരം "കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാതാക്കളും വിൽപ്പനക്കാരും, " എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

531. ഖണ്ഡം 9-ൽ "മിസ്ബ്രാന്റഡോ" എന്നതിന് പകരം "വ്യാജവാണിജ്യ മുദ്രണത്തോടു കൂടിയതോ" എന്ന് ചേർക്കുക.
537. ഖണ്ഡം 9-ൽ "ഉപയോഗത്തിനോ " എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

532. ഖണ്ഡം 9-ൽ "തയ്യാറാക്കുവാനോ നിർമ്മിക്കുവാനോ" എന്നതിന് പകരം "ഉൽപ്പാദിപ്പിക്കുവാനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. ടി. ജെ. വിനോദിന്റെ 526-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

526. ഖണ്ഡം 9-ന്റെ മാർജിനൽ ശീർഷകത്തിൽ "നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "നിർമ്മിക്കുന്നതിനും സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള " എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 528-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 531, 537 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പത്താം വകുപ്പ്</u>

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

541. ഖണ്ഡം 10(i)(എ)-ൽ "അഡീഷണൽ ഡയറക്ടറുടെ" എന്നതിന് പകരം "ജോയിന്റ് ഡയറക്ടറുടെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

561. ഖണ്ഡം 10 (ii)(ബി)-ൽ " ഓഫീസറോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ" എന്നതിന് പകരം " ഓഫീസറോ അല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

572. ഖണ്ഡം 10(iii)(ബി)-ൽ "ഓഫീസർക്കുള്ള" എന്നതിന് പകരം "ഓഫീസർക്ക് " എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

562. ഖണ്ഡം 10(ii)(ബി)-ൽ " ഉദ്യോഗസ്ഥനോ" എന്നതിന് ശേഷം " സർക്കാർ ഔദ്യോഗിക വിജ്ഞാപനം മുഖേന നിശ്ചയിച്ചിട്ടുള്ള" എന്ന് ചേർക്കുക.

583. ഖണ്ഡം 10(iii)(ഡി)-ൽ " കഴിയാതെവന്നാൽ" എന്നതിന് പകരം " കഴിയാതെ വരികയോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നില്ല എന്ന് ബോധ്യപ്പെടുകയോ ചെയ്താൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. എം. മണി അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 561, 572 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 562, 583 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

പതിനൊന്നാം ഖണ്ഡത്തിന്റെ നാലാം ഉപഖണ്ഡത്തിൽ " പിഴ ചുമത്തുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "ശിക്ഷ നൽകുന്നതിനും" എന്നീ വാക്കുകൾ ചേർക്കണമെന്ന ഭേദഗതി വാക്കാൽ ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

587. ഖണ്ഡം 11(1)-ൽ “ ഫാറത്തിലും” എന്നതിന് ശേഷം “ ലൈസൻസ് ലഭിക്കുന്നതിനോ പുതുക്കുന്നതിനോ വേണ്ടിയുള്ള” എന്നത് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 11(1)-ൽ “ മുറയ്ക്ക്” എന്നതിന് പകരം “ പക്ഷം” എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

592. ഖണ്ഡം 11(1)-ൽ "അതോറിറ്റിക്ക് " എന്നതിനു ശേഷം "അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും വിശദമായ പരിശോധന നടത്തി," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

605. ഖണ്ഡം 11(2)-ൽ “ നടത്തിയതിന്" എന്നതിന് പകരം "നടത്തി രേഖാമൂലമുള്ള അറിയിപ്പ് നൽകിയതിനു ശേഷം" എന്ന് ചേർക്കുക.

620. ഖണ്ഡം 11(5)-ൽ “ യാതൊരുത്തരവും" എന്നതിനു ശേഷം “ ലൈസൻസിംഗ് അതോറിറ്റി" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

612. ഖണ്ഡം 11(3)-ൽ “ ന്യായമായ" എന്നതിന് പകരം “ മതിയായ" എന്ന് ചേർക്കുക.

618. ഖണ്ഡം 11(5)-ൽ “ യാതൊരുത്തരവും" എന്നതിന് പകരം “ ഉത്തരവ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 592, 605, 620 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 612, 618 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 12(1)-ൽ "എഴുപത്തിരണ്ട്" എന്ന വാക്കിന് പകരം "തൊണ്ണൂറ്റിയാറ്" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

628. ഖണ്ഡം 12(1)-ൽ "മുദ്രവയ്ക്കുന്നതിനോ" എന്നതിന് ശേഷം "കൂടുതൽ പരിശോധനയ്ക്കായി" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

629. ഖണ്ഡം 12(1)-ൽ "പിടിച്ചെടുക്കുന്നതിനോ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം " സാമ്പിൾ ശേഖരിക്കുന്നതിനോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

630. ഖണ്ഡം 12(1)-ൽ "നൽകേണ്ടതാണ്" എന്നതിനു പകരം "നൽകാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 627-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 628-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 630 നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പതിമൂന്നാം ഖണ്ഡത്തിന്റെ മൂന്നാം ഉപഖണ്ഡത്തിൽ "അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം"കൂടാതെ അംഗീകൃത ഏജന്റ്, ഡീലർ, നിർമ്മാതാവിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കണം.

പതിമൂന്നാം ഖണ്ഡത്തിന്റെ ആറാം ഉപഖണ്ഡത്തിൽ "എന്നിരുന്നാലും" എന്ന വാക്കും ചിഹ്നവും "നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ" എന്ന വാക്കുകളും ചിഹ്നവും ഒഴിവാക്കേണ്ടതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

641. ഖണ്ഡം 13(2)-ൽ "തെളിവ് സംരക്ഷിക്കുന്നതിനോ" എന്നതിന് പകരം "തെളിവ് ശേഖരിക്കുന്നതിനോ" എന്ന് ചേർക്കുക.
688. ഖണ്ഡം 13(9)-ൽ " നൽകിക്കൊണ്ട്" എന്നതിന് പകരം " നൽകി" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

650. ഖണ്ഡം 13(2)-ൽ "എഴുപത്തിരണ്ട്" എന്നതിന് പകരം "തൊണ്ണൂറ്റിയാറ്" എന്ന് ചേർക്കുക.

692. ഖണ്ഡം 13 (10)-ൽ " തെരയൽ" എന്നതിന് പകരം "പരിശോധന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

655. ഖണ്ഡം 13(3)-ൽ "അംഗീകൃത ഏജന്റിൽ നിന്നും" എന്നതിനു ശേഷം "നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

665. ഖണ്ഡം 13(4)-ൽ "ഓഫീസർക്ക്" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ " എന്ന് ചേർക്കുക.

674. ഖണ്ഡം 13(5)-ൽ "പരിശോധനക്കൂലി" എന്നതിന് പകരം "പരിശോധനക്കൂലിയോ മറ്റുതരത്തിലുള്ള ഫീസുകളോ പാരിതോഷികങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

656. ഖണ്ഡം 13(3)-ന് ശേഷം 3(എ) ആയി താഴെപ്പറയുന്നത് ചേർക്കുക.

"3(എ) ഗുണനിലവാരത്തെക്കുറിച്ച് പരാതി ലഭിച്ചു കഴിഞ്ഞാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ കൂട്ടത്തിൽ നിന്നും പരാതിക്കാരോ, കർഷകരോ നൽകുന്ന സാമ്പിളുകൾ ബന്ധപ്പെട്ട അംഗീകൃത ഏജൻസിയുടേത് തന്നെയാണെന്നും ബന്ധപ്പെട്ട ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്."

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

657. ഖണ്ഡം 13(4)-ൽ "അപ്രകാരമുള്ള" എന്നതിന് പകരം "അപ്രകാരം ശേഖരിച്ച" എന്ന് ചേർക്കുക.

667. ഖണ്ഡം 13(5)-ൽ "അധികാരപരിധിയിലുള്ള" എന്നതിന് ശേഷം "സ്ഥലത്തെ തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതത്തിന്റെ" എന്ന് ചേർക്കുക.

684. ഖണ്ഡം 13(9)-ൽ "പ്രാഥമിക" എന്നതിന് മുമ്പായി "(6)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കുക.

685. ഖണ്ഡം 13(9)-ൽ " പരിശോധനറിപ്പോർട്ട്" എന്നതിന് പകരം " പരിശോധനാറിപ്പോർട്ട്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

661. ഖണ്ഡം 13(4)-ൽ "നിർമ്മാതാവിനോ" എന്നതിന് പകരം "ഉല്പാദകനോ" എന്ന് ചേർക്കുക.

666. ഖണ്ഡം 13(5)-ൽ "ആറ് " എന്നതിന് പകരം "മൂന്ന് " എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

670. ഖണ്ഡം 13(5)-ൽ "ഇതിലേക്കായി " എന്നത് ഒഴിവാക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

683. ഖണ്ഡം 13(8)-ൽ "ഉടൻ" എന്നതിന് പകരം "ഒരു മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ശ്രീ. സണ്ണി ജോസഫിന്റെ 638-ാം നമ്പർ ഭേദഗതിയും ശ്രീ. റോജി എം. ജോണിന്റെ 677-ാം നമ്പർ ഭേദഗതിയും ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 13(2)ൽ "ഓഫീസറെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

677. ഖണ്ഡം 13(6)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 638, 677 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 641, 688 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 655, 665, 674 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 657, 667, 684, 685 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 661, 666 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 14-ൽ " മറ്റേതെങ്കിലും" എന്നതിന് ശേഷം "അംഗീകൃത" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

696. ഖണ്ഡം 14-ൽ " ലബോറട്ടറീസ് അംഗീകരിച്ചതും സർക്കാർ" എന്നതിന് പകരം "ലാബോറട്ടറീസും സർക്കാരും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 696-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

പതിനഞ്ചാം വകുപ്പിന്റെ നാലാം ഉപവകുപ്പിൽ മൂന്നാം വാചകത്തിൽ "നോട്ടീസിൽ" എന്ന വാക്കിന് പകരം "പിടിച്ചെടുക്കൽ മഹസറിൽ" എന്നീ വാക്കുകൾ ചേർക്കണമെന്നും തുടർന്നുള്ള വാചകങ്ങളിൽ യഥാക്രമം "നോട്ടീസിൽ" , "നോട്ടീസിന്റെ " എന്നീ വാക്കുകൾ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവയ്ക്ക് പകരം യഥാക്രമം "മഹസറിൽ" , "മഹസറിന്റെ " എന്നീ വാക്കുകൾ ചേർക്കണമെന്ന ഭേദഗതി വാക്കാൽ അവതരിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

699. ഖണ്ഡം 15(1)-ൽ “ വാഗ്ദത്തം എന്നതിന് പകരം "വാഗ്ദാനം ചെയ്തതോ" എന്ന് ചേർക്കുക.

708. ഖണ്ഡം 15 (4)-ൽ “ മറ്റ്" എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് പകരം "ഏതെങ്കിലും” എന്ന് ചേർക്കുക.

715. ഖണ്ഡം 15(5)-ൽ "ചെയ്യുന്നയാൾ" എന്ന് എവിടെയെല്ലാം വരുന്നുവോ അവിടെ " ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടയാൾ" എന്ന് ചേർക്കുക.

716. ഖണ്ഡം 15(6)-ൽ "അയാളുടെ" എന്നതിനു ശേഷം "പക്കലുള്ള" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

700. ഖണ്ഡം 15(2)-ൽ “ കണ്ടെയ്നറിൽ" എന്നതിന് ശേഷം “ ശേഖരിച്ച്” എന്ന് ചേർക്കുക.

703. ഖണ്ഡം 15 (3)-ൽ “ യാതൊരാളും " എന്നതിന് പകരം "ഏതൊരാളും” എന്ന് ചേർക്കുക.

709. ഖണ്ഡം 15 (4)-ൽ “ അത്തരം" എന്നതിന് പകരം "ഏതെങ്കിലും” എന്ന് ചേർക്കുക.

710. ഖണ്ഡം 15 (4)-ൽ “ ഇത്തരം ആളിന്" എന്നതിന് പകരം "അയാൾക്ക്” എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

702. ഖണ്ഡം 15 (2)-ൽ " സാക്ഷികളുടെയും ഒപ്പ് അല്ലെങ്കിൽ വിരലടയാളം അല്ലെങ്കിൽ രണ്ടുംകൂടിയോ പതിപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം "സാക്ഷികളുടെയും കൈയ്യൊപ്പും വിരലടയാളവും പതിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 15 (3)-ൽ " സാക്ഷികളെ" എന്നതിന് പകരം "ദൃക്‌സാക്ഷികളെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

707. ഖണ്ഡം 15 (3)-ൽ " എടുക്കേണ്ടതുമാണ്" എന്നതിന് പകരം "ഏറ്റെടുക്കേണ്ടതും നടപടിക്രമങ്ങളുടെ വീഡിയോ ദൃശ്യങ്ങൾ പകർത്തി രേഖകൾക്കൊപ്പം സൂക്ഷിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 15(4)-ൽ "സാക്ഷികളെ" എന്നതിന് പകരം "ദൃക്സാക്ഷികളെ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 15(4)-ൽ "അവരുടെ" എന്നതിന് ശേഷം " കയ്യൊപ്പും വിരലടയാളവും പതിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 699, 708, 715, 716 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 700, 703, 709,710 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 702-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 707-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

720. ഖണ്ഡം 16 (എ)-ൽ " ഒരു സാമ്പിൾ" എന്നതിന് പകരം " സാമ്പിളുകളുടെ ഒരു ഭാഗം" എന്ന് ചേർക്കുക.

723. ഖണ്ഡം 16(ബി)-ൽ " രണ്ട് തീറ്റ സാമ്പിളുകൾ" എന്നതിന് പകരം " തീറ്റ സാമ്പിളുകളുടെ രണ്ട് ഭാഗം" എന്ന് ചേർക്കുക.

724. ഖണ്ഡം 16(സി)-ൽ " രണ്ട് സാമ്പിളുകൾ" എന്നതിന് പകരം " സാമ്പിളുകളുടെ രണ്ട് ഭാഗം" എന്ന് ചേർക്കുക.

725. ഖണ്ഡം 16(ഡി)-ൽ " ഗുണനിലവാരം ഇല്ലെന്ന്" എന്നതിന് പകരം " അടങ്ങുന്ന തീറ്റവസ്തു ഗുണനിലവാരം പുലർത്തുന്നതല്ലെന്ന്" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

728. ഖണ്ഡം 16(ഡി)-ൽ " വ്യക്തികളിൽനിന്നും" എന്നതിന് ശേഷം " നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 720, 723, 724, 725 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 728-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

729. ഖണ്ഡം 17(1)-ൽ " ലഭിക്കുമ്പോൾ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം " അത്, ഈ ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരമുള്ള ഒരു" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

730. ഖണ്ഡം 17(1)-ൽ " കാണിക്കുന്ന" എന്നതിനു പകരം " രേഖപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

731. ഖണ്ഡം 17(1)-ൽ " ഇരുപത്തിയൊന്ന്" എന്നതിന് പകരം " മുപ്പത്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

733. ഖണ്ഡം 17(2)-ൽ "പ്രദർശിപ്പിക്കുവാനോ" എന്നതിന് ശേഷം "സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുവാനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

" പിടിച്ചെടുക്കുകയും" , " പിടിച്ചെടുക്കൽ " എന്നീ വാക്കുകൾക്ക് പകരം യഥാക്രമം "കണ്ടുകെട്ടുകയും" " കണ്ടുകെട്ടൽ" എന്നീ വാക്കുകൾ ചേർക്കണം.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

19-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡത്തിൽ "പിഴശിക്ഷ" എന്ന വാക്കിന് പകരം " ശിക്ഷ" എന്ന വാക്ക് ചേർക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

751. ഖണ്ഡം 19(1)-ൽ "ചെയ്തിരിക്കുന്നതുമായ അത്തരം" എന്നതിന് പകരം "ചെയ്തിരിക്കുന്ന" എന്ന് ചേർക്കുക.

755. ഖണ്ഡം 19(2)-ൽ "ലൈസൻസിംഗ് അതോറിറ്റി അന്വേഷണം നടത്തുമ്പോൾ അയാൾക്ക്" എന്നതിന് പകരം "അന്വേഷണം നടത്തുമ്പോൾ ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

754. ഖണ്ഡം 19(1)-ൽ "ഉത്തരവ്മൂലം" എന്നതിന് പകരം "ഉത്തരവ് മൂലം" എന്ന് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

756. ഖണ്ഡം 19(2)(എ)-ൽ " ഏതൊരാളെയും വിളിച്ച്" എന്നതിന് പകരം " കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതങ്ങൾ എന്നിവയുടെ നിർമ്മാണം-വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നയാളെയും അല്ലെങ്കിൽ ഏജൻസിയെയും, വിളിച്ച്" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 751, 755 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 756-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

944. ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക്" എന്ന വാക്കുകൾക്ക് പകരം " ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

759. ഖണ്ഡം 20(1)(എ)-ൽ "ദിവസത്തിൽ കുറയാത്തതും" എന്നതിനുശേഷം "എന്നാൽ" എന്ന് ചേർക്കുക.

760. ഖണ്ഡം 20(1)(ബി)-ൽ "മാസത്തിൽ കുറയാത്തതും" എന്നതിനുശേഷം "എന്നാൽ" എന്ന് ചേർക്കുക.

763. ഖണ്ഡം 20(1)(ബി)-ൽ " രൂപയിൽ കുറയാത്തതും" എന്നതിന് ശേഷം " എന്നാൽ " എന്ന് ചേർക്കുക.

776. ഖണ്ഡം 20(1)(സി)-ൽ "കന്നുകാലികൾക്ക്" എന്നതിന് പകരം "കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ" എന്ന് ചേർക്കുക.

781. ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക് " എന്നതിന് പകരം "ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന് ചേർക്കുക.

786. ഖണ്ഡം 20(2)-ൽ "ഏതൊരു തീറ്റവസ്തു," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

770. ഖണ്ഡം 20(1)(ബി)-ൽ " രണ്ട് ലക്ഷം" എന്നതിന് പകരം " നാല് ലക്ഷം" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

778. ഖണ്ഡം 20(1)(സി)-ൽ "പരിക്ക്" എന്നതിന് പകരം "അനാരോഗ്യം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

789. ഖണ്ഡം 20(2)-ൽ "നിർദ്ദേശം നൽകാവുന്നതാണ് " എന്നതിന് പകരം "നിർദ്ദേശിക്കാവുന്നതാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 776-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. പ്രസ്തുത ഭേദഗതി 777-ാം നമ്പർ ഭേദഗതിക്ക് സമാനമാണ്. ശ്രീ. മഞ്ഞളാംകുഴി അലിയുടെ 774-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

774. ഖണ്ഡം 20(1)(സി)-യിൽ " ഉൽപ്പാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ" എന്നീ വാക്കുകൾക്ക് മുമ്പായി "," ചിഹ്നം കൂടി ചേർക്കണമെന്ന ഭേദഗതിയോടെ അംഗീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 944, 774 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 776-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 759, 760, 763, 781, 786 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 770-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി. കെ. കെ. രമ അവതരിപ്പിച്ച 778-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 789-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

796. ഖണ്ഡം 21(2)-ൽ "പറയുവാൻ" എന്നതിന് പകരം "പറയുവാനും രേഖകൾ ഹാജരാക്കുന്നതിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

22-ാം വകുപ്പിന്റെ (1) ഉപവകുപ്പിൽ "അതിനുശേഷം തുടരുന്നതോ ആയ" എന്നീ വാക്കുകൾക്കുശേഷം "കുറ്റങ്ങൾക്കും," എന്ന വാക്കും ചിഹ്നവും ചേർക്കണമെന്നും "കോഴിവർഗ്ഗത്തിന്റെയോ മരണം," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം " ഗുരുതരമായ" എന്ന വാക്കും ചേർക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

801. ഖണ്ഡം 22(1)-ൽ "സ്റ്റേറ്റ്" എന്നതിന് മുൻപായി "ഈ ആക്ടിലെ 26-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നവും ചേർക്കുക.

810. ഖണ്ഡം 22(4)-ൽ "വ്യക്തിയിൽ" എന്നതിന് പകരം "ഏജന്റ് അല്ലെങ്കിൽ ഡീലറിൽ" എന്ന് ചേർക്കുക.

812. ഖണ്ഡം 22(4)-ന്റെ നിലവിലുള്ള ക്ലിപ്ത നിബന്ധനയെ ഖണ്ഡം 22-ന്റെ പുതിയ ഉപവകുപ്പ് (5) ആയി പുനരക്കം ചെയ്യുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

802. ഖണ്ഡം 22(1)-ൽ "പരിശോധനാറിപ്പോർട്ട്" എന്നതിന് പകരം "പരിശോധന റിപ്പോർട്ട്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

804. ഖണ്ഡം 22(1)-ൽ "പത്ത്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

811. ഖണ്ഡം 22(4)-ൽ "വിലയെ" എന്നതിന് പകരം "വിലയും ഇതുമൂലം ഇവർക്കുണ്ടായ വരുമാന നഷ്ടവും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ 813-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 22(4)-ന്റെ ക്ലിപ്തം നിബന്ധനയിൽ "(1)-ാം" എന്നതിനു പകരം "(4)-ാം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 801, 810, 812 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 802-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 804-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 811-ാം നമ്പർ ഭേദഗതിയുടെ അനുമതിയുടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

816. ഖണ്ഡം 23(1)-ൽ "കോടതിയും" എന്ന വാക്കിനു ശേഷം "ഈ ആക്റ്റിലെ 26-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

823. ഖണ്ഡം 24(1)-ൽ "ബിസിനസിന്റെ" എന്നതിന് പകരം "ഇടപാടുകളുടെ " എന്ന് ചേർക്കുക.

824. ഖണ്ഡം 24(1)-ൽ "ചാർജ്ജിലും" എന്നതിന് പകരം "ചുമതലയിലും " എന്ന് ചേർക്കുക.

831. ഖണ്ഡം 24(2)-ൽ "അല്ലെങ്കിൽ സംഘം" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

832. ഖണ്ഡം 24(2)-ൽ "മറ്റുദ്യോഗസ്ഥർ" എന്നതിന് പകരം "മറ്റ് ഉദ്യോഗസ്ഥർ" എന്ന് ചേർക്കുക.

834. ഖണ്ഡം 24-ന്റെ വിശദീകരണത്തിന്റെ ഇനം ബിൽ ബി(i)-ൽ "ഫേമിലെ" എന്ന വാക്കിന് ശേഷം "മാനേജ്മെന്റിലുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

825. ഖണ്ഡം 24(1)-ൽ "ഉണ്ടായിരുന്ന" എന്നതിന് പകരം "രേഖാമൂലം നിയോഗിക്കപ്പെട്ടിരുന്ന " എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

827. ഖണ്ഡം 24(1)-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 823, 824, 831, 832, 834 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

945.ഖണ്ഡം 25-ൽ "ഒരു വർഷം വരെയാകാവുന്ന തടവിനോ പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്ന വാക്കുകൾക്ക് പകരം "ആറുമാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയും നൽകി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

839. ഖണ്ഡം 25-ൽ "സഹായിക്കുന്ന ഏതൊരാളും അപ്രകാരം സഹായിക്കപ്പെട്ട കൃത്യം ആ സഹായത്തിന്റെ ഫലമായി ചെയ്യപ്പെട്ടാൽ" എന്നതിന് പകരം "സഹായിച്ച ഏതൊരാളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 945-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 839-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

946 (i) ഖണ്ഡം 26(2)-ൽ " അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 26(2)-ന്റെ (i)-ഉം (ii)-ഉം ഇനങ്ങളിൽ "ആന്റ്" എന്ന വാക്ക് ഒഴിവാക്കേണ്ടതും "എക്സ്-ഒഫീഷ്യോ" എന്ന വാക്കുകൾക്ക് "()" ചിഹ്നം ചേർക്കുകയും ചെയ്യുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

851. ഖണ്ഡം 26 (1)-ൽ " വിജ്ഞാപനം വഴി;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "അങ്ങനെയുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന തീയതി മുതലുള്ള പ്രാബല്യത്തോടുകൂടി" എന്ന് ചേർക്കുക.

856. ഖണ്ഡം 26(2)(i)-ൽ " മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് സെക്രട്ടറി" എന്നതിന് പകരം "സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പ് " എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

853. ഖണ്ഡം 26 (2)-ൽ " ഉപഭോക്താക്കൾ," എന്നത് ഒഴിവാക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 26 (2)-ൽ " താൽപര്യത്തെ" എന്നതിന് പകരം "താൽപര്യങ്ങളെ" എന്ന് ചേർക്കുക.

865. ഖണ്ഡം 26 (2) (vii)ന ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.
" (viii) ക്ഷീരകർഷക മേഖലയിലും കോഴിവർഗ്ഗ കൃഷി മേഖലയിലും പ്രാഗൽഭ്യം തെളിയിച്ച ഓരോ ആൾ വീതം"

<u>ശ്രീ. സി. എച്ച് കുഞ്ഞമ്പു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

867. ഖണ്ഡം 26 (2) (vii)ന ശേഷം താഴെപ്പറയുന്നവ ചേർക്കുക.
"(viii) സംസ്ഥാനത്തെ ക്ഷീരകർഷക മേഖലയെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉണ്ടായിരിക്കേണ്ടതാണ് ;

(ix)സംസ്ഥാനത്തെ ക്ഷീരകർഷക മേഖലയെ പ്രതിനിധീകരിക്കുന്നതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ രണ്ട് നിയമസഭാ സാമാജികർ ഉണ്ടായിരിക്കേണ്ടതാണ് ".

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 946-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 851, 856 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 853-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 855, 865 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 867-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

875. ഖണ്ഡം 27(ബി)-ൽ "തീറ്റനിർമ്മാണ" എന്നതിനു പകരം "കന്നുകാലി- കോഴിവർഗ്ഗ തീറ്റനിർമ്മാണ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

880. ഖണ്ഡം 27(സി)-ൽ " തീറ്റവസ്തുകൾ" എന്നതിന് പകരം " പദാർത്ഥങ്ങൾ" എന്ന് ചേർക്കുക.

881. ഖണ്ഡം 27(സി)-ൽ " ശിപാർശകൾ" എന്നതിന് ശേഷം " സർക്കാരിന്" എന്ന് ചേർക്കുക.

886. ഖണ്ഡം 27(എഫ്)-ൽ " മറ്റു" എന്നതിന് പകരം " മറ്റ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. സനീഷ്കുമാർ ജോസഫിന്റെ 878-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

878. ഖണ്ഡം 27(ബി)-ൽ "നിർദ്ദേശങ്ങൾ" എന്നതിന് പകരം "ശിപാർശകൾ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 878-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 875-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 880, 881, 886 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

889. ഖണ്ഡം 28(എ)-ൽ “ കന്നുകാലികളെയോ കോഴിവർഗ്ഗത്തെയോ” എന്നതിനുപകരം “ വളർത്തുമൃഗങ്ങളെയോ വളർത്തുപക്ഷികളെയോ” എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

890. ഖണ്ഡം 28(എ)-ൽ "കാർഷികവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കോ അവർ" എന്നതിനുപകരം "ഏതെങ്കിലും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ" എന്ന് ചേർക്കുക.

891. ഖണ്ഡം 28(ബി)-ൽ "നിർമ്മിക്കുന്ന" എന്നതിനുമുൻപായി "സ്വന്തമായി" എന്ന് ചേർക്കുക.

892. ഖണ്ഡം 28(ബി)-ൽ "കന്നുകാലിത്തീറ്റ" എന്നതിനുശേഷം " , " എന്ന ചിഹ്നം ചേർക്കുക.

894. ഖണ്ഡം 28(ബി)-ൽ "കോഴിവർഗ്ഗത്തീറ്റ" എന്നതിനുശേഷം ", ധാതുലവണമിശ്രിതം " എന്ന ചിഹ്നവും വാക്കും ചേർക്കുക.

898. ഖണ്ഡം 28(സി)-ൽ "നിർമ്മിക്കുന്നതോ" എന്നതിനുമുൻപായി "സ്വന്തമായി" എന്ന് ചേർക്കുക.

899. ഖണ്ഡം 28(സി) യ്ക്കുശേഷം "ബാധകമല്ല" എന്നതിനുപകരം "ബാധകമായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

895. ഖണ്ഡം 28 (c) ഒഴിവാക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 894-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 894-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 889-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 890, 891, 892, 898, 899 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 895-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 29-ൽ “ ചെയ്ത വസ്തുക്കൾ" എന്നതിനുപകരം "ചെയ്തിട്ടുള്ള തീറ്റവസ്തുക്കൾ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. എ. കെ. എം. അഷ്റഫ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

908. ഖണ്ഡം 31(1)-ൽ “ നിർണ്ണയിക്കപ്പെട്ട" എന്നതിനുപകരം "നിശ്ചയിക്കപ്പെട്ട" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

(ഭേദഗതികൾ ഇല്ല)

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

947. ഖണ്ഡം 33-ൽ "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും" എന്നീ വാക്കുകൾക്ക് ശേഷം "ലൈസൻസിംഗ് അതോറിറ്റിയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർമാരും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 947-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിനാലാം വകുപ്പ്</u>

(ഭേദഗതികൾ ഇല്ല)

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ്

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

925. ഖണ്ഡം 36(2)-ൽ "കഴിയുന്നത്ര വേഗം" എന്നതിനുപകരം "തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 925-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

927. ഖണ്ഡം 37-ൽ "ആക്റ്റുപ്രകാരമുള്ള" എന്നതിനുപകരം "ആക്റ്റ് പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

928. ഖണ്ഡം 37-ൽ "അതിന്റെ" എന്നതിനുപകരം "അവരുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 927-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 928-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പതാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

948. ഖണ്ഡം 40(1)-ൽ "2023" എന്ന അക്കങ്ങൾക്ക് പകരം "2022" എന്ന അക്കങ്ങൾ ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 948-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

939. " അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നീ വാക്കുകൾക്ക് പകരം "അത്യാവശ്യമായതിനാലും" എന്ന വാക്കും "വരുത്തുന്നതിനും" എന്ന വാക്കിന് പകരം "വരുത്തേണ്ടതിനാലും" എന്ന വാക്കും "തടയുന്നതിനും" എന്ന വാക്കിന് പകരം "തടയേണ്ടതിനാലും" എന്ന വാക്കും ചേർക്കുക.

940. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

" (2) ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

പീഠികയിൽ "ഉൽപ്പാദന നിലവാരം പരിപാലിക്കുന്നതിനായി അവയുടെ" എന്നീ വാക്കുകൾ വിട്ടുകളയണം.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ " കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ" എന്നതിന് പകരം "വളർത്തുമൃഗത്തീറ്റ, വളർത്തുപക്ഷിത്തീറ്റ" എന്ന് ചേർക്കുക.

119. ദീർഘശീർഷകത്തിൽ “ നിയന്ത്രിക്കുന്നതിനും" എന്നതിന് പകരം “ ക്രമപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

128. പീഠികയിൽ “ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ" എന്നതിനു പകരം "വളർത്തുമൃഗത്തീറ്റ, വളർത്തുപക്ഷിത്തീറ്റ" എന്ന് ചേർക്കുക.

143. പീഠികയിൽ “ എന്നിവ നിയന്ത്രിക്കേണ്ടത് " എന്നതിന് പകരം "എന്നിവ ക്രമപ്പെടുത്തേണ്ടതും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

160. പീഠികയിൽ “ മിസ്ബ്രാൻഡിംഗും" എന്നതിന് പകരം "വ്യാജ വാണിജ്യ മുദ്രണങ്ങൾ” എന്ന് ചേർക്കുക.

171. ഖണ്ഡം 1-ൽ “ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ" എന്നതിന് പകരം “ വളർത്തുമൃഗത്തീറ്റ, വളർത്തുപക്ഷിത്തീറ്റ" എന്ന് ചേർക്കുക.

174. ഖണ്ഡം 1-ൽ “ നിയന്ത്രിക്കലും" എന്നതിന് പകരം “ ക്രമപ്പെടുത്തലും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ “ ധാതുലവണമിശ്രിതം" എന്നതിന് പകരം "സപ്ലിമെന്റുകൾ” എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

127. പീഠികയിൽ “ കേരള സംസ്ഥാനത്ത്" എന്നതിന് ശേഷം "ലഭ്യമാകുന്ന" എന്ന് ചേർക്കുക.

132. പീഠികയിൽ "ഉൽപാദനനിലവാരം" എന്നതിന് പകരം "ഗുണനിലവാരം” എന്ന് ചേർക്കുക.

159. പീഠികയിൽ “ തീറ്റ" എന്നതിന് പകരം " തീറ്റയുടെ” എന്ന് ചേർക്കുക.

161. പീഠികയിൽ “ മിസ്ബ്രാൻഡിംഗും" എന്നതിന് ശേഷം "പൂർണ്ണമായും” എന്ന് ചേർക്കുക.

189. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്നത് ഉപഖണ്ഡം ചേർക്കുക.
“ (2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.”

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. പീഠികയിൽ “ അത്യാവശ്യമാണെന്ന്" എന്നതിന് പകരം "അനിവാര്യമാണെന്ന് " എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

149. പീഠികയിൽ അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നതിന് പകരം "അനിവാര്യമായതിനാൽ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 1(1)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക.

" (2) ഇത് 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.
(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 113, 119, 128, 143, 160, 171, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 127, 132, 159, 161, 189 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

**അറിയിപ്പ്**

<u>മെഡിക്കൽ ക്യാമ്പ്</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അംഗങ്ങൾക്കായി ജീവിതശൈലീ രോഗനിർണ്ണയത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട സമാജികർക്ക് സെപ്റ്റംബർ 14-ാം തീയതി (നാളെ) രാവിലെ 7 മണി മുതൽ 9.30 വരെ നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഒരു മെഡിക്കൽ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു. പരിശോധനകൾ ഭക്ഷണത്തിനുമുമ്പായി നടത്തുന്നത് കൂടുതൽ ഫലപ്രദമായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സൗകര്യം ബഹുമാനപ്പെട്ട അംഗങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഇന്നുവച്ചിരുന്ന Artificial Intelligence-മായി ബന്ധപ്പെട്ട ക്ലാസ് വൈകിയതുകൊണ്ട് മാറ്റിയിട്ടുണ്ട്. അത് നിയമസഭാ സമാജികരുടെ പരിശീലന സമയത്ത് വയ്ക്കാമെന്ന് അറിയിക്കുകയാണ്.

ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 9.00 മണിക്ക് പിരിഞ്ഞു.)

* * * *